# ജീവചരിത്രസഞ്ചിക

(മൂന്നാംപുസ്തകം)

~~40695~~ 2125

ഉപദേശകസമിതി,

പി. കെ. നാരായണപിള്ള ബി. ഏ., ബി. എൽ.

ഏ. ഗോപാലമേനോൻ എം. ഏ., ബി. കോം.

വി. കൃഷ്ണൻതമ്പി, ബി. ഏ.

ഡാക്ടർ ഗോദവർമ്മ എം. ഏ., പി. എച്ച്. ഡി.

KOTTAYAM PUBLIC LIBRARY
KOTTAYAM

പ്രസാധകൻ,

വെങ്കുളം ജി. പരമേശ്വരൻപിള്ള.

★

പ്രകാശകന്മാർ,

ശ്രീരാമവിലാസം പ്രസ്സ് & ബുക്കഡിപ്പോ,

കൊല്ലം.

NATIONAL BOOK STALL
S.P.C.S. LTD.
KOTTAYAM.

2-ാംപതിപ്പ് കാപ്പി 1[illegible].

വില ണ. 8.

ശ്രീരാമവിലാസം പ്രസ്സ്,
കൊല്ലം.

1130.

# വിഷയവിവരം.

★


പുറം

21. സർ വാൾട്ടർ റാലി
(സാഹിത്യകാരൻ & രാജ്യതന്ത്രജ്ഞൻ)
പി. അനന്തൻപിള്ള എം. ഏ. 1

22. സർ ടി. മുത്തുസ്വാമിഅയ്യർ (ന്യായാധിപൻ)
ഏ. രാമകൃഷ്ണപിള്ള ബി. ഏ., ബി. എൽ. 24

23 & 24. ഗ്രാക്കെസഹോദരന്മാർ
(സ്വദേശഭക്തന്മാർ)
എം. ഏ. ഭാസ്കരപിള്ള എം. ഏ. 42

25. ഭവാനിറാണി (ഉത്തമധർമ്മപത്നി)
പി. ജി. പൊന്നമ്മ എം. ഏ. 58

26. മഹാനായ അലക്സാൻഡർ (യുദ്ധതന്ത്രജ്ഞൻ)
ശൂരനാട്ടു പി. എൻ. കുഞ്ഞൻപിള്ള
എം. ഏ (ഇംഗ്ലീഷ്); എം. ഏ (സംസ്കൃതം);
എം. ഏ. (മലയാള ) 73

27. ലാർഡ് കെൽവിൻ (ശാസ്ത്രജ്ഞൻ)
എം. പി. അപ്പൻ ബി. ഏ. (ആണേഴ്സ്) 93

28. ജെ. എഫ്. മില്ലെ (ചിത്രകാരൻ)
ആർട്ടിസ്റ്റ് ആർ. പി. നായർ
ബി. ഏ (ആണേഴ്സ്) 105

29. മീരാബായി (ഭക്തഗായിക)
വെങ്കുളം ജി. പരമേശ്വരൻപിള്ള. 117

# ജീവചരിത്രസഞ്ചിക.

KOTTAYAM PUBLIC LIBRARY KOTTAYAM

## മൂന്നാം പുസ്തകം.

# ൨൩. സർ വാൾട്ടർ റാലി.

പി. അനന്തൻപിള്ള എം. ഏ.

പ്രിയതമേ,

"ഇതെന്റെ ഒടുവിലത്തെ എഴുത്തായി വിചാരിച്ചുകൊള്ളുക. ഇനി തമ്മിൽക്കണ്ടു സംസാരിക്കാൻ ഇടവരുമെന്നു തോന്നുന്നില്ല. നിന്നെയും കുഞ്ഞിനെയും ഒരുകണ്ണുകണ്ടിട്ടു മരിക്കാൻ എന്റെ ശത്രുക്കൾ ഇടയാക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. അയ്യോ! നിസ്സഹായരായ നിങ്ങൾ ഞാനില്ലാതെ എങ്ങനെയാണു കഴിച്ചുകൂട്ടുന്നതു്? മർമ്മഭേദകമായ ഈ വിചാരത്തോടുകൂടി ഞാൻ ലോകം വെടിയേണ്ടിവരുന്നല്ലോ!! കഷ്ടം!!! എന്റെ ശത്രുക്കൾ നിങ്ങളേയും ദ്രോഹിക്കാതിരിക്കയില്ല. എല്ലാററിനും ഈശ്വരൻ സാക്ഷിയായിനില്ക്കട്ടെ. ഭാഗ്യഹീനരായ നിങ്ങൾ സകലതും അദ്ദേഹത്തിൽ സമർപ്പിച്ചുകൊണ്ടു സ്ഥിരചിത്തരായിരിക്കണമെന്നാണു് എന്റെ അവസാനകാലത്തെ അപേക്ഷ.

"ഞാൻ അവച്ചിരിക്കുന്ന കപ്പൽ വരുമ്പോൾ അതിലുള്ള വേലക്കാർ എന്തുപറയുമോ ഈശ്വരാ! ഞാൻ രാജദ്രോഹകുററത്തിനു കാരാഗൃഹത്തിൽ കിടക്കുന്നു എന്നു അവർ ധരിക്കുമല്ലോ! ഇനി ആരുടെയെല്ലാം ദുർമ്മുഖം കാണണം? കോടതിയിൽ കയറിനിന്നു് ആരുടെയെല്ലാം പരിഹാസവാക്കുകൾ കേൾക്കണം? എത്ര വക്കീലന്മാരുടെ ചോദ്യങ്ങൾക്കു് ഉത്തരം പറയണം? കഷ്ടം! എന്റെ സഹോദരനായ ഏഡ്റിയൽ ഗിൽബർട്ടുകൂടി എന്റെ സമീപത്തില്ലല്ലോ. നിന്നെയും കുഞ്ഞിനെയും ഞാൻ അവനിൽ ഭരമേല്പിച്ചിരിക്കുന്നു. അധികം വിസ്തരിച്ചെഴുതി ഈ കത്തു ദീർഘിപ്പിക്കണമെന്നു വിചാരിക്കുന്നില്ല. എന്റെ ഈ ദുഃഖം ജഗദീശ്വരൻ കാണട്ടെ. അഹോ! ഞാനെന്റെ പ്രിയതമയേയും വാത്സല്യഭാജനമായ ശിശുവിനേയും പിരിയുന്നതെങ്ങനെ? എന്റെ പുത്രനു സർവ്വമംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു. അവനെന്റെ അച്ഛൻ ഒരു രാജദ്രോഹിയാണെന്നു് അവ

ഒരിക്കലും ധരിക്കാതിരിക്കട്ടെ. പ്രിയതമേ, ഞാൻ നിർദ്ദോഷിയാണ്. നീ കൂടി എന്നെ മറിച്ചു വിചാരിക്കല്ലേ. ഞാൻ നിന്നെയും കുഞ്ഞിനെയും എന്റെ ആത്മാവിനെയും ഇതാ സർവ്വശക്തനായ ഈശ്വരനിൽ സമർപ്പിച്ചിരിക്കുന്നു. നിങ്ങൾക്ക് ഇഹത്തിലും പരത്തിലും സൗഖ്യവും ശാന്തിയും ഭവിക്കട്ടെ!''

ബ്രിട്ടനിലെ മഹാപുരുഷന്മാരിൽ ഒരാളായി ഒരു കാലത്തു ഗണിക്കപ്പെട്ടിരുന്ന സർ വാൾട്ടർ റാലി കാരാഗൃഹത്തിൽ കിടക്കുമ്പോൾ തന്റെ പ്രാണാധികപ്രണയിനിക്ക് അയച്ച കത്തിലെ ചിലഭാഗങ്ങളാണു മേൽ കാണിച്ചിരിക്കുന്നതു്. ലക്ഷേശ്വരനായിരുന്ന അവസരത്തിൽത്തന്നെ പണ്ഡിതനും, യുദ്ധവിദഗ്ദ്ധനായിരിക്കുമ്പോൾത്തന്നെ രാജ്യഭരണതന്ത്രജ്ഞനും ആയി നാട്ടിലെങ്ങും ജീവിതവിജയസ്തംഭങ്ങൾ നാട്ടിയ ഈ മഹാപുരുഷന്റെ ഇത്തരം ദയനീയാവസ്ഥയിൽ ഹൃദയവേദനതോന്നാത്തവരായി വളരെ കുറച്ചാളുകൾമാത്രമേ അക്കാലത്തു് അവിടെയുണ്ടായിരുന്നുള്ളു. ഇത്ര വളരെ ജനസ്വാധീനവും ധനസ്വാധീനവും വിദ്വത്വവും വാഗ്മിത്വവും ഒത്തിണങ്ങി അധികംപേരിൽ കണ്ടിട്ടില്ല; എന്നാൽ ഇത്രവളരെ ദുരിതങ്ങൾ അനുഭവിച്ചിട്ടുള്ളവരെ കാണുന്നതും അപൂർവ്വംതന്നെ.

പുകവലി ഇംഗ്ലണ്ടിൽ പ്രചരിപ്പിച്ച സർ വാൾട്ടർ റാലിയെ ഒരിക്കലും മറക്കാൻ ഇംഗ്ലീഷ്കാർക്കു സാദ്ധ്യമല്ല. ആദ്യം പുകവലി നടത്തിയ ഇംഗ്ലീഷ്കാരൻ ഇദ്ദേഹത്തിന്റെ കീഴിലുണ്ടായിരുന്ന ഒരു തോമസ് ഹാരിയട്ട് ആയിരുന്നു എങ്കിലും അതിന് ഒരു വലിയ പ്രചാരംവന്നതു പുകയില ഇദ്ദേഹം ഉപയോഗിച്ചുതുടങ്ങിയതിനുശേഷമായിരുന്നു. തന്റെ സ്വന്തം മുറിയിലിരുന്ന് ഉല്ലാസസമേതം പുകവലിച്ചുകൊണ്ടിരുന്ന അവസരത്തിൽ, ഈ വസ്തുത അറിയാതിരുന്ന ഒരു ഭൃത്യൻ കണ്ടു പരിഭ്രാന്തനായിത്തീർന്നുപോയി. തന്റെ യജമാനന്റെ വായിൽനിന്നു പുക പുറത്തുവന്നതു് അകംമുഴുവൻ വെന്തുനീറുന്നതിന്റെ ലക്ഷണമാണെന്നായിരുന്നു ആ പാവം വിചാരിച്ചുപോയതു്.

അവൻ തീയണയ്ക്കാനായി, അടുത്തിരുന്ന ഒരു വലിയ മദ്യ കുംഭം എടുത്തു് റാലിയുടെ തലയിൽക്കൂടി ഒഴിച്ചു കൊടുത്തുവത്രേ! സഹായത്തിനു് ആളുകളെ വരുത്താൻ നിലവിളികൂട്ടിയ ഭൃത്യന്റെ, കാരണം പറഞ്ഞു മനസ്സിലാക്കാൻ റാലിക്കു് വളരെ ശ്രമംവേണ്ടിവന്നു.

റാലിയുടെ വിവിധകൃത്യങ്ങഠം ആലോചിക്കുമ്പോഠം ഈ ധൂമപാനപ്രചരണം അത്യന്തം നിസ്സാരമായ ഒന്നായിട്ടേ ഗണിക്കാനുള്ളൂ. യുദ്ധവിദഗ്ദ്ധനും ഉത്തമരാജന്നും ആയ അലക്സാണ്ടരുടെ മഹത്വം സ്മരിക്കുന്ന ഘട്ടത്തിൽ അദ്ദേഹമാണു മുഖക്ഷൗരം ലോകത്തു നടപ്പാക്കിയതു് എന്ന വസ്തുത പറയുന്നതുപോലെമാത്രമേ റാലിയുടെ പുകവലിയെ പരിഗണിക്കാനുള്ളൂ.

## രാജ്ഞിയുടെ പ്രീതിസമ്പാദനം.

ഇംഗ്ലണ്ടിലെ ഡവൺഷയറിൽ ക്യാതറൈൻ ഗിൽബട്ട് എന്ന സ്ത്രീയുടെമകനായി സർ വാംട്ടർറാലി 1552-ാമാണ്ടു് ജനിച്ചു. സ്വാതന്ത്ര്യബുദ്ധി ബാല്യംമുതല്ക്കേ പ്രകടിപ്പിച്ചുകൊണ്ടിരുന്ന റാലിക്കു, സമുദ്രസഞ്ചാരംകഴിഞ്ഞു തുറമുഖത്തു തിരിച്ചെത്തുന്നവരെ ആരാധിക്കാൻ വളരെ സന്തോഷമുണ്ടായിരുന്നു. ഭാവിയിൽ ഒരു ഉത്തമഭടനും നാവികനും ആയി ജീവിതം നയിക്കാൻ റാലിക്കുണ്ടായിരുന്ന ആഗ്രഹം ചില്ലറയായിരുന്നില്ല. മൂന്നുവഷ്ക്കാലം അദ്ദേഹം ആക്സ്ഫോർഡിൽ പഠിത്തംനടത്തിയിട്ടുണ്ടു്. ഡിഗ്രി യാതൊന്നും എടുക്കാതെ പഠിത്തം മതിയാക്കുന്നതിനു് സംഗതിയായതു് റാലിയുടെ രണകൗതുകംനിമിത്തമായിരുന്നു. ഫ്രാൻസിൽ അക്കാലത്തു നടന്നുകൊണ്ടിരുന്ന ആഭ്യന്തരസമരത്തിൽ ഒരുകക്ഷിക്കാരുടെ പക്ഷത്തുചേൎന്നു് അദ്ദേഹം യുദ്ധം ചെയ്തു. അതിനെത്തുടന്നു അയർലണ്ടിൽ ഒരു ചെറിയ ഋസൈന്യത്തിന്റെ നായകനായിരിക്കാൻ അദ്ദേഹം നിയമിതനായി. അവിടത്തെ ലഹളക്കാരെ റാലി നിശ്ശേഷം

അമച്ച്വരുത്തിയതുകൊണ്ടു് ഒരു ശൂരനായ യുദ്ധവിദഗ്ദ്ധൻ എന്നുള്ള പേരു് റാലി യൗവ്വനാരംഭഘട്ടത്തിൽത്തന്നെ സമ്പാദിച്ചു.

ഭുവനപ്രസിദ്ധി സമാർജ്ജിച്ചിട്ടുള്ള എലിസബത്തുരാജ്ഞിയായിരുന്നു അക്കാലത്തു് ഇംഗ്ലണ്ടു ഭരിച്ചിരുന്നതു്. ഈ മഹാറാണിയുടെ പ്രത്യേകപ്രീതിക്കു പാത്രീഭൂതനായി വളരെക്കാലം ജീവിതംനയിച്ചിട്ടുള്ള റാലി അവരുമായി നടത്തിയ പ്രഥമസന്ദർശനത്തെപ്പററി രസകരമായ ഒരു കഥയുണ്ടു്. ഒരിക്കൽ രാജ്ഞി രാജഗൃഹത്തിൻെറ പരിസരങ്ങളിൽ പാദചാരിണിയായിപ്പോകയായിരുന്നു. അപ്പോൾ അങ്കണവീഥിയിൽ ഒരിടത്തു അല്പം പങ്കസമ്മിശ്രമായജലം കണ്ടു പെട്ടെന്നുനിന്നു. വാസ്തവത്തിൽ പ്രേക്ഷകരുടെയിടയിൽ റാലിയെക്കണ്ടിട്ടാണു് അവർ നിന്നതു്. റാലിയാകട്ടെ, ക്രൂസൽക്രൂടാതെ മുമ്പോട്ടുചെന്നു തൻെറ വിശേഷപ്പെട്ട കഞ്ചുകം ഊരി രാജ്ഞിക്കു നടക്കാനായി വിരിച്ചുകൊടുത്തു. രാജ്ഞി മന്ദസ്മിതപ്രസന്നമുഖിയായി റാലിയെ ദയാപുരസ്സരം കടാക്ഷിച്ചുകൊണ്ടു നടന്നുപോയി. കൊട്ടാരത്തിലെത്തിയ ഉടനെ എലിസബത്തു് റാലിയെ ആളയച്ചുവരുത്തി പല സമ്മാനങ്ങളും കൊടുത്തതായിട്ടാണു് ആ കഥ അവസാനിക്കുന്നതു്.

നല്ല സമയത്താണു റാലി കൊട്ടാരത്തിൽ കാലുവച്ചതു്. രാജ്ഞിയുടെ പാണിഗ്രഹണത്തിനായി കൊട്ടാരത്തിൽ താമസമാക്കിയിരുന്ന ആലിങ്കൺ പ്രഭുവിൻെറ ബീഭത്സവേഷംകണ്ടു അസഹ്യതതോന്നിയ രാജ്ഞിയുടെ നയനങ്ങൾക്കു റാലിയുടെ സുകുമാരശരീരം ദർശിക്കുന്നതു് ഒരു നയനോത്സവമായിരുന്നു. പ്രസന്നവദനവും, വിശാലഫാലദേശവും വിസ്താരമേറിയ മാറിടവുംകൊണ്ടു് ആരുടേയും സവിശേഷമായശ്രദ്ധയെ ആകർഷിക്കുന്ന റാലി തൻെറ പ്രാംശുകായം വിലയേറിയ ആഭരണങ്ങൾകൊണ്ടു് അലങ്കരിക്കുന്നതിൽ പ്രത്യേകം ശ്രദ്ധ പ്രകടിപ്പിച്ചുവന്നു. അന്ത്യകാലത്തു് അദ്ദേ

ഹത്തെ ബന്ധനസ്ഥനാക്കിയപ്പോൾ ശരീരത്തിൽ ന്നൂററിപ്പ ത്തിനഞ്ചുപവൻ വിലപിടിക്കുന്ന ആഭരണങ്ങളുണ്ടായിരുന്നു വത്രെ! ഈ സൗകുമാര്യത്തോടൊത്തു അത്യാദ്ഭുതമായ സംഭാഷണചാതുര്യംക്രുടി സംയോജിച്ചപ്പോൾ രാജ്ഞി ആകൃഷ്ടയായിത്തീൎന്നതു് അത്ഭുതമല്ലല്ലോ.

മദ്യവില്പനയിൽനിന്നു കരംവസൂലാക്കാനുള്ള അധികാരം രാജ്ഞി റാലിക്കു നൽകിയതിൻെറഫലമായി പ്രതിവൎഷം 2000 പവൻ ആദായം അദ്ദേഹത്തിനു കിട്ടിക്കൊണ്ടിരുന്നു. ആധുനികകാലത്തോടു താരതമ്യപ്പെടുത്തുന്നപക്ഷം പന്തിരായിരം പവനായി വകവയ്ക്കാവുന്ന ഈ തുക 1619 വരെ റാലിക്കു ലഭിക്കത്തക്കവിധമായിരുന്നു വ്യവസ്ഥചെയ്തിരുന്നതു്. രണ്ടു വലിയ ദേശവഴികൾ അദ്ദേഹത്തിനു ഇഷ്ടദാനമായി രാജ്ഞിയിൽനിന്നു ലഭിച്ചു. ഡർഹാംഎന്ന മഹാമന്ദിരം, സർസ്ഥാനം, ഡവാൺഷയറിലെ രണ്ടുമൂന്നു ജില്ലകളിൽ മേൽഭരണം, അയർലണ്ടിൽ നാല്പത്തീരായിരം ഏക്കർ ഭൂമിയുടെ കൈവശാനുഭവം ആദിയായവക്രുടി ലഭിച്ചു് അനുഗൃഹീതനായിത്തീൎന്നപ്പോഴും വാൾട്ടർ റാലി ഇംഗ്ലണ്ടിലെ ഒരു പ്രധാനപുരുഷനായിത്തീൎന്നു.

## അമേരിക്കയിൽ ഉപനിവേശശ്രമം.

അമേരിക്കയിൽ സ്പെയിൻകാരുടെ സ്വാതന്ത്ര്യവും ഐശ്വര്യവും വൎദ്ധിച്ചുവന്നിരുന്ന അക്കാലത്തു്, അവിടെ ഒന്നാനും ഇംഗ്ലീഷ്കാളനികൾ സ്ഥാപിക്കണമെന്നു് ഇദ്ദേഹത്തിനു ബാല്യംമുതല്ക്കേ ആശയായിരുന്നു. അമേരിക്കയിൽ ഒരു വലിയഇംഗ്ലീഷ്സാമ്രാജ്യം സ്ഥാപിച്ചു് അതിൽ ഏകച്ഛത്രാധിപതിയായി വാഴണമെന്നുള്ള ആഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നു എന്നും ചിലർ പറയുന്നുണ്ടു്. പല അവസരങ്ങളിലായി അനവധി ദ്രവ്യം വ്യയംചെയ്തു ശ്രമിച്ചിട്ടും അവിടെ ഒരു ഇംഗ്ലീഷ്കാളനി സ്ഥാപിക്കാൻ

റാലിക്കു സാദ്ധ്യമായില്ല; എങ്കിലും ഇരുനൂറിൽപ്പരം സംവത്സരക്കാലം അവിടെ നിലനിന്ന ഒരു ആംഗലരാഷ്ട്രത്തിന്റെ സ്ഥാപനത്തിന് അടിസ്ഥാനമിട്ടതു് ഇദ്ദേഹം തന്നെയാണെന്നുള്ളതു നിർവിവാദമാകുന്നു.

ഉപനിവേശം ചെയ്യുന്നതിനുള്ള അധികാരപത്രം രാജ്ഞിയിൽനിന്നും ലഭിച്ചതിനുശേഷം റാലി ഓരോ കപ്പൽ സംഘത്തിനെ അമേരിക്കയിലേക്കു അയച്ചുകൊണ്ടിരുന്നു. സ്പാനിഷ്കപ്പലുകളിൽ കൊള്ളനടത്തിക്കിട്ടിയ ദ്രവ്യം റാലിക്കു കാഴ്ചവയ്ക്കാനല്ലാതെ, സ്വദേശ്യരുടെ എതിർപ്പുകൾമൂലം അമേരിക്കയിൽ കാളനികൾ ഒന്നും സ്ഥാപിക്കാൻ അവർക്കു കഴിഞ്ഞില്ല. റാലിയുടെ വിശ്വസ്തമിത്രവും അഭിയാനനായ കനുമായ ഗ്രൻവിൽ പിടിച്ചുകൊണ്ടുവന്ന ഒരു സ്പാനിഷ്കപ്പലിൽ 50,000 പവൻ വിലപിടിക്കുന്ന വെള്ളിപ്പാത്രങ്ങൾ ഉണ്ടായിരുന്നുവത്രെ! കപ്പലുകളും സൈന്യങ്ങളും തുടർച്ചയായി അമേരിക്കയിലേക്കു് അദ്ദേഹം അയച്ചുകൊണ്ടിരുന്നു. വെർജിനിയായിൽ കുടിയേറിപ്പാർക്കുന്നതിനു് 40,000 പവൻ അദ്ദേഹം ചെലവാക്കിയിട്ടും ശ്രമം നിഷ്ഫലമായിത്തീർന്നതേയുള്ളൂ.

അയർലണ്ടിൽ അഞ്ചുവർഷക്കാലം ഭരണം നടത്തുന്നതിനു് അദ്ദേഹം നിയോഗിതനായിരുന്നഘട്ടത്തിലും പ്രസ്തുത ശ്രമം തുടർന്നുകൊണ്ടിരുന്നതേയുള്ളൂ. സ്പെയിൻകാരുമായി ഇക്കാലത്തു് ഇംഗ്ലീഷുകാർ ഒരു ഭയങ്കരസമരത്തിൽ ഏർപ്പെട്ടു. "സ്പാനിഷ് ആർമെഡ"എന്നപേരിൽ അറിയപ്പെട്ടിരുന്നതും അജയ്യമായി പരിഗണിക്കപ്പെട്ടിരുന്നതുമായ കപ്പൽപ്പടയെ നിശ്ശേഷം തോല്പിച്ചോടിക്കുവാൻ റാലിചെയ്ത ശ്രമം നിസ്സാരമായിരുന്നില്ല. ഇപ്രകാരം പലവിധത്തിൽ ജനസഞ്ചയത്തിന്റെയും രാജ്ഞിയുടെയും പ്രീതിബഹുമാനങ്ങൾ സമ്പാദിച്ചുകൊണ്ടിരുന്ന റാലിയുടെ 40-ാംവയസ്സിൽ നടന്ന ഒരു സംഭവം അദ്ദേഹത്തിന്റെ ജീവിതത്തിനു് ഒരു പരിവർത്തനംതന്നെ വരുത്താൻ തുടങ്ങി.

## പ്രേമപ്രകടനത്തിനു് ജയിൽവാസം.

എലിസബത്ത്‌രാജ്ഞിയുടെ പരിചാരികമാർ സുന്ദരികളും പരിഷ്കൃതകളുംആയ തരുണിമാരായിരുന്നു. റാലിയുടെ ഹൃദയം അവരിൽ ഒരുവളായ ത്രാഗ്‌മാട്ടൻ എന്ന സുന്ദരീമണി കവൎന്നുകളഞ്ഞു. ഈ വിവരം, തന്നോടു പ്രേമപ്രകടനങ്ങൾ നടത്തിവരാറുള്ള രാജ്ഞി അറിയുന്നതുനന്നല്ല എന്നു കരുതി ഭയപ്പെട്ടു് അദ്ദേഹം നാടുവിട്ടുപോയി. സംഗതി സൂക്ഷ്മമായി അറിയാൻ പാടില്ലാതിരുന്നതിനാൽ, രാജ്ഞി ആളയച്ചു റാലിയെ വിളിച്ചു വീണ്ടും കൊട്ടാരത്തിൽ താമസിപ്പിച്ചു. എന്നാൽ അതോടുകൂടി കള്ളികളൊക്കെ പുറത്തുവരാതെ ഗത്യന്തരമില്ലെന്നായി.

രാജ്ഞിക്കു ഷഷ്ടിപൂൎത്തിയായെങ്കിലും അനുരാഗകാൎയ്യത്തിൽ വളരെ ചെറുപ്പമായിരുന്നു. റാലി ഒരു പെൺകിടാവിനെ സ്നേഹിച്ചതല്ല വലിയ അപരാധമായിത്തീൎന്നതു്; തന്റെ സൌന്ദൎയ്യാതിശയത്തെ റാലി ധിക്കരിച്ചല്ലോ എന്നായിരുന്നു അവരുടെ വിചാരം. ഇതിൽ ക്ഷമിക്ക എന്നതു രാജ്ഞിക്കു അറിഞ്ഞുകൂടായിരുന്നു. ആകയാൽ വൎത്തമാനം ധരിച്ചപ്പോൾ അവർ കോപകലുഷയായി റാലിയെ 'ടൌവ്വർ' എന്ന കാരാഗൃഹത്തിൽ അടച്ചു.

ബന്ധനംകൊണ്ടുള്ള ദുഃഖം പുറത്തുകാണിക്കാതെ, രാജ്ഞിയുമായുള്ള വിരഹം തന്നെ അത്യന്തം പീഡിപ്പിക്കുന്നു എന്നുപറഞ്ഞു റാലി പരിഭവിച്ചുതുടങ്ങി. രാജ്ഞിയെ കാണാതിരിക്കുന്നതിനെക്കാൾനല്ലതു വിഷംതിന്നു മരിക്കയാണെന്നും, ഇതെല്ലാം തന്റെ ശത്രുക്കൾ പററിച്ച പണിയാണെന്നും, മററും പറഞ്ഞു അദ്ദേഹം വാവിട്ടു നിലവിളിക്കുകൂടിയുണ്ടായി.

റാലി അയച്ചിരുന്ന കപ്പലുകൾ അസൂരദ്വീപുകളെ സമീപിക്കുകയായിരുന്നു. നമ്മുടെ മലയാളരാജ്യത്തുനിന്നും മററും പാശ്ചാത്യരാജ്യങ്ങളിൽ ദുർല്ലഭമായ പല സാധന

ങ്ങളും കയററിക്കൊണ്ടുപോയ കപ്പലുകളിൽ ഒന്നിനെ അവർ കൊള്ളചെയ്യുത്തു. അഞ്ചുലക്ഷം പവൻവിലയുള്ള സ്വൎണ്ണം വെള്ളി മുതലായ ലോഹങ്ങൾക്കുടാതെ വില പിടിച്ച രത്നങ്ങളും രത്നക്കംബളങ്ങളും മററും അവൎക്ക് ആയാസം കൂടാതെ ലഭിച്ചു. കച്ചവടക്കപ്പലുകളെ കൊള്ള ചെയ്യ എന്നതു കാലനടപ്പനുസരിച്ച ന്യായവുമായിരുന്നു.

അളവററ ധനത്തിന്റെ ലബ്ധിയിൽ അതിയായി സന്തോഷിച്ച രാജ്ഞി റാലിയെ മോചിപ്പിക്കയും, വിവാഹത്തിനു മൗനാനുവാദം നൽകുകയും ചെയ്തു.

## സ്വൎണ്ണമെടുക്കാൻ ഗയാനയിലേക്ക്.

അമേരിക്കൻരാജ്യങ്ങളിൽ സഞ്ചാരം നടത്തി ധനവും കീൎത്തിയും സമ്പാദിക്കണമെന്നു ചിരകാലമായുള്ള ആഗ്രഹം ഫലിപ്പിക്കാൻ റാലി ഇതിനുശേഷം സന്നദ്ധനായി. തെക്കേ അമേരിക്കയിൽ വടക്കുകിഴക്കായി സ്ഥിതിചെയ്യുന്ന ഗയാനയിൽ സ്വൎണ്ണം സീമാതീതമായി സ്ഥിതിചെയ്യുന്നുണ്ടെന്നു് അദ്ദേഹം കേട്ടിരുന്നു. പ്രസ്തുത രാജ്യത്തു കനകപ്പൊടിയണിഞ്ഞു നൃത്തം ചെയ്യുന്ന നഗ്നതാംഗിമാരുണ്ടെന്നും, അവിടെ ദുർല്ലഭമായ വല്ല വസ്തുവും കൊണ്ടുചെന്നു കൊടുത്താൽ ആനത്തലയോളം സ്വൎണ്ണം കൊടുക്കാൻ ആളുകൾ സന്നദ്ധരാണെന്നും, അവിടത്തെ രാജാവു ശരീരമാസകലം നഗ്നമാക്കി സ്വൎണ്ണപ്പൊടി ദേഹത്തു പൂശിയിട്ടാണു് പുറമേ നടക്കാറുള്ളതെന്നും മററും ഉള്ള കഥകൾ വിശ്വാസയോഗ്യമാകുംവിധം റാലി പല കേന്ദ്രങ്ങളിൽനിന്നു ശ്രവിച്ചിട്ടുണ്ടായിരുന്നതിനാൽ ആ രാജ്യത്തേക്കു കപ്പൽവിട്ടു.

ഗയാനയിൽ പലേടത്തും സഞ്ചരിച്ചിട്ടും, അവിടെയെങ്ങും സ്വൎണ്ണം കണ്ടുകിട്ടിയില്ല. കറുത്ത സുന്ദരാംഗികളെയല്ലാതെ കനകാംഗിമാരെ കാണ്മാനും റാലിക്കു സാദ്ധ്യ

2125

മായില്ല. ഭഗ്നാശനായി തിരിച്ചുവന്ന റാലി വളരെ രസക
രമായ ഒരു സഞ്ചാരചരിതം എഴുതി പ്രസിദ്ധംചെയ്തു. ഇത്ര
യും വിനോദകരമായ ഒരു സഞ്ചാരചരിതം അതേവരെ യാ
തൊരു യൂറോപ്യൻഭാഷയിലും ആരും പ്രസിദ്ധപ്പെടുത്തി
യിട്ടില്ലെന്നാണ് പൊതുവേയുള്ള അഭിപ്രായം. രാജ്ഞിക്കെ
ഴുതിയയച്ച കത്തിൽ കാണിച്ചിരുന്നതു, ഗവണ്മെൻറിൻെറ
സഹകരണമുണ്ടെങ്കിൽ ഗയാനാസ്വർണ്ണഖനികളിൽനിന്നു
താൻ ധാരാളം കനകം കൊണ്ടുവരുന്നതാണെന്നും, ആ രാ
ജ്യത്തിൻെറ തലസ്ഥാനമായ മനോവാനഗരത്തിൽ ഒരുല
ക്ഷം പവൻ വിലപിടിക്കുന്ന സ്വർണ്ണപ്രതിമകൾ ഉണ്ടെ
ന്നും ആയിരുന്നു. സർക്കാരിൻെറ സഹായത്തോടുകൂടി ത
നിക്കിതു സാധിക്കാത്തപക്ഷം സ്പെയിൻകാരും ഫ്റഞ്ചുകാ
രും ഇതത്രയും കൊണ്ടുപൊയ്ക്കളയുമെന്നുംകൂടി അതിൽ സൂ
ചിപ്പിച്ചിരുന്നു. രാജ്ഞിയുടെ പ്രീതി നിലനിർത്താൻവേണ്ടി
ഇപ്രകാരമൊക്കെ റാലി എഴുതിയെന്നാണ് ചിലരുടെ അ
ഭിപ്രായം. ആ രാജ്യവും അയൽരാജ്യങ്ങളും ഇംഗ്ലണ്ടിനു
സ്വാധീനപ്പെട്ടുകിട്ടാൻ രാജ്ഞി ശ്രമിക്കണമെന്ന് അദ്ദേ
ഹത്തിനു വളരെ ആശയുണ്ടായിരുന്നു.

സ്പെയിൻകാരുമായി ഇംഗ്ലീഷുകാർ നടത്തിയ പല യു
ദ്ധങ്ങളിലും റാലി ഒരു സേനാനായകനെന്ന നിലയ്ക്കു പ
ങ്കെടുത്തു പ്രശസ്തനായി പോരുനടത്തിയിട്ടുണ്ട്. രാജ്ഞി
യുടെനഷ്ടപ്പെട്ടുപോയ പ്രീതി അതേരീതിയിൽ തിരിച്ചെടു
ക്കാൻസാധിച്ചില്ലെങ്കിലും, അവർതമ്മിൽ പലപ്പോഴും കൂടി
ക്കാഴ്ചകൾ നടത്താറുണ്ടായിരുന്നു; എന്നുതന്നെയുമല്ല, ഗൗ
രവമേറിയ പലേ ഭരണകാര്യങ്ങളിലും അദ്ദേഹത്തിൻെറ അ
ഭിപ്രായം രാജ്ഞി ചോദിക്കാറുണ്ടായിരുന്നുതാനും. അന്നാ
ത്തെരാജ്യകാര്യാലോചനാസഭയിലെ അംഗങ്ങളുടെ ബുദ്ധി
ശക്തിഎല്ലാംകൂടിച്ചേർന്നാലും റാലിയുടെ ബുദ്ധിയെ ജയിക്കാ
ൻകഴിയുകയില്ലെന്നു പ്രസിദ്ധ ചരിത്രകാരനായഗാർഡിനർ
പ്രസ്താവിച്ചിട്ടുണ്ട്. വിചാരഗതിയിൽ ബേക്കണും, മാന

സസ്യസൃഷ്ടിയിൽ ഷേക്സ്പീയറും എപ്രകാരം വിശ്വവിശ്രുതന്മാരായിത്തീൎന്നിട്ടുണ്ടോ അതുപോലെയുള്ള സ്ഥാനം പ്രവൃത്തിമാഹാത്മ്യംസംബന്ധിച്ചിടത്തോളം റാലിക്കും നൽകാവുന്നതാണു്. എലിസബത്തിന്റെ ഭരണകാലത്തെ സ്മരണീയമാക്കിത്തീൎത്തതു ഈ മൂന്നുമഹാന്മാരുടേയും ജീവിതഗതിയാണെന്നു എല്ലാവിദ്വാന്മാരും ഐകകണ്ഠ്യേന അഭിപ്രായപ്പെടുന്നു.

## കാരാഗൃഹത്തിൽ അകപ്പെട്ടു

എലിസബത്ത്രാജ്ഞി 1603-ാമാണ്ടു് നാടുനീങ്ങി. അതിനുശേഷം സർ വാൾട്ടർ റാലി അനുഭവിച്ച കഷ്ടതകളും കാരാഗൃഹവാസവും ആണു് ഇദ്ദേഹത്തിന്റെ ചരിത്രത്തെ ഇത്രവളരെ ഹൃദയാവൎജ്ജകവും സ്മരണീയവും ആക്കിത്തീൎത്തിരിക്കുന്നതു്.

അടുത്തതായി സിംഹാസനാരോഹണംചെയ്ത ജയിംസ്ആകട്ടെ, സ്പെയിൻകാരോടു സഖ്യത്തിനു ശ്രമിച്ചുകൊണ്ടിരിക്കുന്ന ആളായിരുന്നു. കൊട്ടാരത്തിലെ പലരുടേയും ഏഷണികൂടിച്ചേൎന്നപ്പോൾ റാലിക്കു വിപരീതം പ്രവൎത്തിക്കാൻ രാജാവു് തുനിഞ്ഞു. അദ്ദേഹത്തിനു അനുവദിച്ചിരുന്ന പല പദവികളും നിൎത്തൽചെയ്കയും, അദ്ദേഹം അനുഭവിച്ചിരുന്ന വസ്തുക്കൾ പലതും സൎക്കാരിലേക്കു് എടുക്കുകയുംചെയ്തു; രാജദ്രോഹികളുടെ കൂട്ടത്തിൽ റാലിയെക്കൂടി ഉൾപ്പെടുത്തി അദ്ദേഹത്തെ ടൌവ്വർകാരാഗൃഹത്തിൽ അടയ്ക്കാൻ അധികം കാലതാമസം വേണ്ടിവന്നില്ല എന്നു പറഞ്ഞാൽ മതിയല്ലോ. റാലിയുടെ മിത്രമായി വൎത്തിച്ചിരുന്ന കോബാംപ്രഭു ശത്രുക്കളുടെ ഭീഷണിമൂലം വിപരീതമായ മൊഴികൊടുത്തതാണു് റാലിയുടെ ഈ ദയനീയജീവിതത്തിനുള്ള പ്രധാനകാരണമായിത്തീൎന്നതു്. മരണശിക്ഷ നടത്തുന്നതുവരെ ആ കാരാഗൃഹത്തിൽ കിടക്കണം എന്നനിലയാണു് അദ്ദേഹത്തിനു വന്നുചേൎന്നതു്.

"അലം വൃഥാമോദനഖേദനാഭ്യാം
അലംഘനീയാ കമലാസനാജ്ഞാ"

എന്നു സമാശ്വസിക്കയല്ലാതെ എന്താണു ഗത്യന്തരമുള്ളതു്?

വളരെസമയം വിഷണ്ണനായി തന്റെ തടവുമുറിയിലിരുന്നതിന്റെശേഷം ധീരനായ റാലി ഭാര്യയ്ക്കു് എഴുതിയ കത്താണു് ഈ ലഘുചരിതത്തിന്റെ ആരംഭത്തിൽ ചേർത്തിരിക്കുന്നതു്.

ബഹുമാന്യനും ബഹുമാനധനനും ആയ വാൾട്ടർ റാലി ഈ അപമാനജീവിതത്തിൽനിന്നു മോചനം ലഭിക്കാൻ എന്തുകൊണ്ടു ആത്മഹത്യയ്ക്കു ശ്രമിച്ചില്ല എന്നുള്ളതും ആ കത്തിൽ ഇപ്രകാരം കാണിച്ചിട്ടുണ്ടു്:—

"ഞാൻ നിരാശാവശനായി മരിക്കും എന്നു വിചാരിക്കരുതു്. ദൈവപ്രസാദം എന്നിൽ തീരെ ഇല്ലെന്നും ചിന്തിക്കേണ്ട. ദൈവം എന്നെ കൈവെടിഞ്ഞിട്ടുമില്ല. ഞാൻ പാപിയുമല്ല. പിന്നെ ഞാൻ എന്തിനു സ്വയമേവ ജീവനെ നശിപ്പിക്കുന്നു. അതു ഞാൻ ഒരിക്കലും ചെയ്യുന്നതല്ല."

റാലി രാജദ്രോഹിയാണെന്നു രാജാവിനും പരിബന്ധികൾക്കും പരക്കെബോദ്ധ്യമായി. അദ്ദേഹത്തിന്റെ സകലസ്ഥാനമാനങ്ങളും വീണ്ടെടുക്കുകയും, രാജാവിനെ സ്ഥാനഭ്രഷ്ടനാക്കി രാജ്യം നശിപ്പിക്കാൻ കൂട്ടരുമായി ദുരാലോചന നടത്തി എന്നകുററം സ്ഥാപിച്ചു് വിചാരണനടത്താൻ തീരുമാനിക്കയും ചെയ്തു.

## കോടതിവിചാരണ.

രാജാനുകൂലികളെക്കൊണ്ടു നിറഞ്ഞ കോടതിയിൽ നടന്ന ഈ വിചാരണമുഴുവൻ ശുദ്ധഅസംബന്ധം ആയിരുന്നെന്നു് അവരിൽ ഒരു ജഡ്ജിയുടെ ഡയറിയിൽ കാണുന്നുണ്ടു്. ഗവൺമെൻറിനുവേണ്ടി വീറോടെവാദിച്ച "കോക്ക്" യുക്തിയൊന്നും കാണിക്കാതെയും, തെളിവുകൾ കാണിക്കാനില്ലാതെയും. റാലിയെ കഠിനമായി അധിക്ഷേപിക്കുകകൂടിച്ചെയ്തിട്ടുണ്ടു്. രാജാവിനേയും രാജവംശത്തേയും

അതിനീചമായ രാക്ഷസബുദ്ധിയോടുകൂടി റാലി ദ്രോഹിച്ചു എന്നും, കള്ളനും കപടവേഷധാരിയും ആണെന്നും മററും കോക്ക് വളരെഉച്ചത്തിൽ ആഘോഷണംചെയ്തു.

"കോബാംപ്രഭുവും നിങ്ങളുംകൂടിച്ചേൎന്ന മഹാമനസ്കനായ ഇപ്പോഴത്തെ മഹാരാജാവുതിരുമനസ്സിലേക്കു രാജ്യഭാരം കിട്ടരുതെന്നു മനഃപൂൎവമായി പ്രയത്നിച്ചിട്ടുള്ളവരാണ്. നിങ്ങൾ രണ്ടുപേരുംകൂടി സ്പെയിൻരാജാവിൽനിന്നു കൈക്കൂലിവാങ്ങിക്കൊണ്ടു സ്വരാജ്യം പണയമെഴുതിയ വഞ്ചനപ്രവൃത്തി എത്ര നീചമായിരിക്കുന്നു. ആത്മാഭിമാനമുള്ള തിരുമനസ്സിലെ പ്രജകൾക്കു ഈ കുത്സിതപ്രവൃത്തികളെപ്പററി ആലോചിക്കപോലുംവയ്യ."

ഈ പ്രസംഗത്തിനു സയുക്തികമായി മറുപടിപറയാൻ സന്നദ്ധനായി റാലി ഇപ്രകാരം പറഞ്ഞു:—

"ഇതെൻെറ ജീവനെക്കൂടി ഗൗരവമായി സംബന്ധിക്കുന്ന സംഗതിയാകയാൽ എനിക്കു മറുപടി പറയേണ്ടതായിട്ടുണ്ട്."

കോക്ക്:—രാജദ്രോഹക്കുററത്തിനു സമാധാനമോ? അതൊരിക്കലും കോടതി അനുവദിക്കാൻ പാടുള്ളതല്ല. രാജ്യത്തിനും രാജാവിനും എതിരായിനിന്നുകൊണ്ട് സ്വാൎത്ഥം നേടാൻ തുടങ്ങിയ ധൂൎത്തൻെറ വാക്കുകൾക്ക് എന്തുവിലകല്പിക്കാൻപോകുന്നു എന്ന് എനിക്കു മനസ്സിലാകുന്നില്ല.

റാലി:—(അക്ഷമനായി) വലിയ വക്കീലാണെന്നുവിചാരിച്ചു എന്തും പറഞ്ഞുകളയാമെന്നു വിചാരിക്കേണ്ട.

കോക്ക്:—എനിക്കു എന്തെങ്കിലും പറയാൻ തൻെറ അനുവാദം വേണമോ? മഹാരാജാവുതിരുമനസ്സിലെ "ചോറുതിന്നു"ന്നേടത്തോളംകാലം അദ്ദേഹത്തിൻെറ ആജ്ഞ അനുസരിക്കാതെ കഴികയില്ല. തന്നെപ്പോലെ തെമ്മാടിയും രാജ്യദ്രോഹിയുമല്ല ഞാൻ.

റാലി മറുപടിപറയാൻ ഭാവിച്ചതു പ്രഥമന്യായാധിപൻ തടഞ്ഞു. യുക്തിയുക്തമായി സംസാരിച്ച റാലി

രക്ഷപ്പെട്ടുകളയുമെന്നും കോക്കിനു വളരെ ഭയമായിരുന്നു. അതിനാൽ, അദ്ദേഹം കുററക്കാരനാണെന്നുകാണിക്കാൻ കൂട്ടുകാരനായ കോബാംപ്രഭു കൊടുത്തിരുന്ന മൊഴിവായിച്ചു കുററം തെളിയിച്ചതിനുശേഷമായിരുന്നു റാലിക്കു സംസാരിക്കാൻ അനുവാദം കൊടുത്തതു്.

കോബാംപ്രഭുവിൻെറ ചതിയും തൻെറ നിരപരാധിതപവും വെളിപ്പെടുത്തിയതിനുശേഷം റാലി ഇപ്രകാരം തുടൎന്നു:—

“നിങ്ങളെല്ലാക്കെ പണ്ഡിതന്മാരായ നീതിജ്ഞന്മാർ എന്നുള്ളതു് നിർവ്വിവാദംതന്നെ. എന്നാൽ എന്നെ കേവലം ഒരു ഭ്രാന്തനെപ്പോലെ ഗണിച്ചു രാജദ്രോഹകുററം എന്നിൽ ചുമത്തിയതു് ആലോചിച്ചുനോക്കുമ്പോൾ നീതി എന്നുപറയുന്നതു് എങ്ങനെയാണു വ്യാഖ്യാനിക്കേണ്ടതെന്നറിയുന്നില്ല. യാതൊരു നിലയുമില്ലാതെ നിരാശാവശരായി മൗഢ്യത്താൽ പ്രേരിതരായി രാജദ്രോഹത്തിനു തുനിഞ്ഞ വാട്ടെയിലറെപ്പോലെയും, ജാക്കേഡിനെപ്പോലെയും എന്നെ നിങ്ങൾക്കു ഗണിക്കാൻ തോന്നിയ ആ ചിത്തവൃത്തി എത്ര കഠിനമായിരിക്കുന്നു! ഞാൻ സ്പെയിൻകാരുടെ വശത്തുചേൎന്നുനിന്നുകൊണ്ടു് എൻെറ രാജ്യത്തിനും രാജാവിനും വിപരീതമായി ഗൂഢാലോചനചെയ്തു എന്നുപറഞ്ഞിട്ടുള്ളതും വളരെ വിചിത്രമായിരിക്കുന്നു എത്രപ്രാവശ്യം ഞാൻ സ്പെയിൻകാരോടുമല്ലിട്ടു അവരുടെബലവും സ്വത്തും നശിപ്പിച്ചിട്ടുണ്ടു്!! സ്പെയിൻകാൎക്കു സമുദ്രത്തിലുണ്ടായിരുന്ന പ്രാബല്യം നാമാവശേഷമാക്കുന്നതിനു ഞാൻ മനഃപൂൎവ്വമായി യത്നം ചെയ്തിട്ടുള്ള കഥയും നിങ്ങൾ വിസ്മരിച്ചുകളഞ്ഞല്ലോ!!! കഷ്ടം! ഇവയൊന്നിനും ഞാൻ നിങ്ങളെ പഴിക്കുന്നില്ല. എന്നെത്തന്നെയാണു് ഞാൻ ശപിക്കുന്നതു്.”

റാലിയുടെ പ്രസംഗം അവിടെ കൂടിയിരുന്ന സകലരുടേയും ഹൃദയം അലിയിച്ചു് അദ്ദേഹത്തിൻെറ നിരപരാധിത്വം തെളിയിക്കുന്നതായിരുന്നു എങ്കിലും, കടുകിൻമണിമാത്രമായതിനെ ആനത്തലയോളമാക്കിത്തീൎക്കാൻ തയ്യാറായിരുന്ന ജഡ്ജിമാൎക്കുമാത്രം അതൊന്നും “ബോദ്ധ്യ”മായില്ല. കോക്കു പിന്നെയും വാദിച്ചു. അതിനെത്തുടൎന്നു റാലിചെയ്ത പ്രസംഗം സാഹിത്യരസികന്മാർ ഇന്നും കൊണ്ടാടിവരുന്ന ഒരു അനുപമവചോവിലാസപ്രയോഗമാണു്. അദ്ദേഹത്തിൻെറ നിയമപാണ്ഡിത്യവും ഈ പ്രസംഗത്തിൽ നല്ലവണ്ണം പ്രകാശിച്ചിരുന്നു. അവിടെ സന്നിഹിതനായിരുന്ന

പണ്ഡിതാഗ്രേസരനായ കാറൽറററൺ ഒരു സ്നേഹിതനു് അയച്ചകത്തിൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ടു്:

"കേസിൻെറ പ്രാരംഭത്തിൽ, ഇത്ര ദുഷ്ടനായറാലിയെ വധിക്കുന്നതു കാണ്മാൻ നൂറുനാഴികദൂരം നടക്കേണ്ടിവന്നാലും പോകുവാനമെന്നു തീച്ചപ്പെടുത്തിയ എനിക്കു കോടതിപിരിയാറായപ്പോൾ മഹാത്മാവായ ഈ പുരുഷരത്നത്തിൻെറ ജീവരക്ഷയ്ക്കു ആയിരം നാഴികവഴിനടക്കണമെന്നുവന്നാലും ഒരുക്കമാണെന്നു തോന്നിപ്പോയി."

## വധശിക്ഷയ്ക്കു വിധി.

റാലി കുററക്കാരനാണെന്നും അതിനാൽ അദ്ദേഹത്തെ വധിക്കേണ്ടതാണെന്നും ജഡ്ജിമാർ വിധിപ്രസ്താവിച്ചു. ശ്രോതാക്കൾ അക്ഷമരായി അപശബ്ദങ്ങൾ പുറപ്പെടുവിക്കുകയും, പ്രധാനന്യായാധിപൻെറനേക്കു കോപചിഹ്നങ്ങൾ കാണിക്കുകയുംചെയ്തു. വിധിവാചകം കേട്ടമാത്രയിൽ റാലി മുന്നോട്ടുചെന്നു കോബ്ബാമിൻെറ മരണശിക്ഷ നടത്തിയിട്ടേ തന്നെവധിക്കാവൂ എന്നു ഉത്തരവാകാൻ അപേക്ഷിച്ചു. "ആ ദ്രോഹി അന്ന്യായമായി വ്യാജംപറഞ്ഞു എന്നെയും കുററക്കാരനാക്കി. എന്നാൽ അയാൾ മരിക്കുമ്പോളെങ്കിലും പരമാത്ഥം പറയാതിരിക്കുന്നതല്ല." എന്നിങ്ങനെ റാലി പറഞ്ഞുതീരുന്നതിനുമുമ്പേ അദ്ദേഹത്തിനെ കരങ്ങൾബന്ധിച്ചു പോലീസുകാർ കാരാഗൃഹത്തിലേക്കു നയിച്ചു.

നിർദ്ദോഷിയായതന്നെ ഈവിധം ശത്രുക്കളെല്ലാവരും കൂടിച്ചേൻ കൊല്ലാൻതുടങ്ങുന്നതു ഏററവും നീചമായ പാപകമ്മമാണെന്നും, അതിനാൽ രാജകീയകാരുണ്യം പ്രദശിപ്പിക്കണമെന്നും കാണിച്ചുകൊണ്ടു് റാലി നേരിട്ടു ജയിംസ് രാജാവിനു് ഒരെഴുത്തയച്ചു. അതു നിഷ്ഫലമായതേയുള്ളു.

റാലിയുടെ കൂട്ടുപ്രതികളെയെല്ലാം ഒന്നൊന്നായി വധിച്ചുതുടങ്ങി. റാലിയുടെ വധിക്കുന്നതിനു തലേദിവസം അദ്ദേഹം തൻെറ പ്രണയിനിക്കു എഴുതിയകത്തിൽ ഇപ്രകാരം കാണുന്നു.

പ്രിയതമേ!

"സത്യസന്ധനും നിശ്ചലചിത്തനുമായ ഒരു പുരുഷസിംഹത്തിന്റെ പുത്രനായി നിനക്കൊരു കുഞ്ഞുണ്ടെന്നുള്ള വിവരം ഒന്നുമാത്രം നിന്നെ ഈ ഘട്ടത്തിൽ ധൈര്യവതിയാക്കേണ്ടതാണു്.

"അവന്റെ പിതാവു് മരണത്തേയും അതിന്റെ നാനാവിധങ്ങളായ ഭയങ്കരരൂപങ്ങളേയും തൃണവൽക്കരിച്ചിരുന്നു എന്നുള്ളതും നീ സദാ ഓർമ്മിക്കണം. എനിക്കധികം എഴുതാൻ ശക്തിയില്ല. എല്ലാവരും നിദ്രാവശരായിരിക്കുമ്പോൾ ഇത്രയും സമയമെങ്കിലും അപഹരിച്ചു ഇതെഴുതാൻ സാധിച്ചതിൽ ഞാൻ ദൈവത്തെ പ്രാർത്ഥിക്കുന്നു. ഇഹലോകത്തുനിന്നു എന്റെ സകല ചിന്തകളെയും വിരമിപ്പിക്കുന്നതിനു സമയം സന്നിഹിതമായിരിക്കുന്നു. മരണശേഷമെങ്കിലും, നീ അപേക്ഷിച്ചാൽ എന്റെ ശരീരം നിനക്കു കിട്ടുമായിരിക്കും. അങ്ങനെ ആയിരുന്നാൽ എന്നെ എക്സിറ്റർദേവാലയത്തിലെ ശ്മശാനത്തിൽ എന്റെ മാതാപിതാക്കന്മാരെ സംസ്കരിപ്പിച്ച സ്ഥലത്തുതന്നെ അടക്കംചെയ്യണം; ഇതുമതി. സമയവും മരണവും ഒന്നുചേർന്നു എന്നെ ഇതാവിളിക്കുന്നു!!"

റാലി, കോബാം മുതലായ നാലുപേരെ കൊല്ലാതെ കാരാഗൃഹത്തിലിട്ടിരുന്നാൽ മതിയെന്നുള്ള രാജകല്പന അനുസരിച്ചു് നമ്മുടെ ജീവചരിത്രനായകൻ തല്ക്കാലത്തേക്കു രക്ഷപ്പെട്ടു

## പന്ത്രണ്ടുവർഷം തടവിൽ.

ടൗവ്വർകാരാഗൃഹത്തിൽ പന്ത്രണ്ടു സുദീർഘസംവത്സരങ്ങളാണു് റാലി കഷ്ടപ്പെട്ടു കഴിച്ചുകൂട്ടിയതു്. ആദ്യകാലത്തു ചില സുഹൃത്തുക്കളുടെ ശ്രമത്താൽ ലബ്ധമായ സൗകര്യം ഉപയോഗിച്ചു് അദ്ദേഹം രസതന്ത്രത്തിൽ പ്രയ

ത്തിച്ചുകൊണ്ടിരുന്നു. അദ്ദേഹം അക്കാലത്തു കണ്ടുപിടിച്ച ഔഷധങ്ങളിൽ പലതും ഒരു ശതവഷംവരെ ജനങ്ങൾ സ്വീകരിച്ചുവന്നിരുന്നു. ക്രമേണ അദ്ദേഹത്തിൻെറ ആരോഗ്യം ക്ഷയിക്കത്തക്കവിധം അധികൃതന്മാർ പല അസൗകര്യങ്ങളും വരുത്തിവച്ചു.

അദ്ദേഹത്തിൽ ദൃഢപ്രണയിനിയായി വത്തിച്ചിരുന്ന ഭാര്യയും കുഞ്ഞുങ്ങളും ദാരിദ്ര്യംനിമിത്തം വളരെ കഷ്ടപ്പെട്ടു. മൂത്തിന്നു കുട്ടിയെ കൈക്കുപിടിച്ചു നടത്തിയും, മുലകുടിമാറാത്ത ശിശുവിനെ ഇളിയിലെടുത്തും ആ സാദ്ധ്വി പാദചാരിണിയായി കണ്ണുനീരുമൊലിപ്പിച്ചുകൊണ്ടു സ്വകാന്തനെ കാരാഗൃഹത്തിൽ പലപ്പോഴും പോയി കണ്ടിട്ടുണ്ടു്. ആ കാഴ്ച കണ്ടവരെല്ലാം ഹൃദയം അലിഞ്ഞു വിവശരായിത്തീന്നുപോയി.

## "ലോകചരിത്ര"രചന.

റാലിയുടെ കാരാഗൃഹവാസം അനശ്വരമായ കീത്തി അദ്ദേഹത്തിനു സമ്പാദിച്ചുകൊടുത്തിരിക്കുന്നതു പ്രധാനമായി അദ്ദേഹത്തിൻെറ ഒരു ചരിത്രഗ്രന്ഥംമൂലം ആകുന്നു. സാഹിത്യകുശലനായ ബെൻജാൺസൻെറ സഹായത്തോടുകൂടി സർ വാൾട്ടർറാലി ലോകചരിത്രത്തിൻെറ ഒരുഭാഗം എഴുതിത്തീത്തതു് കാരാഗൃഹവാസത്തിന്നിടയ്ക്കാണു്. വലിയ ആകൃതിയിലുള്ള പുസ്തകത്തിൽ ചെറിയ അക്ഷരങ്ങളിലായി അച്ചടിച്ചിട്ടും ഈ ഗ്രന്ഥത്തിനു് 1500 പുറത്തോളം ഉണ്ടായിരുന്നു. ഇപ്പോൾ പ്രസിദ്ധപ്പെടുത്തിവരുന്ന ഗ്രന്ഥങ്ങളുടെ ആകൃതി നോക്കുകയാണെങ്കിൽ മുപ്പത്താറെണ്ണം കൂടിയെടത്തോളംവരും. ഇതിലും നാലിരട്ടി എഴുതിയാൽ മാത്രമേ അതു പൂത്തിയാകയുമുള്ളൂ. രാജദ്രോഹകുററത്തിനു മരണശിക്ഷയും പ്രതീക്ഷിച്ചുകൊണ്ടു കാരാഗൃഹത്തിൽ വാസംചെയ്യുന്ന താൻ ഇത്രവലിയ ഒരു സാഹിത്യസംരംഭത്തിനു തുനിയുന്നതു്,

"ചരണകരവക്ഷോരഹിതനായുള്ളവൻ
തരണിരഹിതനായ് തുഴഞ്ഞുവാരാന്നിധി
തരണം ചെയ്തീടുന്ന"തുപോലെയാണെന്നു സവിനയം പ്രസ്താവിച്ചുകൊണ്ടാണ് അദ്ദേഹം ഗ്രന്ഥം ആരംഭിക്കുന്നതു്. വിഷയം ശുഷ്കമാണെങ്കിലും ശുഷ്കപത്രനടുവിൽ സ്ഥിതമാകും നിഷ്കളങ്കതളിരുപോലെ ഭംഗിയേറിയ പല ആശയങ്ങളും, ചമല്ക്കാരജനകമായ ഭാഷാരീതിയും, ഇടയ്ക്കിടയ്ക്കു സവിശേഷം വിളങ്ങുന്നതുകൊണ്ടു ഈ ഗ്രന്ഥം മുഴുവനും വായിക്കണമെന്നുള്ള ഒരാശ നമുക്കുണ്ടായേക്കും. വിലയേറിയ വിശ്വചരിത്രങ്ങളുടെ നിർമ്മാണത്തിനു് അടിസ്ഥാനമായി ഈ ഗ്രന്ഥം അദ്യാപി വിളങ്ങുന്നുണ്ടു്.

തന്നെപ്പററി അധിക്ഷേപിക്കുന്ന ചില ഭാഗങ്ങൾ ആ ഗ്രന്ഥത്തിലുണ്ടെന്നു സംശയിച്ചു് ജയിംസ് രാജാവു ഗ്രന്ഥപ്രചാരം തടഞ്ഞുകളഞ്ഞു. 'പാർലിമെൻറിൻെറ വിശേഷാധികാരം" "ക്യാബിനററു് കൌൺസിൽ" തുടങ്ങി പല വിലയേറിയ ഗ്രന്ഥങ്ങളും ഇക്കാലത്തു റാലി രചിച്ചിട്ടുണ്ടു്.

## വീണ്ടും സ്വർണ്ണമെടുക്കാൻ.

ചില മന്ത്രിസഭാംഗങ്ങളുടെ ആനുകൂല്യംനിമിത്തം റാലി 1616-ൽ മോചിതനായി. ഒരു ശിപായിയുടെ സൂക്ഷിപ്പിൽ സ്വഗൃഹത്തിൽ വസിച്ചുകൊള്ളണമെന്നും, പൊതുജനസഭകളിലെങ്ങും പോകരുതെന്നും കല്പനയിൽ പ്രത്യേകിച്ചു പ്രസ്താവിച്ചിട്ടുണ്ടായിരുന്നു

ഗയാനയിൽ പോയാൽ സ്വർണ്ണം കിട്ടുമെന്നും റാലി മുമ്പേതന്നെ ഉദ്ഘോഷണം ചെയ്തിട്ടുണ്ടായിരുന്നുവല്ലോ. അതിലേക്കു ഉദ്യമിക്കാനായിട്ടായിരുന്നു രാജാവു റാലിയെ നിയോഗിച്ചതു്.

ഏഴ കപ്പലോടുകൂടി റാലി ഗയാനയിലേക്കു പുറപ്പെട്ടു. പോകുന്നവഴി രണ്ടു ഫ്രഞ്ചുകപ്പൽ നശിപ്പിച്ചതും,

സ്പെയിൻകാരുടെ ഒരു ദ്വീപ് ആക്രമിച്ചതും, "ജയിംസ് രാജാവ് ശ്രവിച്ചു ക്രുദ്ധനായി. പലപ്രകാരത്തിൽ അന്വേഷണം നടത്തിയിട്ടും സ്വർണ്ണത്തരിപ്പോലും റാലിക്കു ലഭിച്ചില്ല. അദ്ദേഹത്തിന്റെ മകൻ സ്പെയിൻകാരുടെ തോക്കിനിരയായി മരിക്കുകയും ചെയ്തു. റാലി ഭഗ്നാശനായി. വല്ല രാജ്യത്തും പോയി രക്ഷപ്പെടാൻ പലരും അദ്ദേഹത്തോടു അപേക്ഷിച്ചു അതു് അഭിമാനകരമല്ലെന്നു റാലി തീർത്തുപറഞ്ഞു. ജീവിതത്തിൽ സമ്പൂർണ്ണനിരാശനായി അദ്ദേഹം ഇംഗ്ലണ്ടിലേക്കുതന്നെ പുറപ്പെട്ടു. അദ്ദേഹത്തിന്റെ കപ്പൽസമൂഹം അയർലണ്ടിനു സമീപത്തായപ്പോൾ ക്രൂരവും അന്യായവും ആയവിധം മരണശിക്ഷ നടത്താൻ സന്നദ്ധനായിരിക്കുന്ന ജയിംസ്‌രാജാവിന്റെ സന്നിധിയിൽ പ്രവേശിക്കുന്നതു നന്നല്ലെന്നും, അതിനാൽ മററു എവിടെയെങ്കിലുംപോയി രക്ഷപ്പെട്ടുകൊള്ളണമെന്നും പ്രമാണികളിൽ ഒരാൾ പറഞ്ഞപ്പോൾ റാലി ഇപ്രകാരമാണു് മറുപടി പറഞ്ഞതു്:—"സ്നേഹിതാ! അങ്ങനെ ആകാമായിരുന്നു. പക്ഷേ ഞാൻ ഇംഗ്ലണ്ടിൽ ഒരു സാധനം വച്ചിട്ടുപോന്നിരിക്കുകയാണു്. അതു് അവിടെച്ചെന്നു വാങ്ങാതെ ഒരിടത്തും പോകുന്നതു യുക്തമല്ല."

പ്രമാണി:—അതെന്തു സാധനമാണു്?

റാലി.—സൽകീർത്തിതന്നെ. എന്റെ ശിക്ഷ ഞാൻ സധൈര്യം അനുഭവിക്കും. ഞാൻ എന്താണു് ഇതുവരെ ചെയ്തിട്ടുള്ളതെന്നു് ആലോചിച്ചു നോക്കൂ. ഇംഗ്ലണ്ടു പടിഞ്ഞാറോട്ടുചെന്നു സമുദ്രപ്രാധാന്യംവഹിക്കണം. സമുദ്രം മററാക്കും അധീനപ്പെടരുതു്. അതുതന്നെയാണു് ഈ രാജ്യത്തിന്റെ ശ്രേയസ്സിനെ നിർദ്ദേശിക്കുന്നതും. ഞാൻ എന്റെ സ്വർണ്ണഖനി കണ്ടുപിടിച്ചിട്ടാണു് തിരിച്ചുവന്നതെങ്കിൽ രാജാവു എന്നെ രണ്ടുകൈയുംനീട്ടി എതിരേററേനെ അതി

ന ഭാഗ്യമില്ലാതെപോയി. എനിക്കു മററു വല്ലേടത്തും പോയി രക്ഷപ്രാപിക്കണമെന്നു മോഹമുണ്ടെങ്കിൽ എനിക്കിപ്പോൾ സാധിക്കും; ജെയിംസ് രാജാവിനെപ്പോലെ പ്രതാപത്തോടുകൂടി എനിക്കിനിയുള്ള കാലംമുഴുവൻ ജീവിക്കയും ചെയ്യാം. എന്നാൽ ഞാൻഒരിടത്തും പോകുന്നില്ല. എന്റെ സ്നേഹിതരായ നിങ്ങൾക്കു എവിടെയെങ്കിലും പോകണമെങ്കിൽ പൊയ്ക്കൊൾവിൻ. നിങ്ങളെ എവിടെ ഇറക്കണമെന്നുവച്ചാൽ അവിടെ ഞാൻ ഇറക്കിത്തരാം. ഉള്ളപണം എല്ലാവൎക്കുമായി വീതിച്ചുതരാം."

അനന്തരം എല്ലാവരേയും വിളിച്ചുചോദിച്ചതിൽ റാലിയെ വിട്ടുപിരിയാൻ ആൎക്കും മനസ്സില്ലായിരുന്നു. മൃത്യുവദനത്തിൽ പ്രവേശിക്കാൻ സന്നദ്ധനായി റാലി തുറമുഖത്തിറങ്ങി. വിരഹവേദനയാലും ദാരിദ്ര്യദുഃഖത്താലും അത്യന്തം പീഡിതയായിരുന്ന റാലിയുടെ ഭാൎയ്യ "ദിനബന്ധുവെ കണ്ട വനജമെന്നതുപോലെ" പ്രാണനായകനെ അടുത്തുവന്നു ആശ്ലേഷിച്ചു ചുംബനംചെയ്തു ഇവരിങ്ങനെ പ്രണയപാരവശ്യത്തിൽ മതിമറന്നു നില്ക്കുമ്പോഴേക്കും ഒരു ഉദ്യോഗസ്ഥൻ റാലിയെ അറസ്റ്റുചെയ്തു ലണ്ടനിലേക്കു കൂട്ടിക്കൊണ്ടുപോയി.

## വീണ്ടും കാരാഗൃഹത്തിൽ.

കാരാഗൃഹത്തിൽ ആക്കിയതിന്റെശേഷം റാലിയെ ഓരോ കുററം ചുമത്തി വിസ്തരിക്കാൻ തുടങ്ങി. ആയുസ്സിനെ രക്ഷിക്കുന്നതിനു റാലിചെയ്ത ശ്രമങ്ങളെല്ലാം നിഷ്ഫലമായി തീൎന്നതേയുള്ളു. രാജ്ഞിക്കു അദ്ദേഹം അയച്ച അഭ്യൎത്ഥനയിൽ ഇപ്രകാരം കാണുന്നു:—

"കല്ലാലെ നിൎമ്മിതമതായൊരു ഭിത്തിയോടു
വല്ലായ്മയെന്തു പറയേണ്ടതു ഞാനുമയ്യോ!

എല്ലാവരും ബത വെടിഞ്ഞിതു ദൈവമേ നീ
യല്ലാതെയില്ല ശരണം ധരണീതലേ മേ.
ആരോമലായ മമ രാജ്ഞിയൊടെന്നിയേ ഞാ-
നാരോടു ചൊല്ലുവതുമെന്നുടെ സങ്കടങ്ങൾ?
സ്മേരോദ്ഗളൽപ്രഭ പൊഴിച്ചൊരു വാക്കുരച്ചു
വേരോടെ നീക്കിടുക വേദനയുള്ളതെല്ലാം"

ഈ അഭ്യർത്ഥനകണ്ടു മനസ്സലിഞ്ഞുപോയ ആ മനസ്വിനി ഭർത്തൃഹൃദയം മാററാൻ വളരെപ്പണിപ്പെട്ടു. ജയിംസിൻെറ ക്രൂരക്ഷുദ്രഹൃദയം മാററാൻ അതൊന്നും പര്യാപ്തമായിത്തീർന്നില്ലെന്നു പറഞ്ഞാൽമതിയല്ലോ. പുതിയതായി കുററങ്ങൾ ഒന്നും ആരോപിച്ചു തെളിയിക്കാൻ സാദ്ധ്യമാകാതെ വന്നപ്പോൾ, പഴയ രാജദ്രോഹക്കേസിൻെറ വിധി ഇപ്പോഴും ഊർജ്ജിതത്തിലിരിക്കുകയാണെന്നുപറഞ്ഞു റാലിയെ വധിക്കാൻ കോടതി വിധിച്ചു; അതിനെ ജയിംസ് അംഗീകരിക്കയുംചെയ്തു.

## ദരിദ്രപത്നിയുടെ പ്രേമാതിരേകം.

റാലിയുടെ പത്നിക്കു ഈ പരിതാപകരമായ വിധി മർമ്മഭേദകമായിരുന്നു. മാറത്തടിച്ചു നിലവിളിച്ചും കണ്ണുനീർ വർഷിച്ചും ആ സതീരത്നം അധികാരസ്ഥന്മാരുടെ സമീപം പ്രാപിച്ചു. പ്രിയഭർത്താവിൻെറ ശവമെങ്കിലും സംസ്കരിക്കാൻ കിട്ടണേ എന്നു ആ സ്ത്രീ ദണ്ഡനമസ്കാരം ചെയ്തു പ്രാർത്ഥിച്ചു. അതിനുള്ള അനുവാദം ലബ്ധമായതിനുശേഷം, തടവുമുറിയിൽ പ്രവേശിച്ചു ഭർത്താവിനെ പരിരംഭണം ചെയ്തു മുറവിളി തുടങ്ങി. കണ്ടുനിന്നവരും അപ്പോൾ കരഞ്ഞുപോയി. റാലി മനസ്സമാധാനസമേതം സംസാരിക്കുന്നതു നോക്കുക.

റാലി:—പ്രിയേ, എന്തിനു വ്യസനിക്കുന്നു? എൻെറ ശരീരമെങ്കിലും ഘാതകന്മാർ നിന്നെ ഏൽപ്പിക്കുമോ?

അ സമാധാനത്തോടുകൂടി എനിക്കെൻെറ അവസാനയാത്രപുറപ്പെടാമോ?

ഭാൎയ്യ:—അതെനിക്കുതരാമെന്നു അവർ സമ്മതിച്ചു. നമ്മുടെ സ്വന്തം ദേവാലയത്തിൽത്തന്നെ സംസ്കരിപ്പാൻ വേണ്ടഏൎപ്പാടും ചെയ്തുകഴിഞ്ഞു.

റാലി:—"അതു നന്നായി" എന്നു ആഹ്ലാദത്തോടുകൂടി പുകവലിച്ചുകൊണ്ടു പറഞ്ഞു. ഭാൎയ്യയെ പലേ സാന്ത്വനവാക്കുകളുംകൊണ്ടു ആശ്വസിപ്പിച്ചിട്ടു അടുത്തുനിന്ന സ്നേഹിതനോടു ഇപ്രകാരം പറഞ്ഞു:—

"എന്തും, നാളത്തെ വിനോദം കാണാൻ നേരത്തെവന്നു സ്ഥലംപിടിക്കുമല്ലോ. വലിയ തിരക്കായിരിക്കും. എനിക്കുമാത്രം സ്ഥലം കിട്ടുന്ന കാൎയ്യത്തിൽ ഭയപ്പെടാനില്ല.' ഇതുകേട്ടു വ്യസനപരവശനായിത്തീൎന്ന സുഹൃത്തിനെനോക്കി ഇപ്രകാരം തുടൎന്നു:—എന്താണു, ഹേ, ഖേദിക്കാനുള്ളതു? ഈ ലോകംതന്നെ കാരാഗൃഹമല്ലേ? അതിൽനിന്നു ഓരോരുത്തരെയായി വധസ്ഥലത്തേക്കു കൊണ്ടുപോകുന്നു. ഇന്നു ഞാനാണു പോകേണ്ടവൻ, നാളെ വേറൊരുത്തൻ. എനിക്കു ഇവിടെ വന്നു മരിക്കാനിടയായതിൽ കൃതാൎത്ഥതയുണ്ടു. ഗയാനയിലെ വല്ല കാടുകളിലുമാണെങ്കിൽ നിങ്ങളെയൊക്കെ കാണാൻ സാധിക്കുമായിരുന്നോ?"

## വധപീഠത്തിലെ ഗംഭീരപ്രസംഗം.

റാലി ഉത്സാഹഭരിതനായിത്തന്നെയാണു വൎത്തിച്ചതു. മധുപാനം, ധൂമവമനം മുതലായവ യഥേഷ്ടംനടത്തി. ഫലിതപ്രയോഗങ്ങൾക്കും അതിരില്ലായിരുന്നു. നിരവധി ജനങ്ങൾ നോക്കിനില്ക്കെ, അദ്ദേഹം കഴുവിന്മേൽ കയറിയതു ഏററവും സ്ഥിരചിത്തനായും അവിചലിതപാദനായും കാണികൾക്കു അത്ഭുതം ജനിക്കത്തക്കവിധത്തിലും ആയിരുന്നു. ഒരു പ്രസംഗമണ്ഡപത്തിലെന്നോണം വധപീഠത്തിൽ നിന്നുകൊണ്ടു വാൾട്ടർറാലി ഗംഭീരമായ ഒരു പ്രസംഗംചെയ്തു. ഒരു നല്ല പ്രാസംഗികൻെറ വാഗ്മിത്വവും, അലങ്കാരചമല്ക്കാരവും ആശയസൌഷ്ഠവവും പ്രകടിതമാ

യിരുന്ന ആ പ്രസംഗം അരമണിക്കൂർ സമയം നീണ്ടു നിന്നു. അതിന്റെ പ്രാരംഭം ഇങ്ങനെയാണു്:—

“സകലസജ്ജനസമക്ഷം അന്ധകാരലേശസ്പർശമില്ലാതെ ദിവ്യമായ പ്രഭാവിശേഷത്തോടുകൂടിയ ഈ വധസ്ഥലം എന്റെ ജീവാവസാനത്തിനു നിയോഗിച്ച ഈശ്വരനെ ഞാൻ നിർവ്യാജമായി പ്രാർത്ഥിച്ചുകൊള്ളുന്നു. എന്നുമാത്രമല്ല എനിക്കു കൂടെക്കൂടെവരാറുള്ള തുള്ളപ്പനി എന്നെ ബാധിക്കാതെ ഇത്രയും ഇവിടെനിന്നു പ്രസ്താവിച്ചു നിങ്ങളോടെല്ലാം അന്ത്യയാത്രചോദിക്കുന്നതിനു അവസരംതന്ന ലോകനാഥനെ ഞാൻ നിഷ്കളങ്കമായ കൃതജ്ഞതയോടുകൂടി സ്മരിച്ചുകൊള്ളുന്നു. എന്റെ രാജ്യത്തിനും രാജാവിനും വേണ്ടി ജീവിതകാലം മുഴുവൻ വിനിയോഗിച്ചിട്ടുള്ള ഞാൻ എന്നിൽ നിർദ്ദയമായി ശത്രുക്കൾ ആരോപിച്ചിട്ടുള്ള കഠിനാപരാധം അന്യായവും അയഥാർത്ഥവും ആണെന്നു് മാന്യരായ നിങ്ങളെ പറഞ്ഞുധരിപ്പിക്കാതെ അവസാനയാത്രയ്ക്കു തുനിയുന്നതു ഉചിതമല്ലെന്നു വിചാരിക്കുന്നതുകൊണ്ടാണു് ഇത്രയും ഇവിടെനിന്നു സംസാരിക്കാൻ സംഗതിയായതു്.”

സകലരുടേയും ചേതസ്സിനെ ഇളക്കിമറിച്ചുകളഞ്ഞ ആ പ്രസംഗം ഇപ്രകാരം അദ്ദേഹം ഉപസംഹരിച്ചു:—

“സൗജന്യവാരിരാശികളായ ഭവാന്മാരോടു ഞാൻ അപേക്ഷിക്കുന്നതു് പാപിഷ്ഠനായ എന്റെ ആത്മാവിനു നിത്യശാന്തിനൽകുവാൻ സച്ചിദാനന്ദസ്വരൂപിയായ ഈശ്വരനോടു പ്രാർത്ഥിക്കണമെന്നാണു്. ഭടനാവികരാജസേവകവൃത്തികളിൽ ഞാൻ മതിമാറന്നു കേവലം ദുർവൃത്തി ആചരിക്കുവാൻ നിർബ്ബദ്ധനായിത്തീർന്നതുമൂലം എത്ര ഘോരതരങ്ങളായ പാപങ്ങൾക്കു വശംവദനായിത്തീർന്നു! ജഗദീശ്വരാ! ഇവയ്ക്കെല്ലാത്തിനും സാധുവായ ഇവനു ഈ അവസാനഘട്ടത്തിലെങ്കിലും മാപ്പുനൽകണേ! എന്നെ അങ്ങയുടെ പാവനസന്നിധാനത്തിലേക്കു നയിക്കേണമേ!! മാന്യമഹാശയരായ ജനങ്ങളേ, ഞാനിതാ നിങ്ങളോടു ഇഹലോകത്തിൽനിന്നും അവസാനയാത്ര ചോദിച്ചുകൊള്ളുന്നു.”

## സമാധാനത്തോടെ ചരമസ്വീകരണം.

സ്നേഹിതന്മാരോടെല്ലാം യാത്രചോദിച്ചതിനുശേഷം, ആരാച്ചാരോടു അടുത്തുചെല്ലാൻ പറഞ്ഞു. ഭയലജ്ജാസന്താപപരവശനായി അടുത്തുചെന്ന അവന്റെ പക്കൽനിന്നും കോടാലിവാങ്ങി വായ്ത്തലയ്ക്കു നല്ല മൂർച്ചയുണ്ടോയെന്നു തടവിനോക്കിയിട്ടു റാലി പറഞ്ഞു:—

“നല്ല മൂർച്ചയുണ്ടു്. എന്റെ സകല രോഗങ്ങളും ശമിപ്പിക്കുന്ന സിദ്ധൗഷധം ഇതുതന്നെ.”

ആരാച്ചാരുടെ ശിലാഹൃദയം അലിഞ്ഞുപോയി. നമസ്കരിച്ച അവനെ പിടിച്ചെഴുന്നേല്പിച്ചതിനുശേഷം,

"നിനക്കു ഞാൻ മാപ്പുതന്നിരിക്കുന്നു. ഭയപ്പെടേണ്ട. നിൻെറ കൃത്യം നീ നടത്തിക്കൊൾക. ഞാൻ കൈയ് ഉയർത്തുമ്പോൾ പ്രഹരിച്ചുകൊള്ളണം."

എന്നു പറഞ്ഞു നിവൎന്നുനിന്നുകൊണ്ടു പ്രേക്ഷകസമൂഹങ്ങളെ ലക്ഷ്യമാക്കി നമിച്ചതിനുശേഷം വധക്കുററിയിൽ ശിരസ്സ് പാകംപോലെ വച്ചുകൊണ്ടു ശയിച്ചു. വിശ്വവിശ്രുതനായി വിത്തസമ്പന്നനായി, രാജഗൃഹത്തിലും പുറത്തും സൎവസ്വാതന്ത്ര്യങ്ങളോടുകൂടി അന്നത്തെ അൎദ്ധപരിഷ്കാരികളായ ജനസംഘത്തിൽ കേസരിപ്രവരനെപ്പോലെ സഞ്ചരിച്ച ഈ വീരാഗ്രേസരൻെറ ഇപ്പോഴത്തെ അവസ്ഥ നോക്കു!

റാലി തൻെറ ദക്ഷിണപാണി പൊക്കിക്കാണിച്ചു. ആരാച്ചാർ വിവശഹൃദയനായിപ്പോയി; അയാൾ അനങ്ങുന്നില്ല. രണ്ടാമതും കൈപൊങ്ങി; ഒരു ഫലവുമുണ്ടായില്ല.

"എന്തിനു പേടിക്കുന്നു? വെട്ടിക്കൊൾക" എന്നു അദ്ദേഹം പറഞ്ഞതോടുകൂടി വധകൎത്താവിൻെറ പക്കലിരുന്ന പരശു അതിൻെറ കൃത്യം നടത്തി. ഒരു മഹാജീവിതം ലോകരംഗത്തിൽനിന്നും ഇപ്രകാരം വിരമിച്ചു. ധീരതയ്ക്കും, പുരുഷസ്വാതന്ത്ര്യത്തിനും, പ്രവൃത്തിമാഹാത്മ്യത്തിനും, ഉത്തമനിദൎശനമായിരുന്ന ഈ പുണ്യതേജോവിഗ്രഹത്തിൽനിന്നു് പുറപ്പെട്ട കിരണകന്ദളങ്ങൾ അനന്തരകാലികരായ പലരേയും ഉൽകൃഷ്ടസ്ഥാനങ്ങളിലേയ്ക്കു നയിച്ചിട്ടുണ്ടെന്നുള്ളതു് ആലോചിച്ചുനോക്കുമ്പോൾ ഏതാദൃശന്മാരായ മഹാത്മാക്കളുടെ * ജീവചരിത്രം നമുക്കെത്രമാത്രം പ്രയോജനകരമായിട്ടുള്ളതാണെന്നു തത്വം പ്രത്യക്ഷപ്പെടുന്നതാണു്.

---

* സമുദ്രധീരൻ By P. Anantan Pillai, M. A.—Price 8 as
ലേഖകൻെറ പ്രസ്തുത ഗ്രന്ഥത്തിൽനിന്നു സംഗ്രഹിച്ചതാണു് ഈ ലഘുചരിതം.

# വ. വ. സർ ടി. മുത്തുസ്വാമി അയ്യർ.

---

എ. രാമകൃഷ്ണപിള്ള ബി. എ; ബി. എൽ.

[ദാരിദ്ര്യത്തിൽനിന്നു സ്വന്തം പരിശ്രമത്താൽ ഉയൎന്നു ഹൈക്കോർട്ടു ജഡ്ജിയായിത്തീൎന്ന ഒരു ഉത്തമന്യായാധിപൻ.]

രാഷ്ട്രീയജീവിതത്തിൻെറ ശൈശവദശയിൽ ഒരു രാജാവിൻെറ പ്രധാനകൎത്തവ്യങ്ങൾ യുദ്ധവും നീതിന്യായപരിപാലനവും ആയിരുന്നു. ദൈവത്തിൻെറ പ്രതിപുരുഷനെന്ന നിലയിലാണു് രാജാവിനു നീതിന്യായപരിപാലനത്തിനുള്ള അധികാരം അവകാശപ്പെട്ടതു്. പരലോകത്തു് മനുഷ്യാത്മാക്കളുടെ ധൎമ്മാധൎമ്മങ്ങളെ തൂക്കിനോക്കി സ്വൎഗ്ഗമോ നരകമോ വിധിക്കുന്നതിനു ദൈവവും, ഇഹലോകത്തു മനുഷ്യൻെറ പ്രവൃത്തികളുടെ ഗുണദോഷങ്ങളെ ചിന്തിച്ചു് രക്ഷയോ ശിക്ഷയോ നൽകുന്നതിനു ദൈവത്തിൻെറ പ്രതിപുരുഷനായ രാജാവും—ഇപ്രകാരം അവർതമ്മിൽ ഒരു കൎത്തവ്യവിഭജനംനടത്തി പ്രപഞ്ചപരിപാലനം നിൎവ്വഹിച്ചുപോരുന്നുഎന്നാണു മിക്കജനസമുദായങ്ങളുടേയും ആദികാലംമുതൽക്കുള്ള വിശ്വാസം അതനുസരിച്ചു് ആദ്യകാലങ്ങളിൽ രാജാവുതന്നെ തന്നെത്താൻ കേസുകൾകേട്ടു വിധികല്പിച്ചുപോന്നു എന്നാൽ ഭരണയന്ത്രം വിഷമബഹുലമായി രാജാവിനു ജോലി വൎദ്ധിച്ചതോടുകൂടി, ഓരോ ജോലിക്കും അദ്ദേഹവും പ്രതിപുരുഷന്മാരെ അല്ലെങ്കിൽ ഉദ്യോഗസ്ഥന്മാരെ നിയമിച്ചുതുടങ്ങി. അതനുസരിച്ചു് നീതിന്യായപരിപാലനത്തിലേക്കായി രാജാക്കന്മാരാൽ നിയുക്തന്മാരായവരാണു് വിധികൎത്താക്കന്മാർ. ഇതിൽനിന്നു നീതിന്യായപരി

2125
KOTTAYAM PUBLIC LIBRARY
40695
KOTTAYAM

പാലനം എത്രശ്രേഷ്ഠവും പരിപാവനവുമായ ഒരു കൃത്യമാണെന്നും അതിലേക്കു നിയുക്തന്മാരാകുന്ന വിധികർത്താക്കന്മാരുടെ ചുമതല എത്ര ഗൌരവപൂർണ്ണമാണെന്നും വ്യക്തമാകുന്നുണ്ടല്ലോ.

നവീനഭാരതത്തിൽ ഇപ്രകാരമുള്ള ചുമതല ഏററവും സ്തുത്യർഹമായ രീതിയിൽ നിർവഹിച്ചു, തദ്വാരാ രാജാവിനേയും ദൈവത്തിനേയും മാതൃഭൂമിയേയും സേവിച്ചു, ബ്രിട്ടീഷ്സാമ്രാജ്യംമുഴവൻ കീർത്തിധാവള്യം പരത്തിയ ഒരു പുരുഷരത്നമാകുന്നു സർ. ടി. മുത്തുസ്വാമി അയ്യർ. ബ്രിട്ടീഷിൻഡ്യൻ നീതിന്യായചരിത്രത്തിൽ സുവർണ്ണലിപികളെക്കൊണ്ടു് രേഖപ്പെടുത്തിയിട്ടുള്ള അദ്ദേഹത്തിൻെറ രാജ്യസേവനം മലയാളികൾക്കു സുപരിചിതമല്ലെങ്കിലും, സഹ്യാദ്രിക്കപ്പുറത്തു്, ഇന്നും സാധുകുടുംബങ്ങളിൽനിന്നും വിദ്യാഭ്യാസത്തിനയയ്ക്കുന്നകുട്ടികളെ, "ജഡ്ജി മുത്തുസ്വാമി അയ്യരെപ്പോലെവാ" എന്നു ഗുരുജനങ്ങൾ ആശീർവദിക്കുന്നതിൽ അന്തർഭവിച്ചിരിക്കുന്ന ആരാധനാബുദ്ധി അത്യന്തം അഭിനന്ദനീയമത്രേ! ബഹുമാനപ്പെട്ട മദ്രാസ് ഹൈക്കോടതിയിലെ ആദ്യത്തെ ഇൻഡ്യൻ ജഡ്ജ് എന്നനിലയിൽ അദ്ദേഹം എഴുതീട്ടുള്ള വിധികളും അദ്ദേഹത്തിൻെറ അതിശ്രേഷ്ഠങ്ങളായ ജീവിതാദർശങ്ങളും ഇന്നും ഇൻഡ്യയിൽ ന്യായാധിപന്മാക്കു മാർഗ്ഗദർശകങ്ങളായിരിക്കുന്നതിൽ എന്താണു് ആശ്ചര്യപ്പെടാനുള്ളതു്? ആത്മീയവും സാമുദായികവുമായ എത്ര വിഷമപ്രശ്നങ്ങൾക്കും പരിഹാരം നിർദ്ദേശിക്കുന്നതിൽ അദ്ദേഹം പ്രകടിപ്പിച്ചിട്ടുള്ള സാമർത്ഥ്യം, വളരെ പുരാതനകാലത്തു ഉത്ഭവിച്ചിട്ടുള്ള നമ്മുടെ ധർമ്മശാസ്ത്രത്തേയും മതതത്വങ്ങളേയും ആധുനികജീവിതരീതിക്കും ആശയഗതികൾക്കും അനുയോജ്യമായി വ്യാഖ്യാനിക്കുന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന നൈപുണ്യം, നിസ്സ്വാർത്ഥമായും നിർദ്ദാക്ഷിണ്യമായും നിർഭയമായും ന്യായം നടത്തുന്നതിൽ അദ്ദേഹം കാണിച്ചിട്ടുള്ള ധീരോദാത്തത എന്നിവ അദ്ദേഹ

ഒത്ത ഒരു മാതൃകാന്ന്യായാധിപതിയായി ഇന്നു് ഭാരതീയർ ആരാധിക്കുന്നതിനു് ഇടയാക്കീട്ടുണ്ടു്.

## ജനനം.

ഇത്രവളരെ മഹാനായ ഇദ്ദേഹത്തിൻെറ ജനനവും ബാല്യജീവിതവും അറിയുമ്പോഴാണു് നമുക്കദ്ദേഹത്തിനോടുള്ള ബഹുമാനം ശതഗുണീഭവിക്കുന്നതു്. സർ. ടി. മുത്തുസ്വാമിഅയ്യർ ക്രിസ്തുവബ്ദം ൧൮൩൨ ജനുവരി മാസം ൨൮-ാംതീയതി തഞ്ചാവൂർ ഡിസ്ട്രിക്ററിലുൾപ്പെട്ട തിരുവാലൂരിലെ ഉച്ചുവാടിഗ്രാമത്തിൽ വെങ്കിട്ടരാമശാസ്ത്രികൾ എന്നുപേരായ ഒരു വൈദികബ്രാഹ്മണൻെറ പുത്രനായി ജനിച്ചു. സമ്പത്തിൽ ഒരു കുചേലൻതന്നെയായിരുന്നപിതാവിനു സാക്ഷാൽ കുചേലനില്ലാതിരുന്ന ഒരു യോഗ്യതകൂടി ഉണ്ടായിരുന്നു. അതു് ചെറുപ്പത്തിലേതന്നെ കണ്ണുകൾക്കു കാഴ്ചയില്ലാതായിത്തീൎന്നു എന്നുള്ളതാണു്. അതുനിമിത്തം അഭിമാനക്ഷതംകൂടാതെ സന്താനങ്ങളെ പുലർത്തുന്നഭാരംകൂടി മാതാവുതന്നെ വഹിക്കേണ്ടിയിരുന്നു. ഒരുവിധം അറിവുവന്നതോടുകൂടി ജ്യേഷ്ഠസഹോദരനോടൊപ്പം മുത്തുസ്വാമിയും കാലക്ഷേപത്തിനുവേണ്ടി വേല ചെയ്യാൻ നിർബ്ബദ്ധനായി.

## ഒരുരൂപാ ശമ്പളത്തിൽ കണക്കെഴുത്തുജോലി

ഗ്രാമത്തിലെ കുടിപ്പള്ളിക്കൂടത്തിൽനിന്നു കഷ്ടിച്ചു് എഴുതാനും വായിക്കാനും പഠിച്ചുകൊണ്ടു, പത്തുവയസ്സാകുന്നതിനുമുമ്പു്, മുത്തുസ്വാമി ഗ്രാമത്തിലെ കണക്കപ്പിള്ളയുടെകീഴിൽ മാസം ഒരുരൂപാ ശമ്പളത്തിൽ കണക്കെഴുത്തുപിള്ളയുടെ സഹായിയായി ജോലിനോക്കാൻ തുടങ്ങി. സർവ്വകലാശാലാബിരുദങ്ങൾ പലതും നേടിയശേഷം ഇരുപത്തഞ്ചാമത്തെ വയസ്സിൽ "ഏറുജ്ബാർ" പെൻഷൻ

പററി വീട്ടിലിരിക്കുന്ന ഇന്നത്തെ ചെറുപ്പക്കാർ പത്താംവയസ്സിൽ ഉദ്യോഗംലഭിച്ച മുത്തുസ്വാമിയെ ഓർത്ത് അസൂയപ്പെടട്ടെ!

## ഉല്ക്കർഷോദയം.

കണക്കെഴുത്തുജോലിയിലേപ്പെട്ട് ഒന്നുരണ്ടുകൊല്ലം കഴിഞ്ഞപ്പോൾ ഉണ്ടായ ഒരു സംഭവം മുത്തുസ്വാമിയുടെ ജീവിതഗതിക്കു ഒരുമാററമുണ്ടാക്കി. ഒരുദിവസം അതികഠിനമായ മഴനിമിത്തം തിരുവാലൂർതാലൂക്കിൽ പലസ്ഥലങ്ങളിലുമുണ്ടായഉടപ്പുകളെപ്പററി തഹശീൽദാക്കു റിപ്പോർട്ടുകൾ കിട്ടി. ഉടനടി ചെയ്യേണ്ട നടപടികളെ സംബന്ധിച്ചു കീഴ്ജീവനക്കാക്കു വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുന്നതിനു ഒരു "സാധന"മെഴുതുന്നതിലേക്കായി തഹശീൽദാർ ഗ്രാമസ്ഥരാക്കളെ വിളിച്ചു. ഗ്രാമസ്ഥരാക്കളാരും അപ്പോൾ കച്ചേരിയിലില്ലായിരുന്നു. ബാലനായ മുത്തുസ്വാമിമാത്രം തഹശീൽദാരുടെ സമക്ഷം ഹാജരായി. ഉത്തരവനുസരിച്ചു മുത്തുസ്വാമിതന്നെ "സാധനം" തയാറാക്കി. അതു വായിച്ചു തഹശീൽദാർ അതീവ സന്തുഷ്ടനായി അതിലടങ്ങിയിരുന്ന യുക്തിയുക്തവും കാര്യഗൌരവവുമായ പല അഭിപ്രായങ്ങളേയും നിർദ്ദേശങ്ങളേയും ആദ്ദേഹം അഭിനന്ദിച്ച് ആ "സാധനം" യാതൊരു ഭേദഗതിയുംകൂടാതെ ഒപ്പിട്ടയച്ചു; എന്നുമാത്രമല്ല, അന്നുമുതൽ തഹശീൽദാർ മുത്തുസ്വാമിനായിക്ക്, അദ്ദേഹത്തിൻെറ പേർ വഹിക്കുന്ന ആ ചെറു ബ്രാഹ്മണബാലൻെറ അഭ്യുദയത്തിൽ ശ്രദ്ധപതിപ്പിക്കുന്നതിനും തുടങ്ങി.

## ഇംഗ്ലീഷ് വിദ്യാഭ്യാസം.

മുത്തുസ്വാമിയുടെ ഹൃദയത്തിൽ ഇംഗ്ലീഷ്ഭാഷ പഠിക്കണമെന്നുള്ള ആശ അതിബാല്യത്തിലേ കടന്നുകൂടിയിരുന്നു. ഈ ആശ സഫലമായതു മുത്തുസ്വാമിനായിക്കരു

ടെ സഹായത്താലാകുന്നു. നായിക്കരുടെ ചെലവിൽത്തന്നെ മുത്തുസ്വാമി നാഗപട്ടണത്തു മിഷൻസ്കൂളിൽച്ചേൎന്നു കുറേക്കാലം പഠിക്കയും, അതിനുശേഷം മദ്രാസിൽച്ചെന്നു ഹൈസ്കൂൾവിദ്യാഭ്യാസം പൂൎത്തിയാക്കുകയുംചെയ്തു. മദ്രാസിൽപ്പോകുമ്പോൾതന്നെ വഞ്ചിവാസികളുടെ അഭിനന്ദനവിഗ്രഹവും അന്നു മദ്രാസിലെ ഒരു പ്രമാണിയുമായിരുന്ന സർ. ടി. മാധവരാവുവിനെ പരിചയപ്പെടുത്തുന്നതിനുള്ള ചില കത്തുകൾകൂടി മുത്തുസ്വാമി കൊണ്ടുപോയിരുന്നതിനാൽ അദ്ദേഹത്തിന്റെ സഹായത്തോടുകൂടി ഇന്നത്തെ പ്രസിഡൻസികാളേജിന്റെഅടിസ്ഥാനമായി അന്നുണ്ടായിരുന്ന ഹൈസ്കൂളിൽ പ്രവേശനം ലഭിക്കുന്നതിനു സാധിച്ചു. താമസിയാതെ സ്കൂളധികൃതന്മാരുടെ സവിശേഷമായ സന്തോഷത്തിനുംഅഭിനന്ദനത്തിനും അദ്ദേഹം പാത്രവാനാകയും, സ്കൂളിലെ അവസാനപരീക്ഷ വളരെ ഉന്നതമായി ജയിച്ചു അഞ്ഞൂറുരൂപയുടെ ഒന്നാംസമ്മാനം കരസ്ഥമാക്കുകയും ചെയ്തു. ഇപ്രകാരം മുത്തുസ്വാമിയുടെ വിദ്യാഭ്യാസജീവിതം വളരെ ശോഭനമായി കഴിഞ്ഞുകൂടി.

## ചില്ലറ ഉദ്യോഗങ്ങൾ.

ഇന്നാട്ടിൽ അക്കാലത്തു ലഭിക്കാവുന്നതിൽ ഏററവും ഉയൎന്നവിദ്യാഭ്യാസംലഭിച്ച മുത്തുസ്വാമിഅയ്യർ എത്ര ചുമതലയും ഗൌരവവുമുള്ള ഉദ്യോഗംവഹിക്കുന്നതിനും അപ്പോൾ പ്രാപ്തനായിരുന്നു. അദ്ദേഹത്തിന്റെ ബുദ്ധിശക്തിയേയും സാമൎത്ഥ്യത്തേയും നല്ലപോലെ അടുത്തറിയാൻ സാധിച്ചിരുന്ന അന്നത്തെ ഹൈസ്കൂളദ്ധ്യക്ഷനായ പൌവ്വൽസായിപ്പു് മുത്തുസ്വാമിഅയ്യരെ മാസം ൩൦ രൂപാശമ്പളത്തിൽ പ്രസ്തുതസ്കൂളിൽത്തന്നെ ഒരദ്ധ്യാപകനായി നിയമിച്ചു. അദ്ധ്യാപകജോലി കുറേക്കാലം പ്രശംസനീയമായി വഹിച്ചു് സ്കൂൾ അധികൃതന്മാരുടേയും വിദ്യാൎത്ഥികളുടേയും സ്നേഹബഹുമാ

നങ്ങൾ അദ്ദേഹം സമ്പാദിച്ചു. അക്കാലത്തു് ഒരിക്കൽ സായിപ്പു്, ഇംഗ്ലണ്ടിൽപ്പോയി ഐ. സി. എസ്സ്. പരീക്ഷയിൽ ചേരണമെന്നു് ഇദ്ദേഹത്തോടു് ഉപദേശിച്ചെങ്കിലും തൻെറ കുടുംബഭാരമുപേക്ഷിച്ചു് അനേകായിരംമൈൽ ദൂരെപ്പോയി താമസിക്കുന്നതിലുള്ള വൈമനസ്യംനിമിത്തം മുത്തുസ്വാമി അയ്യർ അതിനുദ്യുക്തനായില്ല. അദ്ധ്യാപകജോലി താല്ക്കാലികമായ ഒന്നായിരുന്നു. അതു തീർന്നയുടൻ ഗവർണരുടെ എക്സിക്യൂട്ടിവ്കൗൺസിലിൽ മെംബറായിരുന്ന സർ. ഹെൻറി മാണ്ട്ഗോമറിയുടെ സഹായത്താൽ അദ്ദേഹത്തിനു് തഞ്ചാവൂർ കളക്ടരുടെ ആഫീസിൽ "റിക്കാർഡുകീപ്പർ" ജോലികിട്ടി. താമസിയാതെ അന്നത്തെ വിദ്യാഭ്യാസഡയറക്ടരായ സർ. അലക്സാണ്ടർ ആർബത്ത്നാട്ട്, മുത്തുസ്വാമി അയ്യരെ പ്രതിമാസം ൧൫൦ ക്രപാശമ്പളത്തിൽ ഒരു പള്ളിക്കൂടം ഇൻസ്പെക്റ്ററായി നിയമിച്ചു. ഇൻസ്പെക്റ്ററുദ്യോഗം വഹിച്ചിരുന്നകാലത്തുതന്നെ അക്കാലത്തെ വക്കീൽപരീക്ഷയ്ക്കുചേൎന്നു് പാസായിരുന്ന മുത്തുസ്വാമിഅയ്യൎക്കു നീതിന്യായവകുപ്പിൽ ഒരു ഡിസ്ട്രിക്റ്റു മുൻസിഫ് ഉദ്യോഗം പിന്നീടു ലഭിച്ചു.

## "വനകുസുമം."

മുൻസിഫ്ഉദ്യോഗത്തിൽ അദ്ദേഹത്തിനു് അധികകാലം ഇരിക്കേണ്ടിവന്നില്ല അതിൽനിന്നും ഇനാം ഡപ്യൂട്ടികളക്ടരായും ഡപ്യൂട്ടികളക്ടരായും കയററംചെയ്യപ്പെട്ടമുത്തുസ്വാമിഅയ്യർ, തഞ്ചാവൂർ ഡപ്യൂട്ടികളക്ടരായി ജോലിനോക്കുന്നകാലത്തു് അദ്ദേഹത്തിൻെറ കോടതിയിൽ ഒരു ധനവാനായ ജന്മിയെ ഒരു ക്രിമിനൽക്കേസിൽ വിസ്തരിക്കാനിടയായി. പ്രക്ഷോഭജനകമായ ആ കേസ് വാദിക്കുന്നതിനു് അന്നത്തെ അഡ്വൊക്കെററ് ജനറലായിരുന്ന ജാൺബ്രൂസ് നാട്ടൻ നിയമിതനായി. പ്രസ്തുത കേസ്‌വിസ്താരം

മദ്ധ്യേ മജിസ്ട്രേട്ടിൻെറ നിയമപാണ്ഡിത്യത്തേയും ബുദ്ധി സാമത്ഥ്യത്തേയുംമററും നേരിട്ടു മനസ്സിലാക്കാനിടയായ അഡ്വൊക്കെററ് ജനറൽ തിരിച്ചു മദ്രാസിൽവന്നശേഷം ഒരു ദിവസം, ഹൈക്കോടതിജഡ്ജിയായ മിസ്റ്റർ ഹലോവേയും സർ അലക്സാണ്ടർ ആർബത്ത്നാട്ടും കേൾക്കെ "ഒരുയന്ന നീതിന്യായമണ്ഡലത്തെ വളരെ പ്രസംശനീയമായി അലങ്കരിക്കാൻ യോഗ്യതയുള്ള ഒരാൾ വനകുസുമംപോലെ റെവന്യൂഡിപ്പാർട്ടുമെൻറിൽക്കിടന്നു മരവിക്കുന്നു"എന്നു മുത്തുസ്വാമിഅയ്യരെപ്പററി പറകയുണ്ടായി.

ഇതുകഴിഞ്ഞു് അധികം താമസിയാതെ തെക്കേ കർണ്ണാടകജില്ലയിലെ സബ്ജഡ്ജിയുദ്യോഗം ഒഴിവുവന്നു. ഗവൎമ്മെൻറിൽനിന്നും പ്രസ്തുതഉദ്യോഗത്തിൽ നിയമിക്കുന്നതിനു പ്രാപ്തന്മാരായ മൂന്നുപേരുടെപേർ എഴുതിഅയയ്ക്കാൻ ഒന്നാംജഡ്ജിയോടാവശ്യപ്പെട്ടു. അതിനു ഹാലോവേ ഗവൎമ്മെൻറിലേക്കയച്ച കത്തിൽ "മിസ്റ്റർ ടി. മുത്തുസ്വാമി അയ്യർ", "മിസ്റ്റർ ടി. മുത്തുസ്വാമിഅയ്യർ", "മിസ്റ്റർ ടി. മുത്തുസ്വാമിഅയ്യർ" എന്നിങ്ങനെ ഒരേ പേരുതന്നെ മൂന്നുതവണ എഴുതിഅയച്ചുവത്രേ! ഈ കത്തനുസരിച്ചു് മുത്തുസ്വാമിഅയ്യർ മംഗലപുരം സബ്ജഡ്ജിയായി നിയമിക്കപ്പെട്ടു. അദ്ദേഹത്തിൻെറ നീതിനിഷ്ഠയും ബുദ്ധിവൈഭവവും കാൎയ്യക്ഷമതയുംനിമിത്തം സബ്ജഡ്ജിമാരിൽ ഒരു പ്രത്യേകസ്ഥാനം അന്നദ്ദേഹത്തിനുണ്ടായിരുന്നു.

## ഹൈക്കോട്ട്ജഡ്ജിയെ ശിക്ഷിച്ച മജിസ്ട്രേട്ട്.

മംഗലപുരത്തുനിന്നും അദ്ദേഹം മദ്രാസ്നഗരത്തിലെ പോലീസ് മജിസ്ട്രേട്ടായി മാററപ്പെട്ടു. ഒരു ന്യായാധിപനെന്നനിലയിൽ എത്ര നിഷ്പക്ഷമായും നിൎഭയമായും അദ്ദേഹം നീതിന്യായങ്ങൾ നടത്തിവന്നിരുന്നു എന്നുള്ളതു്

മദ്രാസിൽ മജിസ്ട്രേട്ടായിരുന്ന കാലത്തുനടന്ന ഒരു സംഭവം തെളിയിക്കുന്നുണ്ട്.

ഒരിക്കൽ ഹൈക്കോർട്ടിലെ ഒരു യൂറോപ്യൻ ജഡ്ജി, തൻെറ പുരയിടത്തിൽ കടന്നുചെന്നെന്നും പറഞ്ഞു് ഒരു പാവപ്പെട്ട നാട്ടുകാരനെ പ്രഹരിച്ചു. നാട്ടുകാരൻ മുത്തുസ്വാമി അയ്യരുടെ കോടതിയിൽ ഹാജരായി മുറയ്ക്കു് അന്യായം ബോധിപ്പിച്ചു. വലിയ പദവിയിലിരിക്കുന്ന ആളുകൾ പ്രതിയായി അന്യായംവന്നാൽ സാധാരണപ്രതി കൾക്കു അയയ്ക്കുന്ന സമൻസോ വാറണ്ടോ അയയ്ക്കാതെ "സമൻസയയ്ക്കാതിരിക്കാൻ കാരണമുണ്ടോ?" എന്നു കോർട്ടിൽനിന്നു എഴുതിച്ചോദിക്കുന്ന ഒരു സൗജന്യനടപടിയുണ്ടു്. എന്നാൽ മുത്തുസ്വാമിഅയ്യർ ഈ കേസിൽ പ്രതിയോടു് അമ്മാതിരി സൗജന്യമൊന്നും കാണിക്കാതെ മുറയ്ക്കു സമൻസുതന്നെ അയച്ചു കേസുവിസ്താരം ആരംഭിച്ചു. ഈ കേസിൽ പ്രതിതന്നെ കോടതിയിൽഹാജരാകണമെന്നു നിർബന്ധിക്കരുതെന്നു മുത്തുസ്വാമി അയ്യരോടു് അദ്ദേഹത്തിൻെറ സീനിയർമജിസ്ട്രേട്ടു് ശുപാർശചെയ്തു. അദ്ദേഹമുണ്ടോ ഇതൊക്കെ വകവയ്ക്കുന്നു? ചുരുക്കത്തിൽ ഹൈക്കോട്ടുജഡ്ജി, മജിസ്ട്രേട്ടുകോർട്ടിലെ പ്രതിക്കൂട്ടിൽ കയറിനിൽക്കേണ്ടിവന്നു. കേസുവിസ്താരം മുറപ്രകാരം നടന്നു. നിയമപരിപാലനത്തിനു ചക്രവർത്തിയാൽ നിയമിതനായ ഹൈക്കോടതിജഡ്ജിതന്നെ നിയമലംഘനം ചെയ്തതിനു രൂപപിഴശിക്ഷിച്ചു് മുത്തുസ്വാമിഅയ്യർമജിസ്ട്രേട്ടു് വിധിയും കല്പിച്ചു. ജഡ്ജി പിഴയും ഒടുക്കീട്ടു ഗമിക്കയും ചെയ്തു.

ഇത്രകണ്ടു് ന്യായനിഷ്ഠയും കർത്തവ്യബോധവും കഥകളിലല്ലാതെ ആരും സാധാരണ കേട്ടിട്ടുണ്ടെന്നുതോന്നുന്നില്ല. ഹാ! ഭാരതമാതാവേ! അവിടുന്നഭിമാനിക്കുക! അവിടുത്തെ സന്താനങ്ങളുടെ കൂട്ടത്തിൽ ഇമ്മാതിരി പൌരുഷശാ

ലികൾ ഉണ്ടാകുന്നിടത്തോളംകാലം അവിടുന്നു് ഒരുവിധത്തിലും തലകുനിക്കേണ്ടതില്ല.

## ബി. എൽ. പരീക്ഷാവിജയം.

പ്രസിഡൻസി പോലീസ് മജിസ്ട്രേട്ടായിരിക്കുന്നകാലത്താണ് മുത്തുസ്വാമിഅയ്യർ ബി. എൽ. പരീക്ഷ പാസ്സായതു്. അതേവഷത്തിൽത്തന്നെ സർ. വി. ഭാഷ്യം അയ്യങ്കാരും ബി. എൽ. പരീക്ഷയിൽ ജയിച്ചു. ആത്മസുഹൃത്തുക്കളായ ഈ രണ്ടു മഹാന്മാരെയും സംബന്ധിച്ചു ഒരു കഥ കേട്ടിട്ടുണ്ടു്.

ഭാഷ്യം അയ്യങ്കാരുടെ വിദ്യാത്ഥിജീവിതം പ്രശംസനീയമായിരുന്നു. അദ്ദേഹം എല്ലാപരീക്ഷകളും ഒന്നാംക്ലാസിൽ ജയിച്ചു. ഒടുവിൽ ബി. എൽ. പരീക്ഷയ്ക്കു പഠിച്ചു തയാറായി അക്കാലത്തു് മുത്തുസ്വാമിഅയ്യരുടെ ബുദ്ധിശക്തിയേയും പാണ്ഡിത്യത്തേയുംപററി മദ്രാസിൽ വലിയ പ്രസിദ്ധിയുണ്ടായിരുന്നു. അതുകൊണ്ടു മുത്തുസ്വാമിഅയ്യർ ബി. എൽ. പരീക്ഷയ്ക്കുചേരുന്ന വർഷത്തിൽ താനുംചേന്നു് അദ്ദേഹത്തിനു പ്രസിഡൻസിയിൽ ഒന്നാംസ്ഥാനം കൊടുക്കാതാക്കണമെന്നു് ഭാഷ്യംഅയ്യങ്കാക്കൊരുവാശി. അതിലേക്കു മുമ്പിലത്തെ കൊല്ലത്തിൽത്തന്നെ അയ്യങ്കാർ പഠിച്ചു തയാറായെങ്കിലും പരീക്ഷയ്ക്കുചേന്നില്ല. അടുത്ത കൊല്ലം മുത്തുസ്വാമിഅയ്യർ പരീക്ഷയ്ക്കുചേരുന്നതറിഞ്ഞും കൊണ്ടു ഭാഷ്യവും ചേന്നു. പരീക്ഷാഫലം പുറത്തായപ്പോൾ ഒന്നാംക്ലാസിൽ ഒന്നാമതു ഭാഷ്യവും, രണ്ടാമതു് ഉദ്യോഗത്തോടുകൂടിപഠിച്ച മുത്തുസ്വാമിയും പാസായിരുന്നു. സർ. വി. ഭാഷ്യംഅയ്യങ്കാർ നിയമപണ്ഡിതനും അഭിഭാഷകനുമെന്ന നിലയിൽ ഭാരതഖണ്ഡംമുഴുവൻ പ്രസിദ്ധി സമ്പാദിക്കയും മദ്രാസ് ഹൈക്കോടതിയിലെ ജഡ്ജിസ്ഥാനത്തു് ഏറെക്കാലം ശോഭിക്കയുംചെയ്ത ഒരു മഹാനാണെന്നുള്ളതു വായനക്കാർ ഓക്കുമല്ലോ:

ബി. എൽ. പാസായ ഉടൻ മുത്തുസ്വാമിഅയ്യർ മദ്രാസിലെ സ്മാൾക്കാസ് ജഡ്ജിയായി കയററം ചെയ്യപ്പെട്ടു. ആ കാലത്തു് അദ്ദേഹത്തിൻെറ ഉത്തമസുഹൃത്തും അഭ്യുദയകാംക്ഷിയുമായ ഒന്നാംജഡ്ജി ഹാലോവേയുമായി സഹവസിക്കുന്നതിനും അദ്ദേഹത്തിൽനിന്നും ജമ്മൻഭാഷ പഠിക്കുന്നതിനും മുത്തുസ്വാമിഅയ്യക്കു സാധിച്ചു. തന്നിമിത്തം മൂലഗ്രന്ഥങ്ങൾതന്നെ വായിച്ചു ജമ്മൻനിയമസംഹിത പഠിക്കുന്നതിനു് അദ്ദേഹത്തിനു കഴിവുണ്ടായി എന്നുള്ളതും പ്രസ്താവ്യമാണു്.

## ജഡ്ജിനോടു ശുപാശ്ശ്യു പോകരുതു്.

സ്മാൾകാസ് ജഡ്ജിയായിരുന്നകാലത്തുണ്ടായ ഒരു സംഭവം വായനക്കാക്കു രസകരമായിരിക്കുമെന്നു വിശ്വസിക്കുന്നു. ഒരിക്കൽ അദ്ദേഹത്തിൻെറ ബാല്യകാലത്തെ ഒരു പരിചിതൻ പ്രതിയായുള്ള ഒരു കേസ്സ് അദ്ദേഹത്തിനു വിസ്തരിക്കേണ്ടിവന്നു. ൨൦൦ രൂപയ്ക്കും പലിശയ്ക്കുമാണു് അന്ന്യായം. മുൻപരിചയത്തെതരമാക്കി പ്രതി ഒരുവിധത്തിൽ ജഡ്ജിയുടെ വസതിയിൽ കടന്നുകൂടി. അയാളുടെ തക്കമനുസരിച്ചു് അന്ന്യായം തള്ളി വിധിക്കണമെന്നു് അപേക്ഷിച്ചു. മുത്തുസ്വാമിഅയ്യർ ഒരക്ഷരം ഉത്തരംപറഞ്ഞില്ല. സന്ദശകനെ പറഞ്ഞയച്ചുംവച്ചു കച്ചേരിസമയത്തു കോർട്ടിൽവന്നു, കേസുവിളിച്ചു, മുറയ്ക്കു സാക്ഷികളേയും മററും വിസ്തരിച്ചു. തെളിവനുസരിച്ചു് വാദിക്കു വിധിയും കൊടുത്തു. ഏതാനും ദിവസം കഴിഞ്ഞു് വാദി വിധിനടത്താൻ അപേക്ഷബോധിപ്പിച്ചു. കോടതിയിൽനിന്നും പ്രതിക്കു ഉടനടിവാറണ്ടയച്ചു; പ്രതിയെ അറസ്ററുചെയ്തു ജഡ്ജിയുടെ മുമ്പാകെ ഹാജരാക്കി. മുത്തുസ്വാമിഅയ്യർ പ്രതിയെ അടിതൊട്ടുമുടിവരെ ഒന്നുനോക്കിയശേഷം പോക്കററിൽനിന്നും ഒരു ചെക്കെടുത്തു വാറണ്ടുശിപായിയെ

ഏല്പിച്ചു വിധിസംഖ്യയിൽ വരവുവെപ്പിച്ചുകൊള്ളാൻ ആജ്ഞാപിച്ചിട്ടു പ്രതിയെനോക്കി ഇപ്രകാരം പറഞ്ഞു. "തന്റെ ദാരിദ്ര്യത്തേയും നമ്മൾതമ്മിലുള്ള ബാല്യപരിചയത്തേയും ഓർത്തു് ഞാൻ ഈ തുക കൊടുക്കുന്നു, അല്ലാതെ കേസുവിസ്താരത്തിനിടയ്ക്കു താൻ കാണിച്ച നിന്ദ്യമായ പെരുമാററത്തിനുള്ള സമ്മാനമല്ല ഇതു്. മേലാൽ ഇപ്രകാരം ഒരു വിധികർത്താവിനോടു് പെരുമാറിപ്പോകരുതു്. പൊയ്ക്കൊള്ളാം"

## മുററത്തുനിന്നു വെയിൽകൊണ്ടതു്.

മുത്തുസ്വാമിഅയ്യരുടെ അനാഡംബരമായ വേഷംനിമിത്തം പലക്കും അമളിപിണഞ്ഞിട്ടുണ്ടു്. അദ്ദേഹം സ്മാൾകാസ്ജഡ്ജിയായിരുന്നകാലത്തു് വിക്ടോറിയാ മഹാറാണി ചക്രവർത്തിനീപദം സ്വീകരിച്ചതുസംബന്ധിച്ച ഡൽഹിയിൽനടന്ന ഡർബാറിൽ ഇദ്ദേഹത്തെ ക്ഷണിച്ചിരുന്നു. ഡർബാർ കഴിഞ്ഞു് ഏതാനും ദിവസം ഡൽഹിയിൽ താമസിക്കവേ, ഒരുദിവസം അദ്ദേഹം സുപ്രസിദ്ധ ദേശാഭിമാനിയും മുസ്ലിംനേതാവുമായ നവാബ് സർ. സൈദ് അഹമ്മദിനെ സന്ദർശിക്കാൻ പോയി. മുത്തുസ്വാമിഅയ്യരുടെ സാധാരണരീതിയിലുള്ള വേഷവും പെരുമാററവും കണ്ടു നവാബിന്റെ വേലക്കാർ തീരെവകവച്ചില്ല. അകത്തറിയിക്കാത്തതിനാൽ കുറേനേരം മുത്തുസ്വാമിഅയ്യർ മുററത്തുനിന്നു വെയിൽകൊള്ളേണ്ടിവന്നു. ഒടുവിൽ തമ്മിൽ കണ്ടസമയം നവാബ് തന്റെ വേലക്കാർകാണിച്ച അബദ്ധം മനസ്സിലാക്കി പശ്ചാത്തപിക്കയും ക്ഷമാപണം ചെയ്കയും ഉണ്ടായി. എന്നാൽ മുത്തുസ്വാമിഅയ്യർ അദ്ദേഹത്തിന്റെ സ്വതസ്സിദ്ധമായ സ്വഭാവമാധുരിയോടുകൂടി, "സാരമാക്കണ്ടാ" എന്നു ചിരിച്ചുകൊണ്ടുപറഞ്ഞിട്ടു മററു സംഭാഷണവിഷയത്തിലേയ്ക്കു പ്രവേശിച്ചു.

ഡർബാർ കഴിഞ്ഞു് അടുത്തു കൊല്ലത്തെ നവവത്സര ബഹുമതികളുടെക്കൂട്ടത്തിൽ മുത്തുസ്വാമിഅയ്യരുടെ ഗുണഗണങ്ങളേയും രാജ്യസേവയേയും അഭിനന്ദിച്ചു ചക്രവൎത്തിനി തിരുമനസ്സുകൊണ്ടു് അദ്ദേഹത്തിനു് "സി. ഐ. ഇ." എന്ന ബഹുമതി നൽകി. മദ്രാസിൽനിന്നു് അദ്ദേഹം മധുരയ്ക്കു സ്ഥലം മാററപ്പെട്ടു. മധുര സ്മാൾക്കാസ് ജഡ്ജായിരിക്കവേയാണു് ൧൮൭൮-ജൂലൈ മാസം ൧൦-ാംതീയതി അദ്ദേഹം ബഹുമാനപ്പെട്ട മദ്രാസ് ഹൈക്കോട്ടിലെ ഒരു പ്യൂണി ജഡ്ജിയായി നിയമിക്കപ്പെട്ടതു്. പ്രസ്തുത നിയമനത്തെപ്പററി ലോകരാസകലം അഭിനന്ദിച്ചു. അദ്ദേഹത്തിന്റെ ഗുണഗണങ്ങൾ നാനാദിഗന്തങ്ങളിലും വാഴ്ത്തപ്പെട്ടു.

## ജഡ്ജിമാർ ദൈവത്തിന്റെ പ്രതിപുരുഷന്മാർ.

മുത്തുസ്വാമിഅയ്യരുടെ ഹൈക്കോടതിജഡ്ജിയുദ്യോഗകാലം മദ്രാസ് നീതിന്യായഭരണചരിത്രത്തിലെ ഒരു സുവൎണ്ണഘട്ടമായിരുന്നു. ശ്രുതിസ്മൃതികളുടേയും ആഗമങ്ങളുടേയും ആചാരങ്ങളുടേയും ഒരു "അവിയൽ" ആയിരുന്ന ഹൈന്ദവധൎമ്മശാസ്ത്രത്തെ നവീനജീവിതരീതിക്കും പരിഷ്കൃതാശയങ്ങൾക്കും യോജിച്ചവിധം വ്യാഖ്യാനിക്കുന്നതിലും പരിഷ്കരിക്കുന്നതിലും അദ്ദേഹം ചെയ്തിട്ടുള്ള സ്തുത്യൎഹമായ ശ്രമം ഹിന്ദുസമുദായത്തിന്റെ പുരോഗതിക്കു് വളരെ പ്രയോജനപ്പെട്ടിട്ടുണ്ടു്. ഇന്നത്തെ ഹിന്ദുനിയമസംഹിത പഠിക്കുന്ന ആരുടേയും ശ്രദ്ധയെ പ്രധാനമായി ആകൎഷിക്കുന്നതും, ഹിന്ദുലാ പ്രയോഗിക്കേണ്ടിവരുന്ന ന്യായാധിപന്മാൎക്കും അഭിഭാഷകന്മാൎക്കും ഇന്നും മാൎഗ്ഗദൎശകങ്ങളായിരിക്കുന്നതും സർ ടി. മുത്തുസ്വാമിഅയ്യരുടെ വിധികളാകുന്നു. ഓരോ കേസിലേയും തെളിവുകളെ വിശകലനംചെയ്തു സത്യം മനസ്സിലാക്കുക, നിയമസിദ്ധാന്തങ്ങളുടെ മൂലതത്വങ്ങളെ

യുക്തിയുക്തം വ്യാഖ്യാനിക്കുക, നിഷ്പക്ഷിണ്യമായി നീതിയും ധമ്മവും പരിപാലിക്കുക എന്നിവയിൽ അദ്ദേഹത്തിനുണ്ടായിരുന്ന പാടവം അനന്യസാധാരണമാണു്. അദ്ദേഹത്തിൻെറ അതിവിശാലമായ ലോകപരിജ്ഞാനവും ധാർണാശക്തിയും നിസ്തന്ദ്രതയും ഇക്കായ്യത്തിൽ വളരെ പ്രയോജകീഭവിച്ചിട്ടുണ്ടു്. അദ്ദേഹം എഴുതീട്ടുള്ള ഓരോ ജഡ്ജ്മെൻറും നിയമപാണ്ഡിത്യത്തിൻെറയും നീതിനിഷ്ഠയുടെയും അഭിപ്രായസ്വാതന്ത്ര്യത്തിൻെറയും വിജയസ്തംഭങ്ങളാകുന്നു. ഒരു ന്യായാധിപൻെറ ധമ്മത്തെസ്സംബന്ധിച്ചു് അദ്ദേഹത്തിനുണ്ടായിരുന്ന അതിശ്രേഷ്ഠമായ ആദർശത്തെപ്പററി ൧൮൮൧-ൽ അദ്ദേഹം മദ്രാസ് സർവ്വകലാശാലാകാൺവൊക്കേഷനിൽ ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"നീതിന്യായകോടതി എന്നു പറയുന്നതു് പരിപാവനമായ ഒരു ദേവാലയമാകുന്നു. അവിടെയിരിക്കാനിടയാകുന്നവിധികത്താക്കന്മാർ സത്യവും ധമ്മവും പരിപാലിക്കുന്നതിലേക്കുള്ള ദൈവത്തിൻെറ ആയുധങ്ങൾമാത്രമാണു്. ആ ദിവ്യസന്നിധിയിൽ ദുഷ്ടവിചാരത്തോടുകൂടി പ്രവേശിക്കയോ കപടവൃത്തികളാൽ ആ സ്ഥലം അശുദ്ധപ്പെടുത്തുകയോ ചെയ്യുന്നവൻ മനുഷ്യദ്രോഹിമാത്രമല്ല ദൈവദ്രോഹിയും കൂടിയാകുന്നു. നിങ്ങളിലാരെങ്കിലും ഒരു വിധികത്താവാകാൻ ഇടയാകുന്ന പക്ഷം അക്കാലത്തു നിങ്ങൾ ഓരോരുത്തരും ദൈവത്തിൻെറ പ്രതിപുരുഷന്മാരാരാണെന്നും, നിങ്ങൾക്കു കിട്ടീട്ടുള്ള അധികാരം ദൈവദത്തമാണെന്നും സദാ ഓമ്മിച്ചുകൊള്ളണം." ഇന്നു എത്രയോ ചുരുക്കം ജഡ്ജിമാക്കാണു് ഈ വസ്തുത ഓമ്മയുള്ളതു്!

## ഹൈക്കോർട്ടു് ജഡ്ജി.

പ്യൂണിജഡ്ജിയുദ്യോഗം വളരെ പ്രശസ്തമായി ഭരിച്ചുവരവെ ൧൮൮൪ ജൂലൈമാസത്തിൽ അന്നത്തെ ഒന്നാം

ജഡ്ജിയായിരുന്ന സർ ആർതർ കോളിൻസ് അവധിയെ ടുക്കാൻ ഇടയായി. ഹൈക്കോടതിയിലെ ഒന്നാം ജഡ്ജിയുദ്യോഗം കൽക്കട്ടായിൽ ആദ്യമായി രമേശചന്ദ്രമിത്രനു നല്കി. ഇൻഡ്യാക്കാരനു കൊടുക്കുന്നതിലുള്ള തടസ്സം നീങ്ങിയിരുന്നെങ്കിലും മദ്രാസ് ഗവമ്മെൻറു് അക്കാര്യത്തിൽ വൈമനസ്യം പ്രദശിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ തൽസ്ഥാനത്തിലേക്കുള്ള ന്യായാവകാശി മുത്തുസ്വാമി അയ്യരാണെന്നു കണ്ടപ്പോൾ ഗവമ്മെൻറ് അദ്ദേഹത്തെത്തന്നെ നിയമിച്ചു. അദ്ദേഹത്തിനു മുറയ്ക്കു കിട്ടേണ്ട ഉദ്യോഗക്കയററം കൊടുത്തതായിമാത്രം പ്രഥമദൃഷ്ടിയിൽ നമുക്കു തോന്നാമെങ്കിലും, ഇൻഡ്യാക്കാരുടെ അവശതകളേയും അക്കാലത്തെ സ്ഥിതിയേയും ഓക്കുമ്പോൾ വെറും ഒരു സാധാരണസംഭവമായി ഇതിനെ കണക്കാക്കാൻ പാടില്ലാത്തതാകുന്നു. ബഹുമതിക്കു പാത്രവാനായ മഹാനെപ്പററി ബ്രിട്ടീഷ് ഗവമ്മെൻറിനുണ്ടായിരുന്ന അനിതരസാധാരണമായ വിശ്വാസത്തിൻെറയും ബഹുമാനത്തിൻെറയും ബാഹ്യപ്രകടനമാണ് ഇതെന്നുള്ളതിനു സംശയമില്ല. അടുത്തകൊല്ലംതന്നെ, അദ്ദേഹത്തിൻെറ മഹൽസേവനത്തെയും വ്യക്തിമാഹാത്മ്യത്തെയും നല്ലപോലെ മനസ്സിലാക്കിയ ബ്രിട്ടീഷ് ഗവമ്മെൻറു് അദ്ദേഹത്തിനു് "സർ"സ്ഥാനവും നൽകി ബഹുമാനിച്ചു.

## മാർബിൾപ്രതിമ.

അരശ്ശതാബ്ദകാലത്തെ അശ്രാന്തവും അതിശ്രമാവഹവുമായ കർമ്മപരിപാടിയുടെ ഫലമായി ൬൮-ാം വയസ്സിൽ അദ്ദേഹം രോഗശയ്യയെ പ്രാപിച്ചു. ആരോഗ്യം ദിവസംപ്രതി ക്ഷയിച്ചു് ൧൮൯൫ ജനുവരി ൨൫-ാംനു- ആ മഹാപുരുഷൻ ദിവംഗതനായി. ഭാരതഖണ്ഡത്തെ പ്രഭാപൂരിതമാക്കിക്കൊണ്ടിരുന്ന ഒരു പ്രോജ്ജ്വലതാരം കാലയവ

നികയ്ക്കുള്ളിൽ അപ്രത്യക്ഷമായി. സകലജാതിമതസ്ഥരും ഒരുപോലെ അദ്ദേഹത്തിൻെറ വിയോഗത്തിൽ അനുശോചിച്ചു. ഇദ്ദേഹത്തിന്റെ മരണംസംബന്ധിച്ച പ്രസിദ്ധപ്പെടുത്തപ്പെട്ട മദ്രാസ്ഗവണ്മെൻറു ഗസററിൽ മുത്തുസ്വാമിഅയ്യരുടെ ഗുണഗണങ്ങളെപ്പററി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—

"ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജി സർ. ടി. മുത്തുസ്വാമിഅയ്യർ നൈററ് സി. ഐ. ഈ. ഈമാസം 25-ാംനു- മരിച്ചുപോയെന്നുള്ള ദുഃഖവത്തമാനവും, അതിൽ ബഹുമാനപ്പെട്ട ഗവർണർ അവർകളുടേയും കൗൺസിലിൻേറയും അതികഠിനമായ സഹതാപവും ഇവിടെ രേഖപ്പെടുത്തുന്നു. പരിപാവനവും ആദശ്പരവും ആയി ജീവിച്ചിരുന്ന ഒരു വ്യക്തി എന്ന നിലയിലും, അഗാധമായ പാണ്ഡിത്യം, ധിഷണാശക്തി നിഷ്പാക്ഷിണ്യബുദ്ധി ഇവ പ്രകടിപ്പിച്ചുപോന്ന ഒരു വിധികത്താവിൻെറ നിലയിലും, അദ്ദേഹത്തിൻേറ വിയോഗം ഈ സംസ്ഥാനത്തെ ഗവണ്മെൻറിനും വിവിധവഗ്ഗത്തിൽപ്പെട്ട ജനസമൂഹത്തിനും, അപരിഹാര്യമായ ഒരുനഷ്ടമാകുന്നു. അദ്ദേഹത്തിൻെറ മരണം വളരെക്കാലത്തേക്കു ഒരു ദുഃഖകാരണമായിത്തീന്നിരിക്കുന്നു."

സർ ടി. മുത്തുസ്വാമി അയ്യരെപ്പററി പൊതുജനങ്ങൾക്കുണ്ടായിരുന്ന മതിപ്പും ബഹുമാനവും, അദ്ദേഹത്തിനു ഒരു സ്മാരകം സ്ഥാപിക്കുവാൻ നിശ്ചയിച്ച അവസരത്തിലാണ് കൂടുതൽ പ്രത്യക്ഷപ്പെട്ടതു്. അതിലേക്കു പിരിച്ച ഫണ്ടിലേക്ക് സകലരും വളരെ ഉദാരമായി സംഭാവനചെയ്തു. അതിൻെറഫലമാണു ജീവിച്ചിരുന്നകാലത്തു അദ്ദേഹത്തിൻെറ സാന്നിദ്ധ്യത്താൽ അലങ്കരിക്കപ്പെട്ടിരുന്ന മദ്രാസ് ഹൈക്കോടതിയുടെ മുൻവശത്തു് കാണുന്ന മാർബിൾപ്രതിമ. "പുതിയഹൈക്കോടതിമന്ദിരത്തിൽ നാലു പന്ഥാവു് ഒന്നിച്ചുചേരുന്ന വിസ്തൃതമായ ആ ജംഗ്ഷനിൽ ഒരു മാ

ർബിൾകസാലയിൽ വിജ്ഞാനപ്രദീപ്തമായ മുഖശ്രീയോടും, ആത്മാൎത്ഥതയുടെ പ്രാഭവത്തോടും സ്ഥിതിചെയ്യുന്ന മുത്തുസ്വാമിഅയ്യർ. അദ്ദേഹത്തിന്റെ അനന്തരഗാമികളായ നിയമപണ്ഡിതന്മാൎക്ക് വഴികാണിച്ചുകൊടുക്കുന്നു" എന്നു നാട്ടൻ പ്രസ്താവിച്ചിട്ടുള്ളതു് എത്രയോ പരമാൎത്ഥമാണു്!

ഹൈക്കോടതി ജഡ്ജ് ആയിരുന്നകാലത്തു മദ്രാസ് നിയമസഭയിൽ ഹാജരാക്കിയിട്ടുള്ള ഓരോ ബില്ലുകളിന്മേലും ഗവണ്മെൻറിൽനിന്നു് സർ ടി. മുത്തുസ്വാമിഅയ്യരുടെ അഭിപ്രായം ആവശ്യപ്പെട്ടിട്ടുണ്ടു്. "മലബാർ വിവാഹ ബിൽ" "ഇൽബട്ട് ബിൽ," "ശൈശവവിവാഹബിൽ" "ധൎമ്മസ്ഥാപന ബിൽ" "വിധവാവിവാഹബിൽ" തുടങ്ങി പല പുതിയ നിയമങ്ങളും നടപ്പാക്കുന്നതുസംബന്ധിച്ച് അദ്ദേഹം വളരെ വിലയേറിയ ഉപദേശങ്ങൾ നല്കിയിട്ടുണ്ടു്. സർ സി. ശങ്കരൻനായരാൽ അവതരിപ്പിക്കപ്പെട്ട "മലബാർ വിവാഹബിൽ" സംബന്ധിച്ച തെളിവുശേഖരിക്കുന്നതിലേക്ക നിയമിതമായ കമ്മിഷനിൽ സർ ടി. മുത്തുസ്വാമിഅയ്യരായിരുന്നു അദ്ധ്യക്ഷനായിരുന്നതു്. അക്കാലത്തു് മദ്രാസിൽ ഉണ്ടായിരുന്ന പലപല പൊതുപ്രവൎത്തനങ്ങളിലും അദ്ദേഹം സജീവമായി പങ്കെടുത്തിട്ടുണ്ടു്. 'മദ്രാസ് സൎവ്വകലാശാലയിലെ "ഫെലൊ" ആയ അദ്ദേഹത്തെ 'സിൻഡിക്കേററ് മെംബറായി തെരഞ്ഞെടുക്കയും, ആ ഉന്നതസ്ഥാനം" മരിക്കുന്നതുവരെ അലംകരിക്കയും ചെയ്തിരുന്നു.

ഒരു ജഡ്ജിനു വേണ്ട സകലഗുണങ്ങളും മുത്തുസ്വാമിഅയ്യരിൽ പരിപൂൎണ്ണമായി ശോഭിച്ചിരുന്നു. അത്യഗാധമായ നിയമപാണ്ഡിത്യവും, അനിതരസാധാരണമായ ബുദ്ധിശക്തിയും, അചഞ്ചലമായ നീതിനിഷ്ഠയും നിമിത്തം അദ്ദേഹം അഭിഭാഷകസംഘത്തിന്റേയും സഹോദരന്യായാധിപന്മാരുടേയും ബഹുമാനാദരങ്ങൾക്കു് ഒരുപോലെ പാ

ത്രവാനായിരുന്നു. എത്ര വിദഗ്ദ്ധനായ അഭിഭാഷകനായാലുംശരി, കള്ളക്കേസ്സുംകൊണ്ടു് അദ്ദേഹത്തിൻെറ മുമ്പിൽ വാദിക്കാൻപോയാൽ നാലു ചോദ്യംകൊണ്ടു് അദ്ദേഹം പൊളിച്ചു തെളിയിച്ചു പറഞ്ഞയയ്ക്കും. നേരേമറിച്ചു് സത്യവും ന്യായവും ഉള്ള കേസാണെങ്കിൽ, എത്ര ജൂനിയർ വക്കീലായാലും ഭയപ്പെടേണ്ടതില്ലതാനും.

## നാട്ടനും താളംചവിട്ടിയിട്ടുണ്ടത്രെ!

സഹന്യായാധിപന്മാരോടും അഭിഭാഷകന്മാരോടും മററും അദ്ദേഹത്തിനുണ്ടായിരുന്ന പെരുമാററം മാതൃകായോഗ്യമായ മര്യാദയോടും ആത്മാർത്ഥതയോടുംകൂടിയായിരുന്നു. അധികാരപ്രമത്തതയുടെ നിഴൽപോലും ഇദ്ദേഹത്തെ തീണ്ടിയിട്ടില്ലായിരുന്നു. അഭിഭാഷകശിരോമണിയായ സുപ്രസിദ്ധ നാർട്ടൻധ്വര തൻെറ വിശിഷ്ടതൂലികകൊണ്ടു് നമ്മുടെ ആരാദ്ധ്യപുരുഷനെ ചിത്രീകരിച്ചിരിക്കുന്നതു നോക്കുക:—

"മുത്തുസ്വാമിഅയ്യരുടെ വേഷംതന്നെ അദ്ദേഹത്തിനുള്ള ആന്തരമായ വിനയത്തിൻെറ ബാഹ്യപ്രകടനമാണു്. അദ്ദേഹം പാദരക്ഷകൾ ധരിക്കുക പതിവില്ല. നേർമ്മയേറിയ ഒരു ശുഭ്രവസ്ത്രം ഞൊറിഞ്ഞുടുത്ത പാളത്താറും, അതിൻെറ മുകളിലായി ഒരു കറുത്ത അല്പാക്കാക്കോട്ടും, അതിനുപുറത്തു് ഒഴിച്ചുകൂടാൻ നിവൃത്തിയില്ലാത്ത ആ സിൽക്കുഗൌണും—പുരികക്കൊടികളുടെ ഇടയ്ക്കായി നെററിയിലെ ആ സ്മാർത്തബ്രാഹ്മണചിഹ്നമായ വട്ടപ്പൊട്ടും—അതിൻെറ പകിട്ടൊന്നു വർദ്ധിപ്പിച്ചുകൊണ്ടു് വിജയശ്രീയുടെ മകുടാലങ്കാരംപോലെ ശിരസ്സിലണിഞ്ഞിരുന്ന കസവിട്ട വെള്ളത്തലപ്പാവും, കഴുത്തിലോ കടഞ്ഞെടുത്ത ആ കണ്ഠപ്രദേശത്തിൻെറ ഭംഗിയെ കാളർകൊണ്ടു് അ

…YAM PUBLIC LIBR… KOTTAYAM

ദ്ദേഹം വികൃതപ്പെടുത്തിയില്ല. കഴുത്തിനു ചുററിക്കെട്ടുന്ന ആ വെള്ളത്തട്ടെയ് നേരം വൈകുന്തോറും, വിഷമപ്രശ്നങ്ങളുടേയും വാദപ്രതിവാദങ്ങളുടേയും തീക്ഷ്ണത വർദ്ധിക്കുംതോറും, ക്രമേണ അയഞ്ഞയഞ്ഞു് ഒരു വശത്തോട്ടു പോകുന്നു; ഇതിനിടയ്ക്കു ഒററക്കണ്ണൊന്നടച്ചും, തല മുന്നോട്ടു ചായ്ച്ചും, കൈയിലിരിക്കുന്ന കുയിൽപേനയുടെ അററം കടിച്ചും, ചെവികൊടുത്തു കേട്ടും ഇടയ്ക്കിടയ്ക്കു് മന്ദഹസിച്ചും, ഗാഢമായി ചിന്തിച്ചും, പിടികൂടാൻ തരംനോക്കിയും ഇരിക്കുന്ന മുത്തുസ്വാമിഅയ്യർക്കു എന്തെങ്കിലും ഒരു ലാ പായിൻറു്—ഹിന്ദുലായിൽ ബന്ധുക്കളുടെ സ്ഥാനത്തേയോ, മരണാനന്തരം സഹോദരീപുത്രനു ലഭിക്കുന്ന അവകാശത്തേയോ ഒരു 'ദ്വയമുഷ്യായന'ൻെറ പിന്തുടർച്ചായോഗ്യതയേയോ മറേറാ സംബന്ധിച്ചായിരിക്കും—പിടികിട്ടിക്കഴിഞ്ഞാൽ കാൽവിരലുകൾ തമ്മിൽച്ചേർത്തു തിരുമ്മിത്തുടങ്ങുന്നു; അതു കാണുമ്പോൾ എതിരാളിയുടെ കഴുത്തിൽപ്പിടിച്ചു ഞെക്കുകയാണെന്നുതോന്നും. ആലോചനാസോപാനത്തിൽകൂടി യുക്തികൊണ്ടു അദ്ദേഹം പടിപടിയായി ആരോഹണംചെയ്തു്, സത്യസൗധത്തിൻെറ ഉപരിതലത്തിലേക്കു ചെന്നെത്തുമ്പോൾ തലച്ചോറിനകത്തു നടക്കുന്ന ക്ഷോഭങ്ങളുടെ ബാഹ്യപ്രകടനംമാത്രമാണതു്. എത്ര തവണയാണു് കേസുകൾ വാദിച്ചുകൊണ്ടിരുന്ന അവസരങ്ങളിൽ കാൽവിരലുകളുടെ ആ പ്രയോഗംകണ്ടു് 'അതാ നമ്മുടെ കഥ കഴിക്കാൻ പോകുന്നു' എന്നുള്ള ഭയത്തോടുകൂടി ഞാൻ അദ്ദേഹത്തിൻെറ മുമ്പിൽനിന്നു് താളം ചവിട്ടിയിട്ടുള്ളതു്! മേൽ വിവരിച്ച പ്രയോഗം മൂത്തു ഒടുവിൽ വലതുകാലിലെ പെരുവിരൽകൊണ്ടു രണ്ടാമത്തെ വിരലിനെ പിടികൂടുമ്പോൾ 'ഇനിവാദിച്ചിട്ടുഫലമില്ല; കേസിനു

ശ്തോൽവിതന്നെ' എന്നു ഞങ്ങൾക്കു തീൎച്ചപ്പെടുന്നു. ജഡ്ജി മനസ്സുകൊണ്ടു് വിധിയെഴുതിക്കഴിഞ്ഞു! കൂടുതലായി ഒരക്ഷരംപോലും ബോധിപ്പിച്ചിട്ടു ഫലമില്ല!! ചെലവിനെസംബന്ധിച്ചുപോലും ഉരിയാടേണ്ടതില്ല!"

---

# ഥനം. ടൈബീരിയസ് ഗ്രാക്കസ്
# ഥർ. ഗേയസ് ഗ്രാക്കസ്

---

എം. ഏ. ഭാസ്കരപിള്ള എം ഏ

[കർഷകജനതയുടെ സ്വാതന്ത്ര്യത്തിനും, പ്രഭുക്കന്മാരുടെ ദുരധികാരപ്രതിരോധനത്തിനുംവേണ്ടി വീരചാമം വരിച്ച രണ്ടു റോമൻകാർ.]

റോമൻസാമ്രാജ്യാന്തരിക്ഷത്തിൽ ജാജ്ജ്വല്യമാനമായി ക്ഷണനേരം പ്രകാശിച്ചു പൊടുന്നനവേ അസ്തമിച്ച രണ്ടു തേജഃപുഞ്ജങ്ങളാണു് ഗ്രാക്കൈ സഹോദരന്മാർ. ധനികന്മാരായ ഏതാനുംപേരുടെ നിർദ്ദയമായ മർദ്ദനങ്ങൾക്കു് വിധേയരായി നിരന്തരദുരിതം അനുഭവിച്ചുകൊണ്ടിരുന്ന പൗരതതിയിൽ അനുകമ്പാർദ്രരായിത്തീൎന്ന ഈ ത്യാഗമൂർത്തികൾ ആത്മബലികൊണ്ടു് രാഷ്ട്രീയസേവനം നിർവ്വഹിച്ചു. പ്രവൃത്തിയിൽനിന്നും ഉണ്ടാകുന്നഫലം പലപ്പോഴും ഉദ്ദേശ്യശുദ്ധിയെ അനുസരിക്കുന്നില്ല എന്നുള്ള തത്വത്തെ ദൃഷ്ടാന്തീകരിക്കുമാറു ഋജുബുദ്ധികളായ ഈ ശൂരാത്മാക്കൾ അവരുടെശ്രമം പൂൎണ്ണമായി ഫലിക്കുന്നതിനുമുമ്പു് കുടിലബുദ്ധി

കളായ ചില ദുരാഗ്രഹികളുടെ കുതന്ത്രങ്ങൾക്കിരയായിത്തീരുകയാണു് ചെയ്തതു്. പ്രകൃതിയുടെ വികൃതി വിചിത്രം തന്നെ! മഹനീയമായ ആദർശങ്ങളും തദനുരൂപമായ പ്രവൃത്തികളും പലപ്പോഴും സ്വാർത്ഥലോലുപന്മാരിൽനിന്നുണ്ടാവുന്ന പ്രതിരോധങ്ങളിൽ തട്ടിത്തകൎന്നുപോകുന്നുണ്ടു്. യേശുക്രിസ്തു, സാക്രട്ടീസ്, സർതാമസ്മൂർ തുടങ്ങിയവർക്കു സഹിക്കേണ്ടിവന്ന ദുരിതങ്ങളും അവർ അന്ത്യത്തിൽ അനുഭവിച്ച അപമൃത്യുവും മുൻപറഞ്ഞതിനു് ഉദാഹരണങ്ങളാണു്. എങ്കിലും നിർമ്മലമായ ത്യാഗകർമ്മങ്ങളിൽനിന്നു വെളിവാകുന്ന ഉജ്ജ്വലാദർശകലങ്ങൾ അനന്തരകാലത്തു പ്രവൃദ്ധങ്ങളായിത്തീർന്നു് അവയുടെ ജനയിതാവിൻെറ ആദർശങ്ങളെ ശക്തിപൂർവ്വം പ്രചരിപ്പിക്കുന്നു. റോമൻസാമ്രാജ്യത്തിലെ നിർദ്ധനരായ ബഹുസഹസ്രം പൗരന്മാരുടെ രക്ഷയേയും സ്വാതന്ത്ര്യത്തേയും ഉദ്ദേശിച്ചുള്ള ഗ്രാക്കെസഹോദരന്മാരുടെ പരിശ്രമങ്ങൾ പില്ക്കാലത്തു് സഫലമായിത്തീരുകതന്നെചെയ്തു. പ്രബലശക്തി ജനകീയകക്ഷിക്കു് നിശ്ശേഷം കീഴടങ്ങി.

റോംനഗരത്തിലെ പ്രശസ്തമായ ഒരു പ്രഭുകുലത്തിൽ തന്നെയാണു് പാവങ്ങൾക്കുവേണ്ടി പോരാടിയ നമ്മുടെ കഥാനായകന്മാർ ജാതരായതു്. ഹാനിബാൾ എന്ന സുപ്രസിദ്ധപരാക്രമിയെ പരാജിതനാക്കിയ സിപ്പിയോവിൻെറ മകളായിരുന്നു ഇവരുടെ വീരമാതാവു്. ടാളമിരാജാവു് സ്വപാദത്തിൽ സമർപ്പിച്ച സുവർണ്ണകിരീടത്തെ, ദിവംഗതനായ ഭർത്താവിനോടുള്ള പ്രേമാതിരേകംനിമിത്തം തിരസ്കരിച്ച ഈ കാർണീലിയാ തൻെറ പന്ത്രണ്ടുസന്താനങ്ങളെയും റോമൻസാമ്രാജ്യത്തിലെ ഉത്തമപൗരന്മാരാക്കിത്തീർക്കുവാനുള്ള വിദ്യാഭ്യാസംനല്കുന്നതിനു ബദ്ധശ്രദ്ധയായി ജീവിതംനയിച്ചു. റോമൻജനതയുടെ കഠിനനിർഭാഗ്യം നിമിത്തം ഇതിൽ ഒൻപതു സന്താനങ്ങളും അകാലചരമ

ത്തിനു പാത്രമായിത്തീരുകയും, ഒടുവിൽ സിപ്പിയോ ഛപിതീയൻെറ വീരകളത്രമായിത്തീൎന്ന ഒരു ബാലികയും, കഷ്ടകജനതയുടെ യോഗക്ഷേമത്തിനുവേണ്ടി ആത്മസമൎപ്പണം ചെയ്ത ഈ വീരാത്മാക്കളുംമാത്രം ശേഷിക്കുകയുംചെയ്തു.

ശാന്തനും സുന്ദരനും സൽഗുണസമ്പന്നനും ആയിരുന്ന ടൈബിരിയസ് ഗ്രാക്കസ്സ് നഗരവാസികളുടെ ആദരവും സ്നേഹവും ബാല്യത്തിൽത്തന്നെ സമാൎജ്ജിച്ചു. അനുജനായ ഗേയസ്സ് ഗ്രാക്കസ് കുറേക്കൂടി തീക്ഷ്ണസ്വഭാവിആയിരുന്നു. എന്നാൽ ഉഗ്രമായ വാചാലതയിലോ, പ്രതിരോധികളെ അസ്തപൌരുഷരാക്കാൻ വേണ്ടുന്ന സമൎത്ഥതയിലോ, സമുദായസേവനത്തിലോ ഈ അനുജൻ ജ്യേഷ്ഠഭ്രാതാവിൽനിന്നും ഒട്ടും പിന്നോക്കമായിരുന്നില്ല. ഒൻപതു വഷത്തോളം വയോവ്യത്യാസമുണ്ടായിരുന്നതിനാൽ ഇവരുടെ പ്രവൎത്തനരംഗങ്ങൾ ഭിന്നകാലങ്ങളിൽ ആയിപ്പോയതുനിമിത്തം രണ്ടുപേരുടെ ശക്തിയും ഏകോപിച്ചാൽ ഉണ്ടാകുമായിരുന്നഫലം സിദ്ധിക്കുവാൻ ഇടയാകാതെപോയതു് ഇററലിയുടെ നിൎഭാഗ്യമെന്നേ പറയാനുള്ളു.

ജ്യേഷ്ഠസഹോദരൻ ആദ്യമായി വിഖ്യാതിസമ്പാദിച്ചതു് ആഫ്രിക്കയിലെ യുദ്ധരംഗങ്ങളിലാണു്. "ന്യൂമെൻൈറൽ" എന്ന വൎഗ്ഗക്കാരുമായുള്ള പോരാട്ടത്തിൽ ഇരുപതിനായിരം ഇററാലിയൻഭടന്മാരും സേനാനായകനും തോററു്, രക്ഷാമാൎഗ്ഗംകാണാതെ വലയുമ്പോൾ, നിൎഭയനായി ശത്രുക്കളുടെ ഇടയിൽ കടന്നുചെന്നു തൻെറ അഭിനന്ദനീയമായ പെരുമാററവും ആകഷകമായ വാഗ്മിതയുംകൊണ്ടു് അവരെ പാട്ടിലാക്കി ടൈബീരിയസ്സ് ഭടന്മാരുടെ ജീവനേയും സ്വാതന്ത്ര്യത്തേയും രക്ഷിച്ചു. അതോടുകൂടി ടൈബീരിയസ്സിൻെറ പ്രശസ്തി ഇററലി മുഴവൻ പരന്നു.

40095

## ൫൦൦ ഏക്കറിൽക്കൂടുതൽ പാടില്ല.

കൎഷകജനസഞ്ചയം അനുഭവിച്ചുവന്ന ദുരിതംനിമിത്തം രാഷ്ട്രീയരംഗത്തിലേയ്ക്കു് പ്രവേശിക്കാൻ നിർബന്ധിതനായ ഈ സ്വാൎജ്ജ്യാഭിമാനിയുടെ അനന്തരപ്രവൎത്തനങ്ങൾ വിവരിക്കുന്നതിനുമുമ്പ് അക്കാലത്തുള്ള ഇററലിയിലെ ജീവിതരീതിയെക്കുറിച്ച് അല്പം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. റോമിലെ സമ്പന്നരായ മുതലാളിമാരും പ്രഭുക്കന്മാരും ഭൂമി മുഴുവൻ കൈവശപ്പെടുത്തുന്ന പതിവ് വളരെക്കാലം തുടൎന്നുകൊണ്ടിരുന്നു. തന്നിമിത്തം അഞ്ഞൂറേക്കറിൽക്കൂടുതൽ ഭൂമി കൈവശംവച്ചുകൊണ്ടിരിക്കുവാൻ പാടില്ലെന്നു ഒരു നിയമം അവിടെ നടപ്പാക്കപ്പെട്ടിരുന്നു. എന്നാൽ കാലക്രമേണ, തങ്ങളുടെ ബന്ധുക്കളുടേയും മററും പേരിൽ ധനികന്മാർ ഒട്ടേറെ സ്ഥലങ്ങൾ സമ്പാദിച്ചുതുടങ്ങി. അങ്ങനെ ആ നിയമം ശക്തിഹീനവും ഉപയോഗശൂന്യവും ആയിത്തീൎന്നുപോയി. ദരിദ്രകൎഷകരെ നിരാശ്രയരാക്കി നാട്ടിൻപുറങ്ങളിൽനിന്നും പ്രഭുക്കന്മാർ തുരത്തിവിട്ടു. ധനികന്മാരുടെ അടിമകളെന്നനിലയ്ക്കുമാത്രമേ ടൈബീരിയസിന്റെകാലത്ത് കൎഷകർ റോമിൽ ഉണ്ടായിരുന്നുള്ളു. വേറൊരുപ്രകാരത്തിലും കൃഷിക്കാൎക്കു കഴങ്ങുവാൻ സംഗതിവന്നുചേൎന്നു. സിസിലി, സ്പെയിൻ മുതലായ സ്ഥലങ്ങളിൽനിന്നും തീരുവക്കൂടാതെ ധാന്യങ്ങൾ ധാരാളമായി ഇറക്കുമതിചെയ്തു് വിദേശീയവ്യാപാരം നടത്താൻ മുതലാളിമാൎക്കു ഉത്സാഹമുണ്ടായിരുന്നു. അതിനാൽ ഇററലിയിലെ കൃഷി നാശോന്മുഖമായി പരിണമിച്ചു. ദാരിദ്ര്യം വൎദ്ധിച്ചു. അസ്വസ്ഥത ജനസാമാന്യത്തിനിടയ്ക്കു വളൎന്നു. ഈ അവസരത്തിലാണ് നവീനമായി നിയമങ്ങൾ നിൎമ്മിക്കണമെന്നുള്ള ഉദ്ദേശ്യത്തോടെ ടൈബീരിയസ് രാഷ്ട്രീയരംഗത്തു് പ്രവേശിക്കുന്നതു്. റോംനഗരത്തിലെ ട്രിബ്യൂൺസ്ഥാനത്തേയ്ക്കു പ്രഥമാധി

കാരിയായ മജിസ്ത്രേട്ട്) ഒരു സ്ഥാനാർത്ഥിയായി അദ്ദേഹം ബീ. സി. ൧൩൩-ൽ പേരു് പ്രഖ്യാപനംചെയ്തു.

ജനങ്ങളാൽ വർഷംതോറും തിരഞ്ഞെടുക്കപ്പെടുന്ന രണ്ടു മജിസ്ത്രേട്ടുമാരാണു് റോം ഭരിച്ചുവന്നിരുന്നതു്. ഇവർ യോജിച്ചാൽമാത്രമേ ഏതു പുതിയ നിയമവും നടപ്പിൽവരുത്താൻ സാധിക്കുകയുള്ളു; എന്നാൽ ഇവരിൽ ഒരാളിന്റെ ഇഷ്ടാനുസരണം ഏതു ഭരണകാര്യത്തേയും തടസ്സപ്പെടുത്താൻ സാദ്ധ്യമായിരുന്നുതാനും.

യഥാകാലം ടൈബീരിയസ്സും, ഒക്ടേവിയസ്സും, ട്രിബ്യൂൺസായി തിരഞ്ഞെടുക്കപ്പെട്ടു. ഉല്പതിഷ്ണുവും, യുവാവും പ്രിയസുഹൃത്തുമായ സഹപ്രവർത്തകൻ തന്റെ സദുദ്ദേശ്യത്തിനോടനുകൂലിക്കുമെന്നായിരുന്നു ശുദ്ധഗതിക്കാരനായ ടൈബീരിയസ് ഊഹിച്ചിരുന്നതു്. അതു സർവ്വാബദ്ധമാണെന്നു് അദ്ദേഹത്തിനു ക്ഷണം ബോധപ്പെട്ടു. അനവധി ഏക്കർ ഭൂമിക്കു് നാഥനായിരുന്നഒക്ടേവിയസ് പ്രഭുപക്ഷപാതിയായ ഒരു ഉദ്യോഗസ്ഥനും കൂടി ആയിരുന്നു. സ്വാർത്ഥലോലുപരല്ലാത്ത ശുദ്ധമതികൾ പരഹൃദയം അളക്കുവാൻ സ്വന്തം മനഃസ്ഥിതിയെ മാനദണ്ഡമായി ഉപയോഗിച്ചുപോകുന്നു. അനന്തരസംഭവങ്ങളിൽനിന്നുമാത്രമേ തങ്ങളുടെ ഭീമാബദ്ധങ്ങൾ അവക്കു് അനുഭവപ്പെടുകയുള്ളു.

ദരിദ്രരായ പൗരസഹസ്രങ്ങളെ മുതലാളികളുടെ മർദ്ദനത്തിൽനിന്നും മോചിപ്പിക്കുവാൻ ടൈബീരിയസ് നിശ്ചയിച്ചുറച്ചു. എതിരാളികളിൽനിന്നും നേരിടാവുന്ന പ്രതിബന്ധങ്ങളേയും, ജീവാപായത്തെത്തന്നെയും അദ്ദേഹം ഓർക്കാതിരുന്നില്ല;എങ്കിലും സദുദ്ദേശ്യത്തിന്റെ ശക്തിയാൽ പ്രേരിതനായതുകൊണ്ടു് ഈ മഹൽകൃത്യത്തിനുവേണ്ടി ഏതു ത്യാഗവും നടത്തുവാൻ അദ്ദേഹം സന്നദ്ധനായി.

ഭൂസ്വത്തുടമസ്ഥന്മാർ ഓരോരുത്തരും അഞ്ഞൂറേക്കറിൽക്കവിഞ്ഞുള്ള കൃഷിസ്ഥലങ്ങൾ ഉടൻതന്നെ ഗവണ്മെ

ൻറിനെ തിരിച്ചേല്പിച്ചുകൊള്ളണമെന്ന് അദ്ദേഹം ഒരു നിയമം നിർമ്മിക്കുവാൻ നിശ്ചയിച്ചു. പഴയനിയമം ഊർജ്ജിതത്തിൽ കൊണ്ടുവരാൻ അദ്ദേഹം ഉദ്ദേശിച്ചു എന്നു മാത്രമേ ഇതിൽ പറയാനുള്ളു. പൂർവ്വനിയമത്തെ അവഹേളിച്ചു ന്യായരഹിതമായി കൈയേററംചെയ്തവരെ ശിക്ഷിക്കുന്നതിനു പകരം അവരുടെ ദേഹണ്ഡത്തിന് പ്രതിഫലം കൊടുക്കുന്നതാണെന്നും അദ്ദേഹം ദയവായി ആലോചിച്ചിരുന്നു. ഇതിനെക്കാൾ സൗജന്യപരമായ ഒരു നിയമം ആശിക്കാവതല്ല. എന്നാൽ ദുരാഗ്രഹികളായ പ്രഭുക്കന്മാരും മുതലാളികളും ഈ നിയമത്തെ എതിർക്കുവാൻ ശ്രമംചെയ്തു. ഭരണകൂടത്തെ തകർത്ത് സ്വേച്ഛാപ്രഭുവായിത്തീരുവാൻ ടൈബീരിയസ് ശ്രമിക്കുന്നു എന്ന് പൊതുജനങ്ങൾ മനസ്സിലാക്കുന്നതിന് അവർ യത്നിച്ചു. എന്നാൽ ടൈബീരിയസ്സിൻെറ ഉദ്ദേശ്യശുദ്ധിയിൽ ദൃഢവിശ്വാസമുണ്ടായിരുന്ന ജനതതി ഈ വ്യാജപ്രസ്താവനയിൽ വിശ്വസിച്ചില്ല. എന്നു മാത്രമല്ലാ ജനഹൃദയത്തെ കൂടുതലായി അദ്ദേഹത്തിലേക്കു ആകർഷിക്കാൻ ഈ ദ്രോഹോദ്യമം കാരണമായിത്തീരുകയും ചെയ്തു.

## സഹപ്രവർത്തകൻെറ സ്വാർത്ഥത.

പൊതുജനസഭയിൽ തൻെറനിയമം ഹാജരാക്കിക്കൊണ്ട് അതിനെ പാസ്സാക്കുവാൻ ജനങ്ങളോട് അദ്ദേഹം അഭ്യർത്ഥിച്ചു. അദ്ദേഹത്തിൻെറ ഹൃദയാന്തർഭാഗത്തിൽനിന്നുംശാന്തമായും മധുരമായും പ്രവഹിച്ച വാക്പ്രസരം ശ്രോതാക്കളെ ആഹ്ലാദചിത്തരാക്കിത്തീർത്തു. ഇററലിയിലെ വന്യജന്തുക്കൾക്കുപോലും അഭയവും വിശ്രമവും നൽകുവാൻ വന്യഗഹ്വരങ്ങൾ സ്ഥിതിചെയ്യുമ്പോൾ മാതൃഭൂമിക്കുവേണ്ടി പ്രാണത്യാഗത്തിന് സന്നദ്ധരായി ആയുധം ധരിച്ചു ചെന്ന പൌരന്മാർ ഭവനശൂന്യരായി ഭാര്യാപുത്രാദികളോ

ടൊത്തു ദേശാടനം ചെയ്യുന്ന ദയനീയചിത്രം അദ്ദേഹം വാക്കുകൾകൊണ്ടു വരച്ചുകാണിച്ചു. സദസ്യർ കണ്ണുനീർ പൊഴിച്ചു. ആ നിയമംമൂലേന തങ്ങൾക്കുലഭിക്കാവുന്ന സൗഖ്യംഓത്തു് അതു് പാസാക്കുവാൻ ജനങ്ങൾ സന്നദ്ധരായി.

അപ്പോഴേയ്ക്കും ഒക്ടേവിയസ് എഴുന്നേററു. "ഈ നിയമത്തോടു ഞാൻ അനുകൂലിക്കുന്നില്ല. റോമിലെ ന്യായാധിപനെന്നനിലയിൽ എൻെറ അധികാരം ഉപയോഗിച്ചു് ഞാൻ ഇതിനെ തടയുന്നു." എന്നു് അദ്ദേഹം ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. അസംബ്ളിമന്ദിരം നിശ്ശബ്ദമായി. അല്പസമയം കഴിഞ്ഞപ്പോൾ സാധുജനങ്ങളെ സഹായിക്കണമെന്നു് കണ്ണുനീരോടുകൂടി ടൈബീരിയസ് സഹപ്രവത്തകന്മാരോടു് അഭ്യത്ഥിച്ചു. ഒക്ടേവിയസ്സിൻെറ ഹൃദയവും ഇതുകണ്ടു് ഏതാണ്ടു ചകിതമായി; എങ്കിലും സ്വനിശ്ചയത്തിൽനിന്നു് അദ്ദേഹം പിന്മാറിയില്ല. പൊതുജനങ്ങളുടെ ക്ഷേമം ഉദ്ദേശിച്ചു്, ഒക്ടേവിയസ്സിൻെറ വകയായി 500 ഏക്കറിൽ കൂടുതലുള്ള ഭൂമിക്കു് വിലകൊടുക്കുവാൻ താൻ തയ്യാറാണെന്നു് ടൈബീരിയസ് അറിയിച്ചു. അതുകൊണ്ടും യാതൊരുഫലവും ഉണ്ടായില്ല.

വോട്ടു ചെയ്യാനുള്ള ദിവസമായി. ന്യായാധിപന്മാരും അസംബ്ളിമന്ദിരത്തിൽ ഹാജരായി. ഇടതിങ്ങി നിരന്നനിന്നധനവാന്മാരുടെ പ്രേരണയാൽ, സമ്മതിദാനം രേഖപ്പെടുത്തിവയ്ക്കാനുള്ള പാത്രം തത്സമയം പെട്ടെന്നു് ആരോ അപഹരിച്ചുകളഞ്ഞു. അതിഭയങ്കരമായ കലാപം ആസന്നമാണെന്നു എല്ലാപേരും കണ്ടു. എന്നാൽ രണ്ടു മാന്യസ്നേഹിതരുടെ അപേക്ഷാനുസരണം ടൈബീരിയസ് ഇടപെട്ടു് സഭ പിരിച്ചുവിട്ടു.

അനന്തരം മുറപ്രകാരം സെനററിൽ (പ്രഭുസഭയിൽ) ടൈബീരിയസ് തൻെറ ബിൽ ഹാജരാക്കി. അവരവരുടെ കൈവശത്തുള്ള സമ്പത്തു വിട്ടുപോകാനുള്ള മാഗ്ഗമുണ്ടോ

അവർ ആലോചിക്കാൻപോകുന്നു. അദ്ദേഹത്തിൻെറ ഉദ്ദേശ്യം അവിടെ ഒട്ടുംതന്നെ ഫലിച്ചില്ല. ഇനിയെന്താണു ചെയ്യേണ്ടതെന്നു ആ സാധുജനസ്നേഹിക്കു നിശ്ചയമില്ലാതായി.

## എതിരാളിയെ സ്ഥാനഭ്രഷ്ടനാക്കി.

വ്യവസ്ഥാപിതമാർഗ്ഗങ്ങളിൽക്കൂടിയുള്ള ശ്രമങ്ങളെല്ലാം വിഫലമായിത്തീർന്നപ്പോൾ അവയെ പരിത്യജിച്ചും ഉദ്ദേശ്യം സാധിക്കാൻ അദ്ദേഹം പ്രേരിതനായി. ഉദ്ദേശ്യം നല്ലതാകയാൽ അതു സാധിക്കാൻ തിരഞ്ഞെടുക്കുന്ന മാർഗ്ഗത്തിൻെറ നന്മതിന്മകളെപ്പററി പരിഗണിക്കേണ്ടതില്ലെന്നു അദ്ദേഹത്തിനു ഒരു ന്യായം തോന്നുകയുംചെയ്തു.

"നിന്ദ്യമായുള്ളതു ചെയ്താലൊടുക്കത്തു
നന്നായ്‌വരുകിലതും പിഴയല്ലല്ലോ."

ഒക്‌ടേവിയസ് ഉദ്യോഗത്തിലിരിക്കുന്നിടത്തോളംകാലം തൻെറ ഉദ്ദേശ്യം സാധിക്കുന്നതല്ലെന്നുള്ളതുകൊണ്ടു അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കുവാൻ ടൈബീരിയസിനു ആലോചനയായി. ബഹുജനങ്ങളുടെമുമ്പാകെ ഒക്ടേവിയസ്സിനോട് അദ്ദേഹം ഒന്നുകൂടി അപേക്ഷിച്ചു. കഷ്ടജനങ്ങളുടെ ജീവിതസൗഖ്യത്തിനു ന്യായമായി കൊടുക്കേണ്ട വസ്തുക്കൾ കൊടുക്കാൻ അദ്ദേഹം പ്രാർത്ഥിച്ചു; അതു നിഷ്ഫലമായിത്തീർന്നപ്പോൾ താനും ഒക്ടേവിയസ്സും ഒരേസമയത്തു ഉദ്യോഗത്തിലിരിക്കുന്നതു ശരിയല്ലെന്നു അദ്ദേഹം നിശ്ചയിച്ചുറയ്ക്കുകയും, താൻ ഉദ്യോഗത്തിൽ ഇരിക്കണമോ വേണ്ടയോ എന്നറിവാൻ പൊതുജനയോഗം വിളിച്ചുകൂട്ടണമെന്നു ഒക്ടേവിയസ്സിനോട് ആവശ്യപ്പെടുകയുംചെയ്തു. ഒക്ടേവിയസ് അതു സ്വീകരിച്ചില്ല. എന്നാൽ താൻ വിളിച്ചുകൂട്ടുന്ന പൊതുയോഗത്തിൻെറ നിശ്ചയം അനുസരിക്കാൻ

ഒക്ടേവിയസ് നിർബദ്ധനാണെന്ന് അറിയിച്ചു. ടൈബീരിയസ്സുതന്നെ ഒരു മഹാജനയോഗം വിളിച്ചുകൂട്ടി.

കൃത്യദിവസം വോട്ടെടുപ്പു നടന്നു. ഒക്ടേവിയസ്സ് ഉദ്യോഗമൊഴിഞ്ഞു പൊയ്ക്കൊള്ളണമെന്ന് 35 വർഗ്ഗക്കാരിൽ പതിനേഴിൻെറയും പ്രധിനിധികൾ രേഖപ്പെടുത്തി. ഇനി ഒരു വോട്ടുകൂടിമതി അയാൾ സ്ഥാനഭ്രഷ്ടനാകാൻ. അപ്പോഴേക്കും സ്നേഹമസൃണഹൃദയനായ ടൈബീരിയസ് സഹപ്രവത്തകനെ ആലിംഗനംചെയ്തിട്ട് തൻെറ അപേക്ഷ ആവത്തിച്ചു. ഇത്തവണ ആ പ്രഭുവിൻെറഹൃദയംഅലിഞ്ഞുപോയെന്നാണു പറയപ്പെടുന്നതു്. അശ്രുക്കളോടുകൂടി അയാൾ കുറേസമയം ഒന്നും സംസാരിക്കാതെ ഇരുന്നുപോയി. ഇതികത്തവ്യതാമൂഢനായിത്തീന്നുപോയ ആ സ്വാത്ഥബുദ്ധിയുടെ നയനങ്ങൾ മുൻവശത്തിരുന്ന ചില ധനികരിൽ പതിഞ്ഞതോടുകൂടി, അയാളിൽ പൂവ്സ്മരണയുണരുകയും, അയാൾ പെട്ടെന്നു എഴുന്നേററു, വോട്ടെടുപ്പു തുടരട്ടേഎന്നു വിളിച്ചുപറയുകയുംചെയ്തു. അടുത്ത വോട്ടുകൂടി ഒക്ടേവിയസ്സിനു് എതിരായി വന്നുചേൻ്നു. ഭൂരിപക്ഷം കിട്ടുകയാൽ വോട്ടെടുപ്പുതുടരേണ്ട ആവശ്യവുമില്ലല്ലോ. ടൈബീരിയസിൻെറ ചില ഭൃത്യന്മാർകൂടി സ്ഥാനഭ്രഷ്ടനായ മജിസ്ട്രേട്ടിനെ ജനക്കൂട്ടത്തിനിടയിൽക്കൂടി പുറത്തേക്കു് പിടിച്ചുവലിച്ചുകൊണ്ടുപോയി. ധനികരായ സ്നേഹിതന്മാരുടെ സഹായത്താൽ അയാൾക്കു ദേഹാപായം നേരിട്ടില്ലെന്നേയുള്ളു.

## ശത്രുക്കൾ പരത്തിയ ദുഷ്പ്രവാദം.

കുഴപ്പങ്ങളെല്ലാം ഉമിത്തീപോലെ ശാന്തമായതായി കാണപ്പെട്ടു. ഭൂമിമുഴവൻ അളന്നു തിട്ടപ്പെടുത്തി നിയമാനുസരണം വിഭജിക്കാൻ മൂന്നുപേർ അടങ്ങിയ ഒരു കമ്മിഷൻ നിയമിതമായി. വേറൊരു ട്രിബ്യൂണിനെ ടൈബീരി

യസ്സുതന്നെ തിരഞ്ഞെടുത്തു. സാമാന്യജനങ്ങളെല്ലാം ആഹ്ലാദിക്കയും ചെയ്തു.

അതോട്ടുകൂടി ടൈബീരിയസ്സിനെ സ്ഥാനഭ്രഷ്ടനാക്കു കയും കൊല്ലുകയും ചെയ്യുന്നതിനുള്ള ഉപജാപങ്ങൾ പലത രത്തിൽ നടന്നുകൊണ്ടിരുന്നു. പ്രഭുക്കന്മാൎക്ക് അദ്ദേഹത്തോ ടുള്ള പക ഒരുപ്രകാരത്തിലും അവസാനിക്കയില്ലെന്നമട്ടായി. എന്നാൽ ബഹുഭൂരിപക്ഷം ജനതയെ ഭയപ്പെട്ട് അവരുടെ ഈ നായകനെ തക്കതായ കാരണംകൂടാതെ നേരിട്ടെ തിക്കാനും ധനികന്മാൎക്ക് ഭയമായിരുന്നു.

ദരിദ്രജനസ്നേഹിയായ ആ പ്രഭുവിൻെറ ഭവനം ശത്രു ക്കൾ ഒരുരാത്രി അഗ്നിക്കിരയാക്കുമെന്ന് ഒരു ശ്രുതി പരന്ന പ്പോൾ ആ ഗൃഹത്തിനുചുററും അനവധി കൂടാരങ്ങൾ കെട്ടി ജനങ്ങൾ രാപകൽ സൂക്ഷിച്ചുകൊണ്ടിരുന്നുവത്രേ! അദ്ദേഹത്തിന്ന് നേരിടാവുന്ന അപായങ്ങളിൽനിന്നെല്ലാം രക്ഷിക്കുന്നതിന്ന് അവർ കഴിയുംവിധം മുൻകരുതലുകൾ ചെയ്തുകൊണ്ടിരുന്നു.

## ടൈബീരിയസ്സിൻെറ നിഗ്രഹം.

ദുസ്സ്വാതന്ത്ര്യം പ്രയോഗിച്ച് ടൈബിരിയസ്സ് ഇററലി യിലെ സൎവ്വാധിനാഥനായിത്തീരാൻ ഒരുങ്ങുന്നു എന്നൊരു വാൎത്ത പ്രഭുക്കന്മാരുടെ ഇടയ്ക്കു കുറേശ്ശെ പരന്നുതുടങ്ങി. ഒരുദിവസം അദ്ദേഹം ബഹുജനസഭാമന്ദിര(ക്യാപ്പിറേറാൾ) ത്തിലേക്ക് പോകാൻ ഭാവിച്ചപ്പോൾ, അദ്ദേഹത്തിൻെറ അഭ്യുദയകാംക്ഷികളായ സുഹൃത്തുക്കൾ അദ്ദേഹത്തെ ത ടുത്തു. പുറപ്പെട്ട അവസരത്തിൽ പലവിധം ദുൎല്ലക്ഷണങ്ങൾ കാണുകയുണ്ടായി. അതൊന്നും വകവയ്ക്കാതെ ടൈബീ രിയസ്സ് കൃത്യനിൎവ്വഹണാൎത്ഥം ക്യാപ്പിറേറാളിലേയ്ക്കുതന്നെ പോയി. അവിടെ നിരവധി ജനങ്ങൾ കൂടിയിരുന്നു. കി രീടധാരണകൃത്യം നിൎവ്വഹിക്കാൻ ടൈബിരിയസ്സ് ബദ്ധപ്പെ

ടുന്ന എന്നുള്ള വാൎത്ത നാസിക്ക എന്നയാൾ പ്രഭുസഭമുമ്പാകെ ഉച്ചത്തിൽ പ്രസ്താവിച്ചു. ഭരണയന്ത്രം പ്രഭുക്കന്മാരുടെ കൈയിലാണെങ്കിലും, അതു ജനസാമാന്യത്തിൻെറ നിയന്ത്രണത്തിനു് അധീനമാണെന്നു് കരുതപ്പെട്ടിരുന്ന റോമൻകാർ ഒരുവൻെറ സ്വേച്ഛാഭരണം ഒരിക്കലും സഹിച്ചിരുന്നില്ല. അതിനാൽ നാസിക്കാ പരത്തിയ ഈ വാൎത്ത സാമാന്യജനങ്ങളിൽ ചിലരുടെ ഹൃദയശാന്തതപോലും നശിപ്പിച്ചു. ജനക്കൂട്ടത്തിനിടയിൽക്കൂടി ആ പ്രഭു ധീരതയോടെ മുന്നോട്ടുപാഞ്ഞു. സ്നേഹിതന്മാർ അയാളെ അനുഗമിച്ചു. എന്തിനും സന്നദ്ധരായ ഒരുക്കൂട്ടം പ്രഭുക്കന്മാരും അനുഗാമികളും ക്യാപ്പിറേറാളിൽ കൂടിയിരുന്ന ജനസഞ്ചയത്തിനിടയ്ക്കു പ്രവേശിച്ചു.

പിന്നീടുനടന്ന കോലാഹലമൊന്നും പറയാനില്ല. കസേരകൾ, സ്ററൂളുകൾ, മേശകൾ ഇവയെല്ലാം അടിച്ചുപൊളിച്ചു അവയുടെ കാലുകൾ എടുത്തു പരസ്പരം പ്രഹരങ്ങളും ഏറുകളും ആരംഭിച്ചു. ടൈബീരിയസ്സിൻെറ പക്ഷത്തുള്ളവർ തങ്ങളുടെ നാഥനെ രക്ഷിക്കാൻ കഴിയുന്നത്ര ശ്രമംചെയ്തു. അദ്ദേഹം ഗത്യന്തരമില്ലാതെ ഓടിയെങ്കിലും ശത്രുക്കളുടെ പ്രഹരങ്ങൾ തലയ്ക്കു് ഏററു താഴെപ്പതിച്ചു. ക്ഷണനേരംകൊണ്ടു് ആ രാജ്യസ്നേഹിയെ അവർ കാലപുരിക്കയയ്ക്കുകയുംചെയ്തു. ആകെപ്പാടെ മുന്നൂറുപേർ അന്നത്തെ ലഹളയിൽപ്പെട്ടു് മരിച്ചിട്ടുണ്ടു്. അങ്ങനെ അന്നത്തെ ആ ലഹള അവസാനിച്ചു.

പ്രഭുക്കന്മാരുടെ ദുസ്സ്വാതന്ത്ര്യപ്രകടനത്തിനു റോം വീണ്ടും വിധേയമായിത്തീൎന്നു. അദ്ദേഹത്തിൻെറ സഹപ്രവൎത്തകരെയെല്ലാം ഗവൎണ്മെൻറു് ശിക്ഷിച്ചു. എന്നാൽ ജനസഞ്ചയത്തിൻെറ കഠിനരോഷാഗ്നിക്കു പാത്രീഭൂതനായിരുന്ന നാസിക്കായെ നാടുകടത്താതിരിക്കാൻ ഗവൎണ്മെൻറിനു് നിവൃത്തിയില്ലാതെവന്നു. അതോടുകൂടി പ്രക്ഷുബ്ധാന്തരീക്ഷം ശാന്തമായിത്തീൎന്നു.

## ഗേയസ് ഗ്രാക്കസ്.

പത്തുസംവത്സരംകഴിഞ്ഞതിനുശേഷമാണ് ഇതുപോലൊരു സംഭവം റോമൻചരിത്രത്തിൽ വീണ്ടും നാം കാണുന്നത്. ജ്യേഷ്ഠൻെറ മരണസമയം ഇരുപതുവയസ്സുമാത്രം പ്രായമുണ്ടായിരുന്ന ഗേയസ് ഗ്രാക്കസിന്ന് ജ്യേഷ്ഠൻെറ നിധനവയോഘട്ടമായ മുപ്പതാംവയസ്സായപ്പോളാണ് ആ സംഭവവും നടന്നത്. സഹോദരനെ വധിക്കാൻ ശ്രമംചെയ്ത പ്രഭുക്കന്മാരുടെശക്തി ഇല്ലായ്മചെയ്യുന്നതിനുപുറമേ, അദ്ദേഹത്തെ വധിച്ചവരോടു പകരംവീട്ടണമെന്നും ആ യുവാവിന്ന് ആശയുണ്ടായി. അതിനെ ഗോപനംചെയ്തുകൊണ്ടു് അയാൾ ഗവണ്മെൻറിൻെറകീഴിൽ ഓരോഉദ്യോഗങ്ങൾ സ്വീകരിച്ച് ജനപ്രീതി സമ്പാദിച്ചുകൊണ്ടിരുന്നു. ബി. സി. ൧൨൩-ാമാണ്ടു്. ട്രിബ്യൂൺസ്ഥാനത്തേക്ക് തൻെറ പേർ പ്രഖ്യാപനം ചെയ്തപ്പോൾ സാമാന്യജനങ്ങളെല്ലാം അദ്ദേഹത്തിനുവേണ്ടി വോട്ടുചെയ്തു. ജ്യേഷ്ഠൻെറ പ്രവൃത്തികളും അനുജൻ അതേവരെ പ്രദർശിപ്പിച്ചിട്ടുള്ള കഷ്ടകസ്നേഹവും ഓർത്തതിനാൽ പ്രഭുക്കന്മാരിൽ ആരുംതന്നെ അദ്ദേഹത്തിനെ അനുകൂലിച്ചില്ല.

ഇരുപത്തൊൻപതുവയസ്സായിരുന്നു ഗേയസ്സിന്ന് അപ്പോൾ പ്രായം. രാജ്യാഭിമാനോജ്ജ്വലഹൃദയനായ അദ്ദേഹത്തിനു പല നല്ല ആദർശങ്ങളും പ്രായോഗികമാക്കണമെന്നു മോഹമുണ്ടായിരുന്നു. അവയെല്ലാം അദ്ദേഹം ഒന്നൊന്നായി പ്രവൃത്തിപഥത്തിൽ കൊണ്ടുവരാനും ആരംഭിച്ചു.

## കൃഷിക്കാൎക്കുവേണ്ടിയുള്ള പരിഷ്കാരങ്ങൾ.

ജ്യേഷ്ഠൻെറ മരണത്തിനു കാരണഭൂതരായവരെയെല്ലാം പൊതുജനങ്ങളുടെ ആനുകൂല്യത്തോടെ അദ്ദേഹം

ശിക്ഷിച്ചു. കേസുതീരുമാനിക്കുന്നതിനു സെനററിനുണ്ടായിരുന്ന അധികാരം ആ പ്രഭുസഭയിൽനിന്നു എടുത്തിട്ടു പ്രത്യേകം ഒരു കോടതിയിലേക്കു അദ്ദേഹം അതിനെ പരിവത്തനം ചെയ്തു. അങ്ങനെ പ്രഭുക്കന്മാരുടെ ശക്തി ഗണ്യമായവിധം കുറച്ചു. ജ്യേഷ്ഠൻ നടപ്പാക്കിയിരുന്ന കാഷികനിയമങ്ങൾ പുനർജ്ജീവിപ്പിച്ചു. ധാന്യനിയമംമുഖേന അവരുടെ ധാന്യങ്ങൾക്കു വിലകിട്ടത്തക്ക വ്യവസ്ഥ ചെയ്തു. കാത്തേജിൽ ഒരു കാളനിസ്ഥാപിച്ചു ഇങ്ങനെ പലനിയമങ്ങളും നടപ്പിൽവരുത്തി സാമാന്യജനതയുടെ സ്നേഹബഹുമാനങ്ങൾ അദ്ദേഹം നിഷ്പ്രയാസം സമ്പാദിച്ചു.

## പ്രഭുക്കന്മാരുടെ ഭയം.

അടുത്തവഷത്തിലും ജനങ്ങൾ അദ്ദേഹത്തെ ട്രിബ്യൂൺ ആയി തിരഞ്ഞെടുത്തു. ദിനംപ്രതി വളൻകൊണ്ടിരുന്ന അദ്ദേഹത്തിൻെറ കീത്തിയിലും ജനസ്വാധീനത്തിലും പ്രഭുസംഘയത്തിനു അസൂയവദ്ധിച്ചു അതു ഒടുവിൽ ആധിയായി രൂപാന്തരപ്പെടുകയും ചെയ്തു. പൊടുന്നനവേ ആകാശത്തുനിന്നു ഒരു താരം നിലത്തുവീണു പ്രഭാപൂരം പരത്തുന്നതുപോലെ അവക്കുതോന്നി. അതിനെ ഏതുവിധേനയെങ്കിലും നശിപ്പിച്ചുകളയാത്തപക്ഷം അതു തങ്ങൾക്കു നാശകാരണമായിത്തീരുമെന്നു അവക്കുതോന്നി. മുതലാളിമാരുടേയും പ്രഭുക്കന്മാരുടേയും കൈയിൽനിന്നു ഭരണസ്വാതന്ത്ര്യം സമ്പൂണ്ണമായി സാമാന്യജനങ്ങളുടെ കരങ്ങളിൽ നിക്ഷേപിക്കണമെന്നുള്ള ഗേയസിൻെറ മോഹം അദ്ദേഹം ഏറെത്താമസിയാതെ ഫലിപ്പിക്കുമെന്നുതന്നെ അവക്കു ബോദ്ധ്യംവന്നു.

അവർ എത്രത്തോളം ആ മനുഷ്യസ്നേഹിയെ വിദ്വേഷിച്ചോ, സമാന്യജനങ്ങൾ അത്രത്തോളം അദ്ദേഹത്തെസ്നേഹിച്ചു. സദാ അദ്ദേഹം അവരുടെ അഭീഷ്ടങ്ങൾ കാര്യമാ

യിപരിഗണിച്ചും, സഹപ്രവത്തകരുടെ നീരസം അവഗണിച്ചും പ്രവത്തിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിൻെറ താമസംതന്നെ സാധുജനങ്ങളുടെ കുടിലുകഠംക്കിടയിലാക്കി; ജിവിതരീതി അവരുടേതുപോലെ ലളിതവുമാക്കി.

## വീരചരമം.

അവിടത്തെ കാൺസലിൻെറ ഒരു ഭൃത്യനെ അവൻെറ ധിക്കാരംനിമിത്തം ശത്രുക്കഠം വധിക്കുകയാൽ നഗരസംരക്ഷണത്തിന്ന് സെനററുമെംബർമാർ പ്രത്യേകം ഏപ്പാടുകഠം ചെയ്തു. അരാജകകക്ഷിക്കാരുടെ അക്രമപ്രവൃത്തികളിൽനിന്നു നാടിനെരക്ഷിക്കുവാൻ ഇത്തരം കരുതലുകഠം അത്യാവശ്യമാണെന്നു് പ്രഭുക്കന്മാർ നാട്ടിലെങ്ങും പരത്തുകയുണ്ടായി. തന്നിമിത്തം കൃഷികജനതയുടെഇടയ്ക്കു് വദ്ധിച്ചുകൊണ്ടിരുന്ന അപ്രീതി അവരെ പ്രഭുജനങ്ങളിൽ നിന്നു് കൂടുതലായിഅകററിനിറുത്തി. അവർ തങ്ങളുടെഒരേ ഒരു നേതായായ ഗേയസ്സിൻെറ ജീവൻ രക്ഷിക്കാൻ അതിയായി ഉത്സുകതയും ഉല്ക്കണ്ഠയുംപ്രദശിപ്പിച്ചുകൊണ്ടിരുന്നു.

നിയമസഭാമന്ദിരത്തിലേയ്ക്കു ഗേയസ്സ് പുറപ്പെട്ട അവസരത്തിൽ ഭായ്യ അദ്ദേഹത്തിൻെറ കൈക്കുപിടിച്ചുകൊണ്ടു ഇപ്രകാരം പറഞ്ഞു:—"അവിടുത്തെ ജ്യേഷ്ഠനായ ടൈബീരിയസിനെ നിഗ്രഹിച്ചവരുടെ അട്ടക്കലേയ്ക്കാണു് അവിടുന്നു് ഇപ്പോഠംപോകുന്നതു്. ആയുധം ഒന്നും ധരിക്കാതെയും സ്വരക്ഷയെ ഗണിക്കാതെയും മനഃപൂവ്വം ആപത്തുവലിച്ചുതലയിൽ കയററാനായിട്ടാണു് ഈ പോക്കു് ഈ ഘട്ടത്തിലുള്ള അങ്ങയുടെമരണം പൊതുജനക്ഷേമത്തിന ഒരു വിധത്തിലും ഉപകരിക്കുന്നതല്ല. ജനങ്ങളുടെ ഇടയ്ക്കു് ഭിന്നിപ്പുനിലനിൽക്കുന്നേതേയുള്ളൂ. ന്യായംനടത്തുന്നതിന്നു് കരബലമാണു് ഇപ്പോഴത്തെ ഉപകരണമായിത്തീന്നിരിക്കുന്നതു്."

തന്നെ ആലിംഗനം ചെയ്തുകൊണ്ടു കണ്ണുനീരോടുകൂടി സപാഭാര്യ പുറപ്പെടുവിച്ച ഉത്തരം വാക്കുകൾക്ക് ഒരുവിധം സമാധാനം പറഞ്ഞിട്ട് അദ്ദേഹം പുറപ്പെട്ടു. ഭർത്താവിന്റെ ഔദ്യോഗികവസ്ത്രത്തിൽ പിടികൂടി തടഞ്ഞുനിർത്താൻ ചെയ്തശ്രമം ഭാര്യയുടെ ദണ്ഡനമസ്കാരത്തിലും തുടർന്നുള്ള മോഹാലസ്യത്തിലും പരിണമിച്ചതല്ലാതെ ഗേയസ്സിനെ പിന്തിരിപ്പിച്ചില്ല. സ്നേഹിതവൃന്ദം അദ്ദേഹത്തെ അനുഗമിച്ചു. പുരവാസികളുടെ ആകെപ്പാടെയുള്ള ക്ഷേമത്തിനു വിഘ്നം വരുത്തുന്ന ഒരു കൂട്ടം ജനങ്ങൾ നഗരത്തിലുണ്ടെന്നും, ഗേയസ്സിന്റെ അനുഗാമികളുടെ കൂട്ടത്തിലാണ് അവരിൽ അധികവും സ്ഥിതിചെയ്യുന്നതെന്നും ഗവണ്മെണ്ടിന്റെ പേരിൽ കാൺസൽ ഒരു പ്രഖ്യാപനം നടത്തി. അരാജകപ്രവൃത്തി അവർ തുടരാതിരിക്കുന്ന പക്ഷം അവക്കു മാപ്പുകൊടുക്കുന്നതാണെന്നുകൂടി വിളംബരത്തിൽ പ്രസ്താവിച്ചിരുന്നതുകൊണ്ട് ഗേയസ്സിന്റെ അനുയായികളിൽ പലരും പിൻമാറി. തല്ക്കാലം ആത്മരക്ഷാർത്ഥം റോംനഗരം വിട്ടോടിപ്പോകുന്നതാണ് നല്ലതെന്ന് അദ്ദേഹത്തിന്റെ സ്നേഹിതന്മാരിൽ ഉററവരായ ചിലർ ഉപദേശിച്ചു. അതു കേൾക്കാതെയിരിക്കാൻ നിവൃത്തിയില്ലെന്നും വന്നുകൂടി.

ഗേയസ്സ് അസംബ്ളിഹാൾ വിട്ട് ഓട്ടം തുടങ്ങി. ശത്രുക്കൾ അനുധാവനം ചെയ്തു. ഒരുപാലം കടക്കേണ്ടി വന്നപ്പോൾ ഗേയസ്സു രക്ഷപ്പെടുന്നതുവരെ രണ്ടുപേർ അദ്ദേഹത്തിനുവേണ്ടി പാലത്തിൽനിന്നു ശത്രുക്കളോടു പൊരുതു. ആ യഥാർത്ഥസുഹൃത്തുക്കളെ വെട്ടിവീഴ്ത്തിയതിനുശേഷംമാത്രമേ അവക്കു അക്കര കടക്കാൻ സാദ്ധ്യമായുള്ളു.

ഒരു വിശ്വസ്തഭൃത്യൻമാത്രമുണ്ട് അദ്ദേഹത്തോടൊന്നിച്ചു ഓടാൻ. വഴിയിൽകണ്ട ചിലരോടു ഗേയസ്സ് ഒരു കുതിരയെ ചോദിച്ചു എങ്കിലും ശത്രുക്കൾ അടുത്ത് എത്തിപ്പോയതിനാൽ ആരും അദ്ദേഹത്തെ സഹായിച്ചില്ല.

2125

ഗത്യന്തരമില്ലാതെ ഗേയസ്സും ഭൃത്യനും ഒരു വള്ളിക്കുടിലിൽ കയറി ഒളിച്ചു. അടുത്തു വന്ന ശത്രുക്കൾ തങ്ങളെ പിടിക്കുടുമെന്നായപ്പോൾ യജമാനന്റെ ആജ്ഞാനുസരണം ഭൃത്യൻ അദ്ദേഹത്തെ കുത്തിക്കൊന്നു. അടുത്ത നിമിഷത്തിൽ തന്നെത്താനെ കുത്തി അയാളും സ്വനാഥന്റെ ശരീരത്തിൽ വീണു മരണം പ്രാപിച്ചു.

ഗേയസ്സിന്റെ ശിരസ്സ് കൊണ്ടുവരുന്നവർക്ക് തക്കതായ സമ്മാനം കൊടുക്കുന്നതാണെന്നു് കാൺസൽ പ്രഖ്യാപനം ചെയ്തിരുന്നതനുസരിച്ച് ഒരാൾ അദ്ദേഹത്തിന്റെ ശിരസ്സ് വെട്ടി ഹാജരാക്കി. അതു തൂക്കിനോക്കിയപ്പോൾ പതിനേഴ റാത്തൽ ഉണ്ടായിരുന്നുപോൽ. തൂക്കത്തിനനുസരിച്ച് സമ്മാനം ലഭിക്കുമെന്നുകരുതി ആ തലയ്ക്കകത്തു നിന്നു് തലച്ചോറു് എടുത്തുകളഞ്ഞിട്ടു് ഈയ്യം നിറച്ചതുകൊണ്ടാണു് ഇത്രയും ഭാരം വന്നതെന്നും പറയപ്പെട്ടിരിക്കുന്നു.

ആ കഷ്ടകബന്ധുവിന്റെ അനുനായികളിൽ അനവധി ആളുകളെ പ്രഭുപക്ഷത്തുള്ളവർ നിഗ്രഹിക്കയും അവരുടെ വസ്തുവകകൾ സർക്കാരിലേയ്ക്കു കണ്ടുകെട്ടുകയുംചെയ്തു.

വീരചരമം വരിച്ച ഈ രണ്ടു നന്ദനന്മാരുടേയും മരണത്തിനുശേഷം, അവരുടെ മാതാവായ കർണീലിയ നയിച്ച ജീവിതം സകലരുടേയും ആദരബഹുമാനങ്ങൾ സമാർജ്ജിച്ച ഒന്നായി റോമൻചരിത്രത്തിൽ വർണ്ണിച്ചുകാണുന്നു. അതേവരെ നയിച്ചുകൊണ്ടിരുന്ന ജീവിതത്തിൽനിന്നു് അശേഷം വ്യത്യാസംകൂടാതെ സന്ദർശകരെ വേണ്ടവിധംസല്ക്കരിച്ചും, സ്നേഹിതരോടു് സൗഹാർദ്ദപുരസ്സരം പെരുമാറിയും, സന്തോഷത്തോടുകൂടിത്തന്നെ ആ സ്ത്രീരത്നം ദിനരാത്രങ്ങൾ കഴിച്ചുകൂട്ടി. പിതാവായ സിപ്പിയോ ആഫ്രിക്കാനസിന്റെ ചരിതങ്ങൾ വർണ്ണിക്കുന്നതുപോലെതന്നെ ആ ധീരവനിത പുത്രന്മാരുടെ മനുഷ്യസ്നേഹപരമായ പ്രവൃത്തികളും ആഗതരോടു വർണ്ണിച്ചുപറയുമായിരുന്നു. ഇത്ര മഹത്ത്വമുള്ള

വീരസന്താനങ്ങളെ പ്രസവിച്ചതിനാൽ താൻ ധന്യ എന്നു കണ്ണീലിയാ വിശ്വസിച്ചതുകൊണ്ടു്, പുത്രന്മാരെപ്പററി പ്രസ്താവിക്കുമ്പോൾ ആ മഹതിക്കു് കണ്ണുകൾ നിറയുകയോ ഗദ്ഗദം ഉണ്ടാകയോ ചെയ്യുക പതിവില്ല. "ഏതുതരം സങ്കടവും ജയിക്കുന്നതിനു് മഹത്തായ സ്വഭാവത്തിനും കറകളഞ്ഞ സംസ്കാരത്തിനും ശക്തിയുണ്ടത്രേ! ദൗർഭാഗ്യങ്ങൾ പലപ്പോഴും വിജയം പ്രാപിച്ചേക്കാം; കഷ്ടതകളെ ദൂരീകരിക്കാനുള്ള നമ്മളുടെ ശ്രമങ്ങളെ അവ വിഫലമാക്കി ത്തീർത്തേക്കാം; എന്നാലും, അവയെ സഹിക്കാനുള്ള നമ്മ ളുടെ പ്രയത്നങ്ങളെ പ്രതിരോധിക്കാൻ ആ ദൗർഭാഗ്യങ്ങൾക്കു ഒട്ടുംതന്നെ സാധിക്കുന്നതല്ല."

# റാ. ഭവാനിറാണി.

പി. ജീ. പൊന്നമ്മ എം. ഏ.

"ഏവളാണധികവല്ലഭയായോൾ?
ഏവളാണധികദുർല്ലഭയായോൾ?
ഏവളാണിവിടെ നമ്മൾപുകഴ്ത്തി-
പ്പാടിടുന്നവരിലുത്തമയായോൾ?
ഭാഗ്യമെന്നതതിയായി വരുമ്പോ-
ളുള്ളിലുററകനിവുള്ളവളായും
ഘോരമാകിയ വിപത്തിലമന്ദം
പ്രീതിഭാരമിയലുന്നവളായും
അത്ര നമ്മുടയ ഹർഷമതായോ-
രാമ്പലിന്നരിയ ചന്ദ്രികയായും
അത്തൽവന്നിടുമവസ്ഥയിൽ നമ്മൾ-

ക്കാശപ്രസിപ്പിന്നുതകും സഖിയായും
മേവിടുന്ന രമണീമണിയാണി-
ബ്ഭൂവിൽ മാന്യയതിനില്ല വികല്പം."

രണ്ടുകോടിയിൽപ്പരം രൂപാ മുതലെടുപ്പുള്ള നാട്ടർ രാജ്യത്തിലെ സിംഹാസനാധിപതി ഇതാ പെട്ടെന്ന് അശരണനും അസ്തപൌരുഷനും ആയിത്തീർന്നിരിക്കുന്നു. അദ്ദേഹത്തിൻെറ അശ്രദ്ധതയിൽപ്പരം എണ്ണം വരുന്നഭടന്മാരിൽ പലരും ശമ്പളക്കുടിശ്ശികനിമിത്തം മേൽക്കോയ്മയായ നവാബിൻെറ പക്ഷത്തു ചേൎന്നുകഴിഞ്ഞു. ബാക്കിയുള്ളവർ നവാബിൻെറ സൈന്യത്തോടു എതിരിടാൻ മടിച്ച് എങ്ങോട്ടോ ഓടിപ്പോയിരിക്കുന്നു. കൊട്ടാരത്തിലെ പരിചാരകവൃന്ദംപോലെ ആ രമാകാന്തരാജനെ നിഷ്കരുണം ഉപേക്ഷിച്ചിട്ട് പൊയ്ക്കളഞ്ഞു. നിശ്ശബ്ദതയുടെ അദൃഷ്ടനൃത്തങ്ങൾ മാത്രം ആ മോഹനലക്ഷ്മീസങ്കേതത്തിൽ നടക്കുന്നതായി അദ്ദേഹത്തിനുതോന്നി. അതേ; മൂതേവിയുടെ പൈശാചികാവാസംകൊണ്ട് അവിടത്തെ മനോഹരസൗധങ്ങൾ ഭയജനകമായി പെട്ടെന്നു രൂപാന്തരം പ്രാപിച്ചുപോയി.

ഏറെക്കാലമായി രാജ്യകാര്യങ്ങളിൽ അശേഷം ശ്രദ്ധ ചെലുത്താതെ, മദ്യപാനം ചെയ്തും, മധുവാണികളിൽ ലീനചിത്തനായും കാലയാപനം ചെയ്തുപോയതോൎത്ത് രമാകാന്തൻ ഇപ്പോൾ വളരെ പശ്ചാത്തപിക്കുന്നുണ്ട്. തൻെറ അസാന്നിദ്ധ്യത്തിൽ യാതൊരു കുറവും വരുത്താതെ ഭരണകാര്യങ്ങൾ ഒരുവിധം ശരിയായി നടത്തിക്കൊണ്ടിരുന്ന മന്ത്രിയെ തക്കതായ കാരണംകൂടാതെ പിരിച്ചുവിട്ടതോൎത്തും അദ്ദേഹം വ്യസനിക്കുന്നുണ്ട്. ഫലമെന്ത്? സകലതും തനിക്കു നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കുന്നു. വൎഷംതോറും 52 ലക്ഷംരൂപാ കപ്പമായിട്ടടച്ചുകൊണ്ടിരുന്നതു വീഴ്ചവരുത്തിയതുനിമിത്തം കുപിതനായി സൈന്യങ്ങൾ അയച്ചിരി

ക്കുന്ന നവാബിൻെറ പ്രവൃത്തി എത്രയും ശരിയായുള്ളതാണെന്നും അദ്ദേഹത്തിനു തോന്നിത്തുടങ്ങിയിട്ടുണ്ടു്.

തീരെ അപ്രതീക്ഷിതമായി നേരിട്ടിരിക്കുന്ന ഈ വിപത്തിൽ അനുശോചിക്കുന്നതിനു വല്ലവരും ആ കൊട്ടാരത്തിൽ അവശേഷിക്കുന്നുണ്ടോ എന്നു അന്വേഷിക്കാനായി രാമകാന്തൻ അവിടംമുഴുവൻ ചുററിനടന്നുനോക്കി. ഓടിപ്പോകാൻ നിവൃത്തിയില്ലാത്ത ചില വൃദ്ധന്മാരും, മരിക്കുന്നെങ്കിൽ തങ്ങളുടെ രാജാവിനോടൊത്തു മരിച്ചുകളയാം എന്നുകരുതിയിരിക്കുന്ന അപൂർവ്വം ചില പാറാവുകാരും മാത്രം അവിടവിടെ ആവിലമാനസരായി നിൽക്കുന്നുണ്ടു്. മനുഷ്യവർഗ്ഗം ഇത്ര നന്ദികെട്ടതാണല്ലോ എന്നോർത്തു അദ്ദേഹം നിരാശപ്പെട്ടുന്നുണ്ടാകാം.

ആ മോഹനസൗധത്തിലെ മുറികൾ പലതും കടന്നു ചെന്നപ്പോൾ മൂടുപടംകൊണ്ടു് മുഖംമറച്ചു് ആരോ ഒരാൾ ചത്തുകുത്തിയിരിക്കുന്നതുപോലെ രമാകാന്തൻ കാണുന്നു. കൊട്ടാരത്തിനോടടുത്തു വരുന്ന ഭടന്മാരുടെ പടഹധ്വനികൾ കേട്ടിട്ടും ഭാവഭേദമൊന്നും കാണിക്കാതെയിരിക്കുന്ന ആ സത്വം ഏതാണെന്നറിവാൻ ഉല്ക്കണ്ഠയോടുകൂടി രാജാവു് അടുത്തുചെന്നു മൂടുപടം മാററിനോക്കി. അപ്പോൾ കണ്ടകാഴ്ചയാൽ സന്തപ്തചിത്തനായിത്തീർന്നുപോയ രമാകാന്തൻ ലജ്ജാവിവശനായി പുറകോട്ടുമാറിപ്പോയി. കണ്ണീർപൊഴിച്ചു തളർന്ന നയനങ്ങളോടുകൂടി, "വാടിത്തളർന്നുകാണുന്ന ആമുഖം ഒരു കാലത്തു് അഭിരാമപരിവേഷത്താൽ ആവൃതമായ കനകാംബുജംപോലെ ലോകസമ്മോഹകമായുള്ള സൗന്ദര്യസാരത്തിൻെറ കോമളക്ഷ്മമായിരുന്നു" എന്നു സി: വി. യുടെ ഭാഷയിൽ പറയുന്നതായാൽ അതിൽജീവചരിത്രവ്യതിരിക്തമായ അതിശയോക്തി അല്പംപോലും ഇല്ലതന്നെ.

സകലരും തന്നെ വിട്ടുപൊയ്ക്കഴിഞ്ഞിരിക്കുന്ന ഈ ഭയങ്കരവിപൽഘട്ടത്തിൽ രമാകാന്തൻെറ പത്നിമാത്രം ഭർത്തൃചിന്തകൊണ്ടു ദഗ്ദ്ധമാനസയായി അവിടെ സ്ഥിതിചെയ്യുകയായിരുന്നു. മദ്യപാനവും വേശ്യാവൃത്തിയും പരിത്യജിച്ച് രാജ്യകാര്യങ്ങൾ ശരിക്കുനോക്കാൻ നിരവധിതവണ അപേക്ഷിച്ചിട്ടും അവയെല്ലാം നിസ്സാരമാക്കിത്തള്ളിക്കളഞ്ഞ അതേ ഭർത്താവിനെ ഓർത്തുമാത്രമാണ് ഈ നാരീരത്നം "ചിന്താശതക്ഷുഭിത"യായി വെന്തുരുകുന്ന ഹൃദയത്തോടെ കമ്പിട്ടിരിക്കുന്നതു്. ഭർത്താവിൻെറ കാമസമ്പൂർത്തിക്കായി അഭിസാരികാഗൃഹത്തിലേയ്ക്കു് തൻെറ കണവനെ ചുമന്നുകൊണ്ടുപോയ ശീലവതിയുടെ ചരിതംകൊണ്ടു് പാവനമായിത്തീർന്നിരിക്കുന്ന ഭാരതഭൂവിൽ ഇത്തരം വനിതാമാണിക്യങ്ങളെ കാണുന്നതു് അപൂർവ്വമല്ലല്ലോ.

ഭാര്യ ഭർത്താവിനെ സസ്നേഹം സ്വീകരിച്ചു ആശ്വസിപ്പിക്കാൻ ശ്രമിച്ചു. എത്രാനും വർഷങ്ങളായി അത്യന്തം നിഷ്ഠുരതയോടെ താൻ പെരുമാറിയിട്ടും അതെല്ലാം അവഗണിച്ചു് ഈ ആപൽക്കാലത്തുതന്നെ സാന്ത്വനപ്പെടുത്തുന്ന കാന്തയുടെ മനോമഹത്വം രമാകാന്തനു ഇപ്പോഴാണു് മനസ്സിലാകുന്നതു്. അദ്ദേഹം കുടുകുടെ കണ്ണുനീർവാർത്തു. പശ്ചാത്താപസമുദ്രത്തിലാണ്ടു് രാജാവു വിവശനായിത്തീർന്നുപോയി.

ശത്രുസൈന്യങ്ങൾ കൊട്ടാരത്തിനകത്തു പ്രവേശിച്ച ശബ്ദംകേട്ടു് അദ്ദേഹത്തിൻെറ ഉള്ളം നടുങ്ങി. "പ്രാണരക്ഷയ്ക്കു വല്ലമാർഗ്ഗവുമുണ്ടോ?" എന്നു ഗത്യന്തരമില്ലാതെ ഭയവിഹ്വലനായ അദ്ദേഹം ഭാര്യയോടു ചോദിച്ചു.

സന്മാർഗ്ഗനിഷ്ഠാസമ്പന്നക്കു "വിപദിധൈര്യം" ജന്മസിദ്ധമാണു്. ഭർത്താവിൻെറ കൈയ്ക്കു പിടിച്ചുകൊണ്ടു് ഭവാനിറാണി ഒരു പ്രച്ഛന്നമാർഗ്ഗത്തിൽക്കൂടി കൊട്ടാരത്തിനു പുറത്തുകടന്നു രക്ഷപ്പെട്ടു.

## ദാരിദ്ര്യപീഡ.

ബംഗാളത്തിൻെറ ഭൂപടത്തിൽ മഞ്ഞനിറത്തിൽ അടയാളപ്പെട്ടത്തിക്കാണുന്ന ഒരു ചെറിയ സംസ്ഥാനമുണ്ട്. നാട്ടൂർ എന്ന പേരിൽ അറിയപ്പെടുന്ന ആ നാട്ടുരാജ്യം ഒരു ശതവർഷത്തിനുമുമ്പ് ഐശ്വര്യത്തിലും വലുപ്പത്തിലും ഇന്നത്തെക്കാൾ തുലോം പ്രാധാന്യവും പ്രശസ്തിയും സമാർജ്ജിച്ചിരുന്ന ഒരു രാജ്യമായിരുന്നു. 1750-ാമാണ്ടിടയ്ക്ക് ഒരുരാത്രി നടന്ന സംഭവമാണ് മേൽ കാണിച്ചിരിക്കുന്നത്. ഭവാനിറാണിയുടെ നാമധേയം ബംഗാളികൾ ഇന്നും ആദരവോടെ ഓർത്തുപോരുന്ന ഒന്നാണ്. ജനരഞ്ജന, ഈശ്വരഭക്തി, ഔദാര്യം, പാതിവ്രത്യം ആദിയായ സദ്ഗുണങ്ങൾക്ക് ഒരു ഉത്തമമാതൃകയായിരുന്ന ഈ സ്ത്രീരത്നത്തിൻെറ ചരിത്രം മലയാളികൾക്കും കേവലം അപരിചിതമായ ഒന്നല്ല.

1724-ാമാണ്ട് ജാതയായ ഭവാനിറാണിയുടെ മാതാപിതാക്കന്മാർ ഘോരദാരിദ്ര്യത്തിൽ അകപ്പെട്ട് പലദുരിതങ്ങൾ അനുഭവിച്ചിട്ടുള്ള ദമ്പതിമാരാണ്. രാജഷാഹിജില്ലയിലെ ഛത്തിംഗ് ഗ്രാമത്തിൽ ആത്മാരാമൻ എന്നുവിളിച്ചുവന്ന ഒരു കുചേലബ്രാഹ്മണനാണ് റാണിയുടെപിതാവ്. "ഉഴക്കുചോർകൊണ്ടൊരു വാസരാന്തം" കഴിക്കേണ്ടിവന്നാലും, "ധരിക്കനി നാഥ! നമുക്കിദാനീമൊരിക്കലുംഷിക്കുമുപായമില്ല" എന്നു ഭാര്യ എത്രതന്നെ കേഴുന്നതായാലും,

"ഇല്ലങ്ങളിൽ ചെന്നുനടന്നിരന്നാ-
ലില്ലെന്നു ചൊല്ലുന്ന ജനങ്ങളേറും
അല്ലെങ്കിലാഴക്കരി നല്കുമപ്പോൾ
നെല്ലെങ്കിൽ മൂഴക്കുളു മന്തിനേരം"

എന്നുള്ള നികൃഷ്ടാവസ്ഥ പ്രാപിക്കാൻ ആത്മാഭിമാനിയായ ആത്മാരാമൻ സംഗതിയാക്കിയിരുന്നില്ല. അന്നപൂർണ്ണേ

ശചീദേവിയെ മനമഴിഞ്ഞു ഭജനം നടത്തിയും, നേരിടുന്ന കഷ്ടപ്പാടുകളെല്ലാം ക്ഷമയോടെ സഹിച്ചും അനേകസംവത്സരങ്ങൾ കഴിച്ചുകൂട്ടിയതിനുശേഷമാണു് ഒരു ഓമൽസന്താനം അവൾക്കു ജനിച്ചതു്.

പൂൎണ്ണചന്ദ്രൻതന്നെ ശിശുരൂപം അവലംബിച്ചു ജനിച്ചതുപോലെ, അത്ര ചേതസ്സമാകൎഷകമായ സൌന്ദൎയ്യവിശേഷം ആ കുഞ്ഞിനു് ദൈവദത്തമായി സിദ്ധിച്ചിരുന്നു. സുഭഗാകൃതിയോടൊന്നിച്ചു് സൌശീല്യവും നിഷ്കൎഷയോടുകൂടിയുള്ള വിദ്യാഭ്യാസവുംകൂടി സംയോജിച്ചപ്പോൾ ഭവാനിക്കു സകലരുടേയും സ്നേഹം സമ്പാദിക്കുന്നതിനു കഴിഞ്ഞു. അവളുടെ സൌന്ദൎയ്യത്തെക്കുറിച്ചുള്ള കീൎത്തി വിദൂരദേശങ്ങളിൽക്കൂടി വ്യാപിച്ചുകൊണ്ടിരുന്നു. അതിനാൽ നാട്ടൂർരാജ്യത്തിലെ കിരീടപതിയായ രമാകാന്തൻ ഈ കുമാരിയുടെപതിനാറാമത്തെ വയസ്സിൽ അവളെ വിവാഹംകഴിച്ചു് കൊട്ടാരത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. ആത്മാരാമനും പതിയും അത്യന്തം കൃതാൎത്ഥരും ആയി.

രമാകാന്തരാജൻ തന്റെ ധൎമ്മപത്നിയിൽ രമിച്ചും രാജ്യകാൎയ്യങ്ങളിൽ വ്യാപരിച്ചും ബഹുമാന്യനായി കുറേക്കൊല്ലങ്ങൾ കഴിച്ചുകൂട്ടിയെങ്കിലും ക്രമേണ ദുർവൃത്തരുടെ കൂട്ടുകെട്ടിൽ ഉൾപ്പെടുന്നതിനു് സംഗതിയായിപ്പോയി. ഏറെക്കാലം ആ രാജ്യത്തിൽ മന്ത്രിപദം അലങ്കരിച്ചിട്ടുള്ള ദയാരാമ[illegible]ദേശങ്ങളും, സ്നേഹസ്വരൂപിണിയായി വൎത്തിച്ചിരു[illegible] സഹധൎമ്മചാരിണിയുടെ വിനീതപ്രാൎത്ഥനകളും പരിത്യജിച്ചിട്ടു് ആ യുവാവു് ധൂൎത്തടിച്ചു് മദോന്മത്തനായി കാലയാപനംചെയ്തുതുടങ്ങി. രാജ്യകാൎയ്യങ്ങൾ അവതാളത്തിലായി; ദയാരാമൻ ബഹിഷ്കൃതനായി; ഉദ്യോഗസ്ഥന്മാൎക്കു ശമ്പളക്കുടിശ്ശികയായി; നവാബിനുള്ള കപ്പം കൊടുക്കാതെയുമായി. ഇത്തരത്തിലാണു് രമാകാന്തനെ സിംഹാസനത്തിൽനിന്നു് നിഷ്കാസനം ചെയ്തിട്ടു് രാജ്യം സ്വാധീനപ്പെ

ടുത്താൻ മൂർഷിദബാദിലെ നവാബ് സൈന്യങ്ങൾ അയച്ചതു്.

## അജ്ഞാതവാസചരിതം.

ഗൂഢമാർഗ്ഗത്തിൽക്കൂടി പുറത്തുകടന്ന ദമ്പതിമാർ അനന്യശരണരായി അന്ധകാരത്തിൽക്കൂടി എങ്ങോട്ടെന്നില്ലാതെ നടന്നുകൊണ്ടിരുന്നു. ഉടുത്തവസ്ത്രങ്ങളും ഭാര്യ അണിഞ്ഞിരുന്നആഭരണങ്ങളും അല്ലാതെ അവരുടെ പക്കൽ യാതൊന്നും ഉണ്ടായിരുന്നില്ല. സൂര്യോദയമായപ്പോഴേക്കും വേഷംമാററി. കോമളവദനനായി കിരീടമണിഞ്ഞു കാണപ്പെട്ടിരുന്ന ആ രാജാവിനെ ഇപ്പോഴത്തെ മലിനവേഷത്തിൽ ആരെങ്കിലും കണ്ടറിയുകയാണെങ്കിൽ ആ അപമാനം അദ്ദേഹം എങ്ങനെ സഹിക്കും! വയലുകളും കാടുകളും കുന്നുകളും മററും കടന്നുകടന്നു് അവർ നടന്നുകൊണ്ടിരുന്നു. ഭാര്യയുടെ വക ഒരു മോതിരം വിററുകിട്ടിയ പണം അവർക്ക് ആഹാരംനൽകി. അതിദയനീയവും അത്യപമാനകരവും നിരാശാനിമഗ്നവും ആയ ആ ദുരിതജീവിതത്തിനെ ആത്മഹത്യകൊണ്ടു് അവസാനിപ്പിച്ചുകളയാൻ രമാകാന്തൻ തയാറായി; എന്നാൽ വിപദിധീരയായ ഭവാനിറാണി തൻെറ മധുരഭാഷണംകൊണ്ടു് ഭർത്താവിനെ ആശ്വസിപ്പിച്ചും ജീവിതാശ നൽകിയും മുന്നോട്ടു നയിച്ചുകൊണ്ടിരുന്നു. വിത്തസമ്പത്തിലെന്നപോലെ ഔദാര്യ[illegible]ത്തിലും വിഖ്യാതിസമ്പാദിച്ചിരുന്ന ജഗൽശ്രേഷ്ഠി[illegible] ബാങ്കരുടെ ഭവനത്തിൽ അഭയം പ്രാപിക്കാനാണു [illegible]വർ തീർച്ചപ്പെടുത്തിയതു്.

വിവരം അറിഞ്ഞ പണവ്യാപാരി രാജദമ്പതിമാരെ വേണ്ടവിധം സല്ക്കരിച്ചു എങ്കിലും, പ്രച്ഛന്നജീവിത[illegible] നയിക്കാൻ നിർബ്ബദ്ധരായിത്തീർന്ന അവർക്കു് അദ്ദേഹത്തിൻെറ മന്ദിരത്തിൽ പലവിധഅസൗകര്യങ്ങൾ അനുഭവിക്കേണ്ടതുണ്ടായിരുന്നു. തങ്ങളുടെ സകലആവശ്യങ്ങൾക്കും

അഭയദാതാവിനോടു പണം ചോദിക്കാൻ രാജപദവി അനുഭവിച്ചിരുന്ന രമാകാന്തൻെറ ആത്മാഭിമാനം അനുവദിച്ചില്ല. ഭാൎയ്യയുടെ ആഭരണങ്ങളിൽ ചിലതു പിന്നെയും അങ്ങാടിയിലേക്കു പൊയ്ക്കൊണ്ടിരുന്നു. അങ്ങനെ ആവശ്യങ്ങളെല്ലാം ഒരുവിധത്തിൽ നിൎവ്വഹമായിത്തീൎന്നുകൊണ്ടിരുന്നുഎന്നേ പറയേണ്ടു.

രമാകാന്തൻെറ തിരോധാനത്തിനുശേഷം, അദ്ദേഹത്തിൻെറ പിതൃവ്യനായ ദേവീപ്രസാദ് എന്നൊരാളെ നാട്ടൂർസിംഹാസനത്തിൽ പിടിച്ചിരുത്തി നവാബ് ഭരണകാൎയ്യങ്ങൾ നോക്കിവന്നു. ഒളിച്ചോടിപ്പോയ രാജാവിനെ പിടിച്ചുകൊണ്ടുവരാൻ അദ്ദേഹം ഏതാനുംപേരെ നിയോഗിച്ചയയ്ക്കുകയും ചെയ്തിരുന്നു. തൻെറ ആജ്ഞാനുസരണം രാജസ്ഥാനത്തിരിക്കാൻ ഒരാളെ നിയോഗിച്ചതോടുകൂടി ആ മുസ്ലിംഭരണാധികാരി കൃതാൎത്ഥനും ആയിത്തീൎന്നു.

അജ്ഞാതവാസത്തിൽനിന്നു രക്ഷപ്പെടാൻ മാൎഗ്ഗമൊന്നും കാണാതെ ഭവാനിറാണിയും ഭൎത്താവും വളരെ കഷ്ടപ്പെട്ടു. ബഹിഷ്കരിക്കപ്പെട്ട ദയാരാമനെ കണ്ടുകിട്ടിയെങ്കിൽ "സമസ്താപരാധം ക്ഷമസ്വ" പറഞ്ഞു് പ്രീതനാക്കി രക്ഷനേടാമെന്ന് രമാകാന്തൻ തോന്നി; എന്നാൽ അദ്ദേഹത്തെ ഒരുനോക്കു കാണ്മാൻപോലും കണ്ടുകിട്ടിയതേയില്ല. നവാബിൻെറ ആളുകളെ ഭയപ്പെട്ടു് പുറമേ പോ[illegible]അന്വേഷിക്കാനും അദ്ദേഹത്തിനു ഭയമായിരുന്നു.

## ഓടിക്കപ്പെട്ടമന്ത്രിയുടെ നന്ദി.

[illegible]മാകാന്തനാൽ പിരിച്ചയയ്ക്കപ്പെട്ട ദയാരാമൻ പകരംവീട്ടാനോ തൻെറ നാഥനെ ദുഷിക്കാനോ തയാറായ ഒരുവനല്ലായിരുന്നു. നന്ദിയുള്ള ആ മന്ത്രിവൎയ്യൻ, ദുഷിച്ച നടപടികളിൽനിന്നു് രമാകാന്തനെ നിവൎത്തിപ്പിക്കാൻ

മാർഗ്ഗം കാണാതെ നിരാശനായി നാടുവിട്ടു. തക്കതായ വിപത്തിൽ കുടുങ്ങുന്നതുവരെ ആ രാജാവ് നികൃഷ്ടജീവിതം തുടൎന്നുകൊണ്ടിരിക്കുമെന്നു ബോദ്ധ്യമായതിനാൽ, ദയാരാമൻ മുർഷിദാബാദിൽ പോയി നവാബിനെ സേവിച്ചു പാൎത്തുവന്നു. മന്ത്രിയിൽനിന്നു് നാട്ടൂർരാജൻ കപ്പക്കുടിശ്ശിക വരുത്തിയതിൻെറയും മററും കാരണങ്ങൾ അറിഞ്ഞതുടനെയായിരുന്നു അദ്ദേഹം സൈന്യങ്ങളെ അയച്ചു് രമാകാന്തനെ ഓടിച്ചതു്.

അനന്തരം ഒരു ദിവസം ദയാരാമൻ ജഗൽശ്രേഷ്ഠിയുടെ മാളികയ്ക്കുടുത്തുകൂടി നടന്നുപോകുമ്പോൾ രമാകാന്തൻകണ്ടു് അടുത്തുവിളിച്ചു. സ്വസചിവൻെറ സദുപദേശങ്ങളും ഭാൎയ്യയുടെ അപേക്ഷകളും വെടിഞ്ഞു് ജീവിതം നയിച്ചതിൻെറ ഫലം താൻ അനുഭവിക്കുന്നവിധം ആ അജ്ഞാതവാസി പറഞ്ഞു കേൾപ്പിച്ചു. കണ്ണുനീർ വാൎത്തു് പശ്ചാത്താപസമുദ്രത്തിൽ നിമജ്ജനംചെയ്തു് പാവനനായിത്തീൎന്നിരിക്കുന്ന സ്വനാഥനെ ഇനി പൂർവ്വസ്ഥിതിയിൽ കൊണ്ടുവരണമെന്നു് ദയാരാമൻ മനസാ നിശ്ചയം ചെയ്തു. നവാബിൻെറ അടുത്ത സേവകന്മാൎക്കു കൈക്കൂലി കൊടുത്തു് കാൎയ്യം സാധിക്കാൻ താൻ ശ്രമിക്കുന്നതാണെന്നു് അദ്ദേഹം വാഗ്ദാനംചെയ്തു. കൈക്കൂലിക്കു പണമോ? അതോൎത്തു് അവൎക്കു അധികം ബുദ്ധിമുട്ടേണ്ടിവന്നില്ല. മംഗല്യസൂത്രം ഒഴിച്ചുള്ള തൻെറ സകലആഭര[illegible]ങ്ങളും ഭവാനിറാണി ഉടൻതന്നെ അഴിച്ചു് ദയാ[illegible]ല്പിച്ചു ദയയ്ക്കു് ആരാമമായ ആ ബഹിഷ്കൃതമ[illegible]യാകട്ടെ, നവാബിൻെറ കൊട്ടാരത്തിലേയ്ക്കു് യാത്രയുമായി.

പതിവ്രതാമാണിക്യമായ ഭവാനിറാണിയുടെ പ[illegible]പാവനഹൃദയവും ആഭരണങ്ങളോടൊത്തു സഞ്ചരിക്കുക[illegible]യിരുന്നു. അവ ആരുടെയെല്ലാം പക്കൽ ചെന്നുചേൎന്നുവോ അവരെല്ലാം മാനസാന്തരപ്പെട്ടു് രമാകാന്തൻെറ അഭ്യുദയകാംക്ഷികളായിത്തീൎന്നുകൊണ്ടിരുന്നു. ദേവീപ്രസാദിൻെറ

ഭരണത്തിൽ അവർ ഓരോരോ ദൂഷ്യങ്ങൾ ആരോപിച്ച് നവാബിനെ കേൾപ്പിച്ചുതുടങ്ങി. തന്നെ ധിക്കരിച്ച് ക്രമേണ സ്വതന്ത്രനായിത്തീരാനുള്ള ശ്രമം അയാൾ ആരംഭിച്ചേക്കുമെന്ന് മുസ്‌ലിംരാജന്ന് വിചാരമായി. ഏറെത്താമസിയാതെതന്നെ ദേവീപ്രസാദനെ മാററിയിട്ട് തൽസ്ഥാനത്തു രമാകാന്തനെ പ്രതിഷ്ഠിക്കയും ദയാരാമനെ ചരമപര്യന്തം മന്ത്രിയാക്കി രാജ്യം ഭരിക്കാൻ വ്യവസ്ഥ ചെയ്യുകയും ചെയ്തു.

## വൈധവ്യം.

നാമമാത്രരാജനായി നാട്ടൂർസിംഹാസനത്തിൽ രമാകാന്തൻ സ്ഥിതിചെയ്തു; എന്നാൽ രാജ്യകാര്യങ്ങൾ നടത്തിവന്നിരുന്നതു് ദയാരാമൻെറ സഹായത്തോടുകൂടി ഭവാനിറാണിതന്നെയായിരുന്നു. ഭരണപരിചയമുള്ള വൃദ്ധമന്ത്രിക്കു് പൂർണ്ണസ്വാതന്ത്ര്യവും, അധീശസ്ഥാനത്തു് ജനരഞ്ജനയുള്ള ഒരു ഭരണകുശലയുടെ നിയന്ത്രണവും ഒരുമിച്ചു പ്രയോഗിക്കപ്പെട്ടപ്പോൾ നാട്ടൂർരാജ്യത്തു ലക്ഷ്മീദേവി വീണ്ടും വിളയാടാൻ തുടങ്ങി; മുതലെടുപ്പു വർദ്ധിച്ചു; പട്ടാളക്കാരുടേയും മററും കുടിശ്ശികശമ്പളം തീർത്തുകൊടുത്തു; ജനങ്ങൾ എല്ലാം സന്തുഷ്ടരായി കാലയാപനംചെയ്തു തുടങ്ങുകയും ചെയ്തു.

[illegible]ണിയുടെ മുപ്പത്തിരണ്ടാമത്തെ വയസ്സുവരെ ഭർത്താ[illegible]ച്ച് ആ മഹതി രാജ്യം ഭരിച്ചുകൊണ്ടിരുന്നു. ഒരു വ്യാ[illegible]ട്ടത്തിനുമുമ്പ് കുറേക്കാലം നയിച്ച നികൃഷ്ടജീവിത[illegible]മിത്തം പ്രൌഢവയോഘട്ടത്തിൽത്തന്നെ രമാകാന്ത[illegible] രോഗിയായിത്തീൻപോയി. താര എന്നൊരു മോഹനനന്ദിനിയോടുകൂടി തൻെറ സർവ്വസ്വമായ പത്നിയെ വെടിഞ്ഞിട്ട് രമാകാന്തൻ പരലോകം പ്രാപിച്ചു. ഇത്ര നേരത്തേ വന്നുചേൎന്നവൈധവ്യം ഓർത്ത് റാണി വളരെ ഖേദിക്കുകയുണ്ടായി; ആ ദുഃഖത്തെ വർദ്ധിപ്പിക്കത്തക്കവിധം ദയാ

രാമനും തുടൎന്നു ജാമാതാവും മരിച്ചുപോയതിനാൽ, "മുപ്പ ത്തിമൂന്നിലെ ഗ്രഹപ്പിഴ" ഭവാനിറാണിയെ നല്ലവണ്ണം പീ ഡിപ്പിച്ചു. മകളുടെ നിരാധാരസ്ഥിതിയും, രാജ്യത്തിൻെറ അനാഥത്വവും ഓൎത്തില്ലായിരുന്നു എങ്കിൽ അവർ കാശി യിൽ പോയി സന്ന്യാസം സ്വീകരിക്കുമായിരുന്നു.

## സുരാജ്ദൌളയുമായി യുദ്ധം.

സ്വധൎമ്മാനുഷ്ഠാനത്തിൽ നിഷ്ഠയുള്ള റാണി സൎവ്വദുഃഖ ങ്ങളും സഹിച്ചുകൊണ്ടു് രാജ്യം പരിപാലിച്ചുവന്നു. തൻെറ സൈന്യത്തെ വലുപ്പത്തിലും സജ്ജീകരണത്തിലും ഒന്നാം കിടയിൽ എത്തിച്ചു. സാമാന്യപ്പെട്ട ശത്രുക്കളോടെല്ലാം എതിൎക്കുന്നതിനുപോലും ശക്തിയുള്ള നാട്ടൂർറാണി സകല രുടേയും സ്നേഹബഹുമാനങ്ങളോടുകൂടി രാജ്യരക്ഷ ചെയ്തു വരവേ, ബംഗാൾനവാബായ സുരാജ്ഡൌളയോടു് അവ ൎക്കു ഒന്നു ഇടയേണ്ടതായി വന്നുചേൎന്നു.

റാണിയുടെ നന്ദിനിയായ താര ഒരു താരാധിപമുഖി തന്നെയായിരുന്നു. ആ യുവതിയുടെ സൌന്ദൎയ്യവിശേഷ ത്തെക്കുറിച്ചു് ബംഗാൾ മുഴുവനും പ്രസിദ്ധമായി. മദ്യപാ നിയും വിഷയാസക്തനും ആയ സുരാജ്ഡൌള താരയു ടെ സൌന്ദൎയ്യധോരണിയിൽ മോഹിതനായി അവ[illegible] ത നിക്കു വിവാഹംകഴിച്ചുതരണമെന്നു് ആവശ്യ[illegible] ണ്ടു് ഒരു ദൂതനെ റാണിയുടെ അടുക്കലേയ്ക്കു് അ[illegible] ഒരു ബ്രാഹ്മണവിധവയെ കല്യാണംകഴിക്കണമെന്നു് [illegible] മുസ്ലീം ആശിക്കുന്നതിനെ ധിക്കാരമായിട്ടുകൂടി റാണി [illegible]ക രുതി. കുപിതയായിത്തീൎന്ന അവർ ദൂതനെ അപമാന[illegible] മടക്കി അയച്ചു. നാട്ടൂർറാണിയുടെ ഐശ്വൎയ്യസമൃദ്ധി യിൽ അസൂയാലുക്കളായിത്തീൎന്നിരുന്ന ഒരുകൂട്ടം സേവക ന്മാരുടെ വാക്കുകേട്ടു് ഇളകിവശായ നവാബു് റാണിയോടു

പകരംവീട്ടാനും താരയെ ബലാല്ക്കാരമായി പിടിച്ചുകൊണ്ടുപോകാനുമായി ഒരു സൈന്യത്തെ അങ്ങോട്ടയച്ചു. മന്ത്രിയുടെയും പ്രധാന സൈന്യാധിപന്റെയും സ്ഥാനങ്ങൾ സ്വയം കൈയേറ്റ് രാജ്യഭരണവും സൈന്യനിയന്ത്രണവും ചെയ്തുകൊണ്ടിരുന്ന ആ ബ്രാഹ്മണവിധവ തന്നെ ഇപ്പോൾ പടക്കളത്തിലേയ്ക്കു പുറപ്പെട്ടു. സുരാജ് ഡൌളയുടെ സൈന്യത്തോട് അവർ സധൈര്യം പോരാടി. ശത്രുക്കളെ നിശ്ശേഷംതോല്പിച്ചു എന്നുമാത്രമല്ല, റാണി അവരെ രാജ്യാതിർത്തിവരെ അനുധാവനംചെയ്തു ഓടിക്കയും ചെയ്തുവത്രേ! ഭരണമണ്ഡലത്തിലും യുദ്ധഭൂമിയിലും ഇത്രമാത്രം സാമർത്ഥ്യം പ്രകടിപ്പിച്ചിട്ടുള്ള ഈ ബ്രാഹ്മണവിധവയുടെ വിശിഷ്ടചരിത്രംപോലൊന്നു ഇൻഡ്യാചരിത്രത്തിൽ മറെറങ്ങും കാണുന്നില്ല എന്നുവേണം പറയാൻ.

## റാണിയുടെ ദീർഘദൃഷ്ടി.

ഭഗ്നാശനും അപമാനിതനും ആയിത്തീന്ന സുരാജ് ഡൌളയുടെ ഹൃദയത്തിൽനിന്ന് ഒരു പ്രതികാരവഹ്നി ഉദ്ഭൂതമായി എങ്കിലും അതിനെ വൎദ്ധിപ്പിക്കാൻ നിവൃത്തിയില്ലാത്തവിധം അയാൾ ആപത്തുകളിൽ കുടുങ്ങിക്കൊണ്ടിരുന്നു. ഇംഗ്ലീഷുകാരുടെ ഒരു കോട്ട അയാൾ തീവച്ചു നശിപ്പിച്ചുകളഞ്ഞു. അവർ പകരംവീട്ടുന്നതിനു അവസരം പാൎത്തുകൊണ്ടിരിക്കുകയായിരുന്നു. നവാബിന്റെ നടപടികളിൽ അസന്തുഷ്ടരായിഭവിച്ചിരുന്ന ജനങ്ങളും രാജാവല്ലഭരാജൻ, രാജാരവിദുർല്ലഭൻ, രാജാകൃഷ്ണചന്ദ്രൻ എന്നീ കിരീടപതികളും സുരാജ് ഡൌളയുടെ അധഃപതനത്തിനും അവസരം പ്രതീക്ഷിച്ചിരിക്കുകയാണ്. പ്രസ്തുതരാജാക്കന്മാർ ജഗൽസേട്ടിന്റെ ഭവനത്തിൽവച്ചു നടത്തിയ ഒരു കൂടിയാലോചനായോഗത്തിലേക്ക് അവർ ഭവാനിറാണിയെക്കൂടി ക്ഷണിച്ചിരുന്നു.

നവാബിനെ സ്ഥാനഭ്രഷ്ടനാക്കിയതിനുശേഷം അയാളുടെ സേനാനായകനായ മിർജാഫറെ രാജാവാക്കണമെന്നും, അയാറം വിശ്വാസവഞ്ചന കാണിക്കുന്നപക്ഷം ഇംഗ്ലീഷുകാരുടെ സഹായത്തോടുകൂടി അയാളെയും ഓടിക്കണമെന്നും ആയിരുന്നു മററുള്ളവരുടെ നിശ്ചയം. എന്നാൽ ഭവാനിറാണിക്കു് ഇതു സമ്മതമായില്ല. സുരാജ്ഡൗളയെ സ്ഥാനഭ്രഷ്ടനാക്കുന്നപക്ഷം തൽസ്ഥാനത്തു ഒരു ഹിന്ദു രാജവംശം സ്ഥാപിക്കണമെന്നാണു് അവർ അഭിപ്രായപ്പെട്ടതു്. രാജ്യത്തിലെ താല്ക്കാലികപരിതഃസ്ഥിതികറം അത്തരം ഒരു പരിവത്തനത്തെ ഭയങ്കരവിപ്ലവത്തിൽ എത്തിക്കാനിടയുണ്ടെന്നുപറഞ്ഞു റാണിയുടെ അഭിപ്രായം അവർ ഖണ്ഡിച്ചു. ഇംഗ്ലീഷുകാരുമായി വ്യാപാരത്തിനൊഴിച്ചു മറെറാരു കാൎയ്യത്തിനും ഇടപെടുന്നതു നന്നല്ലെന്നും, ഒരു മുസ്ലിമിനെത്തന്നെ രാജാവാക്കണമെന്നുള്ളതു തീൎച്ചയാണെങ്കിൽ സുരാജ്ഡൗളയുടെ വംശത്തിലുള്ള ഒരാളെ അവിടെ പ്രതിഷ്ഠിക്കണമെന്നും റാണി പ്രസ്താവിച്ചു. അതും മററുള്ളവൎക്കു സ്വീകാൎയ്യമായില്ല. ഏകയായിത്തിരിഞ്ഞുനില്ക്കുന്നതിനെക്കാറം ആ കാലഘട്ടത്തിൽ മററുള്ള രാജാക്കന്മാരുമായി അനിഷ്ടംകൂടാതെ ജീവിക്കണമെന്നു് ആ ബുദ്ധിമതി തീൎച്ചയാക്കി. വിദേശവണിക്കുകളോടു കൂട്ടുകൂടുന്നതു് ഒരു കാലത്തു് ആപത്തായിത്തീരുമെന്നു വിശ്വസിച്ചിരുന്നു എങ്കിലും മററു പോംവഴിയൊന്നും കാണായ്കയാൽ അവരോടു് ഒത്തുചേൎന്നു പ്രവത്തിക്കാൻതന്നെ റാണി നിശ്ചയിച്ചു.

ഈ രാജാക്കന്മാരുടെ ആനുകൂല്യത്തോടുകൂടി ഇംഗ്ലീഷുകാർ പ്ലാസിയിൽ നടത്തിയ പ്രസിദ്ധയുദ്ധത്തിൻെറ വിവരം എല്ലാവൎക്കും അറിയാവുന്നതാണു്. റാണിയും സൈന്യസമേതം പ്ലാസിക്കടുത്തുനിന്നു യുദ്ധഗതി വീക്ഷിച്ചുകൊണ്ടിരുന്നു. സുരാജ്ഡൗളയെ തോല്പിച്ചു് ഓടിക്കയും, മിർജാഫറെ നവാബാക്കുകയും, അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി

YAM PUBLIC LIBR

യിട്ടു മിർകാസിമിനേയും വീണ്ടും മിർജാഫരേയും നവാബുമാരാക്കുകയുംമററുംചെയ്തു്. ഒടുവിൽ ഇംഗ്ലീഷുകാർ റാണി പ്രതീക്ഷിച്ചതുപോലെതന്നെ ബംഗാളത്തിന്റെ സ്വാധികാരികളായിത്തീൎന്ന സംഭവങ്ങളൊന്നും ഇവിടെ വൎണ്ണ്യമല്ലല്ലോ. ഇംഗ്ലീഷുകാരുടെ ബന്ധുവായിവൎത്തിച്ചിരുന്ന ഭവാനിറാണി ഉല്ക്കണ്ഠകൂടാതെതന്നെ പിന്നീടുള്ളകാലം നാട്ടൂർ രാജ്യം ഭരിച്ചുകൊണ്ടിരുന്നു.

## അന്ത്യഘട്ടം.

എഴുപത്തൊൻപതു വയസ്സുവരെ ഈ റാണി ജീവിച്ചിരുന്നു. അന്ത്യഘട്ടത്തോടു് അടുത്തു വളരെക്കാലമുള്ള അവരുടെ ജീവിതം ബഹുജനോപകാരപ്രദങ്ങളായ പ്രവൃത്തികളിൽ ഏർപ്പെട്ടും ഈശ്വരധ്യാനത്തിൽ നിരതയായും അവർ നയിച്ചുകൊണ്ടിരുന്നു. അനന്തരാവകാശിയായി രാമകൃഷ്ണൻ എന്നൊരാളെ ദത്തെടുത്തു രാജ്യഭാരം അദ്ദേഹത്തിനെ ഏൽപ്പിച്ചു സമൎത്ഥന്മാരായ മന്ത്രിമാരെ സഹായത്തിനുകൂടി നിയമിച്ചപ്പോൾ, ഗംഗാതീരത്തിലുള്ള ബഡ് നഗരംഗ്രാമത്തിൽപോയി ഈശ്വരചിന്തകൊണ്ടു് സമയം പോക്കാൻ അവൎക്കു സൗകൎയ്യംലഭിച്ചു. ഇക്കാലത്തുള്ള റാണിയുടെ ദിനചൎയ്യനോക്കുക:—

"എല്ലാം ദിവസവും പുലരുവാൻ കുറേ നാഴിക നേരമുള്ളപ്പോൾ എഴുന്നേ[illegible]ഭാരതം വായിക്കും. അതിനുശേഷം പ്രകാശമാകുന്നതിനുമുമ്പു് ഒരു [illegible]ക്കോട്ടുകൂടി ദാസിയേയുംകൂട്ടി ഉദ്യാനത്തിൽപ്പോയി പൂക്കൾ അറുക്കും. [illegible]ന്നെ പ്രഭാതത്തിൽ കുളിച്ചു് ഇവാൻ മറാതെ ഗംഗാതീരത്തുവച്ചു [illegible] ശിവപൂജയും അവിടെയുള്ള ക്ഷേത്രത്തിൽ അൎച്ചനയും കഴിക്കും. പിന്നീടു ഗൃഹത്തിലേയ്ക്കു മടങ്ങി ഇഷ്ടദേവതാപൂജ ബാണലിംഗപൂജ മുതലായതു നടത്തും. ഉച്ചയ്ക്കു കാൽ ജലം പാനം ചെയ്തതിനുശേഷം അതിഥികളായ ഇരുപതു ബ്രാഹ്മണരെ കാൽ കഴുകി ഊട്ടി താനും ഊണുകഴിക്കും. അതിനുശേഷം ആസ്ഥാനത്തു വന്നു കാൎയ്യവിചാരം ചെയ്കയും നീതിന്യായങ്ങളും രക്ഷാശിക്ഷകളും നടത്തുകയും ആയി. അപരാഹ്നത്തിൽ പുരാണവായന കേൾക്കുന്നതിനു കുറച്ചു സമയം നിശ്ചയിച്ചിട്ടുണ്ടായിരുന്നു. പുരാണകഥകളിൽ പതിവ്രതമാരുടെ ചരിത്രം കേൾക്കുന്നതിൽ റാണിക്കു

അതിയായ ഉത്സാഹമാണ്. വായന കഴിഞ്ഞാൽ അത്യാവശ്യമുള്ള രേഖകളിൽ ഒപ്പുവയ്ക്കും. വൈകുന്നേരം പിന്നെയും ഗംഗാപൂജയായി. സ്നാനം കഴിഞ്ഞു ഗംഗാതീരത്തു നെയ്‌വിളക്കു വച്ചു പൂജകൾ നടത്തുകയും രാത്രിയായാൽ മടങ്ങി അല്പസമയം ഭഗവന്നാമം ജപിക്കുകയും ചെയ്യും. പിന്നീടു ഒരിക്കൽകൂടി ആ സ്ഥാനത്തേക്കു എഴുന്നള്ളത്തുണ്ട്. അവിടെ കുറച്ചുനേരം താമസിച്ചതിന്റെശേഷം പള്ളിക്കുറിപ്പിനെഴുന്നെള്ളും

ദാനധർമ്മങ്ങൾ ചെയ്യുന്നതിൽ റാണി പ്രദർശിപ്പിച്ചു വന്ന താല്പര്യം പ്രശംസാർഹമായ ഒന്നാണ്. വർഷന്തോറും രണ്ടുലക്ഷത്തോളം രൂപാ ഈ വകയ്ക്കു് അവർ ചെലവാക്കിക്കൊണ്ടിരുന്നു എന്നാണു കാണുന്നത്. പല സ്ഥലങ്ങളിലും ക്ഷേത്രങ്ങൾ സ്ഥാപിച്ചും കുളങ്ങൾ കിണറുകൾ എന്നിവ കുഴിപ്പിച്ചും ജനങ്ങൾക്കു പല സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. സാധുക്കളെ സൗജന്യമായി ചികിത്സിക്കത്തക്കവിധം ഒരു ആസ്പത്രി സ്ഥാപിച്ചു കാശിയിലേക്കു പോകുന്ന തീർത്ഥയാത്രക്കാരുടേയും മററും ഉപയോഗത്തിനായി നൂറിൽപ്പരം കെട്ടിടങ്ങൾ പണിയിച്ചു് റാണി പൊതുജനങ്ങൾക്കു വിട്ടുകൊടുത്തിട്ടുണ്ട്. അനാഥർക്കു ധർമ്മശാലകൾമുഖേന സഹായം ചെയ്തുകൊടുത്തു. അവർ ആദ്യമായി കാശിയിൽ പോയപ്പോൾ ആയിരത്തിഎഴുനൂറു വള്ളം നിറച്ചു് നെല്ലരിയും മററും കൊണ്ടുപോയി ദരിദ്രർക്കു ദാനംചെയ്തു എന്നു കേൾക്കുമ്പോൾ റാണിയുടെ സഹജീവിസ്നേഹം ഏതാണ്ടു ഊഹിക്കാവുന്നതാണല്ലോ. ആ പുണ്യസ്ഥലത്തു പോയ അവസരങ്ങളിലെല്ലാം അവർ ഇത്തരം ദാനകർമ്മങ്ങൾ ചെയ്തിട്ടുണ്ട്.

ഇത്തരം ധർമ്മാനുഷ്ഠാനനിഷ്ഠയും സഹജീവികളോടു സ്നേഹവും മുഖേന ഇഹലോകസൗഖ്യം ദീർഘകാലം അനുഭവിച്ചുകൊണ്ടിരുന്ന ഈ മഹതിയുടെ പുണ്യചരിതം ബംഗാളികൾ ഇന്നും എന്നും ഓർക്കുന്ന ഒന്നാകുന്നു.

# വന്ദ്യ. മഹാനായ അലക്സാണ്ഡർ.

ശൂരനാട്ടു പി. എൻ. കുഞ്ഞൻപിള്ള എം. ഏ. (ഇംഗ്ലീഷ്);
എം. ഏ. (സംസ്കൃതം); എം. ഏ. (മലയാളം).

രണ്ടുതരക്കാരാണു ശാശ്വതമായ യശസ്സു സമ്പാദിക്കുന്നതു്. ഇവരിൽ ഒന്നാമത്തെ കൂട്ടർ ലോകസംഗ്രഹത്തിനു മുതിരുന്ന കവികളും മററും; രണ്ടാംതരക്കാർ ലോകനാശത്തിനു മുതിരുന്ന മഹാവീരന്മാരായ യോദ്ധാക്കൾ. കീർത്തിക്കു നിദാനമായ സംഗതികളെ ഇങ്ങനെ രണ്ടായി തരംതിരിച്ചാൽ ചിലക്കു് അത്ര സമ്മതമാകാതെ വന്നേക്കാം. പക്ഷേ, ഒരുകാര്യം ഓക്കേണ്ടതുണ്ടു്. അവനവൻെറ വിശിഷ്ടകൃത്യങ്ങളിൽ നിന്നാണല്ലോ അനന്തരകാലത്തുള്ളവർ അവരെപ്പററി സ്മരിക്കേണ്ടതു്. അങ്ങനെ വരുമ്പോൾ, അവശ്യകൃത്യമായ ദേഹധാരണം കഴിച്ചാൽപ്പിന്നെ രണ്ടു കാര്യമേ നമുക്കു ചെയ്യാൻ സാധിക്കയുള്ളു. ഒന്നു പരോപകാരം, അതായതു വേറൊരാൾക്കോ പലക്കോ ദേഹധാരണം സുഖമായി നിർവ്വഹിക്കാൻ നമ്മാൽ ആവതു ചെയ്യുക; മററതു് പരദ്രോഹം—നമുക്കു പ്രത്യേകം വല്ല ഉപയോഗവും കരുതിയോ, വെറുതെയോ, അന്യൻെറ സുഖങ്ങളെ ഇല്ലാതാക്കുക; രണ്ടും അല്ലാതെ, എന്താണു മൂന്നാമതൊന്നു നമുക്കു ചെയ്യാവുന്നതെന്നു ആക്കെങ്കിലും പറയാൻ സാധിക്കുമോ? ഇല്ല. അപ്പോൾ, പിന്നെ, കീർത്തിയുടെ നിദാനവും പരോപകാരത്തിലോ, പരദ്രോഹത്തിലോ ഉള്ള അസാധാരണ സാമർത്ഥ്യംതന്നെയെന്നു കരുതാനേ നിവൃത്തിയുള്ളു. നാം സുഖമായി ജീവിക്കുന്നതോടുകൂടി അടുത്തു നിൽ

ക്കുന്ന അശക്തന്മാരുടെ ചില സുഖങ്ങൾ ഉണ്ടാക്കിക്കൊടുക്കാൻ നമുക്കു കഴിയും; അല്ലെങ്കിൽ, വെറുതേപോകുന്ന ഒരുവൻെറ തല വെട്ടി താഴെയിടാനും നമുക്കു സാധിക്കും. രണ്ടിനും ഫലം നാം ചെയ്തതു് അസാധാരണമായിരിക്കുന്നു എന്നു മററുള്ളവർ പറയുകയാണു്. ഇവരിൽ ഒന്നാംതരക്കാരോ, രണ്ടാംതരക്കാരോ, അധികമായ കീർത്തി അർഹിക്കുന്നതെന്നു പറയുക പ്രയാസമാണു്. ഏതായാലും നമുക്കു് രണ്ടാംതരത്തിൽപ്പെടുന്ന ആ മഹാനെപ്പററിയേ ഇവിടെ പറയേണ്ട ആവശ്യമുള്ളു.

പരദ്രോഹംകൊണ്ടുമാത്രമാണു മഹായോദ്ധാക്കളുടെ എല്ലാം മഹിമ എന്നു പറയാമോ? അലക്സാൻഡർക്കു പരദ്രോഹമല്ലാതെ വേറൊന്നും മാഹാത്മ്യകാരണമായിട്ടില്ലേ? ഉണ്ടായിരിക്കാം. ആ ഗുണങ്ങൾ അദ്ദേഹത്തെക്കാൾ തുലോം കൂടുതൽ ഉണ്ടായിരുന്ന പലരും അദ്ദേഹത്തിൻെറ കാലത്തു ജീവിച്ചിരുന്നു എന്നതു നിർവിവാദമാണു്. അവരെപ്പററി നാം യാതൊന്നും കേട്ടിട്ടും ഇല്ല. ലക്ഷോപലക്ഷം ആളുകളെ യാതൊരു കാരണവുംകൂടാതെ കുരുതികഴിച്ചെന്നുള്ളതാണു് അലക്സാൻഡറെ നാം ഇന്നു ഓർമ്മിക്കാൻ കാരണം. സുഖമായി ഉണ്ടും, ഉറങ്ങിയും, കുളിച്ചും വെടിപറഞ്ഞും ഗ്രീസുരാജ്യത്തു് കഴിച്ച പലരും അന്നുണ്ടായിരുന്നു. അലക്സാൻഡർക്കുതോന്നി, നീണ്ടുനീണ്ടുകിടക്കുന്ന പേഴ്സ്യാസാമ്രാജ്യം പിടിച്ചടക്കണം, ചക്രവർത്തിയെ കൊല്ലണം, എല്ലാവരും തന്നെ ചക്രവർത്തിയെന്നു വിളിക്കണം, ആവിധം ആരാധിക്കണം, എതിർക്കുന്നവരെ കൊല്ലണം; ഇതിൻെറ ഫലമായി അനവധി സൈന്യങ്ങളെ നടത്തി. കത്തിച്ചുപെട്ടുത്തി അനവധി നഗരങ്ങൾ കൊള്ളയിട്ടു. അസംഖ്യം സ്ത്രീകളേയും കുഞ്ഞുങ്ങളേയും കൊന്നൊടുക്കി; ഗ്രീസുതൊട്ടു ഇൻഡ്യവരെയും, ഇൻഡ്യതൊട്ടു തിരിച്ചു ഗ്രീസുവരെയും അലഞ്ഞു. അദ്ദേഹത്തിൻെറ സാഹസങ്ങൾ കണ്ടുകൊണ്ടുനിന്നവർ അദ്ദേഹം ചെയ്തതെല്ലാം സാധാരണക്കാർക്കു ചെ

യ്യാൻ നിവൃത്തിയില്ലാത്തതാണെന്നു പറഞ്ഞു. എന്നിട്ടും, ആ അസാധാരണകൃത്യങ്ങളെല്ലാം വെറും സാധാരണന്മാരായ അനവധി ജനങ്ങളുടെ ജീവനഷ്ടത്തിലും മററുമാണു കലാശിച്ചതു്. അതിന്റെ ഫലം മരിച്ചവർക്ക് സ്വർഗ്ഗം? അലക്സാൻഡർക്ക് കീർത്തി. അലക്സാൻഡരുടെ നിയോഗമനുസരിച്ചു ജയിച്ചവർക്കും, കൊന്നവർക്കും, ഒരു ഫലവുമില്ല—അല്ല—ഉണ്ടെങ്കിൽ എന്താണെന്നു നമുക്കു് അറിവുമില്ല.

ഇതല്ല, ചരിത്രരചനാസമ്പ്രദായമെന്നു എതിർത്തു പറയുമായിരിക്കും. ശരിതന്നെ ഇതുവരെയുള്ള ചരിത്രങ്ങളെല്ലാം വേറെ ഒരു രീതിയിൽ എഴുതിയിട്ടുള്ളതാണു്. ഞാനും മുറ തെററിക്കാതെ തുടരാം. അലക്സാൻഡർ ജനിച്ചു;—അലക്സാൻഡർ ജീവിച്ചു—അലക്സാൻഡർ മരിച്ചു; ഇവ മൂന്നുമാണല്ലോ അദ്ദേഹത്തിൻെറ ജീവിതത്തിലെ സർവ്വപ്രധാനമായ സംഭവങ്ങൾ. അല്ല—എല്ലാവരുടെ ജീവിതത്തിലും ഇവതന്നെയാണു മഹാസംഭവങ്ങൾ. ഇവയിലൊന്നിലും, ഒരാൾക്കും, അസാധാരണത്വം നേടാൻ സാധിക്കയില്ല. അമ്മ തന്നെ പ്രസവിക്കണം—ലോകത്തുതന്നെ ജീവിക്കണം—ജഡത്തെ ഭൂമിയിൽ തള്ളിയിട്ടു ഇല്ലാതാകണം എന്നാൽ, ചരിത്രകാരനു, ജീവിച്ചകാലത്തു ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്തെന്നുംമററുംകൂടെ രേഖപ്പെടുത്തേണ്ടതായിട്ടുണ്ടു്.

എന്നാൽ പ്രാരംഭിക്കാം. അദ്ദേഹത്തിൻെറ ജന്മംകൊണ്ടു ധന്യമായിത്തീർന്ന ദേശം ഗ്രീസാണു്. അതിലും വടക്കേഅററം കിടക്കുന്ന മാസിഡോൺരാജ്യമായിരുന്നു. ആതെൻസു്, സ്പാർട്ടാതൊട്ടു ഗ്രീക്കുസംസ്കാരം പൂർണ്ണമായി നുത്തം ചെയ്തിരുന്ന പട്ടണങ്ങളൊന്നും അക്കാലത്തു മാസിഡോൺരാജ്യത്തെ പരിഷ്കൃതമെന്നു കല്പിച്ചിരുന്നില്ല. അലക്സാണ്ഡരുടെ അച്ഛനായ ഫിലിപ്പിനെപ്പററി ഡെമോസ്തനീസെന്ന മഹാവാഗ്മി നടത്തിയ പ്രഭാഷണപരമ്പരയിൽനിന്നു് അക്കാലത്തു് ആതെൻസിലുള്ളവർക്ക് മാസിഡോ

ണിയായെപ്പററിയുണ്ടായിരുന്ന അവഹേളനം, എത്രമാത്രമായിരുന്നെന്നു കാണാവുന്നതാണ്. മാസിഡോൺദേശത്തെപ്പററി ഡെമോസ്തനീസു പറയുന്നതു നല്ല ഒരു ദാസനെപ്പോലും കിട്ടാൻ നിവൃത്തിയില്ലാത്ത രാജ്യം എന്നാണ്. ഇതു് മത്സരപൂൎണ്ണമായ് ഒരു വാദമെന്നു സമ്മതിക്കണം. എങ്കിലും, ഗ്രീസിൻെറ ഇതരഭാഗങ്ങളേ അപേക്ഷിച്ചു്, മാസിഡോൺ സംസ്കാരസംബന്ധമായി നോക്കുമ്പോൾ അന്നു പിന്നോക്കം നിന്നിരുന്നെന്നുതന്നെ കല്പിക്കേണ്ടിയിരിക്കുന്നു. എന്നാൽ, അലക്സാൻഡരുടെ പിതാവായ ഫിലിപ്പിൻെറ ഭരണത്തോടുകൂടി മാസിഡോൺ രാജ്യത്തിൻെറ സ്ഥിതി പാടേ മാറി.

ഫിലിപ്പു് പല കാൎയ്യങ്ങൾകൊണ്ടും പ്രശസ്തനായിരുന്നു. വാസ്തവത്തിൽ, മകൻെറ ശ്രേയസ്സിനെല്ലാം കാരണം ഫിലിപ്പുതന്നെയെന്നു എല്ലാ ചരിത്രകാരന്മാരും സമ്മതിച്ചിട്ടുണ്ടു്. ഫിലിപ്പു് ബാല്യത്തിൽ ഗ്രീസിൽ കഴിച്ചു്, ഗ്രീക്ക്സംസ്കാരം പൂൎണ്ണമായി വശമാക്കിയിരുന്നു. അദ്ദേഹം മഹാപണ്ഡിതനും സഹൃദയനും ആയിരുന്നു. യൂറിപ്പിഡീസു തുടങ്ങിയ മഹാനാടകകാരന്മാർ അദ്ദേഹത്തിൻെറ സദസ്സിനെ അലങ്കരിച്ചിരുന്നു. അരിസ്റ്റോട്ടിൽതൊട്ടുള്ള ലോകപ്രസിദ്ധന്മാരായ ചിന്തകന്മാർ അദ്ദേഹത്തിൻെറ ആത്മമിത്രങ്ങളായിരുന്നു. ഒരു സാമ്രാജ്യസ്ഥാപനത്തെപ്പററി ഫിലിപ്പിനു വേണ്ട ബോധം ഉണ്ടായിരുന്നു. അതിനുവേണ്ടിയായിരുന്നു അദ്ദേഹം പ്രത്യേകമായ ഒരുവിധത്തിൽ സൈന്യപരിശീലനം നടത്തിച്ചതു്.

'ഫാലങ്ക്സ്' എന്ന പേരിൽ അറിയപ്പെടുന്ന അദ്ദേഹത്തിൻെറ വ്യൂഹസമ്പ്രദായം പ്രസിദ്ധമാണു്. ഫിലിപ്പിൻെറയും, പിന്നീടു അലക്സാൻഡരുടെയും മഹാവിജയങ്ങൾക്കെല്ലാം ഇതായിരുന്നു മുഖ്യമായ കാരണം. ഫിലിപ്പിൻെറ പരമമായ ഉദ്ദേശ്യം സ്വതന്ത്രമായിവൎത്തിച്ചിരുന്ന ഗ്രീക്കുസംസ്ഥാനങ്ങളേ എല്ലാം സംഘടിപ്പിച്ചു് ഒരു മഹാ

ടരണക്രൂടത്തിലടക്കിയതിനുശേഷം, പേഴ്സ്യൻസാമ്രാജ്യത്തെ ജയിച്ചു കീഴടക്കണമെന്നായിരുന്നു. ഈ ഉദ്ദേശത്തിനു നേരെ വിരോധമായിനിന്നതു് ആതെൻസുനഗരമായിരുന്നു. ചുരുക്കിപ്പറയേണ്ട ആവശ്യമേ ഇവിടെയുള്ളു. ബി. സി. 338-ാമാണ്ടോടെ ഗ്രീക്കുസംസ്ഥാനങ്ങളേയെല്ലാം ജയിച്ചു കീഴടക്കി സംഘടിപ്പിക്കാൻ ഫിലിപ്പിനു കഴിഞ്ഞു. അതേ ആണ്ടിൽത്തന്നെ ഗ്രീക്കുകാരുടെ സമസ്തരാജ്യസമ്മേളനത്തിൽവച്ചു പേഴ്സ്യയോടു യുദ്ധംചെയ്യാൻ ഫിലിപ്പിനെ ഗ്രീക്കുകാരുടെ നായകനായി തിരഞ്ഞെടുക്കുകയും ചെയ്തു. അന്നു ഫിലിപ്പിനു പ്രായം നാല്പത്തേഴുവയസ്സുണ്ടായിരുന്നു. പക്ഷേ, കഥ ഇനിയും തുടരുന്നതു അലക്സാൻഡരുടെ ചരിത്രരൂപത്തിലാണു്. ഫിലിപ്പിനെ ആയാണ്ടിൽ ഒരു ഘാതകൻ കുത്തിക്കൊന്നു.

ഈ ഘട്ടത്തിലാണു അലക്സാൻഡർ അച്ഛൻ നിർമ്മിച്ച സാമ്രാജ്യത്തിൻെറ ആധിപത്യം കയ്യേററതു്. കഥ തുടരുന്നതിനുമുമ്പു നമ്മുടെ നായകൻെറ ബാല്യത്തെപ്പററിയും മററും ചിലതുകൂടെ പറയേണ്ടതുണ്ടു്.

അലക്സാൻഡർ ഫിലിപ്പിൻെറ പ്രഥമഭാര്യയുടെ ആദ്യസന്താനമായിരുന്നു. മാസിഡോൺദേശത്തിനു പടിഞ്ഞാറുള്ള എപ്പൈറസു് രാജ്യത്തിലെ രാജാവിൻെറ പുത്രിയായ 'ഒളിമ്പിയാസ്' ഫിലിപ്പിൻെറ ഭാര്യയായിത്തീന്നതു ഒരു പ്രണയബന്ധത്തിൽ അകപ്പെട്ടതുകൊണ്ടായിരുന്നു. ആ സ്ത്രീയുടെ സ്വഭാവം പല അസാധാരണഭാവങ്ങൾ കൂടിക്കലന്നതായിരുന്നു. അവർ ആഭിചാരകർമ്മങ്ങളിൽ തല്പരയായിരുന്നു. മതസംബന്ധമായ പല ദുർദ്ദേവതോപാസനകൾക്കും വഴിപ്പെട്ടു രാത്രി മുഴുവൻ അമ്മാതിരി ആരാധനകളിലും ബലികളിലും വ്യാപൃതയായിരിക്ക പതിവായിരുന്നു. സർപ്പങ്ങളെ പഴക്കിക്കൊണ്ടു നടന്നിരുന്നെന്നും ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ടു്. സ്വഭത്താവിൻെറ വിജയങ്ങളിൽ ആ സ്ത്രീക്കു് അസഹ്യമായ അസൂയയുണ്ടായിരുന്നെ

ന്നു പറഞ്ഞാൽ അവരുടെ സ്വഭാവം ഏതാണ്ടു വ്യക്തമാവുന്നതാണല്ലോ. ഫിലിപ്പിന്നു ഈ സ്ത്രീയിലുള്ള അനുരാഗവും വേഗത്തിൽ നഷ്ടമായി; ഭാൎയ്യാഭൎത്താക്കന്മാർ തീരെ രസമില്ലാതെയായിരുന്നു കഴിച്ചതു്. മകനെ അച്ഛന്റെ വിജയങ്ങളിൽ അസൂയാലുവാക്കി വളൎത്താൻ ആ സ്ത്രീ കഴിയുന്നതും ശ്രമിച്ചിട്ടുണ്ടെന്നുള്ളതും പ്രസ്താവ്യമാണു്.

അലക്സാൻഡർ ജനിച്ചതു് ബി സി. മുന്നൂററമ്പത്താറാമാണ്ടായിരുന്നു. ഫിലിപ്പിന്റെ ഉദ്ദേശ്യം മകനെ ലോകജേതാവായ ഒരു മഹാചക്രവൎത്തിയാക്കിത്തീൎക്കണമെന്നായിരുന്നു. അതിനു വേണ്ട അഭ്യസനം കൊടുക്കാനായിരുന്നു അദ്ദേഹത്തിന്റെ യത്നം. മകന്റെ ഗുരുനാഥനായി അദ്ദേഹം നിയമിച്ചതു് ഇന്നു സൎവ്വലോകാരാധിതനായ അരിസ്റ്റോട്ടിൽ എന്ന സൎവ്വശാസ്ത്രവിശാരദനായ മഹാചിന്തകനെത്തന്നെയായിരുന്നു. ഭാരതീയമഹൎഷിപരമ്പരപോലെ, ഗ്രീസിൽ പ്രസിദ്ധമായിരുന്ന സോക്രട്ടീസ് ഗുരുപരമ്പരയിലെ അവസാനത്തെ ദേഹവും, സൎവ്വഥാ നിസ്തുലമേധാവിയും ആയിരുന്ന ഇദ്ദേഹത്തിന്റെ ശിക്ഷണം എത്രമാത്രം ഉപകാരമായിത്തീൎന്നിരിക്കുമെന്നു വിശേഷിച്ചു പറയണമെന്നില്ലല്ലോ. അലക്സാൻഡരുടെ സ്വഭാവം അപഗ്രഥിച്ചാൽ അമ്മയുടെ ദുഷ്പ്രേരണയുടെ ഫലങ്ങളും, അരിസ്റ്റോട്ടിലിന്റെ ശിക്ഷണത്തിന്റെ മാഹാത്മ്യവും, ജന്മസിദ്ധമായ ദുൎവ്വാസനകളുടെ പ്രചാരവും, ഒരുപോലെ മുന്തിനില്ക്കുന്നതായി കാണാം. ഇവ വഴിയേ വ്യക്തമായിക്കൊള്ളും.

അദ്ദേഹത്തിന്റെ ബാല്യകാലസംഭവങ്ങളിൽ സൎവ്വപ്രധാനമായതും, അച്ഛനുമായുള്ള ബന്ധത്തിന്റെ ശൈഥില്യവും അമ്മയുടെ ദുഷ്പ്രേരണയുടെ ഫലവും പ്രസ്പഷ്ടമാക്കുന്നതുമായ ഒരു കഥ ഇവിടെ പറയാം. ഫിലിപ്പു രണ്ടാമതായി വിവാഹം കഴിക്കുന്നതായിരുന്നു രംഗം. മദ്യത്തിന്റെ അമിതമായ ഉപയോഗംകൊണ്ടു എല്ലാവരും ഉന്മത്തനൃത്തംചെയ്കയായിരുന്നു. ഫിലിപ്പിന്റെ പുതിയ ശ്വശുരൻ,

മദ്യത്തിൽ മതിമറന്ന ഫിലിപ്പിൻെറ പിൻവാഴ്ചയ്ക്കു് അനുരൂപനായ ഒരു പുത്രനുണ്ടാകണമെന്നു പ്രാർത്ഥിച്ചു. അലക്സാൻഡർക്കു് ഈ അപമാനം സഹിക്കവയ്യാതെ കൈയിലിരുന്ന പാനഭാജനം അച്ഛൻെറ പുതിയ ശ്വശുരൻെറനേരേ എറിഞ്ഞു. ഫിലിപ്പു് മകനെ കുത്താനായി കഠാര ഉയർത്തിയെങ്കിലും, മദ്യത്താൽ തലകറങ്ങിയിരുന്ന അദ്ദേഹം ശക്തിഹീനനായി താഴെ വീണുപോയി. അലക്സാൻഡർ അച്ഛൻെറ സാഹസത്തേയും, മദ്യാസക്തിയേയും കഠിനമായി ആക്ഷേപിച്ചു സംസാരിച്ചു. 'ഒരു മേശയിൽനിന്നു മറെറാരു മേശയിലേക്കു് ഇഴഞ്ഞുപോകാൻകൂടെ നിവൃത്തിയില്ലാത്ത ഈയാളാണു് പേഴ്സ്യാസാമ്രാജ്യം പിടിച്ചടക്കാൻപോകുന്നതെന്നുപറഞ്ഞു് അലക്സാൻഡർ അട്ടഹസിച്ചു. ഇതിനുശേഷം അച്ഛനേ വിട്ടു് അദ്ദേഹം പൊയ്ക്കളകയും ചെയ്തു. പിന്നീടു ഫിലിപ്പു് വളരെ ശ്രമിച്ചതിനുമേലേ അലക്സാൻഡർ തിരിച്ചുചെന്നുള്ളു.

അലക്സാൻഡരുടെ ഇരുപതാമത്തെ വയസ്സിലായിരുന്നു ഫിലിപ്പിൻെറ മരണംസംഭവിച്ചതു്. തൻെറ ഭാര്യാസഹോദരനായ എപ്പൈറസിലേ രാജാവിനു സ്വപുത്രിയേ വിവാഹംകഴിച്ചുകൊടുക്കുന്ന ശുഭാവസരത്തിലാണു ഫിലിപ്പു ഘാതകൻെറ കഠാരയ്ക്കു് ഇരയായതു്. ഘാതകൻ കുതിരപ്പുറത്തുകയറി ഓടിരക്ഷപ്പെടാൻ ശ്രമിക്കെ അയാളുടെ കുതിരയുടെ കാൽ എങ്ങോളുടക്കി മുട്ടുകുത്തി വീണു; അവൻ കുതിരപ്പുറത്തുനിന്നു തെറിച്ചുദൂരെവീണു. അനുധാവനംചെയ്ത ഭടന്മാർ അവൻെറ കഥ കഴിക്കയുംചെയ്തു. എങ്കിലും,ഫിലിപ്പിൻെറ മരണത്തിൽ പ്രകടിപ്പിച്ച ബഹുമാനസൂചകമായ ദുഃഖാചരണങ്ങളെല്ലാം ആ ഘാതകൻെറ മരണത്തിലും ഉണ്ടായിരിക്കണമെന്നു ഒളിമ്പിയാസു് ശഠിച്ചു. പോരേ ഭർത്തൃഭക്തി!! ഒളിമ്പിയാസിൻെറ പ്രതികാരേച്ഛ അതുകൊണ്ടും അവസാനിക്കുന്നില്ല. സപത്നീവൈരം അവളിൽ രൂഢമൂലമായിരുന്നു. ഭർത്താവിൻെറ രണ്ടാമത്തെ ഭാര്യയേയും അവ

ളുടെ കൈക്കുഞ്ഞിനേയും ഒരുമിച്ചു ഞെക്കിക്കൊല്ലിച്ചിട്ടേ ആ പെൺപുലി തൃപ്തിപ്പെട്ടുള്ളൂ. മൃദുവായ സ്ത്രീഹൃദയത്തിനു് ഇതുമൊക്കെ വശമാണല്ലോ. പക്ഷേ, അലക്സാൻഡരോടു് മാതൃസഹജമായ വാത്സല്യം പ്രദർശിപ്പിച്ചുപോന്നു എന്നുള്ളതു സവിശേഷമായ ശ്രദ്ധയെ അർഹിക്കുന്ന സംഗതിയാണു്.

അലക്സാൻഡരുടെ ചരിത്രത്തിനു പീഠികയായി ഇത്രയും പറഞ്ഞതാണു്. അച്ഛന്റെനയം തുടർന്നുകൊണ്ടുപോകുന്നതിൽ അദ്ദേഹം അത്യന്തം താല്പര്യം പ്രദർശിപ്പിച്ചു. ഗ്രീക്കുകാർ വീണ്ടും ഫിലിപ്പിന്റെ സ്ഥാനത്തിൽ അദ്ദേഹത്തെ നായകനായി വരിച്ചു. ത്രെയ്സുരാജ്യത്തിൽക്കൂടെ സൈന്യങ്ങളുമായി യാത്രചെയ്തു ഡാന്യൂബ്നദീതീരത്തിൽ ചെന്നുചേർന്നു. ആ നദി കടന്നു വഴിയിൽക്കണ്ട ചില ചില്ലറനഗരങ്ങളും ചുട്ടുനശിപ്പിച്ചു് ഇല്ലിറിയാരാജ്യത്തിൽ എത്തിച്ചേർന്നു. തീബ്സുനഗരത്തിൽ എന്തോ അന്തഃഛിദ്രമാണെന്നു മനസ്സിലാക്കിക്കൊണ്ടു് അങ്ങോട്ടു കടന്നു. അവിടംമുഴുവൻ അഗ്നിക്കു് ഉപഹാരമാക്കിത്തീർത്തു. പിൻഡാർകവിയുടെ വീടുമാത്രം ചുട്ടില്ല കവികളോടുള്ള ബഹുമാനം! അവിടന്നു തടവുകാരായിപ്പിടിച്ചു മുപ്പതിനായിരംപേരെ അടിമകളായി വിററു. ഈ മഹാകൃത്യംകൊണ്ടു ഗ്രീക്കുലോകം സ്തംഭിച്ചു! അലക്സാൻഡർക്കു നിർബാധം എന്തും ചെയ്യാമെന്നായി. രാവണൻ ഇത്രത്തോളം ദ്രോഹം ചെയ്തിട്ടുണ്ടോ?

ആ നഗരധ്വംസനത്തിലുണ്ടായതായി പറഞ്ഞുപോരുന്ന ഒരു നേരംപോക്കുകഥയുണ്ടു്. ജേതാവായ നാഥന്റെ കല്പനയനുസരിച്ചു ആ പട്ടണം കൊള്ളയിടാൻ ഇറങ്ങിയ സൈനികോദ്യോഗസ്ഥന്മാരിൽ ഒരാൾ ഒരു വീട്ടുകേറി ആക്രമിച്ചു് അവിടെയുണ്ടായിരുന്ന ഗൃഹനായികയെ നിർഘൃണമായി അവമാനിച്ചു. തന്റെ മൃഗീയതൃഷ്ണകളെല്ലാം ശമിപ്പിച്ചശേഷം പണ്ടങ്ങളെല്ലാം ഒളിച്ചുവച്ചിരിക്കുന്നതു്

40695

എവിടെയാണെന്നുചോദിച്ചു. നിധികളെല്ലാം കിണററിലാണു സൂക്ഷിച്ചിരിക്കുന്നതെന്നു പറഞ്ഞു. ഭടൻ കിണററിലിറങ്ങാൻതുടങ്ങിയപ്പോൾ ആ സ്ത്രീ അയാളെ കിണററിനുള്ളിൽ തള്ളിയിട്ടു. കിണററിൻെറ വായ്ക്കല്ലുകൾ എടുത്തിട്ടു അയാളെക്കൊന്നു. ഈ കൃത്യം കണ്ടുകൊണ്ടുചെന്ന മററു ഭടന്മാർ അവളേ അലക്സാൻഡറുടെ മുമ്പിൽ കൊണ്ടുചെന്നു. അവൾ അലക്സാൻഡരെ കഠിനമായി ആക്ഷേപിക്കാനും ശകാരിക്കാനും തുടങ്ങി. നഗരംമുഴുവൻ കൊള്ളചെയ്യാൻ ആദ്യം ആജ്ഞാപിച്ച അദ്ദേഹം ആ സ്ത്രീയേ വെറുതേവിട്ടു; എന്നല്ല അവളുടെ സ്വത്തെല്ലാം വീണ്ടുകൊടുക്കയുംചെയ്തു. നഗരം നശിപ്പിക്കാൻ പറഞ്ഞ മനഃസ്ഥിതിയും ഈ ഔദാര്യവുംകൂടെ താരതമ്യപ്പെടുത്തുക!

അലക്സാൻഡറുടെ ഈവിധമായ ലോകദ്രോഹതൃഷ്ണയ്ക്കു മേലും ഉദാഹരണങ്ങൾ സുലഭമാണ്.

പേഴ്സ്യയുടെ അന്നത്തെ നാവികബലംപ്രസിദ്ധമായിരുന്നു. അതുകൊണ്ട്, ആ സാമ്രാജ്യത്തെ ജയിക്കാനൊരുങ്ങിയ നമ്മുടെ നായകനു് അവരുടെ നാവികബലത്തെ ആദ്യമായി ധ്വംസിക്കേണ്ടിയിരുന്നു. അലക്സാൻഡർക്കു കപ്പൽസൈന്യം ഇല്ലായിരുന്നു. ഇതിന് അദ്ദേഹം കണ്ട സമ്പ്രദായം ഇതായിരുന്നു. ഏഷ്യാമൈനറിൽക്കൂടെ സഞ്ചരിച്ചു പേഴ്സ്യൻതുറമുഖങ്ങളെല്ലാം കീഴടക്കണം. ബി. സി. മൂന്നൂററിമുപ്പത്തിനാലാമാണ്ട്, പേഴ്സ്യൻസൈന്യവുമായി ഒരു യുദ്ധമുണ്ടായി. അതിൽ അലക്സാൻഡർക്കുതന്നെ ജയം സംഭവിച്ചു. ഈ വിജയംകൊണ്ടു സമുദ്രതീരത്തുള്ള അനവധി നഗരങ്ങൾ അലക്സാൻഡർക്കു സ്വാധീനമായി. പേഴ്സ്യയുടെ നാവികസൈന്യം കടലിൽ വിളയാടി പല വീരവാദങ്ങളും പുറപ്പെടുവിച്ചുതല്ലാതെ അവർക്കു കാര്യമായി ഒന്നുംതന്നെ ചെയ്യാൻസാധിച്ചില്ല. അലക്സാൻഡർ വീണ്ടും യാത്രതുടന്നുപ്പോഴേക്കും പേഴ്സ്യൻചക്രവർത്തി

യായ ദാരയസ് മൂന്നാമൻ യുദ്ധസന്നാഹത്തോടെ വഴിയിൽ വന്നു പാളയമടിച്ചു. ദാരയസിൻെറ സൈന്യം ഒരു 'ചന്ത' എന്നേ പറയാവൂ. അത്രയും പോര്. ചക്രവർത്തിയുടെ അന്തഃപുരസുന്ദരികളും, നർത്തകന്മാരും എല്ലാം അദ്ദേഹത്തെ അനുഗമിച്ചിട്ടുണ്ടായിരുന്നു. പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരെല്ലാം അവരുടെ ഭാര്യമാരേയും കുഞ്ഞുങ്ങളേയും കൂടെ യുദ്ധം കാണാനായി കൊണ്ടുപോന്നിട്ടുണ്ടായിരുന്നു. യുദ്ധം മുഴവൻ ഇവിടെ വർണ്ണിക്കേണ്ട ആവശ്യമില്ല. യാതൊരു യുദ്ധപരിശീലനവും ലഭിച്ചിട്ടില്ലാത്ത ഈ ജനസമൂഹത്തെ തോല്പിച്ചു ഓടിക്കുന്നതിന് അലക്സാൻഡർക്ക് തീരെ പ്രയാസമുണ്ടായില്ല. ദാരയസ് കുതിരപ്പുറത്തു കയറി ഓടി ഒളിച്ചു. അദ്ദേഹത്തിൻെറ അന്തഃപുരവും മററും ജേതാവിൻെറ കൈയിൽപ്പെട്ടു. പക്ഷേ, പേഴ്സ്യൻ രാജകന്യകകളോട് അദ്ദേഹം വളരെ മര്യാദയോടാണു പെരുമാറിയതു്. അദ്ദേഹം ദാരയസിനെ അനുധാവനം ചെയ്തില്ല. സിഡോൺ തുറമുഖത്തിൽ ചെന്നു. യുദ്ധത്തിന് ഒരുമ്പെടാതെ ആ നഗരം കീഴടങ്ങി.

ടയർനഗരധ്വംസനത്തിലായിരുന്നു അലക്സാൻഡർക്ക് അതിയായ ശ്രമം നേരിട്ടതു്. ഈ നഗരം പുണ്യപുരിയായ യെറുസലേംനഗരത്തിനു കുറേ വടക്കു കടൽത്തീരത്തു കിടക്കുന്നു. അന്നു വാണിജ്യാഭിവൃദ്ധികൊണ്ടും, നാവികസൈന്യബലംകൊണ്ടും ഈ നഗരം സുപ്രസിദ്ധമായിരുന്നു. ലോകപ്രസിദ്ധ ബാബിലോണിയായിലെ മഹാചക്രവർത്തി നെബുക്കാഡ്നെസറിൻെറ ആക്രമണത്തെ പതിന്നാലുവർഷത്തോളം തടഞ്ഞുനിർത്തിയ ഈ നഗരത്തിൻെറ ശക്തിയെപ്പററി അധികം വിസ്തരിക്കേണ്ട ആവശ്യമില്ല. 'ടയർ' സമുദ്രതീരത്തുനിന്ന് അരമൈൽ വിട്ടുകിടക്കുന്ന ഒരു ദ്വീപമാണ്. ചുററും കപ്പൽ നിരന്നുകിടന്നതുകൊണ്ട് അധൃഷ്യവുമായിരുന്നു. സിഡോൺനഗരം ജയിച്ചപ്പോഠം അവി

ടത്തെ കപ്പൽ സഹായാൎത്ഥം അലക്സാൻഡരോടു ചേൎന്നു. എന്നുതന്നെയല്ല, * സൈപ്രസിലെ രാജാവു് നൂററിയിരു പതുകപ്പലുമായി ഈ തക്കത്തിൽ അലക്സാൻഡരുടെ പക്ഷത്തിൽ വന്നെത്തുകയുംചെയ്തു!

ഇവിടെ ഒരു സേതുബന്ധനം കഥയാണു പറയാൻ പോകുന്നതു്. ശ്രീരാമൻെറ കഥയോടു വളരെ സാദൃശ്യം തോന്നുന്നു. സീതയെ കട്ടിട്ടല്ല വെറുതെയാണു ഈ ദ്വീപം നശിപ്പിക്കാൻ നമ്മുടെ നേതാവു തുടങ്ങുന്നതെന്നേ വ്യത്യാസമുള്ളു. അലക്സാൻഡരുടെകൂടെ അനവധി ശില്പവിദഗ്ദ്ധന്മാരുണ്ടായിരുന്നു. സമുദ്രതീരത്തുനിന്നു ടയർദ്വീപത്തിലേക്കു് ഒരു സേതു നിൎമ്മിക്കാനായിരുന്നു അദ്ദേഹത്തിൻെറ ആദ്യത്തെ ശ്രമം. ആ സേതു ഇന്നും നിലനിൽക്കുന്നു! അതിൽക്കൂടെ പട്ടണത്തോടടുത്തു ചെന്നു വലിയ സ്തംഭങ്ങൾ നിൎമ്മിച്ചു്, അവയുടെ മുകളിൽനിന്നു കോട്ട നശിപ്പിക്കാനുള്ള യന്ത്രങ്ങൾ പ്രയോഗിച്ചുതുടങ്ങി. ടയർനഗരം അഗ്നിക്കപ്പലുകൾകൊണ്ടു യുദ്ധംചെയ്വാൻ ശ്രമിച്ചിട്ടും അവൎക്കു തോൽവിയേ സംഭവിച്ചുള്ളു. അവസാനം യന്ത്രപ്രയോഗംകൊണ്ടു കോട്ടമതിൽ ഇടിച്ചു് അലക്സാൻഡരുടെ സൈന്യം നഗരത്തിനുള്ളിൽ പ്രവേശിച്ചു. ധനസമൃദ്ധമായിരുന്ന ആ പട്ടണം മുഴുവൻ കൊള്ളയിട്ടു അനവധി ആളുകളെ നിൎദ്ദയമായി ബലികഴിച്ചു. ശേഷിച്ചവരെ അടിമകളാക്കി വിററു. ഹാ! അന്നു പൊങ്ങിയ ദീനരോദനം ചുററുമുള്ള കടലിലെ അലകളുടെ ഗൎജ്ജനങ്ങളാൽ മുഖരിതമായ ആകാശത്തിൽ വ്യാപിച്ചു് അലക്സാൻഡൎക്കു നിത്യകീൎത്തിയെ പ്രഖ്യാപനംചെയ്തിട്ടു ശാന്തമായി!

അടുത്തതായി അലക്സാൻഡർ ഗാസാപട്ടണത്തിലേക്കു തിരിച്ചു. രണ്ടുമാസത്തെ യുദ്ധത്തിനുശേഷം ആ നഗരം അടിപണിഞ്ഞു. ടയറിൽ നടത്തിയതുപോലെ

---

* സൈപ്രസ് ടയർനഗരത്തിൽനിന്നു് ഇരുനൂറാളംമൈൽ ദൂരെ വടക്കുമാറി സ്ഥിതിചെയ്യുന്ന ഒരു ദ്വീപമാണു്.

യുള്ള അക്രമങ്ങളും ദ്രോഹങ്ങളും എല്ലാം അവിടെയും നടത്തി.

ഇത്രയും അട്ടത്തട്ടത്തുള്ള മഹാവിജയങ്ങൾകൊണ്ട് അലക്സാൻഡറുടെ പേര് ഗ്രീസിലെങ്ങും വളരെ പുകഴാന്ന. മുന്നൂററിമുപ്പത്തിരണ്ടാമാണ്ട് ഗാസാവിജയത്തിനു ശേഷം അലക്സാൻഡർ ഈജിപ്തിലേക്കു തിരിച്ചപ്പോൾ, ഗ്രീക്കുകാരുടെ സമസ്തരാജ്യസമ്മേളനം വിജയചിഹ്നമായ ഒരു സ്വർണ്ണകിരീടം അലക്സാൻഡറ്ക്കു സമ്മാനിക്കണമെന്നു തീർച്ചപ്പെടുത്തി. ഈജിപ്തുകാർ യുദ്ധത്തിനൊരുങ്ങാതെ അലക്സാൻഡറുടെ പക്ഷത്തിൽ ചേർന്നു. വളരെക്കാലമായി പേർഷ്യാക്കാരുടെ കീഴിൽ കഴിച്ചിരുന്ന അവർക്കു വേറൊരു അധിപതിയെ സ്വീകരിക്കുന്നതിൽ, "രാമൻ ഭരിച്ചാലെന്തു് രാവണൻ ഭരിച്ചാലെന്തു്" എന്ന മനഃസ്ഥിതിക്കേ ആവശ്യമുണ്ടായിരുന്നുള്ളു. എതിർക്കാതെ വൈതസീവൃത്തി കൈക്കൊണ്ട് ആത്മരക്ഷ നേടിയ ഈജിപ്തുകാരോട് അലക്സാൻഡർക്ക് അസാധാരണമായ അനുകമ്പയേ ഉണ്ടായുള്ളു. അവരുടെ മതവിശ്വാസങ്ങളെ അദ്ദേഹം വേണ്ടപോലെ ആദരിച്ചു. നാലുമാസം അദ്ദേഹം അവിടെക്കഴിച്ചു ഇതിനിടയ്ക്കുണ്ടായ ഒരു മഹാസംഭവത്തെ ചുവടേ വിവരിക്കാം. ഇതൊരു മഹാസംഭവമാണോ എന്നു സംശയിക്കാം. എങ്കിലും, അലക്സാൻഡറുടെ ദുരഭിമാനത്തിൻെറ ഒരു പ്രകടനമെന്നുള്ളതുകൊണ്ട് ഒരു മഹാസംഭവമെന്നു് ഇവിടെ കണക്കാക്കിയിട്ടുള്ളതാണു്.

അലക്സാൻഡർക്കു വളരെക്കാലമായി പ്രബലമായ ഒരു സംശയം ഉണ്ടായിരുന്നു. മാതൃമുഖത്തുനിന്നുതന്നെ തൻെറ ജന്മകഥയെപ്പററി ചില രഹസ്യങ്ങൾ ഉള്ളതായി അദ്ദേഹം ധരിച്ചിരുന്നു. സാധാരണ ഒരു മനുഷ്യൻെറ മകനാണെങ്കിൽ തനിക്കു് ഈ ദിവ്യകൃത്യങ്ങളെല്ലാം എങ്ങനെ ചെയ്യാൻസാധിക്കും? അമ്മ സൂചിപ്പിച്ചിട്ടുള്ളതുപോലെ താൻ ഈശ്വരൻെറ പുത്രനല്ലേ, ദിവ്യമായ ഒരവതാരമല്ലേ?

ഇതായിരുന്നു അലക്സാൻഡറുടെ സംശയം. നമുക്കു ചിരി വരുന്ന ഈ പ്രശ്നം ആ മഹാവീരനെ വല്ലാതെ വ്യാകുലപ്പെടുത്തിക്കൊണ്ടിരുന്നു. ഈജിപ്തിലെ ദേവതകളോടുണ്ടായ വിശ്വാസം ഈ സംശയനിവാരണത്തിന് ഒരു വഴികാട്ടി. 'അമ്മൻ' എന്നൊരു ദൈവത്തെ ഈജിപ്തുകാർ ഭജിച്ചുപോന്നു. അമ്മൻെറ സന്നിധിയിൽ സംശയം ഉണർത്തിച്ചാൽ വെളിച്ചപ്പാട് അനുഗ്രഹംകൊണ്ട് സത്യാവസ്ഥ പറയും. ഇതിനായി ആ മഹാവീരൻ കാൽനടയായി നാന്തറുമൈൽ പോയി അമ്മൻെറ തിരുസന്നിധിയിലെത്തി. ഈജിപ്ഷ്യൻശില്പവിധാനപാരമ്യങ്ങളായി പരിലസിച്ചിരുന്ന മഹാചൈത്യങ്ങളുടേയും ഗോപുരപംക്തികളുടേയും മുമ്പിൽ ആ രണവീരൻ ചെന്നുനിന്നു. അവിടെ വച്ച് ദൈവത്തിൻെറ മഹിമയും തൻെറ നിസ്സാരതയും അദ്ദേഹത്തിനു മനസ്സിലായെന്നാണു ചില ചരിത്രകാരന്മാർ പറഞ്ഞുകാണുന്നതു്. ഏതായാലും, വെളിച്ചപ്പാടിൽനിന്നും താൻ ഈശ്വരൻെറ മകനാണെന്ന് അദ്ദേഹം മനസ്സിലാക്കി. എങ്കിലും, ചിലപ്പോഴൊക്കെപ്പിന്നെയും സംശയം ഉണ്ടാകും. പക്ഷേ, താൻ ദൈവത്തിൻെറ പുത്രൻതന്നെയെന്നു പൂർണ്ണമായി വിചാരിച്ചുപോന്ന നിമിഷങ്ങളും അദ്ദേഹത്തിൻെറ ജീവിതത്തിൽ സുലഭമായിരുന്നു. ആരാണ് ദൈവത്തിൻെറ പുത്രരല്ലാത്തതു്?

അതു നില്ക്കട്ടെ. അലക്സാൻഡർ ഈജിപ്തിൽ ചില നഗരങ്ങൾ സ്ഥാപിച്ചു. ഈജിപ്തിലും മററു സ്ഥലങ്ങളിലും അദ്ദേഹം സ്ഥാപിച്ചതായി ആകെപ്പാടെ പതിനേഴ നഗരങ്ങളുണ്ട്. അവയ്ക്കെല്ലാം അയലക്സാൻഡ്രിയാ എന്നാണു് അന്നു നാമകരണംചെയ്തതു്. കാലക്രമത്തിൽ ഈ പേരുകൾ തേഞ്ഞുമാഞ്ഞു രൂപാന്തരപ്പെട്ടിട്ടുണ്ടെന്നേ ഉള്ളൂ. പട്ടണങ്ങൾ സ്ഥാപിക്കാൻ സ്ഥലങ്ങൾ തിരഞ്ഞെടുക്കുന്നതിൽക്കാണിച്ച ഔചിത്യവും ബുദ്ധിയും അത്ഭുതാവഹ

മാണു്. അന്നു് അദ്ദേഹം സ്ഥാപിച്ച നഗരങ്ങൾ ഏറിയക്കുറും വളരെ പ്രശസ്തമായി ഇന്നും ശോഭിക്കുന്നു എന്നുള്ളതു തന്നെ ഇതിനു സാക്ഷ്യമാണു്.

മുന്നൂററിമുപ്പത്തൊന്നിൽ അദ്ദേഹം ഈജിപ്തിൽനിന്നു തിരിച്ചു വീണ്ടും ടയറിൽച്ചെന്നു. അവിടെനിന്നു സിറിയായിൽക്കൂടെ അസീറിയാരാജ്യത്തേക്കു യാത്രചെയ്തു. പണ്ടു് നിനെവാനഗരം നിന്നിരുന്നതിനു സമീപത്തുവച്ചു വലിയ ഒരു പേഴ്സ്യൻസൈന്യവിഭാഗവുമായി അദ്ദേഹത്തിനു് എതിർക്കേണ്ടിവന്നു. രഥികളായിരുന്നു ദാരയസിൻെറ സൈന്യത്തിൽ പ്രധാനികൾ. നാലു കുതിരകളെ പൂട്ടിയ ഇമ്മാതിരി രഥങ്ങൾ യുദ്ധത്തിൽ വളരെ അസൗകര്യമാണെന്നേ പറയേണ്ടതുള്ളു. യുദ്ധം ആരംഭിച്ചു് അധികം താമസിക്കുന്നതിനുമുമ്പുതന്നെ പേഴ്സ്യൻസൈന്യം നാലു ദിക്കിലേക്കും ഓടിത്തുടങ്ങി. കുതിരയുടെ കുളമ്പുകൊണ്ടും, ഓടിപ്പോകുന്ന അനേകസഹസ്രം ആളുകളുടെ പാദങ്ങളെ ഏററവും, തേരുകളുടെ ചക്രങ്ങൾകൊണ്ടും കുതിച്ചുപൊങ്ങിയ പൊടിയിൽ ഓടിപ്പോകുന്ന ആളുകളെ കാണാൻതന്നെ വയ്യെന്ന നിലയായി. അലക്സാൻഡരുടെ സൈന്യം ശത്രുക്കളെ ആയിരമായിരംകണക്കിനു കൊന്നുവീഴ്ത്തി. ആകെപ്പാടെ എഴുപതിനായിരം ആളുകളെ കൊന്നൊടുക്കിയെന്നാണു പറയുന്നതു്!

രക്തം പരന്നടിയിലററുമഹോനഭസ്സിൽ-
ച്ചുററിത്തിരിഞ്ഞുമെഴുമാരണധൂളിജാലം
കത്തിക്കരിഞ്ഞു കനലായ മഹാഗ്നിയിന്നു
മുല്പാടുയന്ന പുകപോലെ വിളങ്ങിയപ്പോൾ.

ബി. സി. മുന്നൂററിമുപ്പത്തൊന്നാമാണ്ടു് അക്ടോബർമാസം ഒന്നാംതിയതി നടന്ന ആ മഹായുദ്ധം അങ്ങനെ അവസാനിച്ചു. ആയിടയ്ക്കുണ്ടായ ഒരു ചന്ദ്രഗ്രഹണം കണ്ടുകൊണ്ടു ജ്യോതിഷികന്മാർ ആസന്നമായ ഈ നാശത്തെപ്പററി മുൻ

ക്രൂട്ടിപ്പറഞ്ഞിട്ടുണ്ടായിരുന്നെന്നും ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ യുദ്ധത്തിനുശേഷം ദാരയസ് മീദിസ്ദേശങ്ങളിലേക്ക് ഓടിപ്പോയി. അലക്സാൻഡർ ബാബിലോൺ പട്ടണത്തിനുനേരേ സഞ്ചരിച്ചു. നെബൂക്കാഡ്നസെർ തുടങ്ങി പ്രാചീനകാലങ്ങളിൽ അതിപ്രശസ്തന്മാരായ സമ്രാട്ടുകൾ ഭരിച്ചിരുന്ന ആ നഗരം എതിക്കാതെതന്നെ അലക്സാൻഡർക്കു കീഴടങ്ങി. അവിടെനിന്നു സൂസാപട്ടണത്തിൽക്കൂടെ പേഴ്സിപ്പോളീസ്നഗരത്തിലേക്കു പോയി. രാജാധിരാജനായ പേഴ്സ്യൻചക്രവത്തിയുടെ വാസസ്ഥാനങ്ങളായിരുന്ന ചൈത്യങ്ങളാൽ അലംകൃതമായി ശോഭിച്ച ആ മനോഹരനഗരത്തെ അദ്ദേഹം അഗ്നിക്ക് ഉപഹാരമാക്കി. ഇത്രവലിയ ഒരു ദ്രോഹം അലക്സാൻഡർ വേറെ ചെയ്തിട്ടുണ്ടോ എന്നു സംശയമാണ്.

ഇതിനുശേഷമുള്ള ഏഴുവർഷത്തെ അദ്ദേഹത്തിന്റെ ചരിത്രം ഒരു മഹാപ്രസ്ഥാനകഥയാണ്. ആദ്യം ദാരയസിനെ തിരക്കിയുള്ള പോക്കായിരുന്നു. എന്നാൽ, ദാരയസിന്റെ കഥ വേഗംതന്നെ അവസാനിക്കുന്നു. രാജാധിരാജനായ അദ്ദേഹത്തിന്റെ മരണം ബാഷ്പോദ്ഗമമുണ്ടാകുന്നവിധം അത്ര ദാരുണമായിരുന്നു. അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥന്മാർതന്നെ അദ്ദേഹത്തോടു മത്സരിച്ചുതുടങ്ങി. അവരെല്ലാവരുംകൂടെ ചേൎന്നു ചക്രവത്തിയെ ബന്ധനസ്ഥനാക്കി അലക്സാൻഡർക്കു കാഴ്ചവയ്ക്കാൻ തീർച്ചപ്പെടുത്തി. എന്തിനു കഥ നീട്ടുന്നു. അങ്ങനെയാണു സംഭവിച്ചതു്. വഴിയിൽനിന്ന് അല്പം ദൂരെമാറിയുള്ള ഒരു കുളത്തിന്റെ അരികിൽ കോവർകഴുതയെക്കെട്ടിയ ഒരു വണ്ടി കിടന്നു അതിൽ ക്ഷതശരീരനായി മൃത്യുവിൻവരവു പാർത്തുപാർത്ത് ദാരയസ് കിടന്നിരുന്നു! അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥപ്രമാണിയായ ബെസസിന്റെ നിയോഗമനുസരിച്ച് അലക്സാൻഡറുടെ മുമ്പിൽ പോകാൻ മടികാണിച്ചതുകൊ-

ണ്ടായിരുന്ന ഈവിധമായ ദുരന്തം ആ ചക്രവൎത്തിക്കു സംഭവിച്ചതു്. മരിക്കാൻനേരത്തു് അദ്ദേഹത്തിനു് അല്പം വെള്ളം കിട്ടിയോ ആവോ? പ്രഭാതത്തിൽ അലക്സാൻഡർ തൃക്കൺപാൎക്കാൻ ചെന്നപ്പോഴേക്കും ദാരയസ് ദിവംഗതനായിരുന്നു.

ഇനിയും നമുക്കു പ്രസ്ഥാനകഥതന്നെ തുടരാം. കാസ്പിയൻകടൽക്കരെക്കൂടെ അദ്ദേഹം ടൎക്കിസ്റ്റാനിൽ എത്തി. അദ്ദേഹം അവിടെ സ്ഥാപിച്ചതാണു 'ഹെറാററ്' എന്ന പട്ടണം. അവിടെനിന്നു കാബൂളിൽക്കൂടെ അലഞ്ഞു കൈബർ ചുരത്തിൽക്കൂടെ ഇൻഡ്യയിൽ പ്രവേശിച്ചു. ഇൻഡ്യയിൽ പ്രവേശിച്ചതോടുകൂടി പൌരവനെന്ന രാജാവുമായി യുദ്ധംചെയ്യേണ്ടിവന്നു പൌരവനെ തോല്പിച്ചെങ്കിലും പിന്നീടു സഖ്യമായി. ഭാരതത്തിലെ തത്ത്വവാദികളുമായി അലക്സാൻഡർ പല സംവാദങ്ങൾ നടത്തിയെന്നും മററും കേട്ടിട്ടുണ്ടു്. ഭാരതത്തിൻെറ പൂൎവ്വദേശങ്ങളിലേക്കു പോകണമെന്നു് അദ്ദേഹത്തിനു് അതിയായ താല്പൎയ്യമുണ്ടായിരുന്നു. പക്ഷേ, ഭടന്മാർ വിമുഖന്മാരായിരുന്നു. അതുകൊണ്ടു് അദ്ദേഹം കുറേ കപ്പലുകൾ ഉണ്ടാക്കി സിന്ധുനദിയിൽക്കൂടെ യാത്രചെയ്തു കടൽത്തീരത്തു ചെന്നു. അവിടെ വച്ചു് അദ്ദേഹം സൈന്യത്തെ രണ്ടായി ഭാഗിച്ചു. ഒരു ഭാഗം അദ്ദേഹവുമൊത്തു് മരുപ്രദേശമായ കടലോരത്തുകൂടെ യാത്രചെയ്തു പേഴ്സ്യൻ ഉൾക്കടലിൻെറ കരയ്ക്കു ചെന്നുചേൻ. മറേറഭാഗം കപ്പലിൽക്കൂടെ യാത്രചെയ്തു. വഴിക്കുവച്ചു് അദ്ദേഹത്തിൻെറ സൈന്യങ്ങളിൽ ഗണ്യമായ ഒരുഭാഗം ദാഹംകൊണ്ടു വലഞ്ഞു മരിച്ചു.

പേഴ്സ്യാസാമ്രാജ്യത്തിൻെറ സ്ഥിതി എങ്ങനെ എന്നു നോക്കാം. ബീ. സീ. മുന്നൂററിമുപ്പതിൽ ദാരയസ് മരിച്ചു മഹാപ്രസ്ഥാനത്തിനുശേഷം മുന്നൂററിഇരുപത്തിനാലിൽ അലക്സാൻഡർ തിരിച്ചു സൂസാനഗരത്തിൽച്ചെന്നു. ഈ ആറുവൎഷംകൊണ്ടു് പേഴ്സ്യൻസാമ്രാജ്യം അരാജക

ത്പദുഃഖം പരിപൂർണ്ണമായി അനുഭവിച്ചിരിക്കുന്നു. സവ്വത്ര കുഴപ്പംതന്നെ. പ്രാദേശികഭരണാധികാരികൾ സ്വേച്ഛാപ്രഭുത്വം കൈക്കൊണ്ടിരുന്നു. രാജ്യത്തിൽ യാതൊരു സമാധാനവും ഇല്ല. ഇതായിരുന്നു തിരിച്ചെത്തിയപ്പോൾ അലക്സാൻഡർ കണ്ട കാഴ്ച.

ഈ അവസരത്തിൽ മാസിഡോൺദേശത്തും കുഴപ്പം തന്നെയായിരുന്നു. ഒളിമ്പിയാസ്സിൻെറ ദുർഭരണംകൊണ്ടു ഭരണക്കൂടം തകരുമെന്നമട്ടായി. അലക്സാൻഡർക്കു അന്നു പ്രായം മുപ്പത്തൊന്നു വയസ്സായിരുന്നു. അദ്ദേഹം പുതുതായി ജയിച്ചു നേടിയ സാമ്രാജ്യത്തിൻെറ ഭരണത്തിൽ ദത്തശ്രദ്ധനായിരിക്കുന്നു. പ്രാദേശികഭരണസമ്പ്രദായം മാമൂലനുസരിച്ചു ചെയ്തുകൊള്ളുന്നതിന് അദ്ദേഹം അനുവദിച്ചു. ചുരുക്കം ചില ഉദ്യോഗസ്ഥന്മാരെ പുത്തനായി നിയമിക്കയും പഴയ ചിലരെ മാററുകയും ചെയ്തു. ഈജിപ്തിൽ അദ്ദേഹം പുതിയ ഭരണാധികാരികളെ നിയമിക്കയേ ചെയ്തുള്ളു. ഇൻഡ്യയിൽ അദ്ദേഹം പൗരവനെ ജയിച്ചെന്നല്ലാതെ പൗരവൻെറ സ്ഥാനത്തിനു ഭംഗം ഒന്നും വരുത്തിയില്ല. പക്ഷേ, സാമ്രാജ്യത്തിൻെറ നിലനില്പിനു വേണ്ടി അദ്ദേഹം ഒന്നും ചെയ്തില്ല. വിദൂരഭാഗങ്ങളെ തമ്മിൽ ചേക്കാൻ റോഡുകൾ നിർമ്മിക്കുന്നതിനോ, നല്ല ഒരു വിദ്യാഭ്യാസസമ്പ്രദായം ഏപ്പെടുത്തുന്നതിനോ അദ്ദേഹത്തിനു സാധിച്ചില്ല. ജയിച്ച നാടുകളിൽ പലേടത്തുമായി പല പട്ടണങ്ങൾ സ്ഥാപിച്ചു എന്നുള്ളതു ശരി തന്നെ. പക്ഷേ, ഒരു സാമ്രാജ്യസൃഷ്ടിയെവിടെ? ഏതാനും നഗരങ്ങളുടെ സ്ഥാപനമെവിടെ? ഒരു വലിയ ഭൂവിഭാഗം ജയിച്ചു കീഴടക്കാൻ കഴിഞ്ഞുവെങ്കിലും അതു ശരിയായി പാലിക്കാനും, സ്ഥിരമായി നിലനിറുത്താനും വേണ്ടതു യാതൊന്നും ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. കിഴക്കൻപ്രദേശങ്ങളിൽ ആദ്യമായി ഗ്രീക്കുസംസ്കാരം പ്രചരിപ്പിച്ചതു് അദ്ദേഹമായിരുന്നു എന്നും പറയാനും നിവൃത്തി

യില്ല. പക്ഷേ, അദ്ദേഹത്തിനു വേണ്ടേടത്തോളം കാലം കിട്ടിയിരുന്നെങ്കിൽ ഇതെല്ലാം ചെയ്യുമായിരുന്നു എന്നു വിചാരിക്കാം. എന്നാൽ ചെയ്ത പ്രവൃത്തികളെപ്പററി മാത്രമേ ചരിത്രകാരനു കാൎയ്യമുള്ളു. പാശ്ചാത്യവും പൌരസ്ത്യവുമായ സംസ്കാരങ്ങളുടെ സമ്മേളനമാണു് അദ്ദേഹം ലാക്കാക്കി പ്രവൎത്തിച്ചതെന്നു വാദിക്കുന്നവരുണ്ടു്. അതിൻെറ സാധുത്വത്തെപ്പററി വിചാരിക്കേണ്ടിയിരിക്കുന്നു. ഏതായാലും, അദ്ദേഹം ഒരുകാൎയ്യംചെയ്തു; ഒരു വലിയ വിവാഹാഘോഷത്തിൽ അദ്ദേഹവും അദ്ദേഹത്തിൻെറ സേനാനായകന്മാരിൽ തൊണ്ണൂറുപേരും പേഴ്സ്യൻരാജകുമാരിമാരെ വരിച്ചു. ദാരയസിൻെറ മകളെയായിരുന്നു അലക്സാൻഡർ കല്യാണം കഴിച്ചതു്. അതിനുമുമ്പുതന്നെ സമർഖണ്ഡ (Samarkand) ദേശാധിപതിയുടെ പുത്രിയായ റോക്സാനായേ അദ്ദേഹം വിവാഹം കഴിച്ചിരുന്നു. ഇതിനുപുറമെ, തൻെറ നൂതനസാമ്രാജ്യത്തിലെ ആളുകളെ ഗ്രീക്കുമുറയനുസരിച്ചു് അദ്ദേഹം യുദ്ധപരിശീലനം ചെയ്യിക്കാൻ വേണ്ട ഏൎപ്പാടുകൾ ചെയ്തു.

ജീവിതത്തിൻെറ അവസാനഘട്ടം സമീപിച്ചതോടുകൂടി അദ്ദേഹത്തിൻെറ സ്വഭാവത്തിൽ ചില പ്രത്യേകതകൾ ഉദിച്ചു എന്നു പറയാം. പൌരസ്ത്യമായ ആഡംബരത്തിൽ അദ്ദേഹത്തിനു് ആസക്തിയുണ്ടായി. എന്നുതന്നെയല്ല സ്നേഹിതന്മാർപോലും അദ്ദേഹത്തിൻെറ മുമ്പിൽ ദണ്ഡനമസ്കാരംചെയ്യണമെന്നു ശഠിച്ചുതുടങ്ങി. അലക്സാൻഡർ പ്രകൃത്യാ സുന്ദരനായിരുന്നു. സ്വന്തം സൌന്ദൎയ്യത്തെപ്പററി അദ്ദേഹത്തിനു വല്ലാത്ത അഭിമാനവും ഉണ്ടായിരുന്നു. മുപ്പത്തിരണ്ടുവയസ്സായപ്പോഴും 'കൊച്ചുകുഞ്ഞു' ചമയാനായിരുന്നു അദ്ദേഹത്തിനു കൌതുകം തോന്നിയതു്.

അലക്സാൻഡരുടെ നൃശംസതയ്ക്കും, ദുരഭിമാനത്തിനും ഉദാഹരണമായി അനവധി കഥകൾ ഉണ്ടു്. ഫിലോട്ടാ

ട്ടിനേയും, അയാളുടെ പിതാവും അലക്സാൻഡറുടെ വിശ്വസ്തസൈന്യാധിപനും ആയ പാർമിനിയോവിനേയും കൊന്നതു അദ്ദേഹത്തിൻെറ പേരിനു് ഒരു തീരാത്ത കളങ്കമായിത്തീർന്നിട്ടുണ്ടു്. അലക്സാൻഡർക്കു ഫിലിപ്പിനെപ്പോലെ തന്നെ ക്രമാതിതമായ മദ്യപാനാസക്തിയുണ്ടായിരുന്നു. തലയ്ക്കു് ലക്കില്ലാതെ അദ്ദേഹം കാട്ടിക്കൂട്ടിയിട്ടുള്ള ദ്രോഹങ്ങൾ അസംഖ്യമാണു്. ക്ലിററസ്സിൻെറ വധം സർവ്വോപരി സ്മരിക്കേണ്ടിയിരിക്കുന്നു ഒരു സന്ദർഭത്തിൽ മദ്യമത്തനായി അലക്സാൻഡർ ഇരിക്കുമ്പോൾ സ്തുതിഗായകന്മാർ അദ്ദേഹത്തെ ഈശ്വരാവതാരമെന്നു പറഞ്ഞു പുകഴ്ത്തിത്തുടങ്ങി ഫിലിപ്പിൻെറ അപദാനങ്ങൾ അലക്സാൻഡരുടെ വീരകൃത്യങ്ങളോടു താരതമ്യപ്പെടുത്തുമ്പോൾ നിസ്സാരമെന്നും അവർ പറഞ്ഞുതുടങ്ങി അലക്സാൻഡർ വല്ലാതെ തെളിഞ്ഞു. അപ്പോൾ അദ്ദേഹത്തിൻെറ ആത്മമിത്രമായ ക്ലിററസ്സ് അലക്സാൻഡരെ ആക്ഷേപിച്ചും, ഫിലിപ്പിനെ സ്തുതിച്ചും സംസാരിച്ചുതുടങ്ങി. അലക്സാൻഡരുടെ ആജ്ഞാനുസാരം ഭൃത്യന്മാർ അയാളെ മുറിക്കുവെളിക്കു പിടിച്ചുതള്ളി. 'പലരുംകൂടി സമ്പാദിച്ച വിജയം ഒരാൾമാത്രം കവൎന്നെടുക്കുകയാണോ' എന്നർത്ഥം വരുന്ന ഒരു പാട്ടുപാടിക്കൊണ്ടു് വേറൊരു വാതിലിൽക്കൂടി മുറിക്കുള്ളിൽ കടന്നു അലക്സാൻഡർ അക്ഷമനായി അയാളേ തൻെറ കഠാരയ്ക്കു് ഊണാക്കി.

ഇമ്മാതിരി പല കഥകളും ഉണ്ടു്. അതു നില്ക്കട്ടെ. ബി. സി. മുന്നൂററിയിരുപത്തിമൂന്നാമാണ്ടു് ബാബിലോണിയാപട്ടണത്തിൽവച്ചാണു് അദ്ദേഹം ദിവംഗതനായതു്. ക്രമത്തിലധികം മദ്യപാനം ചെയ്കതിൽനിന്നുവന്ന ഒരു പനികൊണ്ടാണു് അദ്ദേഹത്തിനു മരണംസംഭവിച്ചതു്. ആ മഹാവീരൻ അങ്ങനെ അസ്തമിച്ചു. അന്നു മുപ്പത്തിമൂന്നുവയസ്സേ ഉണ്ടായിരുന്നുള്ളു.

അലക്സാൻഡരുടെ മരണത്തോടുകൂടെ അദ്ദേഹത്തിന്റെ സാമ്രാജ്യം ഛിന്നഭിന്നമായി. പ്രാദേശികഭരണകർത്താക്കൾ സ്വേച്ഛാപ്രഭുത്വം കൈക്കൊണ്ടു സ്വതന്ത്രരാജ്യങ്ങൾ സ്ഥാപിച്ചു. അലക്സാൻഡരുടെ ആദ്യഭാര്യയായ റോക്സനാ രണ്ടാമത്തെ ഭാര്യയെ സാപത്ന്യവൈരംകൊണ്ടു കൊല്ലിച്ചു. എന്നാൽ, റോക്സനായും അലക്സാഡർക്ക് അവളിലുണ്ടായ സന്താനവും അധികം താമസിയാതെതന്നെ വധിക്കപ്പെട്ടു. അലക്സാൻഡരുടെ കുലം അങ്ങനെ-വേരോടെ നശിച്ചു. എന്നുപറഞ്ഞാൽമതി. അദ്ദേഹത്തിന്റെ മാതാവു മാസിഡോണിയായിൽ കുറച്ചുകാലത്തേക്കുകൂടെ ദുർഭരണം തുടർന്നു. ഒടുവിൽ ശത്രുക്കളാൽ ആ ദുഷ്ടയും നിഹതയായി.

ഇങ്ങനെ ആ മഹാകഥ ചുരുക്കിപ്പറഞ്ഞുകഴിഞ്ഞു. ഒരു വലിയ ദുരന്തനാടകത്തിന്റെ സകലചടങ്ങുകളും ഇവിടെ ആടിക്കഴിഞ്ഞെന്നു് എല്ലാവരും സമ്മതിക്കുമല്ലോ. മനുഷ്യന്റെ വികൃതികളുടെ അസൽരൂപം നാം കണ്ടു.

"തത്വം പാർത്താൽ ഭവരുജയതിൽ ഭ്രാന്തർമർത്ത്യരെല്ലാം", എന്നല്ലാതെ എന്താണു പറയുക. എന്തെല്ലാം സാഹസങ്ങൾചെയ്തു? എത്രപേരെ കൊന്നു? എത്ര നഗരങ്ങൾ കൊള്ളയിട്ടു? സ്ഥിരമായ ശാന്തി സ്ഥാപിക്കാൻ സാധിച്ചോ? ഇല്ല. ഇതൊരുതരം ചികിത്സാതീതമായ ഭ്രാന്താണു്. ഇമ്മാതിരി ഭ്രാന്തന്മാർ ലോകചരിത്രത്തിൽ കൂടെക്കൂടെ ഉണ്ടാകാറുണ്ടു്. കുരങ്ങന്മാർ വൃക്ഷശാഖകളെ പിടിച്ചു കുലുക്കി അവക്കു് ഇരിക്കാൻ ആധാരമായ കമ്പുകൾ ഒടിക്കാൻ ശ്രമിക്കുന്നതുപോലെയുള്ള ഒരു കുസൃതിപ്രിയത്വമാണു് ഇവക്കു ഉള്ളതെന്നു മനസ്സിലാക്കുന്നതു രസാവഹമാണു്.

# ൨൭. ലാർഡ് കെൽവിൻ.

---

എം. പി. അപ്പൻ ബി. ഏ. (ആണേഴ്സ്)

ഗ്ലാസ്ഗോസവ്കലാശാലയിലെ പ്രഫസറായിരുന്ന ജെംയിസ്താംസൺ ഒരിക്കൽ തന്റെ ശിഷ്യന്മാരോടു ഒരു വിഷമപ്രശ്നം ചോദിച്ചു. എല്ലാം വിദ്യാർത്ഥികളും മിഴിച്ചുകൊണ്ടിരിക്കെ കേവലം എട്ടുവയസ്സു പ്രായമുള്ള ഒരു ബാലൻ ചാടിയെണീററു "അച്ഛാ! ഉത്തരംപറയാൻ എന്നെ അനുവദിക്കണേ" എന്നു പറഞ്ഞു.

## അതിശയനീയമായ ബുദ്ധിശക്തി.

കുശാഗ്രബുദ്ധിയായ ആ ബാലൻ സവ്കലാശാലയിലെ ഒരു വിദ്യാർത്ഥിയായിരുന്നില്ല. പ്രഫസർമാരുടെ പ്രസംഗങ്ങൾ കേട്ടുകൊള്ളാൻ അനുവദിക്കപ്പെട്ടിരുന്ന രണ്ടു സഹോദരന്മാരിൽ അനുജനായ വില്യം താംസൺ ആയിരുന്നു ആ ജ്ഞാനസമ്പാദനോത്സുകൻ. പഠിത്തത്തിൽ അത്യന്തം താല്പര്യവും ഉത്ക്കർഷത്തിൽ അതിയായ ഇച്ഛയും പ്രകടിപ്പിച്ചുകൊണ്ടിരുന്ന ആ ജ്യേഷ്ഠാനുജന്മാർ മെററിക്കുലേഷൻ ജയിച്ചപ്പോൾ യഥാക്രമം പന്ത്രണ്ടും പത്തും വയസ്സുമാത്രമേ അവൎക്കു പ്രായമുണ്ടായിരുന്നുള്ളു. ആ സഹോദരന്മാർ ഗ്ലാസ്ഗോസവ്കലാശാലയിൽചേൎന്നു വിദ്യാഭ്യാസം തുടൎന്നു. ലാററിൻ, ഗ്രീക്ക്, കണക്കുശാസ്ത്രം, പ്രകൃതിശാസ്ത്രം, ജ്യോതിർഗ്ഗണിതം മുതലായ വിഷയങ്ങളിൽ പ്രവീണതയുള്ള വിദ്യാർത്ഥികൾക്കു നൽകപ്പെട്ടുവന്നിരുന്ന സമ്മാനങ്ങൾക്കെല്ലാം താംസനും സഹോദരനും അൎഹന്മാരായിത്തീൎന്നു. പ്രായത്തിനനുയോജ്യമല്ലാത്തവിധം

ത്തിൽ അത്ര അസാധാരണമായി വില്യം തോംസൺ പ്രകാശിപ്പിച്ചിരുന്ന ബുദ്ധിവൈഭവം കണ്ടു പ്രഫസർമാർ ആശ്ചര്യപരതന്ത്രന്മാരായിത്തീരുക പതിവാണു്.

നമ്മുടെ ചരിത്രനായകൻെറ ശൈശവത്തിൽ ജനയിത്രിയായ മാർഗററ്റ് ഗാർഡനർ, അയർലണ്ഡിലെ ബർഫാസ്റ്റ് നഗരത്തിലുള്ള അവരുടെ വസതിയിൽവച്ചു് അന്തരിച്ചുപോയതിനാൽ മാതൃലാളനം അനുഭവിക്കാൻ ആ ബാലനു ഭാഗ്യമുണ്ടായില്ല. പിതാവിൻെറ സ്നേഹമസൃണമായ സംരക്ഷണയിൽ വില്യം വളൎന്നുവന്നു 1831-ൽ ജെയിംസ് താംസനു് ഗ്ലാസ്ഗോസർവ്വകലാശാലയിലെ പ്രഫസരുദ്യോഗം ലഭിക്കുകയാൽ അദ്ദേഹം ഗ്ലാസ്സ്ഗോവിൽ മാറിത്താമസിച്ചുതുടങ്ങി. അന്നു വില്യംതാംസനു് ഏഴുവയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളു.

പിതിനേഴുവയസ്സു തികഞ്ഞപ്പോഴേക്കും ഈ കുമാരനെ പഠിപ്പിക്കാൻ ഗ്ലാസ്ഗോസർവ്വകലാശാലയിൽ ക്ലാസില്ലെന്നുവന്നു. അതിനാൽ, വിവിധശാസ്ത്രങ്ങളുടെ വിളനിലമെന്നോണം വിളങ്ങിക്കൊണ്ടിരിക്കുന്ന കേംബ്രിഡ്ജ് സർവ്വകലാശാലയിൽ വില്യം ചേൎന്നു പഠിത്തം ആരംഭിച്ചു. മെലിഞ്ഞവനെങ്കിലും സുമുഖനും, പ്രതിഭാസമ്പന്നനും, ഉത്സാഹമൂൎത്തിയും ആയ ആ വിദ്യാൎത്ഥി ഒരാഴ്ചയ്ക്കകം തന്നെ സകലരുടേയും ശ്രദ്ധയ്ക്കു വിഷയീഭവിക്കുകയുണ്ടായി. പരിശ്രമശീലനും തീക്ഷ്ണബുദ്ധിയുമായിരുന്ന ആ യുവാവു് ജ്ഞാനസമ്പാദനത്തിൽ പൂൎവ്വാധികം ഉത്സുകനായി കാണപ്പെട്ടു. അനദ്ധ്യായദിവസങ്ങളിൽ മാനസോല്ലാസത്തിനു വേണ്ടി അദ്ദേഹം വായിച്ചിരുന്ന പുസ്തകങ്ങൾ സാധാരണ വിദ്യാൎത്ഥികൾക്കു വിരസവും ദുൎഗ്രഹവുമായ ശാസ്ത്രീയഗ്രന്ഥങ്ങളായിരുന്നുവത്രെ. എന്നാൽ വില്യം. മനുഷ്യത്വമില്ലാത്ത. വെറുമൊരു പുസ്തകപ്പുഴുവായിരുന്നില്ല. ഓട്ടം, ചാട്ടം, വള്ളംകളി തുടങ്ങിയ വിനോദങ്ങളിൽ അനിതരസാധാരണമായ കൗതുകമാണു കുമാരൻ പ്രദൎശിപ്പിച്ചിരുന്നതു്.

2125

പല അവസരങ്ങളിലും വള്ളംകളിമത്സരത്തിൽ വിജയം പ്രാപിച്ച ആ യുവാവിനു വിലയേറിയ സമ്മാനങ്ങൾ ലഭിച്ചിരുന്നു.

മാത്തമാററിക്ക്സ് ട്രിപ്പോസ്സിനു വില്യം താംസൺ പ്രഥമസ്ഥാനത്തിൽ വിജയിയാകുമെന്നു പ്രഫ്സരന്മാരെല്ലാം ആശിച്ചിരുന്നു. എന്നാൽ രണ്ടാംസ്ഥാനംമാത്രമേ അദ്ദേഹത്തിനു ലഭിക്കാനിടയായുള്ളു. "കാണാതെ പഠിച്ചു ഛർദ്ദിക്കാൻ" കൂടി ശീലിക്കാത്തതുകൊണ്ടുമാത്രമായിരുന്നു പ്രതിഭാശാലിയും പരിശ്രമശീലനുമായ ആ വിദ്യാർത്ഥിക്കു അങ്ങനെ സംഭവിച്ചതു്. ഏതായാലും ബഹുമാന്യനും അനവധി ജനങ്ങളുടെ പ്രതീക്ഷയ്ക്കു പാത്രീഭൂതനും ആയിത്തന്നെ താംസൻ ഇരുപത്തൊന്നാംവയസ്സിൽ ആ സർവ്വകലാശാലാപഠിത്തവും അവസാനിപ്പിച്ചു.

## ൨൨-ാംവയസ്സിൽ പ്രഫ്സർ.

അനന്തരം വില്യം താംസൻ പാരീസിലേക്കു പോയി. അന്നത്തെ പ്രസിദ്ധശാസ്ത്രജ്ഞന്മാരായ പല മഹാന്മാരുടേയും സ്നേഹം സമ്പാദിച്ചു് അദ്ദേഹം മടങ്ങി എത്തിയ ഉടനെ ബ്രിട്ടീഷ്അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ കേംബ്രിഡ്ജിൽ നടന്ന ഒരു സമ്മേളനത്തിൽ പങ്കുകൊള്ളുകയുണ്ടായി. ഫാരഡെ തുടങ്ങിയ ശാസ്ത്രജ്ഞന്മാരെ സന്ദർശിക്കുന്നതിലും അവരോടു ശാസ്ത്രീയതത്വങ്ങളെപ്പററി സംസാരിക്കുന്നതിലും ആ യുവാവിനു എന്തെന്നില്ലാത്ത ആനന്ദമാണുണ്ടായിരുന്നതു്.

താമസിയാതെതന്നെ വില്യംതാംസൻ കേംബ്രിഡ്ജ് സർവ്വകലാശാലയിലെ ഒരു ലക്ച്ചററായി നിയമിക്കപ്പെട്ടു. അക്കാലത്തു പമ്പരംകറക്കുന്നതിലും കമ്പിവളയമുരുട്ടുന്നതിലും അദ്ദേഹം കൗതുകംപ്രദർശിപ്പിച്ചിരുന്നുവെന്നറിയുമ്പോൾ നമുക്കു അത്ഭുതം തോന്നിയേക്കാം; എന്നാൽ പമ്പരം കറ

ങ്ങുന്നതിലും വളയം ഉരുളുന്നതിലും അന്തർഭവിച്ചിട്ടുള്ള ശാസ്ത്രതത്വങ്ങൾ അറിയുന്നതിനുള്ള ജിജ്ഞാസകൊണ്ടാണ് അദ്ദേഹം അങ്ങനെ ചെയ്തുവന്നതു്.

ആയിടയ്ക്കു ഗ്ലാസ്ഗോസർവ്വകലാശാലയിൽ ഒരു പ്രഫ്സ്സരുദ്യോഗം ഒഴിവുവന്നു. ആ സ്ഥാനത്തിനു അർഹന്മാരായിട്ടുള്ള അനേകംപേർ അപേക്ഷകളയച്ചു 22 വയസ്സുമാത്രം പ്രായമായ ഒരു യുവാവിനെ ആ ഉന്നതസ്ഥാനത്തേക്കു് നിയമിക്കുന്നതെങ്ങനെയെന്നായി അധികൃതന്മാർക്കു കുറേ ദിവസങ്ങളിലെ സംശയം. ഒടുവിൽ അദ്ദേഹത്തെത്തന്നെ ആ സ്ഥാനത്തു നിയമിച്ചു. താംസൻെറ വിദ്യാർത്ഥികളിൽ പലരും അദ്ദേഹത്തെക്കാൾ പ്രായംകൂടിയവരായിരുന്നു. സാധാരണ പ്രഫ്സർമാരെപ്പോലെ പുസ്തകത്തിൽ കണ്ടതുമാത്രം പഠിപ്പിക്കുക എന്ന രീതി അദ്ദേഹം സ്വീകരിച്ചിരുന്നില്ല. നവീനതത്വങ്ങൾ കണ്ടുപിടിക്കുന്നതിൽ അദ്ദേഹം എപ്പോഴും ഉത്സുകനായിരുന്നു. കാളേജുക്ലാസിൽ കാലെടുത്തു ചവിട്ടിയദിവസം മുതൽക്കുതന്നെ വിദ്യാർത്ഥികളുടെ പ്രീതി ആ യുവാവു് പ്രസംഗങ്ങൾമുഖേന സമാർജിച്ചുകഴിഞ്ഞു. അവരുടെ മസ്തിഷ്കത്തിനു് അതീതമായ വിധം ആണു് അദ്ദേഹത്തിൻെറ പോക്കു്; എന്നാലും അവർ എല്ലാവരും ഒന്നുപോലെ ആ പ്രഫ്സരെ ബഹുമാനിക്കുകതന്നെചെയ്തു.

കാളേജിനോടു ചേർന്നു ഒഴിഞ്ഞുകിടന്നിരുന്ന ഒരു ഇരുണ്ടമുറി താംസൻ തൻെറ പ്രത്യേക പര്യവേക്ഷണശാലയായി ഉപയോഗിച്ചുതുടങ്ങി. പതിനെട്ടുവർഷക്കാലം ഇവിടെ അദ്ദേഹം നടത്തിക്കൊണ്ടിരുന്ന പര്യവേക്ഷണങ്ങൾ അനേകായിരം വിദ്യാർത്ഥികൾക്കു അളവററ പ്രയോജനം ചെയ്തുഎന്നുമാത്രമല്ല ശാസ്ത്രലോകത്തിൽത്തന്നെ അത്ഭുതകരമായ പരിവർത്തനം വരുത്തിയിട്ടുണ്ടു്.

അനന്തരം ശാസ്ത്രതത്വങ്ങളുടെ പ്രായോഗികവശങ്ങളെക്കുറിച്ചു താംസൺ ഗാഢമായിആലോചിച്ചുതുടങ്ങി. വള

ന്നാം അശ്രാന്തപരിശ്രമം ചെയ്തശേഷം വിദ്യുച്ഛക്തിയെസംബന്ധിക്കുന്ന നവീനതത്വങ്ങളെക്കുറിച്ച് അദ്ദേഹം ഒരു ഉപന്യാസമെഴുതി റായൽസൊസൈററി എന്ന ശാസ്ത്രജ്ഞസമിതിക്കു അയച്ചുകൊടുത്തു. ഇതിനെത്തുടൎന്ന് "വിദ്യുച്ഛക്തി ഉപയോഗിച്ച് കമ്പിസന്ദേശം അയയ്ക്കുന്നതിനുള്ളപ്രായോഗികമാൎഗ്ഗങ്ങൾ" എന്നപേരിൽ അദ്ദേഹം വേറൊരുപ്രബന്ധം എഴുതി അയച്ചു. അദ്ദേഹത്തിൻെറ തത്വങ്ങളെ അവർ വളരെ ആദരിക്കുകയുണ്ടായി.

## "അററ്ലാൻറിക് ബന്ധനം."

താംസൻെറ കാലംവരെ യൂറോപ്പിൽനിന്നു് അമേരിക്കയിലേക്കു് കമ്പിയടിക്കുന്നതിന് സാദ്ധ്യമായിരുന്നില്ല. വാണിജ്യാഭിവൃദ്ധിക്കു് അത്യന്താപേക്ഷിതമായ ഈ സൌകൎയ്യം വരുത്താനാണു് പ്രധാനമായി ആദ്ദേഹത്തിൻെറ ശ്രദ്ധ പതിഞ്ഞതു്. "അററ്ലാൻറിക് ടെലഗ്രാഫ് കമ്പനി" എന്നപേരിൽ സ്ഥാപിതമായ ഒരു കമ്പനിയിലെ പ്രധാനശാസ്ത്രോപദേഷ്ടാവായി 1857-ൽ ഇദ്ദേഹം ജോലി സ്വീകരിച്ചു. പ്രഫ്സരുദ്യോഗത്തിനു വലിയ വിഘ്നമൊന്നുംകൂടാതെ ഈ ജോലികൂടി നടത്താനാണു് അദ്ദേഹം തീൎച്ചപ്പെടുത്തിയതു്.

ആ മഹാസമുദ്രത്തിൻെറ രണ്ടററത്തേയും യോജിപ്പിക്കാനുള്ള ശ്രമം 1857-ാമാണ്ടു് ആരംഭിച്ചു. എന്നാൽആ യത്നം സഫലമായിട്ടില്ല. ഏകദേശം 400 മൈൽ ദൂരം സ്ഥാപിച്ച ഉടനെ സമുദ്രത്തിൽ 2½ മൈൽതാഴെവച്ച് ആ കേബിൾ മുറിഞ്ഞുപോയി. താംസൻെറ നിൎദ്ദേശത്തിനു വിപരീതമായി, കമ്പനിക്കാർ കേബിൾ ഉണ്ടാക്കുന്നതിനു കുറഞ്ഞവിലയ്ക്കു കനമില്ലാത്തകമ്പിവരുത്തി ഉപയോഗിച്ചതായിരുന്നു അതിനുകാരണം. ഒരുവൎഷത്തേയ്ക്കു ആ ജോലി തുടരുകയുണ്ടായില്ല. എങ്കിലും അടുത്ത ജൂലൈ, ആഗസ്റ്റ്

എന്നീമാസങ്ങളിൽ അതു വിജയപൂർവ്വം പൂർത്തിയാക്കപ്പെട്ടു; അററ്ലാൻറിക് മഹാസമുദ്രത്തിനു കുറുകെ, അയർലൻഡുമുതൽ ന്യൂഫൗണ്ടുലാൻഡ്വരെ കേബിൾ സ്ഥാപിക്കപ്പെടുകയുംചെയ്തു. കേബിൾസംബന്ധിച്ചുള്ള വൈദ്യുതയന്ത്രങ്ങളെ പരിശോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനുംമററുമായി താംസനു് രാപകൽ ഒഴിവില്ലാതെ പരിശ്രമിക്കേണ്ടതായി വന്നിട്ടുണ്ടു്.

അല്പകാലത്തേക്കു മാത്രമേ ആ കേബിൾകൊണ്ടു ഗുണമുണ്ടായിരുന്നുള്ളു. കേബിളിന്റെ കനക്കുറവായിരുന്നു അതിനുകാരണം. ആദ്യത്തേതിനെക്കാളും കനംകൂടിയതും ബലമേറിയതുമായ ഒരുകേബിൾ സ്ഥാപിക്കുന്നതിനായി വേറൊരു കമ്പനിക്കാർ "ഗ്രേററ് ചാർട്ടർ" എന്ന കപ്പലിൽ കയറി 1865-ാമാണ്ടു് അയർലണ്ടിൽനിന്നും തിരിച്ചു. താംസൺതന്നെയായിരുന്നു അവരുടേയും ശാസ്ത്രീയോപദേഷ്ടാവു്. ഇരുന്നൂററി അൻപതുമൈൽ ദൂരം സ്ഥാപിച്ചയുടനെ ആ കേബിളും വെള്ളത്തിനടിയിൽ വച്ചു മുറിഞ്ഞുപോയി. ഏതാനും മാസത്തേക്കു ആ ജോലിപൂർത്തിയാകാതെ കിടന്നു. ഒടിഞ്ഞുപോയ കേബിൾതിരിച്ചെടുക്കുന്നതിനുള്ള ഉപകരണങ്ങൾ കണ്ടുപിടിക്കുന്നതിനായിരുന്നു താംസന്റെ അക്കാലത്തെ പരിശ്രമം. ആവശ്യമുള്ള കമ്പിമുഴുവനും ഒരു കപ്പലിൽത്തന്നെ കയററത്തക്കവിധം അത്രവലുതായിരുന്നു ഇതിലേക്കു ഉപയോഗിച്ചിരുന്ന ജലവാഹനം.

ഏഴുവർഷം കഴിഞ്ഞതിനുശേഷമേ ഈ ശ്രമം തുടരുന്നതിനു സംഗതിയായുള്ളു. ഇക്കാലത്തിനിടയ്ക്കു് ഈ പ്രവർത്തനം യൂറോപ്പിലും അമേരിക്കയിലും ഒരു അഖിലരാജ്യപ്രശ്നമെന്നോണം പ്രാധാന്യം അർഹിച്ചു. താംസന്റെ പര്യവേക്ഷണഫലംപ്രതീക്ഷിച്ചുകൊണ്ടു് ജനങ്ങൾ ഇരിപ്പായി. അദ്ദേഹം ലണ്ടനിലും ഗ്ലാസ്ഗോയിലും ആയി അനവരതസഞ്ചാരവും പരിശോധനകളും നടത്തിക്കൊ

ണ്ടിരുന്നു. അദ്ദേഹത്തിന്റെ സെക്രട്ടറി പലപ്പോഴും ഗ്ലാസ്ഗോ റയിൽവേസ്റ്റേഷനിൽ മെയിൽവണ്ടി വിടുന്നതിനു അല്പം മുമ്പേ ഓടിക്കിതച്ചു് ചെന്നു്, "യാതൊരു കാരണവശാലും ഞാൻ വരുന്നതുവരെ ലണ്ടനിലേക്കുള്ള മെയിൽവണ്ടി വിടാൻപാടില്ലാത്തതാകുന്നു" എന്നു് സ്റ്റേഷൻമാസ്റ്ററോടു പറയുകപതിവാണു്. മെയിൽവണ്ടി വിടുന്നതിന്റെ സമയം ഈവിധം ഭേദപ്പെടുത്തുന്നതിനു് യാതൊരു രാജ്യത്തുള്ള റയിൽവേസ്റ്റേഷനിലേയും മാസ്റ്റർ തയാറാകുന്നതല്ലല്ലോ. എന്നാൽ ഗ്ലാസ്ഗോനഗരത്തിലെ ആ ഉദ്യോഗസ്ഥൻ താംസന്റെ സൗകര്യത്തിനായി മെയിൽവണ്ടി താമസിച്ചു വിടാറുണ്ടായിരുന്നു എന്നു കേൾക്കുമ്പോൾ ആ ശാസ്ത്രജ്ഞനോടു് ജനസഞ്ചയത്തിനുണ്ടായിരുന്ന ആദരവും ആ പ്രശസ്തം സമാർജ്ജിച്ചിരുന്ന പ്രാധാന്യവും ഏതാണ്ടു് ഊഹിക്കാവുന്നതാണല്ലൊ.

താംസൻ ജോലി വീണ്ടും തുടന്നു. ഇത്തവണ അധികശ്രമം കൂടാതെ ഉദ്ദേശ്യം ഫലിക്കുകതന്നെ ചെയ്തു. അനന്തരം കടലിൽ താണുപോയ കമ്പിയുടെ അററം കണ്ടെടുക്കാനായിരുന്നു അദ്ദേഹത്തിന്റെ ശ്രമം. ആ ശാസ്ത്രജ്ഞന്റെ ആജ്ഞാവഹന്മാർ 14 ദിവസം നിരന്തരം പരിശ്രമിച്ചതിന്റെ ഫലമായി രണ്ടുമൈൽ താഴെനിന്നു് ആ കമ്പിയുടെ അഗ്രഭാഗം മുകളിൽ കൊണ്ടുവന്നു. അതുകൂടി ഈ രണ്ടു ഭൂഖണ്ഡങ്ങളുടെ മദ്ധ്യേയായി സ്ഥാപിച്ചു; അങ്ങനെ രണ്ടു കേബിൾ അററ്ലാൻറിക് മഹാസമുദ്രത്തിൽ താംസൻ സ്ഥാപിച്ചു് പൊതുജനങ്ങൾക്കു വളരെ സൗകര്യങ്ങൾ ഉണ്ടാക്കി.

അസാധാരണമായ ഈ വിജയപ്രാപ്തിയിൽ ആ മഹാശാസ്ത്രജ്ഞനെ അനുമോദിച്ചുകൊണ്ടു് ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നു് കമ്പിസന്ദേശങ്ങൾ അദ്ദേഹത്തിനു ലഭിച്ചു. ബ്രിട്ടീഷുകാർ അദ്ദേഹത്തെ പലപ്രകാരത്തിൽ അനുമോദിക്കയുണ്ടായി. രാജകീയസ്വീകരണത്തിനു പുറ

മെ നൈററ്സ്ഥാനംകൂടി താംസന്ന് ലബ്ധമായി. കമ്പിത്ത പാൽ സംബന്ധിച്ചുള്ള കണ്ടുപിടിത്തങ്ങൾകൊണ്ടു വളരെ ധനം സമ്പാദിച്ചിരുന്ന ആ ശാസ്ത്രജ്ഞൻ ഗ്ലാസ്ഗോവിന ടുത്തു് ഒരു വലിയപുരയിടം വിലയ്ക്കുവാങ്ങിച്ചു അതിൽ ഒരു രമ്യഹർമ്മ്യം പണിയിച്ചു. താമസിയാതെതന്നെ അദ്ദേഹം ലാലാറൂക്ക എന്ന ഒരു കപ്പൽ വാങ്ങിക്കയുമുണ്ടായി. ആ കപ്പലിൽ കയറിയാണു്. ഗ്രീഷ്മകാലത്തു യൂറോപ്പിൻെറ തീരപ്രദേശങ്ങളിൽ അദ്ദേഹം സഞ്ചരിച്ചിരുന്നതു്.

## വടക്കുനോക്കിയന്ത്രം നവീകരിക്കൽ.

നാവികന്മാരുടെ മാർഗ്ഗദർശകമായ വടക്കുനോക്കിയന്ത്രം പരിഷ്കരിക്കുന്നതിനായിരുന്നു താംസൻെറ അനന്തരപരി ശ്രമം. അന്നു നടപ്പിലിരുന്ന വടക്കുനോക്കിയന്ത്രങ്ങൾക്കു പല കുറവുകളും ഉണ്ടായിരുന്നതിനാൽ അവയെല്ലാം പരി ഹരിക്കപ്പെട്ടു് ഒരു പുതിയ യന്ത്രം അദ്ദേഹം നിർമ്മിച്ചു. കൊടുങ്കാററും മൂടൽമഞ്ഞുമുള്ള രാത്രികാലങ്ങളിൽ കപ്പൽ യാത്രക്കാർക്കു ഇന്നും സഹായമായിരിക്കുന്നതു താംസൻെറ വടക്കുനോക്കിയന്ത്രമാണു്. ഇതിനുപുറമേ നാവിക ന്മാർക്കു വളരെ ഉപയോഗപ്രദമായ "ഡിപ്പ്സീ സൌണ്ടിം ഗ്മിഷിൻ," "ടൈഡ്ആനലൈസർ," മുതലായ ഉപക രണങ്ങളും അദ്ദേഹം കണ്ടുപിടിച്ചു.

വിശ്വവിശ്രുതനായിത്തീർന്ന താംസന്നു കാവെൽ ഡിഷ് പ്രൊഫസർഷിപ്പു് സ്ഥാനം നൽകാമെന്നു പറഞ്ഞു കൊണ്ടു കേംബ്രിഡ്ജ് സർവ്വകലാശാലാമേധാവികൾ മൂന്നു പ്രാവശ്യം അദ്ദേഹത്തെ ആകർഷിക്കാൻ നോക്കി. എന്നാൽ ആ മഹാമനസ്കനാകട്ടെ ആ അപേക്ഷകളെ കൃതജ്ഞതാപൂർവ്വം ഉപേക്ഷിക്കയാണുണ്ടായതു്. ബാല്യം മുതൽ വാർദ്ധക്യംവരെ താൻ പൂജിച്ചുപോന്ന ഗ്ലാസ്ഗോ

സർവ്വകലാശാലയെ വിട്ടുപിരിയാൻ അദ്ദേഹത്തിന്നു ഒട്ടും തന്നെ സമ്മതമുണ്ടായിരുന്നില്ല.

## ജൂബിലിയാഘോഷം.

അക്കാലത്തെ ആംഗ്ലേയശാസ്ത്രജ്ഞന്മാരിൽ എല്ലാം കൊണ്ടും പ്രാധാന്യംഅർഹിച്ചിരുന്നതു് സർ വില്യംതാംസൻ തന്നെയായിരുന്നു. അദ്ദേഹത്തിൻെറ കീർത്തി അനുദിവസം വർദ്ധിച്ചുതുടങ്ങി. 1892-ൽപ്രഭുപദം ലബ്ധമായതിനാൽ ലാർഡ്കെൽവിൻ എന്ന നാമം അദ്ദേഹം സ്വീകരിച്ചു.

ഗ്ലാസ്ഗോസർവ്വകലാശാലാമന്ദിരങ്ങൾക്കു സമീപത്തുകൂടി ഒഴുകുന്ന നദിയുടെ പേരാണു് കെൽവിൻ എന്നുള്ളതു്. ആ സർവ്വകലാശാലയോടും നദിയോടും ഉള്ള സ്നേഹാദരങ്ങൾ കാണിക്കാൻമാത്രം ഈ പേർ അദ്ദേഹം സ്വീകരിച്ചെന്നേയുള്ളു. ഇതിനെത്തുടന്നു നിരവധി ബിരുദങ്ങളും ബഹുമതികളും അദ്ദേഹത്തിനു് ലഭിച്ചുതുടങ്ങി. ഇരുപത്തിമൂന്നു സർവ്വകലാശാലാബിരുദങ്ങൾ, പതിമൂന്നു വിദേശീയസംസ്ഥാനങ്ങളിൽനിന്നുള്ള ബഹുമതികൾ, സർവ്വോപരി "ദി ആർഡർ ആഫ് മെരിററ്," പ്രി. വി. കൗൺസിലിലെ മെമ്പർസ്ഥാനംഎന്നിവയുംകൊണ്ടു്അദ്ദേഹം അലംകൃതനായി. തങ്ങളുടെകൂട്ടത്തിലുള്ള ഒരു സാമാജികനാണു് താംസൻ എന്നു വിചാരിച്ചു അഭിമാനിക്കാനായിമാത്രം 88 പണ്ഡിതസമിതികൾ ഈ മഹാശാസ്ത്രജ്ഞനെ തങ്ങളുടെ ഒരു ബഹുമാന്യ സാമാജികനായി സ്വീകരിച്ചിട്ടുണ്ടത്രേ! ഇത്ര അധികം ബിരുദങ്ങളും പദവികളും ലഭിച്ചിട്ടുള്ള യാതൊരു ശാസ്ത്രജ്ഞനും ഉണ്ടായിട്ടില്ലതന്നെ.

ലാർഡ് കെൽവിൻെറ പ്രഫസർസ്ഥാനം സംബന്ധിച്ചുള്ള ജൂബിലി ഗ്ലാസ്സ്ഗോസർവ്വകലാശാലക്കാർ 1896-ൽ കെങ്കേമമായി ആഘോഷിച്ചു. ആ മഹോത്സ

വത്തിൽ പങ്കുകൊള്ളുന്നതിനായി നിരവധി ജനങ്ങൾ ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നുമായി സന്നിഹിതരായിരുന്നു. ശാസ്ത്രജ്ഞന്മാരും സാഹിത്യകാരന്മാരും പ്രഭുക്കന്മാരും പൌരപ്രമാണികളും എന്നുവേണ്ട എല്ലാ രീതിയിലും ഉള്ള ജനങ്ങളെക്കൊണ്ടു കാളേജുകളും പരിസരവും നിറഞ്ഞുപോയി. ലാർഡ് കെൽവിന്റെ അപദാനങ്ങളെ കീത്തിച്ചുകൊണ്ടു പല മഹാന്മാരും ഗംഭീരമായ പ്രസംഗങ്ങൾ നടത്തി. അനന്തരം വമ്പിച്ച ഒരു സദ്യ സജ്ജീകൃതമാവുകയും ബഹുമാനസൂചകമായ മണിനാദം മുഴങ്ങുകയും ചെയ്തു. വിക്റേറാറിയാ മഹാരാജ്ഞിയുടെ സന്ദേശം, വിദേശങ്ങളിൽനിന്നും എത്തിയിരുന്ന പ്രതിനിധികളുടെ അനുമോദനം, ഇത്യാദി ബഹുമതികൾക്കെല്ലാം പാത്രീഭൂതനായ ആ അഭിവന്ദ്യശാസ്ത്രജ്ഞനാകട്ടെ യാതൊരു അഹംഭാവവും കൂടാതെ ശിശുസഹജമായ ഉന്മേഷത്തോടുകൂടിയാണു കാണപ്പെട്ടതു്.

ജൂബിലിമഹോത്സവത്തിനുശേഷം വളരെനാൾ പ്രഫ്സരുദ്യോഗത്തിലിരിക്കാൻ വാദ്ധക്യസഹജമായ ശരീരാസ്വാസ്ഥ്യം, ലാർഡ് കെൽവിനെ അനുവദിച്ചില്ല. 75-ാമത്തെ വയസ്സ് പൂത്തിയായപ്പോൾ അദ്ദേഹം ഉദ്യോഗത്തിൽനിന്നും വിരമിച്ചു. എങ്കിലും ശാസ്ത്രീയപരീക്ഷണങ്ങൾ നടത്താനും നവീനതത്വങ്ങൾ മനസ്സിലാക്കാനും അദ്ദേഹം പൂർവ്വാധികം ഉത്സാഹിച്ചുകൊണ്ടിരുന്നു. സാവധാനമായി ആലോചിക്കുന്നതിനും പ്രവത്തിക്കുന്നതിനും സൌകര്യമുണ്ടായതിനാൽ എത്രയും ഉല്ലാസത്തോടുകൂടിയാണ് അദ്ദേഹം ഓരോദിവസവും കഴിച്ചുകൂട്ടിയിരുന്നതു്.

തന്റെ 83-ാമത്തെ വയസ്സിൽ ലാർഡ് കെൽവിൻ പരലോകപ്രാപ്തനായി. വെസ്റ്റ്മിൻസ്റ്റർ ആബി എന്ന സുപ്രസിദ്ധമായ വിശുദ്ധദേവാലയത്തിൽ സർ ഐസക്ക് ന്യൂട്ടനെ സംസ്കരിച്ചിട്ടുള്ള സ്ഥലത്തിനടുത്താണ് ലാർഡ് കെൽവിനേയും അടക്കംചെയ്തതു്.

പ്രകൃതിശക്തികളെ കീഴടക്കുന്നതിനുവേണ്ടിയുള്ള ശാസ്ത്രീയപ്രവർത്തനങ്ങളിൽ നേരിടാവുന്ന ഏതു വിഘ്നത്തേയും ധ്വംസിച്ചു പ്രാപ്യസ്ഥാനത്തു ചെന്നുചേരാൻ ശുഷ്കാന്തിയോടെ പരിശ്രമിക്കണമെന്ന മഹനീയഗുണമാണു ലാർഡ്് കെൽവിന്റെ ജീവചരിത്രത്തിൽനിന്നും നാം മനസ്സിലാക്കേണ്ടതു്. വിദ്യുച്ഛക്തിസംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ കണ്ടുപിടിത്തങ്ങൾ ആധുനികലോകത്തിനു പലമാതിരിയിലാണു് ഉപകരിച്ചിട്ടുള്ളതു്. നോക്കെത്താത്തവിധം പരന്നുകിടക്കുന്ന മഹാസമുദ്രങ്ങളാൽ വേർപെട്ട ഭൂഖണ്ഡങ്ങളെ കൂട്ടിയിണക്കിയതു് അദ്ദേഹമല്ലാതെ മററാരുമല്ല. വഴിയറിയാതെ കുഴങ്ങുന്ന നാവികന്മാർക്കു മാർഗ്ഗദർശകങ്ങളായിരിക്കുന്നതും അവരെ ആപത്തിൽനിന്നു രക്ഷിക്കുന്നതും കെൽവിന്റെ ബുദ്ധിശക്തിയുടെ സന്താനങ്ങളാകുന്നു. പരിഷ്കൃതലോകത്തിനു് അദ്ദേഹത്തോടുള്ള കടപ്പാടു കേവലം വാചാമഗോചരമത്രേ.

$$7 \times 8 = 54$$

പേരും പെരുമയും പെരുകിയതിനുശേഷവും ഇദ്ദേഹം ഗ്ലാസ്ഗോസർവ്വകലാശാലയോടു പ്രദർശിപ്പിച്ചുകൊണ്ടിരുന്ന സ്നേഹം നിസ്തുലമാണു്. ജീവിതത്തിൽ അധികഭാഗവും അദ്ദേഹം ആ സരസ്വതീസങ്കേതത്തിൽത്തന്നെ കഴിച്ചുകൂട്ടിയിരുന്നു എന്നു വേണം പറയാൻ. സ്കോട്ട്ലണ്ടിലെ പഴയ സമ്പ്രദായം അനുസരിച്ചു്, ലക്ചർ തുടങ്ങുന്നതിനുമുമ്പേ ക്ലാസ്സിൽ പ്രഭാതപ്രാർത്ഥന മുടങ്ങാതെ നടത്തിവന്നിരുന്നു. ആയവസരത്തിൽ വിദ്യാർത്ഥികളെല്ലാവരും എഴുന്നേററുനില്ക്കതന്നെ വേണമെന്നുണ്ടു്. ലക്ചറിനിടയ്ക്കു് ബോർഡിൽ എഴുതേണ്ടതുകൂടിയുണ്ടാകും. ചാക്കുകക്ഷണം തീർന്നുപോകുന്ന വസ്തുത അദ്ദേഹം ഓർക്കുക പതിവില്ല. അതു ഓർക്കുമ്പോഴുണ്ടാകുന്ന വല്ലായ്മയല്ലാതെ ക്ലാസിൽ മററു യാതൊരു അസുഖവും അദ്ദേഹത്തിനു ഉണ്ടാ

യിരുന്നില്ല. ഒരുദിവസം ചാക്കുകഷണം ഇപ്രകാരം തീൎന്നു പോയപ്പോൾ അടുത്തുനിന്ന പ്യൂണിനോട് കോപത്തോടുകൂടി "നാളെ ഇവിടെ നൂറുകഷണം ചാക്ക്, ഉണ്ടായിരിക്കണം" എന്നു പറഞ്ഞു. അടുത്തദിവസം ആ കഷണങ്ങൾ നൂറും അവിടെ അടുക്കിവച്ചിരുന്നോ എന്നു നിഷ്കൃഷ്ടാപുരസ്സരം അദ്ദേഹം എണ്ണിനോക്കുകതന്നെചെയ്തു.

വായിക്കുന്നതിനായി അദ്ദേഹത്തിന്റെ പക്കൽനിന്ന് വിദ്യാൎത്ഥികൾ പുസ്തകങ്ങൾ വാങ്ങിച്ചുകൊണ്ടുപോക പതിവായിരുന്നു എങ്കിലും അവയെ തിരിച്ചേൽപ്പിക്കുന്ന കാൎയ്യത്തിൽ അവരിൽ ചിലർ വഞ്ചന പ്രവൎത്തിച്ചുവന്നു. ഒരിക്കൽ ഇപ്രകാരമുള്ള ചിലരെ കണ്ടുപിടിക്കാൻ സാധിച്ചപ്പോൾ, മററുള്ളവൎക്കു ഒരു പാഠമായിരിക്കത്തക്കവിധം അവരെയെല്ലാവരെയും ഡസ്കിനോടുചേൎത്തു കെട്ടിയിട്ടുകളയാൻ അദ്ദേഹം ആജ്ഞാപിച്ചുവത്രെ! ആജ്ഞാനുസരണം പ്രവൃത്തി നടക്കുകയുംചെയ്തു.

വിശദീകരിച്ചും, "എക്സ്പെരിമെൻറ്സ്" കാണിച്ചും, അങ്ങോട്ടുമിങ്ങോട്ടും ചാടിയും ഓടിയും ക്ലാസ്സ് എടുക്കുന്ന അവസരങ്ങളിൽ അദ്ദേഹം ഒരു യുവവിദ്യാൎത്ഥിയുടെ അത്യുത്സാഹം എപ്പോഴും പ്രദൎശിപ്പിക്കാറുണ്ടായിരുന്നു. ക്ലാസിൽ നടത്താറുള്ള പരിശോധനകളിൽ പരാജയം ചിലപ്പോൾ വന്നുചേരാതിരിക്കുന്നതല്ലല്ലോ. മററാരുടെയെങ്കിലുംമേൽ അതിന്റെ അപരാധകാരണം നിക്ഷേപിച്ചു രക്ഷനേടാതെ അതു തന്റെ വീഴ്ചതന്നെയെന്ന് സ്വയം സമ്മതിക്കാൻ കെൽവിന് ഒരിക്കലും വൈമനസ്യം തോന്നിയിരുന്നില്ല.

ഏററവും ലഘുവായ ഗുണനപ്പട്ടിക അദ്ദേഹത്തിനു തെററിപ്പോകുന്നതു പതിവാണ്. കണക്കുശാസ്ത്രജ്ഞന്മാരിൽ ചിലൎക്കു ഈ കുറവുണ്ട്. ഒരിക്കൽ അദ്ദേഹം ബോൎഡിൽ 7 × 8 = എന്നു എഴുതിയതിനുശേഷം ആലോചന

യോട്ടുകൂടി ക്ലാസിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരുന്നു. വിദ്യാൎത്ഥികൾ എല്ലാവരും അക്ഷമരായി നോക്കിയിരിക്കെ, ആ മഹാപ്രശ്നത്തിനു ഉത്തരംകിട്ടിയഭാവത്തിൽ അദ്ദേഹം പെട്ടെന്ന് ബോർഡിനു സമീപത്തെത്തി 54 എന്നു എഴുതിവച്ചു. കൈയടിയും ചിരിയും കൊണ്ടു പത്തുമിനിട്ടുസമയം ക്ലാസ്സ് മുഴങ്ങിക്കൊണ്ടിരുന്നു. ഇപ്രകാരം രസകരമായ പല സംഭവങ്ങളും ഈ ശാസ്ത്രജ്ഞന്റെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്.

---

# വവ്യ. ജെ. എഫ്. മില്ലെ.

---

ആർട്ടിസ്റ്റ് ആർ. പി. നായർ ബി. ഏ. (ആണേഴ്സ്)

[ഫ്റഞ്ചുകർഷകരുടെ ജീവിതരീതികളെ വിവിധവശങ്ങൾ ഏററവും തന്മയത്വത്തോടുകൂടി ചിത്രീകരിച്ചു സുപ്രസിദ്ധി സമ്പാദിച്ചു, എന്നിട്ടും ദാരിദ്ര്യത്തിൽതന്നെ മരണംപ്രാപിച്ച ഒരു ചിത്രകാരൻ.]

രാത്രി അധികം ഇരുട്ടിയിട്ടുണ്ട്. ദിക്കെങ്ങും അന്ധകാരമയം. തൃപ്തരും തുഷ്ടരും ആയി പലരും ആഹാരംകഴിഞ്ഞു് നിദ്രാധീനരായിത്തീൎന്നുകഴിഞ്ഞിരിക്കുന്നു. ഫ്രാൻസിലെ ബാർബിസൺ എന്ന ദേശത്തുള്ള ഒരു ദരിദ്രഭവനത്തിൽമാത്രം ഉറങ്ങാതെയും ഉറക്കംവരാതെയും രണ്ടുപേർ ദുഃഖവിവശരായി ഇരിക്കുന്നുണ്ടു്. അവർ ഭാൎയ്യാഭൎത്താക്കന്മാരാണു്. ആഹാരംകഴിച്ചിട്ടു് ദിവസം രണ്ടാകും. ക്ഷീണാധിക്യംകൊണ്ടും, തണുപ്പിനെ മാററുവാൻ തീ കത്തിക്കാൻപോലും നിവൃത്തിയില്ലാത്തതുകൊണ്ടും അവർ ഇടയ്ക്കിടയ്ക്കു കിടുങ്ങിവിറയ്ക്കുന്നുണ്ടു്. അവരുടെ ഈ ദയനീ

യാവസ്ഥമാത്രംകൊണ്ട് ദുഃഖം മുഴുവനായില്ല. നാലഞ്ചു കുഞ്ഞുങ്ങൾ അന്നേദിവസം യാതൊരു ആഹാരവും കഴിക്കാതെ സമീപത്തുകിടന്നുറങ്ങുന്നു. അതാണു പരമസങ്കടം. ഭാര്യയുടെ നയനങ്ങളിൽനിന്ന് ഇററിററുവീഴുന്ന കണ്ണുനീർ തുടയ്ക്കുന്ന ഭർത്താവിനു് എന്തൊരു തക്കതായ സമാധാനം പറഞ്ഞാണു് അവളെ ആശ്വസിപ്പിക്കാൻ സാധിക്കുന്നതു്? പോംവഴിയൊന്നും കാണുന്നില്ല.

ദുർന്നടപടികൾമുഖേന ധൂർത്തടിച്ചു ചെലവാക്കിയതുകൊണ്ടല്ല ഈ പട്ടിണി വന്നുചേർന്നതു്. രാപകൽ വേല ചെയ്യാത്തതുകൊണ്ടുമല്ല. ഒന്നാംതരം ഒരു ചിത്രകാരനാണു ആ ഭർത്താവു്. ചിത്രകലയിൽ അസാധാരണ വാസനയും വേണ്ടുവോളം അഭ്യാസവും ഉണ്ടായിരുന്നിട്ടും ആ സാധുവിനും കുടുംബത്തിനും ഈ പരിതാപകരമായ അവസ്ഥയാണു നേരിട്ടിരിക്കുന്നതു്. ലളിതകലകളിൽ കുശലതയുള്ളവരോടു ഇണങ്ങി കഴിഞ്ഞുകൂടാൻ ശ്രീദേവിക്കുള്ള വൈമനസ്യം പ്രസിദ്ധമാണു്. സുകുമാരകലകളൊന്നും വശമില്ലാത്തവരും, മനസ്സാക്ഷിയില്ലാത്തവരും ആയ എത്രയോ "കാക്കോടകന്മാ"രോടൊന്നിച്ചു് ആ ഐശ്വര്യദേവത ഉല്ലാസസമേതം താമസിച്ചുപോരുന്നു! ഇതാണു് ലോകഗതി.

ദരിദ്രനായിജനിച്ചു്, പാടങ്ങളിൽ കൃഷിചെയ്തു്, കർഷകരുടെ ലളിതജീവിതം നല്ലവണ്ണം മനസ്സിലാക്കിയിട്ടുള്ള ആളാണു് ആ കലാസമ്പന്നൻ പടമെഴുത്തിലുള്ള വാസന പുറപ്പെടുന്നതു് അക്കാലത്തെ ജനങ്ങളുടെ മനഃസ്ഥിതിക്കനുരൂപമായിട്ടായിരുന്നില്ല എന്നതത്രേ അദ്ദേഹത്തിനുള്ള കുറവു്. പ്രഭുവരേണ്യരുടെ ജീവിതരീതി കാണിക്കുന്ന പടങ്ങൾ എന്തുകൊണ്ടു അദ്ദേഹത്തിനു വരച്ചുകൂടാ? വലിയ വലിയ മാളികകൾ, ഉദ്യാനവിരുന്നുകൾ, പ്രഭുയോഗ്യമായ വേഷങ്ങൾ ഇവയൊന്നും ചിത്രീകരിക്കാൻ അദ്ദേഹത്തിനു കഴിയുകയേയില്ല. തൂലികയെടുത്തെങ്കിൽ കർഷകൻ മുമ്പിൽ.

KOTTAYAM PUBLIC LIBRARY KOTTAYAM

അയാറം വയലിൽ കിളയ്ക്കുന്നത്, അവരുടെ തൊഴിലാളികൾ പറിക്കുന്നത്, വിളവറുക്കുന്നത്, കൊയ്യുന്നത്, മെതിക്കുന്നത്, വയ്ക്കോൽക്കൂട്ടുന്നത്, കന്നുകാലികൾക്ക തീററികൊടുക്കുന്നത് ഇത്യാദി ചിത്രങ്ങൾ ആരാണ് വിലകൊടുത്തു വാങ്ങിക്കാൻ? പടങ്ങൾവാങ്ങാൻ പണമുള്ളവർക്ക ഇത്തരം ദരിദ്രജീവിതചിത്രീകരണങ്ങൾ അല്ല ആവശ്യം. ദാരിദ്ര്യവാസികൾക്ക് ഇവ രസിക്കും; എന്നാൽ, ഒരു ചിത്രകാരനെ പട്ടിണിയിൽനിന്ന് കരയേററുന്നതിനു തക്കവണ്ണം വിലകൊടുത്തു പടങ്ങൾ വാങ്ങാനുണ്ടോ ആ പാവങ്ങൾക്ക കഴിവുണ്ടാകുന്നു!

ആ ദമ്പതിമാർ വിഷാദമഗ്നരായി സമയം കഴിച്ചുകൂട്ടുന്ന അവസരത്തിൽ ഒരു സ്നേഹിതൻ അവിടെ കയറിച്ചെന്നു. അന്ധകാരരാക്ഷസി അവിടെയെങ്ങും നൃത്തം ചെയ്തുകൊണ്ടിരിക്കുന്നതുകൊണ്ട അയാൾക്ക് അവിടത്തെ സ്ഥിതി മനസ്സിലായി. ആവശ്യപ്പെടാതെതന്നെ അവൻ കുറച്ചുപണം വായ്പയായി കൊടുത്തിട്ട് ഒന്നുംപറയാതെ അയാൾ ഇറങ്ങിപ്പോയി. "ഇതു സമയത്തിനുതന്നെ വന്നുചേർന്നിരിക്കുന്നു. കുഞ്ഞുങ്ങൾ കഷ്ടപ്പെട്ടില്ല. അവൻ ഇന്നുവരെ ആഹാരമുണ്ടായിരുന്നു" എന്നു വീട്ടുകാരൻ പറഞ്ഞ വാക്കുകൾ ആഗതൻ കേട്ടിരിക്കുമോ എന്നറിയുന്നില്ല.

ഫ്രാൻസിലെ പ്രസിദ്ധചിത്രകാരന്മാരിൽ ഒരാളായ ജെ. എഫ്. മില്ലെയുടെ ജീവിതത്തിലെ ഒരു രാത്രിയാണ് മേൽ കാണുന്നത്. ഒന്നല്ല പല രാത്രികളിൽ, ഈവിധം മാത്രമല്ല മററു പലവിധത്തിലും ദാരിദ്ര്യപീഡ അനുഭവിച്ച് കഷ്ടപ്പെടുവാൻ ആ ചിത്രകലാകുശലനു സംഗതിയായിട്ടുണ്ട്. ജനങ്ങളുടെ താല്ക്കാലികമനഃസ്ഥിതി മനസ്സിലാക്കി അതിനനുസരിച്ച് തങ്ങളുടെ വാസനാഗതി മാററുവാൻ യത്നിക്കാത്ത പല കലാസമ്പന്നന്മാർക്കും ഇതുപോലുള്ള അനുഭവങ്ങൾ ധാരാളം ഉണ്ടായിട്ടുണ്ട്. എന്തുതന്നെ

സംഭവിച്ചുകൊള്ളട്ടെ, എന്നാലും കാലത്തിന്നനുസരിച്ച കോലംകെട്ടുന്ന കൂട്ടരല്ല ആ മഹാപുരുഷന്മാർ.

## തൂമ്പാപിടിച്ച കൈയാണു് തൂലിക പിടിച്ചതു്.

ഫ്രാൻസിലെ നാർമണ്ടിസംസ്ഥാനത്തു് ഗ്രച്ചി എന്ന ഗ്രാമത്തിൽ ലൂയി നിക്കോളാസ് മില്ലെയുടെ പുത്രനായി 1814 അക്ടോബർ 4-ാംനു- ജനിച്ച ഇദ്ദേഹത്തിനു ഇളയവരായി ഒൻപതു സന്താനങ്ങൾ ഉണ്ടായിരുന്നു. മാതാവായ അഡലൈഡ്ഹെൻറി ഭർത്താവിനെ സകലകാര്യങ്ങളിലും അനുസരിച്ചു് ജീവിതം നയിച്ചുവന്ന ഒരു സ്ത്രീതന്നെ. പുരയിടത്തിൽ കിളയ്ക്കാനും, പൂട്ടാനും മൂത്തകുട്ടി ചെറുപ്പത്തിലേ വശമാക്കി. തൂമ്പാപിടിച്ച കൈകൊണ്ടു് ഒരുകാലത്തു തൂലികപിടിക്കാനും, ആ തൂലിക നൽകുന്ന വിചിത്രചിത്രങ്ങൾ ലോകർ കണ്ടു് ആഹ്ലാദിക്കാനും സംഗതിയാകുമെന്നു് അക്കാലത്തു ആരുംതന്നെ ഓർത്തിരുന്നില്ല.

സദാ പാടത്തിലും പറമ്പിലുമായി കഴിഞ്ഞുകൂട്ടുന്നതിനിടയ്ക്കു വല്ലപ്പോഴുംമാത്രമേ കരിക്കട്ടകൊണ്ടു് ചുവരുകളിലും പലകകളിലും മററും ചില രൂപങ്ങൾ വരച്ചു് തന്നെത്താനെ രസിക്കാൻ ആ കുട്ടിക്കു സമയം ലഭിച്ചിരുന്നുള്ളു. എന്നാൽ സാധുജനങ്ങളുടെ എളിയ ജീവിതവുമായി നല്ലവണ്ണം ഇടപഴകാനും, പക്ഷിമൃഗാദികളുടേയും വൃക്ഷസസ്യാദികളുടേയും യഥാർത്ഥരൂപങ്ങൾ അല്പാല്പം വ്യത്യസ്തതകൾപോലും വിശദമാക്കി ചിത്രീകരിക്കാനും മില്ലെയ്ക്കു് പില്ക്കാലത്തു് സാദ്ധ്യമായതു് ഈ കൃഷകജീവിതംനിമിത്തമാകുന്നു എന്നുള്ളതു വിസ്മരിക്കാവുന്ന ഒന്നല്ല. കണ്ടങ്ങളും വിളകളും മലകളും മൈതാനങ്ങളും മില്ലെ വരച്ചുകണ്ടാൽ അവയ്ക്കുള്ള തന്മയത്വം ഒന്നു പ്രത്യേകംതന്നെ.

## മലമൂടൻ.

18 വയസ്സുവരെ ഇപ്രകാരം കഴിച്ചുകൂട്ടിയ ബാലൻെറ ജീവിതത്തിൽ നേരിട്ട ഒരു അപ്രധാനസംഭവം ഒരു വലിയ പരിവൎത്തനംതന്നെ വരുത്തി. ഒരു ജനക്കൂട്ടത്തിൽ കണ്ട ഒരു വയസ്സൻ കൂനൻെറ രൂപം മില്ലെ കരിക്കട്ടകൊണ്ട് എഴുതിയതു് പിതാവു കണ്ടു സന്തോഷിച്ചു; അയാൾ ഇപ്രകാരം പറയുകകൂടി ചെയ്തുവത്രേ! "എൻെറ സാധുക്കുട്ടി, ഈ ആശകൊണ്ടു് നീ വളരെ വിഷമിക്കുന്നു എന്നു എനിക്കു നല്ലവണ്ണം അറിയാം. ആളുകൾ പറയുന്നുണ്ടു് നിനക്കു് പടമെഴുത്തിൽ വാസനയുണ്ടെന്നു്. സന്തോഷസമേതം ഞാൻ നിന്നെ പടമെഴുത്തു പഠിക്കാനയയ്ക്കുമായിരുന്നു. എന്നാൽ ഇതുവരെ എനിക്കതു കഴിഞ്ഞില്ല. നീ മൂത്തമകനായതുകൊണ്ടു് നിന്നെക്കൊണ്ടു എനിക്കു വളരെഉപയോഗമുണ്ടു്. എന്നാൽ ഇപ്പോൾ മററുകുഞ്ഞുങ്ങളൊക്കെ ഒരുവിധം വളൎന്നിട്ടുണ്ടു്; നീ ഏററവുംകൂടുതലായിട്ടാശിക്കുന്ന ആ തൊഴിൽ പഠിക്കുന്നതിനു് ഇനി ഞാൻ നിന്നെ തടുക്കുന്നില്ല. ഈ കല പഠിച്ചു് കാലം കഴിക്കത്തക്ക സാമൎത്ഥ്യം നിനക്കു് ലഭിക്കുമോയെന്നറിയാനായി നമ്മൾക്കു് ഉടനെ ഷേർബൂറിലേക്കു പോകാം."

1832-ാമാണ്ടു് അച്ഛനും മകനുംകൂടി ഷേർബൂർപട്ടണത്തിൽപോയി ഒരു ചിത്രകാരനുമായി പരിചയപ്പെട്ടു. ബാലനെ എത്രയുംവേഗം ചിത്രമെഴുത്തു പഠിപ്പിക്കേണ്ടതാണെന്നു് അയാൾ അറിയിച്ചതനുസരിച്ചു മില്ലെ അവിടെ താമസമാക്കി. മൂന്നുവർഷം അങ്ങനെ കഴിഞ്ഞു. മില്ലെയുടെ ചിത്രകലാവാസന, സ്നേഹിതരെല്ലാം ആശ്ചൎയ്യപ്പെടത്തക്കവിധം പ്രകാശിച്ചുകൊണ്ടിരുന്നു.

പിതൃമരണംനിമിത്തം തിരിച്ചുപോരാൻ ഈ യുവാവു് നിർബ്ബന്ധനായിത്തീൎന്നു. തൂലിക കളഞ്ഞിട്ടു് വീണ്ടും കലപ്പ കൈയിലെടുത്തു. മാതാവിനു് അതു അത്ര സമ്മ

തമായില്ല. "നാം ദൈവനിർദ്ദേശം അനുസരിക്കേണ്ടതാകുന്നു. നീ ഒരു ചിത്രകാരൻ ആയിത്തീരണമെന്നാണല്ലോ നിൻെറ അച്ഛൻ പറഞ്ഞിട്ടുള്ളതു്. അദ്ദേഹത്തെ അനുസരിക്കുക. ഷേർബൂരിലേക്കു് തിരിച്ചു പോ" എന്നു മാതാവു പറഞ്ഞു.

പുത്രൻെറ മാതൃഭക്തി വീണ്ടും അയാളെ സ്വന്തം നാട്ടിൽനിന്നു് പട്ടണത്തിലേക്കു അയച്ചു. അവിടത്തെ നഗരസഭയിൽനിന്നു് 40 പവൻ സ്കാളർഷിപ്പു് വാങ്ങി പാരീസിൽപ്പോയി പഠിക്കാൻ മില്ലെയ്ക്കു് സംഗതിയായിത്തീർന്നു.

ആ നഗരത്തിലെ ജീവിതം കുറേക്കാലത്തേക്കു യുവാവിനു തീരെ രസിക്കാതായി. ആരോടും ഇണങ്ങാതെ, ജനക്കൂട്ടത്തിൽ പോകാതെ, ഏകാന്തതയിൽ രസിച്ചു ജീവിതം നയിച്ചുവന്ന മില്ലെയെ "മലമൂടൻ" എന്നു വിളിച്ചു അധിക്ഷേപിക്കാൻ സഹപാഠികൾക്കു വളരെ ഉത്സാഹമായിരുന്നു. അതു കേട്ടിട്ടു ആരോടും പരിഭവം ആ യുവാവിനില്ല; ജീവിതരീതി മാററാനും മുതിർന്നില്ല. താനായി, തൻെറ ചിത്രശാലയായി അങ്ങനെ ദിനരാത്രങ്ങൾ കടന്നു പൊയ്ക്കൊണ്ടിരുന്നു. പ്രസിദ്ധചിത്രകാരന്മാരുടെ ജീവചരിത്രങ്ങളും ചിത്രമെഴുത്തിനെക്കുറിച്ചു് ശാസ്ത്രീയമായി വിവരിച്ചിട്ടുള്ള ഗ്രന്ഥങ്ങളും ധാരാളം വായിച്ചു് ആ കലയെക്കുറിച്ചുള്ള തൻെറ ജ്ഞാനവും യുവാവു വർദ്ധിപ്പിച്ചു.

രണ്ടുവർഷത്തിലധികംകാലം അധികൃതർ വേതനം തുടർന്നില്ലെങ്കിലും മില്ലെ പഠിത്തം തുടർന്നുകൊണ്ടുതന്നെയിരുന്നു. പലരുടേയും പടങ്ങൾ ചായമിട്ടും, ആൾരൂപങ്ങൾ വരച്ചുംകിട്ടിവന്ന തുച്ഛമായ പണത്തുക അരിഷ്ടജീവിതത്തിനുപോലും മതിയാകുന്നതല്ലായിരുന്നു. പട്ടിണി പലനാൾ അനുഭവിക്കേണ്ടിവന്നു; അഭിമാനഹാനി നേരിട്ട സന്ദർഭങ്ങളും ഒട്ടും കുറവല്ല. എന്നാലും അവയൊന്നും അന്യ

രെ അറിയിച്ച് അവരുടെ അനുകമ്പ അർഹിക്കാനോ സഹായം സമ്പാദിക്കാനോ മില്ലെ ശ്രമിച്ചില്ല. ഉന്നതി സമ്പാദിക്കാമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി യാചന നടത്തുന്നതു് നികൃഷ്ടമാണെന്നുള്ള ഗോൾഡ്സ്മിത്തിന്റെ അഭിജ്ഞവചനം സർവ്വദാ സ്മരണീയമത്രെ!

## ദാരിദ്ര്യാധിക്യം.

പഠിത്തം പൂർത്തിയാക്കി മില്ലെ വീട്ടിലേക്കു തിരിച്ചു; താമസിയാതെതന്നെ വിവാഹവും കഴിച്ചു. പടമെഴുതി പണം സമ്പാദിച്ചു ആ യുവാവു ഭാര്യയെ പുലത്തിക്കൊള്ളുമെന്നായിരുന്നു ആ യുവതിയുടെ വീട്ടുകാർ ധരിച്ചിരുന്നതു്. മില്ലെ എഴുതുന്ന പടങ്ങൾ വില്പനയ്ക്കു വന്നപ്പോഴല്ലേ ആളുകളുടെ മനഃസ്ഥിതി വെളിപ്പെട്ടുള്ളൂ. യുവാവിന്റെ പടങ്ങൾക്കു് കുററം പറയാനൊന്നും അവർ കണ്ടില്ല. അവ വിലപ്പോകയില്ലെന്നേയുള്ളൂ. കൃഷിക്കാരുടെ ജീവിതരീതി കാണിക്കുന്ന ചിത്രങ്ങൾക്കു് കമ്പോളങ്ങളിൽ നല്ല വില കിട്ടാതായി 'മാക്കററു്' അറിഞ്ഞു തൂലിക ചലിപ്പിക്കാൻ കഷ്കനായിരുന്ന ആ ചിത്രകാരനു കഴിയാതെയുമായി.

ദിവസങ്ങളും മാസങ്ങളും കടന്നുപൊയ്ക്കൊണ്ടിരുന്നു. എന്നാൽ ദാരിദ്ര്യംമാത്രം മില്ലയെ വിട്ടുപോകുന്നില്ല. ചില സന്താനങ്ങളെക്കൂടി കാലം ആ കലാകാരനു ദാനംചെയ്തതുകൊണ്ടു്, ദാരിദ്ര്യം അദ്ദേഹത്തെ വിട്ടൊഴിയാതെയുമായി.

മില്ലെ ചിത്രങ്ങൾ വരയ്ക്കുന്നതിനു കുറവൊന്നുമില്ല; അവ ജനങ്ങൾ വാങ്ങിക്കയുംചെയ്യും. കിട്ടിവന്ന വില കുറവായിരുന്നു എന്നുമാത്രം. ഒരു ജോഡി ഷൂസ് വാങ്ങാൻ ഒരിക്കൽ ആറു പടം വില്ക്കേണ്ടിവന്നു. ഇത്തരത്തിൽ തുച്ഛമായവില മില്ലെയ്ക്കു് കിട്ടിക്കൊണ്ടിരുന്നതിനാൽ മരണത്തിനു ആ പടമെഴുത്തുകാരനെ പിടികൂടാൻ കഴിഞ്ഞിരുന്നില്ല.

പാരിസിൽ സ്ഥിരമായി താമസിച്ച് നഗരജീവിതത്തിൻെറ വിവിധവശങ്ങൾ ചിത്രീകരിക്കുന്ന പടങ്ങൾ വരയ്ക്കാൻതയാറുള്ളപക്ഷം വേണ്ടത്ര സഹായങ്ങൾ ചെയ്തുകൊടുക്കാമെന്നു സ്നേഹിതന്മാർ ഉപദേശിച്ചിട്ടുണ്ട്. നഗരമെന്നുകേട്ടാൽത്തന്നെ മില്ലെയ്ക്ക് അസന്തോഷമാണ്. എങ്കിലും കുറേക്കാലം അദ്ദേഹം കുടുംബസമേതം അവിടെ താമസിച്ചുനോക്കിയിട്ടുണ്ട്. എന്നാൽ അവിടത്തെ ജനങ്ങൾക്ക് രുചിക്കത്തക്കവിധം ചിത്രങ്ങൾ വരയ്ക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല.

## ഒരു ചിത്രത്തിന് ൩൨,000 പവൻ വില

കുറേക്കാലം കഴിഞ്ഞതിനുശേഷം ബാർബിസനിൽ അദ്ദേഹം താമസമുറപ്പിച്ചു ചിത്രങ്ങൾ വരച്ചുതുടങ്ങി. അവയ്ക്കുപാരീസിലെക്കാൾ വില കിട്ടിക്കൊണ്ടിരുന്നു. എന്നിട്ടുംവിദൂരദേശത്തു താമസിച്ചിരുന്ന ഭാര്യാപുത്രന്മാരെ പട്ടിണികൂടാതെ പോററുന്നതിനുള്ള പണം അയച്ചുകൊടുക്കുവാൻ മില്ലെയ്ക്കു കഴിഞ്ഞില്ല. അവരെ സ്വദേശത്തുനിന്നു കൂട്ടിക്കൊണ്ടുവരാൻ ഒരു യാത്രയ്ക്കുപോലും പണംകരുതുന്നതിന് ആ ദാരിദ്ര്യവാസിക്കു കുറഞ്ഞൊരുകാലം സാധിക്കാതെപോയി.

വഷങ്ങൾ ഇരുപതുകഴിഞ്ഞതോടുകൂടി മില്ലെ വരയ്ക്കുന്നചിത്രങ്ങൾക്കു ഫ്രാൻസിലെങ്ങും പ്രചാരം സിദ്ധിച്ചു. അവ മിക്ക ഗ്രാമങ്ങളിലും സകല പട്ടണങ്ങളിലും ചെന്നെത്തി. അപ്പോൾമാത്രമാണ് ആ ചിത്രങ്ങൾ ഫ്രാൻസിൽ അല്പാല്പം അദൃശ്യമായി വരുത്താൻ തുടങ്ങിയ പരിവത്തനങ്ങൾ ജനങ്ങൾക്കു മനസ്സിലായതു്.

പ്രക്ഷോഭജനകമായ പ്രസംഗങ്ങൾനടത്തി താല്ക്കാലികമായി ജനപ്രീതിസമ്പാദിക്കുന്ന ഒരു രാഷ്ട്രീയവാദിയേയോ പത്രപ്രവത്തകനേയോകാൾ എത്ര ശക്തിമത്തായവിധ

ത്തിലാണു് ഒരു കലാകാരൻ ജനഹൃദയം സമാകർഷിക്കുന്ന തെന്നുവിവരിക്കുക കേവലം അശക്യംതന്നെ. ആദ്ധ്യാത്മികവും, സാന്മാർഗ്ഗികവും, സ്വദേശസ്നേഹപരവും, പ്രേമപരവും ആയ ചിന്താഗതികളെ രവീന്ദ്രനാഥടാഗോർ അനവധി ശതാബ്ദക്കാലത്തേക്കു് നിയന്ത്രിക്കുന്നതു് ആക്കും ഊഹിക്കാവുന്നതാണല്ലോ. ത്യാഗരാജൻെറ സംഗീതം ദക്ഷിണഭാരതത്തിൽ എത്രലക്ഷം ജനങ്ങൾക്കു് ആനന്ദവും മാർഗ്ഗദശനവും നൽകിയിട്ടുണ്ടെന്നു് ആക്കെങ്കിലും വിവരിക്കാമോ! ഒരു കൊത്തുപണിക്കാരൻ ലോകത്തിനു നൽകുന്ന മനോഹരവിഗ്രഹം എത്രകോടി ജനങ്ങളുടെ ജീവിതത്തിനു പരിവത്തനം വരുത്തുന്നു എന്നു വണ്ണിക്കുന്നതിനു സാദ്ധ്യമല്ല. ശ്രീരാമശ്രീകൃഷ്ണാദി അവതാരപുരുഷന്മാരിൽ ഭക്തിയും പുരാണപുരുഷന്മാരുടെ വീര്യപൌരുഷപ്രേമാദികളിൽ സ്നേഹവും വദ്ധിക്കുന്നതിനു് രവിവമ്മകോയിത്തമ്പുരാൻെറ ചിത്രങ്ങൾക്കുള്ള ശക്തി ഭാരതീയക്കെല്ലാം പരിചിതമാണല്ലോ. ലളിതകലകൾക്കെല്ലാം ഇത്തരം ആനന്ദവും സംസ്കാരവും ആദശവും ലോകത്തിനു നൽകുന്നതിനു സാദ്ധ്യമാകുന്നു. ഒരു കലാകാരൻെറ പ്രവൃത്തി അനേകശതംവഷത്തേക്കു നിലനില്ക്കുന്നതാണു്. ഇതുപോലൊരു പരിവത്തനമാണു് ഫ്രാൻസിൽ മില്ലെയുടെ ചിത്രങ്ങൾ വരുത്താൻതുടങ്ങിയതു്.

ചരിത്രപ്രസിദ്ധമായ പരന്ത്രീസ്വിപ്ലവം നടന്നിട്ടു് അരശതാബ്ദമായിട്ടുണ്ടു്; എന്നാൽ പ്രഭുക്കന്മാരുടെ ആഭാസജീവിതം ഇനിയും അപ്രത്യക്ഷമായിട്ടില്ല. അതിൻെറ വിവിധവശങ്ങൾ ചിത്രീകരിക്കുന്ന പടങ്ങൾ മില്ലെയ്ക്കുമുമ്പുതന്നെ ഫ്രാൻസിൽ ധാരാളം പ്രചരിച്ചിട്ടുണ്ടായിരുന്നു. അവയുമായിതാരതമ്യപ്പെടുത്തുന്നതിനു മില്ലെയുടെ ചിത്രങ്ങൾ പ്രയോജനപ്പെട്ടു. കഷകരുടെ ദുരിതജീവിതം വിശദമായി പ്രത്യക്ഷപ്പെടുത്തുന്ന ആ പടങ്ങൾ ഫ്രാൻസിലെ സാമൂഹ്യജീവിതഗതികൾ ജനങ്ങളെ പഠിപ്പിച്ചു. അവർ

അറിയാതെതന്നെ അവരുടെ ഇടയ്ക്കു് ഈ ചിത്രങ്ങൾ ഒരുതരം ബോധനം നൽകിക്കൊണ്ടിരുന്നു.

"ഗ്ലീനേഴ്സ്" (Gleaners) എന്ന പേരിൽ അറിയപ്പെട്ടുപോരുന്ന അദ്ദേഹത്തിൻെറ ഒരു ചിത്രം അത്യധികം പ്രസിദ്ധി സമ്പാദിച്ചിട്ടുള്ള ഒന്നാകുന്നു. കൊയ്ത്തുകഴിഞ്ഞപാടത്തിൽ അവിടവിടെ വീണുകിടക്കുന്ന ധാന്യങ്ങൾ നുള്ളിപ്പെറുക്കി എടുക്കുകയും, ധാന്യങ്ങളുള്ള ഓലക്കാലുകളും മററും ശേഖരിക്കുകയും ചെയ്തുകൊണ്ടു്, വളരെ മോശമായ വിധം വസ്ത്രധാരണം ചെയ്ത മൂന്നു സാധുസ്ത്രീകളെയാണു് ആ ചിത്രത്തിൽ പ്രധാനമായിക്കാണുന്നതു്. കൊയ്ത്തുകഴിഞ്ഞയുടനെ പാടങ്ങളിൽനിന്നു് ഈ നാട്ടിലെ പുലയർ, കുറവർ, പറയർ ആദിയായവർ ഇപ്രകാരം നെല്ലോലകളും വയ്ക്കോൽ തുമ്പുകളും പെറുക്കി എടുത്തുകൊണ്ടു പോകുന്നതു എല്ലാവരും കണ്ടിട്ടുണ്ടല്ലോ. മില്ലെയുടെ ചിത്രത്തിൽ ദാരിദ്ര്യമൂർത്തികളായ ഇവരുടെ ദയനീയസ്ഥിതി വിശദമായി കാണിച്ചിട്ടുണ്ടു്. ഈ വയലിൻെറ ഒരററത്തായി കൃഷകപ്രമാണികൾ തങ്ങളുടെ ജോലിക്കാരെക്കൊണ്ടു് വിളവറുപ്പിക്കുന്നതും കററകളാക്കികെട്ടിയകെട്ടുകൾ കുന്നുകളാക്കി കൂട്ടിയിരിക്കുന്നതും ചിത്രീകരിച്ചിരിക്കുന്നു. നാട്ടുമ്പുറത്തെ ജീവിതം കാണിക്കുന്ന ഈ ചിത്രം അനേകായിരംജനങ്ങളെ ആഹ്ലാദിപ്പിക്കയും വികാരാധീനരാക്കുകയുംചെയ്തിട്ടുണ്ടു്. ചില സാമുദായികാസമത്വങ്ങളുടെ അന്യായം, അനാശാസ്യമായവിധത്തിലുള്ള ധനവിതരണം, ചിലർ ജീവിതംനയിക്കുന്നതിൽ കാണിച്ചുപോരുന്ന ധൂർത്തു്, ഭൂരിഭാഗം ജനത അനുഭവിക്കുന്ന ദുരിതജീവിതം, എന്നിവ നഗരത്തിലെന്നപോലെ നാട്ടുമ്പുറങ്ങളിലും പ്രത്യക്ഷമാണു്. "നമ്മുടെകാലത്തു് ഈ ഗ്ലീനേഴ്സിനെക്കാൾ നല്ലതായിട്ടൊരു ചിത്രീകരണം കാണ്മാൻ സാധിക്കുന്നതല്ല" എന്നാണു് 1857-ാമാണ്ടു് പെഡ്രോസ് എന്ന മഹാൻ ഇതിനെക്കുറിച്ചു അഭിപ്രായപ്പെട്ടിട്ടുള്ളതു്.

മില്ലെയുടെ കാലത്തു് ഈ മഹനീയചിത്രത്തിനെ വേണ്ടവിധം ജനങ്ങൾ വിലമതിച്ചിരുന്നില്ല; എന്നാൽ അനന്തരകാലത്തു് പന്തിരായിരംപവൻ വിലകൊട്ടത്തു് മാഡംപോമ്മെറി എന്ന ഒരു സ്ത്രീ ഇതുവാങ്ങിച്ചു് തൻെറ ഒരു കുടുംബസ്വത്തായി സൂക്ഷിച്ചു എന്നുകേൾക്കുമ്പോൾ ആ ചിത്രത്തിൻെറ ചേതസ്സമാകർഷകത്വം ആർക്കും അനുമാനിക്കാവുന്നതാണല്ലോ. ചിത്രങ്ങളുടെ വിലമതിക്കുവാൻ പാശ്ചാത്യർക്കുള്ള താല്പര്യവും സന്നദ്ധതയും അഭിനന്ദനീയംതന്നെ!

## വമ്പിച്ച പവൻവിലയ്ക്കു മറ്റൊരുചിത്രം.

മില്ലെ വരച്ചിട്ടുള്ള "ഏഞ്ജലസ്" എന്ന ചിത്രം യൂറോപ്പുമുഴുവനും പ്രസിദ്ധിസമ്പാദിച്ചിട്ടുള്ള ഒന്നാകുന്നു. ഭാര്യാഭർത്താക്കന്മാരായ രണ്ടു കൃഷിക്കാർ പാടത്തിൽ ജോലി ചെയ്തുകൊണ്ടു നിൽക്കുമ്പോൾ പള്ളിയിലെ മണിനാദം അവർ ശ്രവിക്കുന്നു. 'കന്യകമറിയ' ത്തിനെആരാധിക്കാൻ, ആ മണിനാദം കേൾക്കുന്ന റോമൻകത്തോലിക്കരെല്ലാം കടപ്പെട്ടിട്ടുണ്ടു്. ഈ ശബ്ദം കേട്ടയുടൻ തങ്ങളുടെ ജോലിനിത്തിവച്ചിട്ടു് ശിരസ്സു് താഴ്ത്തി ഈ ദമ്പതിമാർ പ്രാർത്ഥന നടത്തുന്നു. നിഷ്കളങ്കഭക്തിയുടെ പാരമ്യത്തിൽ ലയിച്ചും, മററു സകലതും വിസ്മരിച്ചും നില്ക്കുന്ന ആ ദമ്പതിമാരുടെ ഭാവം കാണികളുടെ ഹൃദയം നല്ലവണ്ണം സമാഹരിക്കുമെന്നുള്ളതിനു സംശയമില്ല. 1889-ാമാണ്ടു് ഒരു ലേലംവിളി നടന്ന അവസരത്തിൽ ഈ പടം ലഭിക്കുന്നതിനു് പലരാജ്യക്കാരും അത്യുല്ക്കണ്ഠ പ്രദർശിപ്പിക്കുകയുണ്ടായി. ഇതു ഫ്രഞ്ചുഗവണ്മെൻറു് 22,120പവൻവിളികേട്ടുവാങ്ങി. ഇത്രവളരെവിലകൂടിപ്പോയതിനാൽ ഗവണ്മെൻറുതാമസിയാതെ അതു് 23,226 പവൻവിലയ്ക്കു് ഒരു അമേരിക്കനുവിററു. ഒരു ചിത്രത്തിനു ഇത്രഅധികം പവൻ വിലവരുന്നതു് ഒരു കേരളീയനു വിശ്വസിക്കാൻ നിവൃത്തിയില്ലാത്ത സംഗതിയായിരിക്കുമോ!

കളത്രപുത്രാദികളോടൊത്തു് മില്ലെ ബാർബിസൺ ദേശത്തു് 25 സംവത്സരം താമസിച്ചിട്ടുണ്ടു്. ആ കുടുംബിക്കു് മരണപര്യന്തം ദാരിദ്ര്യംതന്നെ. അദ്ദേഹത്തെ പറഞ്ഞുകളിപ്പിച്ചു് പടങ്ങൾ കൊണ്ടുപോയിവിററു പലരും ധനികരായിത്തീൎന്നിട്ടുണ്ടു്. കലാകുശലതയും കച്ചവടമനസ്ഥിതിയും ഒന്നിച്ചിരിക്കുന്നതല്ലല്ലോ. ധനാൎത്തിയിൽനിന്നു മുക്തമായ ഹൃദയത്തിനുമാത്രമേ, ലളിതകലയുടെ കൈകാൎയ്യത്തിൽ ഉച്ചനിലപ്രാപിക്കാൻ സാധിക്കുകയുള്ളു എന്നതു് പലേ മഹച്ചരിതങ്ങളും ലോകത്തെ പഠിപ്പിച്ചിട്ടുണ്ടു്. അനവധി സംവത്സരക്കാലത്തേയ്ക്കു് അക്ഷയമായകീൎത്തി ലോകത്തിൽ അവശേഷിപ്പിക്കയും കുടുംബത്തെ ദാരിദ്ര്യക്കൂപത്തിൽ എടുത്തെറികയുംചെയ്തുകൊണ്ടു് ഈ കലാവിദഗ്ദ്ധൻ തന്റെ 61-ാംവയസ്സിൽ പരലോകംപ്രാപിച്ചു. സുകുമാരകലകളേ! നിങ്ങളെ സമാരാധിക്കുന്നവൎക്കു് എക്കാലത്തും ഇതുതന്നെയോഗതി? അഥവാ, കലാസമ്പാദനം നടത്തുകയോ, കലാവൈദഗ്ദ്ധ്യം പ്രകടിപ്പിക്കയോ ചെയ്തുകൊണ്ടിരിക്കുന്ന അവസരത്തിൽ, ലക്ഷ്മീദേവിയാൽ വിദ്വേഷിക്കപ്പെട്ടിട്ടാണെങ്കിലും, ഒരുവൻ അനുഭവിക്കുന്നആനന്ദം എത്ര മഹത്താണു്! അതിനു തുല്യമായി ഈ ലോകത്തു മററെന്താണുള്ളതു്!!

# മൻ. മീരാബായി.

## (ഭക്തഗായിക)

---

വെങ്കുളം ജി. പരമേശ്വരൻപിള്ള.

[ഭർത്താവിനാൽ പരിത്യജിക്കപ്പെട്ടതിനുശേഷവും ഭഗവദ്ഭക്തിയിൽ ലയിച്ചു് സന്ന്യാസജീവിതം നയിച്ച ഒരു ഗായികാകവയിത്രി.]

മുകിലചക്രവത്തിയായ അക്ബറിനെ ഉത്തമരാജ്യഭരണതന്ത്രജ്ഞന്മാരിൽ ഒരാളായി പരിഗണിച്ചുപോരുന്നുണ്ടു്: രാജ്യതന്ത്രത്തിൽമാത്രമല്ല കലാസ്വാദനത്തിലും അദ്ദേഹം കേളികേട്ട ഒരു ചക്രവത്തിയാണു്. അക്ഷരാഭ്യാസമില്ലാത്ത അദ്ദേഹം ഉത്തമഗ്രന്ഥങ്ങൾ വായിച്ചുകേൾക്കാത്ത ദിവസം തുലോം ചുരുക്കമായിരുന്നു എന്നാണു് അദ്ദേഹത്തിൻെറ ജീവചരിത്രകാരന്മാർ പ്രഖ്യാപനം ചെയ്തിരിക്കുന്നതു്.

ഉത്തരഭാരതമെങ്ങും അക്കാലത്തു് മീരാബായിയുടെ കീത്തി വ്യാപിച്ചിരുന്നു. ഭഗവാൻ ശ്രീകൃഷ്ണനിൽ പരമഭക്തയായിരുന്ന ആ നാരീമണിയുടെ ഗാനകുശലതയെക്കുറിച്ചു് കേട്ടിട്ടില്ലാത്തവരായി കുട്ടികളുടെക്കൂട്ടത്തിൽപ്പോലും വളരെ ചുരുക്കമേ ഉണ്ടായിരുന്നുള്ളു. അവർ രചിച്ചിട്ടുള്ള പാട്ടുകൾ തെരുവുനീളെ പാടിനടക്കാൻ ഭക്തന്മാരെന്നോണം സാധാരണന്മാരും ഔത്സുക്യം ഏറെ പ്രദശിപ്പിച്ചിട്ടുണ്ടു്.

കേട്ടുകേൾപ്പിച്ചു നാടെങ്ങും പരന്ന ഈ വസ്തുത അക്ബറുടെ കണ്ണുകളിൽ എത്തിച്ചേന്നപ്പോൾ ആ സംഗീതാമൃതം ആസ്വദിക്കുവാൻ അദ്ദേഹത്തിനു് അടക്കാൻപാടില്ലാത്ത ആഗ്രഹമുണ്ടായി. എങ്ങനെയാണു് ആ ആഗ്രഹം സാധിക്കുക?

രാജപുത്രകുലവനിതമാരെ കാണുന്നതിനു് ഉദ്യമിക്കുന്ന ഒരു മുസ്ലീമിന്റെ പ്രവൃത്തിയെ ഒരിക്കലും ക്ഷമിക്കുന്ന കൂട്ടരല്ല യുദ്ധോത്സുകരായ ആ വംശാഭിമാനികൾ. അല്ലാവുദിൻ എന്ന ദില്ലിസുൽത്താൻ ചിറേറാരിലെ പത്മിനിറാണിയെ ഒരുനോക്കു കാണ്മാൻചെയ്ത ഭഗീരഥപ്രയത്നങ്ങളും അവയെത്തുടൎന്നുണ്ടായ ഭയങ്കരയുദ്ധങ്ങളും അപരിഹരണീയ വിനാശങ്ങളും ചരിത്രപ്രസിദ്ധങ്ങളാകുന്നു. രണ്ടരശതാബ്ദത്തിനുമുമ്പാണു് ആ സംഭവം നടന്നതെങ്കിലും അക്ബർ ചക്രവൎത്തി അതു നല്ലവണ്ണം ഓൎത്തു. അതേ ചിറൂരിലെ റാണിയാണു് ഈ മീരാബായി. കാലത്തിനോടൊത്തു് രാജപുത്രരുടെ വംശാഭിമാനപൗരുഷങ്ങൾക്കും വളൎച്ചമാത്രമേ ഉണ്ടായിട്ടുള്ളൂ. അതിനാൽ ഒരു മുസ്ലിംഎന്നനിലയ്ക്കു മീരാബായിയുടെ സന്നിധിയിൽപ്രവേശിച്ചു് ആ സംഗീതസാരസൎവ്വസ്വത്തിന്റെ വദനാരവിന്ദത്തിൽനിന്നു ഉദ്ഗളിതമാകുന്ന ഗാനാമൃതം പാനംചെയ്തു് ആനന്ദിക്കാൻ ആലോചിക്കുന്നതു് പലതുകൊണ്ടും അയുക്തമെന്നുതന്നെ അദ്ദേഹം തീൎച്ചപ്പെടുത്തി.

രാജസദസ്സിലെ ഗായകകവികളിൽ ഒരാളായ ടാൻസനമായി ചക്രവൎത്തി ആലോചനനടത്തി. ഹിന്ദുസന്ന്യാസികളുടെവേഷം അവലംബിച്ചു മീരാബായിയുടെ സന്നിധിയിൽ പ്രവേശിക്കാനാണു് അവർ ഒടുവിൽ നിശ്ചയിച്ചതു്.

ബഹുദൂരം കാൽനടയായിത്തന്നെ ആ ഗായകകവീന്ദ്രനും രാജരാജേന്ദ്രനും സഞ്ചരിച്ചു് ചിറൂരിലെ അരമനയ്ക്കടുത്തുള്ള ശ്രീകൃഷ്ണദേവാലയത്തിൽപ്രവേശിച്ചു. മീരാബായി പാട്ടുപാടിക്കൊണ്ടിരുന്ന ഒരവസരത്തിൽ അവർ സദസ്സിൽ ചെന്നിരുന്നു ഗാനസുധ പാനംചെയ്തു.

മീരാബായിയുടെ പാട്ടിൽ സകലരും ലയിച്ചു. മനുഷ്യവൎഗ്ഗത്തെമാത്രമല്ല സകലജീവജാലങ്ങളേയും നിശ്ചലരാക്കി നിർവൃതിയിൽ ലയിപ്പിക്കുന്നതിനു ശക്തിയുള്ള

ആ ഗാനത്തിൻെറ മാധുര്യം അവർണ്ണനീയമെന്നേ പറയേണ്ടു! ശ്രീകൃഷ്ണൻെറ ഓടക്കുഴൽവായന കേട്ടിട്ട്,

“വ്യാഘ്രവരൻ ചെന്നങ്ങേണക്കിടാവിനെ
ശീഘ്രതരം ചെന്നു വായ്ക്കൊണ്ടപ്പോൾ
പാട്ടങ്ങു കേൾക്കയാൽ തൻപൈതലെപ്പോലെ
വാട്ടംവരുത്താതെ ചേർത്തുനിന്നാൻ”

എന്നിങ്ങനെ കവി പാടിട്ടുള്ളതിൽ പരമാർത്ഥമുണ്ടെന്ന് ആ മുകിലചക്രവർത്തിക്കു ഇപ്പോൾ ബോദ്ധ്യംവന്നിരിക്കണം.

ഹൃദയംകുളിർക്കെ പാട്ടുകേട്ടു പരമാനന്ദത്തിൽ ലയിച്ച അക്ബർ ഒരു രത്നമാല മീരാബായിക്കു സമർപ്പിച്ചിട്ടു ആ മഹതിയെ വന്ദിച്ചു. ക്ഷേത്രത്തിലെ ദേവൻെറ കഴുത്തിൽ അണിയിച്ചുകാണ്മാനായിട്ടാണ് ആ രത്നമാല സമർപ്പിച്ചതെന്നുകേട്ടപ്പോൾ മീരാബായി അതു കൈയിലെടുത്തു.

വളരെ വിലപിടിച്ചതാണെന്നു ഒററനോട്ടത്തിൽ ആക്കുംതോന്നാവുന്ന ആ മാല സ്വീകരിക്കാൻ അവർക്കു വൈമനസ്യമായി. അതു പ്രകാശിപ്പിക്കപ്പെട്ടപ്പോൾ, സ്നാനത്തിനായി തങ്ങൾ യമുനാനദിയിൽ ഇറങ്ങിയ അവസരത്തിൽ അവിടെനിന്നു കിട്ടിയതാണെന്നും അപ്രകാരമുള്ള ഒരു വിശിഷ്ടസാധനം അണിയാൻ ദേവൻ അല്ലാതെ മററാരുമില്ലെന്നും അദ്ദേഹം രണ്ടു കള്ളംപറഞ്ഞു. ഖണ്ഡിക്കാൻ നിവൃത്തിയില്ലാത്ത ആ പ്രസ്താവന സ്വീകരിക്കാതെ റാണിക്കു ഗത്യന്തരമില്ലെന്നായി.

സന്യാസവേഷധാരികളുടെ ദൈവഭക്തിപ്രകടനത്തിനു മീരാബായി നന്ദിപ്രദർശിപ്പിച്ചു. ചക്രവർത്തിയും ടാൻസനും രാജധാനിയിലേക്കുമടങ്ങി.

സ്നേഹബഹുമാനങ്ങളോടും സന്തോഷാതിരേകത്തോടുംകൂടി സമ്മാനിക്കപ്പെട്ട ഈ മാല രാജ്ഞിക്കു ഭയങ്കരമായ വിപത്തുകൾ വരുത്തിവച്ചു എന്നുള്ളതു ആശ്ചര്യംതന്നെ!

ഭർത്തൃകോപത്തിനും, ലോകാപവാദത്തിനും പാത്രീഭൂതയായി നാടുവിട്ടുപോകാൻ മീരാബായിയെ നിർബദ്ധയാക്കിത്തീർത്ത ഈ മാല ഈ പതിവ്രതയുടെ ചരിത്രത്തിൽ അത്യന്തം പ്രാധാന്യമർഹിക്കുന്ന ഒന്നത്രെ!

## നാലാംവയസ്സിൽ ശ്രീകൃഷ്ണനെ ഭർത്താവാക്കി.

ചരിത്രരചനയിൽ ഭാരതീയക്കുള്ള ഉദാസീനതനിമിത്തം ഈ മാനിനീമണിയുടെ മാതൃപിതൃചരിതങ്ങൾ ജനനകാലം എന്നിവ ഇന്നും ശരിയായി അറിയപ്പെടാതിരിക്കുകയാണ്. അക്ബർചക്രവർത്തിയുടെ സമകാലികയാണ് മീരാബായി എന്നല്ലാതെ ജനനത്തീയതിയെക്കുറിച്ചുള്ള വ്യത്യസ്താഭിപ്രായങ്ങൾ ഉദ്ധരിച്ച് ഇവിടെ ഒരു ചർച്ചയ്ക്കു ഒരുങ്ങുന്നില്ല. രാജപുട്ടാണയിലെ മേർടരാജകുടുംബത്തിലാണ് ഈ മഹതി ജാതയായത്.

മീരാബായിയുടെ നാലാമത്തെവയസ്സിൽ ഉണ്ടായ ഒരു സംഭവം രസകരവും ജീവിതംമുഴുവൻ സ്പർശിച്ചതും ആയ ഒന്നാണ്. തെരുവീഥിയിൽക്കൂടി കടന്നുപോയ ഒരു വിവാഹഘോഷയാത്ര നോക്കിക്കൊണ്ടുനിന്നതിനുശേഷം അതു് എന്താണെന്നുംമററും മാതാപിതാക്കന്മാരോടു ചോദിച്ച് ഈ ചെറുബാലിക മനസ്സിലാക്കി.

"അമ്മ സമാശ്വസിപ്പിച്ചു; പെൺകുട്ടികൾ-
ക്കമ്മെട്ടില്ലുണ്ടൊരുകർമ്മം കുഞ്ഞേ!"

അതുകേട്ടിട്ട് "മററാരും വേണ്ടെന്നെയെന്നമ്മതാൻവേട്ടാൽമതി!" എന്നു തീരുമാനംചെയ്യാതെ, തനിക്കും ഒരു ഭർത്താവുവേണമെന്ന് ആ കൊച്ചുകുട്ടി ശാഠ്യംപിടിച്ചു. ഭാര്യാഭർത്തൃബന്ധത്തെക്കുറിച്ചു യാതൊന്നും അറിവാൻപാടില്ലാതിരുന്ന മീരയുടെ നിർബ്ബന്ധം സഹിക്കാൻ പാടില്ലാതാ

യപ്പോഠം കൊട്ടാരത്തിലെ "ഗിർധാർലാൽ" (ശ്രീകൃഷ്ണൻ) ൻെറ വിഗ്രഹം മാതാവു എടുത്തുകൊണ്ടുവന്നു കുട്ടിക്കുകൊടുത്തിട്ടു് അതാണു് അവളുടെ ഭത്താവു് എന്നുപറഞ്ഞു. "പുതുമണവാളൻെറ മുന്നിൽ മുഖം ആവരണംചെയ്തുകൊണ്ടു മാത്രമേ ഒരു ഭാര്യ പ്രവേശിക്കാൻപാടുള്ളു എന്ന പൗരസ്ത്യാചാരപ്രകാരം തൻെറ മുഖം മറച്ചുകൊണ്ടു്" മീരാബായി ശ്രീകൃഷ്ണനെ സ്വീകരിച്ചു. താനൊരു ഗോപവനിതയാണെന്നും, ശ്രീകൃഷ്ണനാണു് തൻെറ ഭത്താവു് എന്നും ഉള്ള ഭാവന മീരാബായി ആജീവനാന്തം പുലത്തിക്കൊണ്ടിരുന്നു.

ശ്രീകൃഷ്ണനോടുള്ള പ്രേമവും ഭക്തിയും, പ്രായത്തോടൊന്നിച്ചു് മീരാബായിയിൽ പ്രതിദിനം വളന്നുവന്നു. സംഗീതവാസനയും, അനുഗ്രഹീതമായ ഒരു കളകണ്ഠവും, ബാലഗോപാലനിൽ പ്രേമവായ്പും ഒത്തിണങ്ങിയിരുന്ന മീരാബായി ശ്രീകൃഷ്ണനെക്കുറിച്ചുള്ള ഗാനങ്ങഠം കണ്ണാനന്ദകരമായി പാടി ആരെയും രസിപ്പിക്കുന്നതിനു ഉത്സുകയായി. വീണയുടെ നാദത്തിൽനിന്നും തെല്ലും തിരിച്ചറിവാൻപാടില്ലാത്തവിധം പാടുന്നതിനു് ആ കന്യകയ്ക്കുള്ള സാമത്ഥ്യം ഒന്നു വേറെതന്നെ. സകലരുടേയും കണ്ണിലുണ്ണിയായി വേണുഗോപാലപത്നിയായ ആ പൊന്നോമനക്കുട്ടി മന്ദമന്ദം വളന്നുവന്നു

## മീവാർറാണയുമായി വിവാഹം.

– ഗിർധാരുമായി നാലാംവയസ്സിൽ നടന്ന കല്യാണത്തെ കേവലം ഒരു കളിയായിട്ടുമാത്രമേ മാതാപിതാക്കന്മാർ കരുതിയുള്ളു. ആ "ഗോപാംഗന"യുടെ വൈപരീത്യമൊന്നും വകവയ്ക്കാതെ, ഭുജബലപരാക്രമികളായ അനേകം രാജപുത്രരാജന്മാരെ സൃഷ്ടിച്ചിട്ടുള്ള മീവാർരാജകുടുംബത്തിലെ റാണയ്ക്കു് മീരയെ അവളുടെ മാതാപിതാക്കന്മാർ കല്യാണംകഴിച്ചുകൊടുത്തു. കണവനാകാൻപോ

കുന്ന കണ്പാർരാജാസാഹിബ്ബിനെ വിവാഹമണ്ഡപത്തിൽവച്ച് ചടങ്ങിൻപ്രകാരം മൂന്നുതവണ പ്രദക്ഷിണം വയ്ക്കണമെന്നു പുരോഹിതൻ മീരയെ നിർബ്ബന്ധിച്ചു. എന്നാൽ ആ യുവതിയാകട്ടെ, തനിക്കു ഏററവും പ്രിയപ്പെട്ട ശ്രീകൃഷ്ണപ്രതിമയെമാത്രമേ പ്രദക്ഷിണം വച്ചുള്ളൂ ഇപ്പോഴേ ഇങ്ങനെ പെരുമാറിയ മീരാബായി, കാണപ്പെട്ട ദൈവമായി കരുതേണ്ട ഭർത്താവിനോട് ഭാവിയിൽ ഏതുവിധം വർത്തിക്കാനിടയുണ്ടെന്നു ഏതാണ്ടു ഊഹിക്കാവുന്നതാണല്ലോ. റാണയോടൊത്ത് മീവാറിലേക്കു പുറപ്പെടേണ്ടഘട്ടംവന്നപ്പോൾ, സ്വാത്മനാഥനായ ശ്രീകൃഷ്ണൻെറ വിഗ്രഹംകൂടി കൊണ്ടുത്തെങ്കിൽമാത്രമേ സ്ഥലംവിടുകയുള്ളൂ എന്നു മീരാബായി നിർബ്ബന്ധിച്ചു. ഗത്യന്തരമില്ലാതെവന്നപ്പോൾ സ്ത്രീധനത്തിൻെറ കൂട്ടത്തിൽ ഗണിച്ച് 'ഗിർധാർ'വിഗ്രഹംകൂടി മാതാപിതാക്കന്മാർ കൊടുത്തയച്ചു; തൻെറ ജീവിതേശ്വരനെ ലഭിച്ചതിലുള്ള ചാരിതാർത്ഥ്യത്തോടുകൂടി കന്യക മീവാറിലേക്കു പുറപ്പെടുകയും ചെയ്തു.

## ഭർത്തൃസംസർഗ്ഗമില്ലാത്ത ഭാര്യാപദം.

ഭർത്തൃരാജധാനിയായ ചിറരൂരിൽ യഥാസമയം എത്തിച്ചേർന്ന വധൂവരന്മാരുടെ ദാമ്പത്യബന്ധം ഇരുവക്കും ഉപദ്രവകരമായ ഒന്നായിത്തീൎന്നു. നാലാംവയസ്സുമുതല്ക്കേ ഭാര്യാപദം അനുഭവിച്ചുപോരുന്ന മീരാബായിക്കു പുതിയതായിട്ടൊരു ഭാര്യാപദത്തിൽ പ്രവേശിക്കാൻ അശേഷം മനസ്സില്ലായിരുന്നു. കൊട്ടാരത്തിൽ ആക്കുംതന്നെ അവളുടെ പൂജാവിഗ്രഹത്തോടു അത്രവളരെ ആദരവുണ്ടായിരുന്നില്ല. മീവാർമഹാറാണമാർ ദുർഗ്ഗാരാധകരാണ്. ദുർഗ്ഗയെ പൂജിക്കണമെന്നു റാണയുടെ മാതാവ് സ്നുഷയോടു ആവശ്യപ്പെട്ടപ്പോൾ, തൻെറ ശരീരവും ആത്മാവും ശ്രീകൃഷ്ണനു സമർപ്പിച്ചുപോയതിനാൽ മററാരെയും പൂജിക്കാൻ

തന്നിൽ യാതൊന്നും ഇല്ലെന്നാണു് മീര പറഞ്ഞമറുപടി. ഗോപിമാരും രുഗ്മിണിപോലും ദേവിയെ പൂജിച്ചതിനുശേഷമേ ശ്രീകൃഷ്ണസവിധം പ്രാപിച്ചുള്ളൂ എന്നായി ശ്വശ്രൂ. തനിക്കു നേരത്തേതന്നെ ശ്രീകൃഷ്ണനെ ലഭിച്ചതിനാൽ ഗോപിമാരേയും രുഗ്മിണിയേയും അനുകരിക്കേണ്ട ആവശ്യമേയില്ലെന്നു വധു ദൃഢസ്വരത്തിൽ പ്രസ്താവിച്ചു.

മീരാബായിയിൽ അനുസരണയില്ലായ്മയാകുന്ന അപരാധം ആരോപിച്ചുകൊണ്ടു് റാണയുടെ മാതാപിതാക്കന്മാർ അവളുടെമേൽ അനവധി ദൂഷ്യങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. യൗവ്വനം അതിക്രമിച്ചിട്ടും, യുവതീസഹജമായ വികാരങ്ങളൊന്നും മീരാബായിയിൽ കടക്കുന്നേയില്ല. താനായി, തന്റെ ശ്രീകൃഷ്ണനായി, വീണയായി, ഗാനാലാപമായി അങ്ങനെ ആ മഹാഭക്ത ദിനരാത്രങ്ങൾ കഴിച്ചുവന്നു. തന്നിമിത്തം അവളുടെ ചാരിത്ര്യത്തിൽ പലക്കും സംശയമായി. അദ്ധ്യാത്മനന്ദനോദ്യാനത്തിൽ സ്വച്ഛന്ദം വിഹരിച്ചാനന്ദിച്ചുകൊണ്ടിരുന്ന ആ പാവനാത്മികയുടെ ഹൃദയഗതിയുണ്ടോ ഈ ലൗകികജീവികൾ ഗ്രഹിക്കുന്നു? പലരുടേയും പ്രേരണ അനുസരിച്ചും മീരാബായിയുടെ അഭിമതാനുസരണവും റാണാ അവളെ ഒരു പ്രത്യേക കൊട്ടാരത്തിൽ താമസിപ്പിച്ചു; ആ സ്ത്രീരത്നത്തിന്റെ നടപടികൾ സൂക്ഷിക്കാൻ ഒളിവായും വെളിവായും പലതരം ആളുകളേയും നിയമിച്ചു. ഇത്തരം ഒരുജീവിതംതന്നെയാണു് മീരയ്ക്കു വേണ്ടിയിരുന്നതു്. ശ്രീകൃഷ്ണനോടുള്ള പ്രേമാധിക്യം പ്രകടമാക്കുന്ന ഗാനങ്ങൾ രചിച്ചു പാടാനും, തന്റെ സ്വേശ്വരനുമായി സർവ്വദാ സംസർഗ്ഗംചെയ്തു് ആനന്ദിക്കാനും അവൾക്കു് അവസരം വേണ്ടുവോളം ലബ്ധമായി.

## ശ്രീകൃഷ്ണനുമായി ചതുരംഗംകളി.

രാജധാനിയിലുള്ള ശ്രീകൃഷ്ണദേവാലയത്തിൽ ദിവസവും ചെന്നിരുന്നു് ആ ഗായികാരത്നം ആലാപിച്ചുകൊണ്ടി

രുന്ന സംഗീതം സകലക്കും ആനന്ദസന്ദായകമായിത്തീൎന്നു. ആ മോഹനാംഗിയെ ദൎശിച്ച പുണ്യംനേടാനും, വീണാസമന്വിതമുള്ള ഗാനങ്ങൾ ശ്രവിച്ചു് ലീനചിത്തരാകാനും ആയി വിദൂരദേശങ്ങളിൽനിന്നുപോലും ജനങ്ങൾ വന്നുകൊണ്ടിരുന്നു. അവർ രചിച്ച സ്തോത്രങ്ങൾ പലരും കാണാതെ പഠിച്ചു പാടിത്തുടങ്ങി. തെരുവുകളിലെങ്ങും ആ രാജസ്ഥാനഗോപികയുടെ പരിശുദ്ധഹൃദയത്തിൽനിന്നും പുറപ്പെട്ടുകൊണ്ടിരുന്ന പാട്ടുകൾ കേൾക്കാറായി. മീരാബായി ഒരു മഹാഭക്തയാണെന്നുള്ളവാൎത്ത നാടെങ്ങും പരക്കുകയുംചെയ്തു. എന്നാൽ കഷ്ടം! അതിൻെറയൊക്കെ യാഥാൎത്ഥ്യം കേവലം ഒരു ലൗകികജീവിമാത്രമായിരുന്ന റാണയുടേയും പിതാവായ മഹാറാണയുടേയും മനസ്സിൽമാത്രം കടന്നുകൂടിയില്ല.

അവൎക്ക ഇപ്പോഴും സംശയംതന്നെ മീരാബായിയിൽ. സന്യാസിമാരെയും ഫക്കീർമാരെയും സല്ക്കരിക്കുന്നതിൽ മീരാ അത്യുത്സാഹം പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നതിൻെറ ഉദ്ദേശ്യം ഭൎത്താവിനുപോലും മനസ്സിലായില്ല. തന്നിൽ വിരക്തയാണെങ്കിലും അവരിൽ ചിലരോടു അനുരക്തയായിട്ടാണു് സപത്നി വൎത്തിക്കുന്നതെന്നു അദ്ദേഹം വിചാരിച്ചു. അങ്ങനെയിരിക്കെ, ഒരു രാത്രി അദ്ദേഹത്തിനു പെട്ടെന്നുകിട്ടിയ റിപ്പോർട്ടു്, മീരാബായി ഒരു ഫക്കീറുമായി കേളിയാടിക്കൊണ്ടിരിക്കുന്നു എന്നായിരുന്നു. കോപകലുഷിതനായിത്തീൎന്ന ആ കിരീടപതി പാതിവ്രത്യസമ്പന്നയായ മീരാബായിയെ പരലോകത്തയയ്ക്കാൻ വാളുമായി പുറപ്പെട്ടു. നിദ്രാബ്ധതാദേവിയുടെ നൃത്തംകൊണ്ടു പരിലസിക്കേണ്ട ആ കൊട്ടാരത്തിൽപ്രവേശിച്ചപ്പോൾത്തന്നെ, തൻെറപത്നി ആരോടോ സംഭാഷണംചെയ്തു രസിക്കുന്നതു് സുവ്യക്തം അദ്ദേഹം കേട്ടു. ഒളിച്ചുനിന്നു കുറച്ചുസമയം ശ്രദ്ധിച്ചതിനുശേഷം, മതിമറന്നുപോയ ആ മഹീപാലൻ പെട്ടെന്നു മുറിക്കകത്തേക്കു പ്രവേശിച്ചു.

എന്താണ് അദ്ദേഹം അവിടെ കണ്ടതു്? തന്റെ കണ്ണുകൾ ഇത്ര ക്ഷണം അദ്ദേഹത്തെ വഞ്ചിച്ചുകളഞ്ഞോ? ഒരു ചതുരംഗപ്പലകയുണ്ടു് ആ വിശുദ്ധഗാത്രിയുടെ മുൻവശത്തിരിക്കുന്നു; പലേ ഖണ്ഡങ്ങളിലായി ചതുരംഗക്കളിക്കുള്ള കരുക്കൾ നിരത്തപ്പെട്ടിട്ടുണ്ടു്. എതിർവശത്തു് ഗിർധാറിന്റെ വിഗ്രഹവും ഇരിക്കുന്നു; അത്രതന്നെ. ഗോപാംഗനയായി ഭാവനം ചെയ്യുന്ന മീരാബായി തന്റെ ആത്മനാഥനുമായി ചതുരംഗം കളിച്ചു കുറേസമയം രസിച്ചുകൊണ്ടിരിക്കുകയായിരുന്നു. സാക്ഷാൽ ശ്രീകൃഷ്ണൻതന്നെ തന്റെ മുമ്പിലിരുന്നു കളിക്കുകയാണെന്നുമാത്രമേ മീരാബായി വിചാരിച്ചുള്ളു. ദേവിയെ സർവ്വദാ ദർശിച്ചും അവരുമായി സർവ്വഥാ രമിച്ചും ജീവിതം നയിച്ചുകൊണ്ടിരുന്ന ശ്രീരാമകൃഷ്ണപരമഹംസന്റെ വിശ്വസനീയചരിത്രം മീരാബായിയുടെ ഈ അവസ്ഥാന്തരത്തെ വായനക്കാരെ ബോധപ്പെടുത്തുന്നുണ്ടല്ലോ. ആ ഉൽകൃഷ്ടാവസ്ഥയുടെ രൂപം എന്താണെന്നു ധരിക്കാൻ ശക്തനല്ലാതെ റാണ ഭഗ്നാശനും പൂർവ്വാധികം സംശയഗ്രസ്തനും ആയി തിരിച്ചുപോയി.

## മീരാബായിയെ നിഗ്രഹിക്കാൻ.

റാണയിൽ പ്രണയം കാണിക്കാത്ത മീരാബായിക്കു പലപ്രകാരത്തിൽ ഉപദ്രവങ്ങൾ നേരിട്ടുകൊണ്ടിരുന്നു. ഇതിനെക്കുറിച്ചു് ആ മഹതി രചിച്ചിട്ടുള്ള ഒരു പാട്ടിന്റെ സാരം "സിക്കുമതം" എന്ന ഇംഗ്ലീഷ്ഗ്രന്ഥത്തിന്റെ ആറാംവാല്യത്തിൽ കൊടുത്തിരിക്കുന്നതു നോക്കുക:—

"എന്റെ ശ്വശ്രു എന്നിൽ കഠോരചിത്തയായിരിക്കുന്നു; ഭർത്തൃസഹോദരിയാകട്ടെ എന്നോടു ദുശ്ശീല്യം കാണിക്കയും ചെയ്യുന്നു. ഈ ദുരിതങ്ങൾ എനിക്കു എങ്ങനെ സഹിക്കാൻ കഴിയും? ഗിർധാർനാഥനുവേണ്ടി ഈ മീര ലൗകികാപമാനങ്ങളെല്ലാം സഹിക്കുന്നു. പ്രേമവൃക്ഷത്തിന്റെ വിത്തു പാകി ഞാൻ അതിനെ കണ്ണുനീർകൊണ്ടു നനച്ചു വളർത്തിയിട്ടുണ്ടു്. ലോകരിൽനിന്നു നേരിടാവുന്ന ആപത്തുകളെ ഞാൻ ഭയപ്പെടുന്നേയില്ല.

ആക്ക് എന്നെ എന്തുചെയ്യാൻകഴിയും? മീരയുടെ അവളുടെ ദൈവത്തോടുള്ള പ്രേമം അചഞ്ചലമാണ്. ഇനി എന്തുതന്നെ വന്നുകൊള്ളട്ടെ."

ലോകരുടെ ദൃഷ്ട്യാ ഉല്ലാസരഹിതമായ ഈ ജീവിതത്തിനിടയിൽക്കൂടി അവരുടെ കീത്തിധാവള്യം ദിഗന്തങ്ങളിൽ വ്യാപിച്ചുകൊണ്ടിരുന്നു. അതു രാജപുത്താനയിൽ മാത്രമല്ല മുഗൾസാമ്രാജ്യത്തിൻെറ പല ഭാഗങ്ങളിലും എത്തിച്ചേന്നു. അതിൻെറ ഫലമായിട്ടാണ് അക്ബർ ചക്രവത്തി പ്രച്ഛന്നവേഷധരനായി മീരാബായിയുടെ മുമ്പിൽ പ്രവേശിച്ച് ഗാനാമൃതം പാനംചെയ്തതായി പ്രാരംഭത്തിൽ പ്രസ്താവിച്ചിട്ടുള്ളതു്.

ദേവാലയത്തിലെ വിഗ്രഹത്തിൽ ചാത്തിയിരിക്കുന്ന രത്നമാലയുടെ ആഗമനത്തെക്കുറിച്ച് മഹാറാണ അറിഞ്ഞു. പിതൃമരണശേഷം കണ്വാർരാജാസാഹിബ്ബ് ഇപ്പോഠം മഹാറാണയായിത്തീന്നിരിക്കുകയാണ്. അദ്ദേഹം മാല പരിശോധിച്ചു. വളരെ വിലയുള്ള ആ മാല ഒരു സന്ന്യാസിവേഷക്കാരനിൽനിന്നു പുറത്തുവന്നതെങ്ങനെയെന്നു അദ്ദേഹം അന്വേഷണംതുടങ്ങി. കുറച്ചു കാലത്തിനുമുമ്പേ അതിനെ താൻ അക്ബർചക്രവത്തിക്കു വിററവസ്തുത ഒരുവൻ റാണയെ അറിയിച്ചതോടുകൂടി അദ്ദേഹം അന്വേഷണം മതിയാക്കി.

രാജപുത്രരാജേന്ദ്രനായിരിക്കുന്ന തൻെറ കുലപത്നിയുടെമുമ്പിൽ ഒരു മുസ്ലിം പ്രവേശിച്ച് അവളെ ദശിച്ചിരിക്കുന്നു! ഇതിൽപ്പരം ഒരു അപമാനം തനിക്കെന്താണ് സ്മരാനുള്ളതു്!! മുസ്ലിമിൻെറ മുഖത്തുനോക്കി സംസാരിച്ചുകളഞ്ഞ രാജ്ഞിയുടെ ജീവൻ നശിപ്പിച്ചുകളയേണ്ടതു് കുലധമ്മപോഷണത്തിനു അപരിത്യാജ്യമാണെന്ന് റാണയുടെ മാതാവും മററും അദ്ദേഹത്തോടു് ഉപദേശിക്കയും ശാസിക്കയും ചെയ്തു. അപ്രകാരം പ്രവത്തിക്കാൻ അദ്ദേഹവും

നിശ്ചയിച്ചു. അഗ്നിപ്രവേശംചെയ്തു സംശുദ്ധയായിത്തീൎന്നിട്ടും രാവണപുരത്തിൽ ആറുമാസം താമസിച്ചകാരണത്താൽ സീതാദേവിയുടെ പാതിവ്രത്യത്തിൽപ്പോലും കളങ്കം ആരോപിച്ചവരാണു് പുരാതനഭാരതീയർ. ലോകാപവാദം ഭയപ്പെട്ടു് പൂൎണ്ണഗർഭിണിയായ ആ പതിവ്രതാശിരോരത്നത്തെ വിപിനാന്തരത്തിൽ ഉപേക്ഷിച്ച ശ്രീരാമൻെറ പ്രവൃത്തിയെ രാജധൎമ്മമായി രാമായണത്തിൽ പ്രസ്താവിച്ചുകാണുന്നു. അനേകശതവൎഷക്കാലമായി ഭാരതമഹീതലത്തിൽ നിലനിന്നുപോരുന്ന ഇത്തരം 'ധൎമ്മബോധ'ത്തോടൊത്തു്, രാജപുത്രരുടെ പ്രശസ്തമായ വംശാഭിമാനംകൂടി ചേൎത്തു് ആലോചിക്കുമ്പോൾ മഹാറാണ നടത്തിയ ഈ കളത്രനിഗ്രഹനിശ്ചയത്തിൽ ആശ്ചൎയ്യമോ വിശേഷമോ തോന്നിയിട്ടാവശ്യമില്ലല്ലോ.

## ഘോരസൎപ്പം കടിക്കുന്നില്ല.

ജനസഞ്ചയത്തിൻെറ ചേതസ്സിനെ സമാഹരിച്ചിട്ടുള്ള മീരാബായിയുടെ മുമ്പിൽ പ്രവേശിച്ചു് ആ മോഹനാംഗിയെ നിഗ്രഹിക്കാൻ ആരും തയാറായില്ല. അതിനാൽ ആ പാവനചരിതയെ ചതിച്ചുകൊല്ലാൻ മഹാറാണാ നിശ്ചയിച്ചു. ഒരു ഘോരസൎപ്പത്തിനെ പെട്ടിക്കകത്താക്കി അദ്ദേഹം രാജ്ഞിക്കു അയച്ചുകൊടുത്തു. അതിനകത്തു് ഒരു ബാലഗോപാലവിഗ്രഹം ഉണ്ടെന്നായിരുന്നു രാജകിങ്കരന്മാർ അവരെ അറിയിച്ചതു്. ശ്രീകൃഷ്ണനാമം ശ്രവിച്ചപ്പോൾത്തന്നെ ഭക്തിപരവശയായി ആനന്ദനിമഗ്നയായിത്തീൎന്ന മീരാബായി അദ്ദേഹത്തെക്കുറിച്ചു സ്തോത്രങ്ങൾ ചൊല്ലിത്തുടങ്ങി. ദുൎന്നിമിത്തമായിരിക്കുമോ പെട്ടി തുറന്നപ്പോൾ പുറത്തുവന്ന പാമ്പു് ആ ദിവ്യവിഗ്രഹത്തെ ദംശിക്കാഞ്ഞതു്! ആ ചക്ഷുഃശ്രവണൻ മനോഹരഗാനശ്രവണത്തിൽ ലയിച്ചിരിക്കുമോ!!

## മീരാബായി വിഷംകുടിച്ചു.

നിഗ്രഹാത്ഥമുള്ള ശ്രമങ്ങൾ പലതും നിഷ്ഫലങ്ങളായിത്തീന്നപ്പോൾ, മീരാബായി തന്നെത്താനെ വിഷം പാനംചെയ്തു മരിക്കേണ്ടതാണെന്നു് ഒരു രാജകല്പന പുറപ്പെട്ടു. കല്പന കല്പെപ്പിളക്കുന്നതു് കേരളത്തിൽമാത്രമല്ല, രാജന്ത്രരുടെ ഇടയിലും പതിവാണു്; എന്നിട്ടും ആ വിഷം മീരാബായിക്കു് കൊടുക്കാൻ ആൾകിട്ടാതായി. മീരാബായി മരിച്ചില്ലെങ്കിൽ രാജപുത്രക്കു ആകമാനം അപമാനകരമായിത്തീരുന്നതാണെന്നു് ഒരു വത്തമാനം നാട്ടിലെങ്ങും പരന്നു. ഒരു മുസ്‌ലിമിനോടു സംസാരിക്കയും ആ ആളിൽനിന്നു് ഒരു സമ്മാനം സ്വീകരിക്കയും ചെയ്ത രാജ്ഞിയുടെ ജീവിതാന്തം വരുത്തേണ്ടതു ഒഴിച്ചുകൂടാൻ പാടില്ലാത്തതായി വന്നുചേൻ. അതുകൊണ്ടു് മീരയുടെ അമ്മ തന്നെ ഈ കഠോരകമ്മം നടത്തി വംശാഭിമാനവും വഗ്ഗാഭിമാനവും രക്ഷിക്കാൻ ഉദ്യുക്തയായി. "പുത്രനെയുപേക്ഷിച്ചും വംശത്തെരക്ഷിക്കേണ്ട" ഭാരതീയധമ്മം അനുഷ്ഠിക്കാൻ നിർബ്ബദ്ധയായ ആ ധീരചിത്ത വിഷപാത്രവുമായി മകളുടെ മുമ്പിൽ പ്രവേശിച്ചു. സാക്ഷാൽ ശ്രീകൃഷ്ണനിൽ ലയിക്കുന്നതിനു് അവസരം സമാഗതമായല്ലോ എന്നുള്ള അതിസന്തോഷത്തോടുകൂടി മീരാബായി ആ ഗരളചഷകം കൈയിൽവാങ്ങി. തദവസരത്തിൽ ആ മഹതി ഇപ്രകാരം പ്രസ്താവിച്ചതായി "ഇൻഡ്യൻ ആൻറികേറി" (**Indian Antiquary**) 32-ാം വാള്യത്തിൽ കാണുന്നു:—

"ഈ ശരീരം നശ്വരമാകുന്നു. അങ്ങനെയിരിക്കെ, ശ്രീകൃഷ്ണസേവനത്തിനായി അതു നശിക്കുന്നപക്ഷം അമ്മേ, ഞാൻ എന്തിനായി കരയണം? കാനൽജലം കാണാതായിപ്പോയാൽ വ്യസനിക്കേണ്ട ആവശ്യമില്ലല്ലോ. വന്ധ്യാപുത്രൻെറ വിവാഹം നടക്കാത്തതിൽ മനസ്താപിക്കുന്നതെ

ന്തിനു്? ചാന്ദ്രമാസത്തിൻെറ അവസാനത്തിൽ ചന്ദ്രൻ നശിക്കുന്നു എന്നുപറയുന്നതു് ശരിയല്ല. ആകാശകുസുമം വാടിപ്പോകുന്നതോർത്തു് തേനീച്ച മനസ്താപിക്കുന്നതുപോലെ അർത്ഥമില്ലാത്ത ഒന്നാണു് അമ്മേ! അവിടത്തെ ഈ സങ്കടം! താമസിച്ചോ, നേരത്തെയോ വൃക്ഷത്തിൽനിന്നു പഴം താഴെ വീഴുകതന്നെചെയ്യും. അതുപോലെയാണു് മനുഷ്യജീവിതവും. ഞാൻ ശ്രീകൃഷ്ണൻെറ പാദാരവിന്ദങ്ങളിലാണു് ലീനചിത്തയായിത്തീർന്നിട്ടുള്ളതു്. ലോകംതന്നെ മായയാകുന്നു. അതുകൊണ്ടു് അല്ലയോ പ്രിയമാതാവേ! അവിടുന്നു് ദുഃഖിക്കരുതേ!”

ദുഃഖാർത്തയായിരിക്കുന്ന മാതാവിൽനിന്നു് നിർവിശങ്കം ആ വിഷംവാങ്ങി മീരാബായി ഉള്ളിലാക്കി. മുഖം വാടിക്കരിഞ്ഞു ദേഹം കരുവാളിച്ചു മീരാബായി തൽക്ഷണം നിലംപതിക്കുമെന്നായിരുന്നു കൂടിനിന്നവരെല്ലാം പ്രതീക്ഷിച്ചതു്. എന്നാൽ എന്തത്ഭുതം? ആ പരിശുദ്ധഗാത്രിയെ അല്പമായിട്ടുപോലും ബാധിക്കുന്നതിനു് വിഷത്തിനു് ശക്തിയുണ്ടായില്ല. “അവരുടെ ഗണ്ഡസ്ഥലങ്ങൾ പൂർവാധികം പ്രശോഭിച്ചു” എന്നാണു് പറയപ്പെടുന്നതു്.

## നാടുകടത്തൽ.

മഹാറാണയുടെ മനസ്സുമടുത്തു. മീരാബായിയെ എന്തു ചെയ്യണമെന്നറിയാതെ അദ്ദേഹം കുഴങ്ങി. ഒടുവിൽ “ത്യാഗവും വധവുമൊക്കും നിരൂപിച്ചുകണ്ടാൽ” എന്നൊരു ന്യായം കണ്ടുപിടിച്ചു. പത്നീപരിത്യാഗവും സഹോദരപരിത്യാഗവും ചെയ്തു കൃതകൃത്യനായ ശ്രീരാമൻെറ ഉഗ്രമനഃസ്ഥിതിയോടെ മഹാറാണ സ്വകളത്രത്തെ അടുത്തദിവസം തന്നെ നാടുകടത്തി ചരിതാർത്ഥനായി. ബന്ധുക്കളുടെ ഉപദ്രവം സഹിക്കാതായപ്പോൾ മീരാബായി സ്വമനസ്സാലെ നാടുവിട്ടുപോയതാണെന്നും ചിലചരിത്രകാരന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഏതായാലും മീരാബായി അപമാനി

തയായി രാജഗൃഹവും രാജ്യാതിൎത്തിയും കടന്നു എന്നുള്ളതു പരമാൎത്ഥമാണു്. ഇത്രവളരെ നിഷ്ഠുരത ആ ദൈവഭക്തയോടു കാണിച്ച മഹാപാപത്തിന്റെ ഫലമായിട്ടാണു്, താമസിയാതെ ചിറവൂർ അക്ബർചക്രവൎത്തി പിടിച്ചടക്കിയതെന്നു് അക്കാലത്തു് ജനങ്ങൾ വിശ്വസിച്ചുവന്നു.

ലോകജീവിതത്തിനോടുതന്നെ വിദ്വേഷം തോന്നിത്തുടങ്ങിയ മീരാബായി ഒരു നദിയിൽ ചാടി ജീവിതാന്തം വരുത്തുവാൻ ഉദ്യമിച്ചു. നിലയില്ലാത്ത വെള്ളത്തിലെ ഒഴുക്കിൽ പെട്ടു ബഹുദൂരം കഷ്ടപ്പെട്ടിട്ടും, ആ മഹതിയുടെ ജീവനെ അപഹരിക്കാൻ നദിക്കു കഴിഞ്ഞില്ല. മോഹാലസ്യത്തിൽ നിന്നുണൎന്നുനോക്കിയപ്പോൾ താൻ എങ്ങനെയോ കരയ്ക്കു കിടക്കുന്നതായിമാത്രം അവർ ഓൎത്തു.

ആത്മഹത്യാശ്രമത്തിനുശേഷമുള്ള അവരുടെ ജീവിതശശാങ്കൻ പ്രഭാപരിപൂരിതമായ് ഒന്നാകുന്നു. രാമാനന്ദന്റെ ശിഷ്യനായ രവിദാസസന്യാസിയുടെ ശിഷ്യത്വം മീരാബായി സ്വീകരിച്ചു. അതിനുശേഷം തന്റെ ആത്മനാഥനായ ബാലഗോപാലന്റെ വിഹാരരംഗമായ വൃന്ദാവനത്തിലേയ്ക്കു് ഏകയായി ആ മഹാഭക്ത പുറപ്പെട്ടു. കുറേ ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഏകയായിട്ടല്ല, ബഹുശതം ജനങ്ങളാൽ അനുഗമിക്കപ്പെട്ടുകൊണ്ടായിരുന്നു ഈ സന്യാസിനി സഞ്ചരിച്ചുകൊണ്ടിരുന്നതു്. ഭക്തിപരവശയായി ആ പതിവ്രതാരത്നം ആലാപം ചെയ്തിരുന്ന ഗാനങ്ങൾ ആബാലവൃദ്ധംജനങ്ങളെ ആ പുണ്യവിഗ്രഹത്തിലേക്കു ആകൎഷിച്ചുകൊണ്ടിരുന്നു. ദേഹസൌന്ദൎയ്യവും ഹൃദയസൌന്ദൎയ്യവും ഒന്നുപോലെ മേളിച്ചിരുന്ന മീരാബായിയുടെ ദൎശനം ആരെയും വശീകരിക്കുന്ന ഒന്നായിരുന്നു. പാട്ടും നൃത്തവുമായി ആ ഭക്തഗായിക പെരുവഴിയേ സഞ്ചരിച്ചു. ചിരകാലപ്രതീക്ഷിതമായ ആ പാവനസ്ഥലത്തേക്കു അത്യുൽക്കണ്ഠയോടും അത്യാഹ്ലാദത്തോടുംകൂടിയായിരുന്നു ഈ ഗോപിക സഞ്ചരിച്ചുകൊണ്ടിരുന്നതു്.

## വൃന്ദാവനവാസം.

ശ്രീചൈതന്യന്റെ ആരാധകനും ശ്രീകൃഷ്ണഭക്തനും ആയി ജീവഗോസായിൻ എന്ന ഒരു സന്ന്യാസി വൃന്ദാവനത്തിൽ വസിച്ചുപോരുകയായിരുന്നു. അവിടത്തെ വൈഷ്ണവരുടെ ആരാദ്ധ്യനായിരുന്നു അദ്ദേഹം. അതിനാൽ, തന്നെ ശിഷ്യവാത്സല്യത്തോടുകൂടി സ്വീകരിക്കുമെന്നായിരുന്നു മീരാബായി ധരിച്ചിരുന്നതു്. വൃന്ദാവനവാസികളുടെ ഗുരുവായ അദ്ദേഹം വനിതമാരുടെ ദശ്നംപോലും വെറുത്തിരുന്ന ഒരാളായിരുന്നു. അതിനാൽ മീരയെ കാണ്മാൻ അദ്ദേഹം അനുവദിച്ചില്ല. "ഗിർധാർലാൽ ഒഴിച്ചു വൃന്ദാവനത്തിലെ സകലരും സ്ത്രീകളാണെന്നാണു് ഞാൻ ധരിച്ചിരുന്നതു്. വൃന്ദാവനത്തിലെ ഗോപികമാക്കു അവകാശികളായി ശ്രീകൃഷ്ണനെക്കൂടാതെ വേറേയും ചിലർ ഉണ്ടെന്നു ഇപ്പോഠം ഞാൻ മനസ്സിലാക്കുന്നു" എന്നു മീരാബായി പ്രസ്താവിച്ചു. ശ്രീകൃഷ്ണനു തുല്യനായി തന്നെ ചൂണ്ടിക്കാണിച്ചു് അധിക്ഷേപിച്ചതുകേട്ടു് ഗോസായി ലജ്ജിച്ചു. അതിലെ യുക്തിയെ ഖണ്ഡിക്കാൻ സാധിക്കായ്കയാൽ തന്റെ അന്ധതപം സ്മരിക്കാൻ അദ്ദേഹത്തിനു സന്ദഭം ലബ്ധമായി. മീരാബായിയെ ബഹുമാനപുരസ്സരം സ്വീകരിച്ചു. ആ മഹതിയാകട്ടെ, അദ്ദേഹത്തിന്റെ പാദത്തിൽവീണു നമസ്കരിക്കയുംചെയ്തു.

ആനന്ദനിമഗ്നയായിത്തീന്നു മീരാബായി അനേകവഷ്ങ്ങഠം ആ ശ്രീകൃഷ്ണവിഹാരദേശത്തു താമസിച്ചു. ഹരികഥാപ്രസംഗങ്ങളും ഗാനങ്ങളും ശ്രവിക്കുന്നതിനുവേണ്ടി പലേ ദേശങ്ങളിൽനിന്നു് ജനങ്ങഠം കൂട്ടംകൂട്ടമായി വന്നുകൊണ്ടിരുന്നു. രാപകൽ ആ ഭക്ത ശ്രീകൃഷ്ണഭഗവാനിൽ ലീനചിത്തയായിത്തന്നെ അവിടെ താമസിച്ചു. ആ പുണ്യവതിയെ സന്ദശിച്ചവരെല്ലാം അവരുടെ ആരാധകരായിത്തീരുകയുണ്ടായി.

## ദ്വാരകയിൽ.

കുറേക്കൊല്ലങ്ങൾ കഴിഞ്ഞതിനുശേഷം, മീരാബായി രാജപുത്താനയിലേക്കു തിരിച്ചു എന്നാൽ രാജപുത്രരുടെ അന്ധമായ വംശാഭിമാനൗദ്ധത്യം മീരാബായിയെ വേണ്ട വിധം സ്വീകരിക്കുന്നതിൽനിന്നു അവരെ പ്രതിബന്ധപ്പെടുത്തി. പലേ പുണ്യക്ഷേത്രങ്ങൾ സന്ദർശിച്ചും, പരിസരപ്രദേശങ്ങളിലെ ജനങ്ങളിൽ ഭക്തിവർദ്ധിപ്പിച്ചും, ആ ഗായികാകവയിത്രി സഞ്ചരിച്ചുകൊണ്ടേയിരുന്നു.

ശ്രീകൃഷ്ണൻെറ രാജധാനിയായി വിരാജിച്ചുകൊണ്ടിരുന്നദ്വാരക ആ ശ്രീകൃഷ്ണഭക്ത അവസാനമായി സന്ദർശിച്ചു. ഭഗവാനോടുള്ള പ്രേമാധിക്യംനിമിത്തം അവക്കു് അവിടെനിന്നും പോകാൻ മനസ്സില്ലാതായി. നൃത്തം, സംഗീതം, സമാധി ആദിയായവയിൽക്കൂടി ജിവിതംനയിച്ചുകൊണ്ടു് മീരാബായി അവിടെ കുറേക്കാലം താമസിച്ചു.

മഹാറാണയുടെ അന്തർനേത്രങ്ങൾക്കു ഇപ്പോഴാണു് വെളിച്ചം ലഭിച്ചതു്. നാനാദേശങ്ങളിൽനിന്നും തൻെറ പത്നിയെ കാണ്മാനായി ചിററൂരിൽ വന്നുകൊണ്ടിരുന്ന ജനസഹസ്രങ്ങളുടെ വരവു നിലച്ചതുകൊണ്ടുമാത്രം അദ്ദേഹം ഈ അവസ്ഥാന്തരം പ്രാപിച്ചതല്ലായിരുന്നു. ഉത്തരഭാരതമെങ്ങും മീരാബായിയുടെ യശശ്ചന്ദ്രിക പരന്നുകൊണ്ടിരുന്നു. മീവാറിൻെറ കീത്തിയെ അതു അസ്തമിപ്പിച്ചു. ആ ഖ്യാതിചന്ദ്രനിൽനിന്നു പൊഴിഞ്ഞുകൊണ്ടിരുന്ന അമൃതകിരണങ്ങൾ മഹാറാണയുടെ ഹൃദയത്തിനു മാററം വരുത്തി. പശ്ചാത്താപവഹ്നിയിൽ ദശ്ധചിത്തനായിത്തീർന്നുതുടങ്ങിയറാണയ്ക്കു ഇരിക്കപ്പൊറുതിയില്ലെന്നായി. പരിത്യജിക്കപ്പെട്ട പത്നിയെ കൊട്ടാരത്തിലേക്കു കൂട്ടിക്കൊണ്ടുവരാൻ പരിവാരസമേതം അദ്ദേഹം യാത്രയാകതന്നെ ചെയ്തു.

മഹാറാണയുടെ മനഃസ്ഥിതിക്കു ഇങ്ങനെ മാററംവന്നപ്പോൾ കാലം കുറഞ്ഞൊന്നു കഴിഞ്ഞുപോയിരുന്നു. "മാനി

നിമാരുടെ ചിത്തം 'നൽത്താരിലും മൃദുതര" മാണെങ്കിലും ഒന്നിനോട്ട് വിദ്വേഷം തോന്നിപ്പോയാൽ അതു് "വജ്രത്തിലും തുലോം കഠിന"മായി തീരുമെന്നുള്ളതു പലൎക്കും അറിയാവുന്ന വസ്തുതയാണു്. മീരാബായിയുടെ സവിധത്തിലേക്കദൂതന്മാരായി ഏതാനും ബ്രാഹ്മണരെ മഹാറാണ പറഞ്ഞയച്ചു. ആ പാവനാത്മികയുടെ പാദപത്മപാംസുക്കൾകൊണ്ടു് രാജപുത്താനയെ അനുഗ്രഹിക്കാനായി ചിറവൂരിലേക്കു പുറപ്പെടണമെന്നു അവർ ഭക്തിപുരസ്സരം അപേക്ഷിച്ചു; സമസ്താപരാധങ്ങളും ക്ഷമിച്ചു്, പശ്ചാത്താപദശനായിത്തീൎന്നിരിക്കുന്ന ഭൎത്താവിനെ ആശ്വസിപ്പിക്കണമെന്നു് അവർ പ്രാൎത്ഥിച്ചു; എന്നാൽ അതുകൊണ്ടൊന്നും മീരാബായിക്കു തിരിച്ചുപോരാൻ മനസ്സുവന്നില്ല. അതു് മീവാറിൻെറ നിർഭാഗ്യമെന്നേ പറയാനുള്ളൂ.

സന്ന്യാസിനിയുടെ ചേതസ്സിനെ മാററുന്നതിനു മററു മാൎഗ്ഗങ്ങൾ കാണായ്കയാൽ, ആ ഭൂദേവന്മാർ 'പാട്ടുകിടക്കാൻ'തീൎച്ചപ്പെടുത്തി. ഉദ്ദേശ്യം സാധിക്കുന്നതുവരെ ആഹാരമൊന്നും കഴിക്കുന്നതല്ലെന്നു ശപഥംചെയ്തുകൊണ്ടു് അവർ മീരാബായിയുടെ ആശ്രമത്തിനു മുൻവശത്തു് ഇരിപ്പായി. ഇവരുടെ ഈ നിർബന്ധപ്രകടനത്തിനു കീഴടങ്ങേണ്ടി വരുമെന്നു് ആ മഹാഭക്ത ഊഹിച്ചു. താൻ ശ്രീകൃഷ്ണൻെറ അനുവാദപ്രകാരം പ്രവൎത്തിക്കാമെന്നു പറഞ്ഞുകൊണ്ടു് മീരാബായി ക്ഷേത്രത്തിലെ ശ്രീകോവിലിനകത്തു പ്രവേശിച്ചു കതകടച്ചു. താഴെ കാണുന്നവിധം മീരാബായിയിൽനിന്നു് ഒരു പ്രാർത്ഥന പുറപ്പെട്ടതു് അടുത്തുനിന്നിരുന്നവർ എല്ലാവരും കേട്ടു. "ഞാൻ എൻെറ രാജ്യം ഉപേക്ഷിച്ചു. രാജ്ഞിക്കു അനുരൂപമായ വേഷവും ഭൎത്താവിൻെറ കൊട്ടാരവും, എൻെറ സൎവ്വസ്വവും ഞാൻ ഉപേക്ഷിച്ചു. അല്ലയോ ശ്രീകൃഷ്ണാ! അവിടുത്തെമാത്രം ശരണമായി കരുതിയിരിക്കുന്ന ഈ മീരയെ രക്ഷിക്കേണമേ! അവളുടെ മാന്യതയും ജീവിതവും മുഴുവൻ ഇതാ അങ്ങയിൽ സമൎപ്പി

ച്ചിരിക്കുന്നു." പ്രാർത്ഥനാനന്തരം നാഴിക പലതു കഴിഞ്ഞിട്ടും ശ്രീകോവിലിനകത്തു പ്രവേശിച്ച മീരാബായി പുറത്തു വന്നില്ല. കാത്തുനിന്നവക്ക് അകത്തു കടക്കാൻ ഉല്ക്കണ്ഠ വദ്ധിച്ചു. വാതിൽ പൊളിച്ചു് നോക്കിയപ്പോഠം കണ്ട കാഴ്ച അവരെ ആശ്ചര്യവിവശരാക്കിത്തീർത്തുപോൽ! ആ സന്ന്യാസിനി ധരിച്ചിരുന്ന ഉടയാട ശ്രീകൃഷ്ണവിഗ്രഹത്തിൽ ചുററിയിരുന്നതായി കണ്ടതല്ലാതെ മീരാബായിയുടെ ശരീരം അവിടെ കണ്ടില്ല എന്നാണു് ഐതിഹ്യം. ഒരുപക്ഷേ വദ്ധിതപ്രേമത്തിൽ ദഗ്ദ്ധചിത്തയായിത്തീന്ന അത്ഭുതഗാത്രിയുടെ ചാരം അവിടെ അവശേഷിച്ചുകിടന്നിരിക്കാം.

* "സവ്വധമ്മാൻ പരിത്യജ്യ
മാമേകം ശരണം വ്രജ;
അഹം ത്വാം സവ്വപാപേഭ്യോ
മോക്ഷയിഷ്യാമി; മാ ശുചഃ."

എന്ന ശ്രീകൃഷ്ണവചനം അക്ഷരംപ്രതി ഇവിടെ അർത്ഥവത്തായി കാണപ്പെട്ടിരിക്കയില്ലേ എന്നു എങ്ങനെഅറിയാം.

ബാല്യംമുതൽ സ്നേഹിച്ചും പൂജിച്ചും ആരാധിച്ചു വന്നിരുന്ന ബാലഗോപാലനിൽ ലയിച്ച മീരാബായിയുടെ പാവനവിഗ്രഹം മീവാറിൻെറ ആധുനികതലസ്ഥാനമായ ഉദയപ്പൂരിൽ ഇന്നും ജനങ്ങഠം പൂജിച്ചുപോരുന്നുണ്ടു്. ആ പുണ്യചരിത രചിച്ച പാട്ടുകളും സ്തോത്രങ്ങളും ഉത്തരഭാരതത്തിൽ എങ്ങും കേഠക്കാവുന്നതാണു്. ആ ഗാനങ്ങഠ കൊണ്ടു് പരിപൂരിതമായിത്തീരാത്ത യാതൊരു ഗ്രാമവും രാജസ്ഥാനത്തെങ്ങുമില്ലെന്നുള്ളതിൽ അതിശയോക്തി അശേഷം ഇല്ല.

---

* സവ്വധമ്മങ്ങളേയും ഉപേക്ഷിച്ചിട്ടു് നീ എന്നെമാത്രം ശരണം പ്രാപിച്ചാലും; സകലവിധപാപങ്ങളിൽനിന്നും നിന്നെ ഞാൻ മോചിപ്പിക്കുന്നതാണു്; നീ വ്യസനിക്കേണ്ട. (ഭഗവദ്ഗീത. അദ്ധ്യായം XVIII ശ്ലോകം 66.)

**KOTTAYAM PUBLIC LIBRARY**

JAWAHAR BAL BHAVAN & CHILDREN'S LIBRARY

KOTTAYAM.

*Cl. No.* M08 *Acc. No.* 2125[illegible]

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 3 NOV 1986 | | |
| 16 NOV 1988 | | |

M08
par-J.
~~40695~~
2125
പരലോകപ്രാൻ പിള്ള. ജീ.
ജീവചരിത്രസംക.

M08
par-J.
പരലോകപ്രാൻ പിള്ള. ജീ.
ജീവചരിത്രസംക.
~~40695~~
2125